**പതിനാലാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

**അമ്പത്തിഅഞ്ചാമത് റിപ്പോർട്ട്**

(2021 ജനവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[2011-12 വർഷത്തിലെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അദ്ധ്യായം - 3 കാർഷിക പദ്ധതികളും കൃഷി ഭവനും എന്ന വിഷയം സംബന്ധിച്ച പ്രവർത്തന അവലോകന റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## അമ്പത്തിഅഞ്ചാമത് റിപ്പോർട്ട്

(2021 ജനുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[2011-12 വർഷത്തിലെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അദ്ധ്യായം - 3 കാർഷിക പദ്ധതികളും കൃഷി ഭവനും എന്ന വിഷയം സംബന്ധിച്ച പ്രവർത്തന അവലോകന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]**

232/2021

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1-114 |
| അനുബന്ധം : I | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | .. | 115-129 |
| അനുബന്ധം : II | | |
| ഓഡിറ്റ് ഖണ്ഡികകളിന്മേൽ സർക്കാർ നൽകിയ മറുപടി | .. | 130-276 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. കെ. സുരേഷ് കുറുപ്പ്.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ടി. എ. അഹമ്മദ് കബീർ

ശ്രീ. അനിൽ അക്കര

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ടി. തോമസ്

*ശ്രീ. തോമസ് ചാണ്ടി

ശ്രീ. കെ. വി. വിജയദാസ്

*ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി., ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ. ജി., ജോയിന്റ് സെക്രട്ടറി

ശ്രീമതി ജോസഫൈൻ എ. വി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

---

*2019 ഡിസംബർ മാസം 20 - ാം തീയതി നിര്യാതനായി.

*2020 മാർച്ച് മാസം 8 - ാം തീയതി നിര്യാതനായി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2019-2021)യുടെ 55-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2011-12 വർഷത്തിലെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അദ്ധ്യായം-3 കാർഷിക പദ്ധതികളും കൃഷിഭവനും എന്ന വിഷയം സംബന്ധിച്ച പ്രവർത്തന അവലോകന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2020 ഒക്ടോബർ മാസം 14-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു

ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായം നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 ജനുവരി 13.

# റിപ്പോർട്ട്

(2011-12 വർഷത്തിലെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട അദ്ധ്യായം-3 കാർഷിക പദ്ധതികളും കൃഷിഭവനും എന്ന വിഷയം സംബന്ധിച്ച പ്രവർത്തന അവലോകന റിപ്പോർട്ടിന്മേലുള്ളത്)

ഓഡിറ്റ് ഖണ്ഡിക 3.1

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കേരളത്തിലെ കാർഷിക പദ്ധതികളുടെയും, കൃഷിഭവനുകളുടെയും നടത്തിപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ഇവയുടെ നടത്തിപ്പും ലക്ഷ്യപ്രാപ്തിയും അവലോകനം ചെയ്യുന്നതിന് പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തുകയുണ്ടായി.

സാരാംശം

* തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കൃഷി ഭൂമിയുടെ ശരിയായ സ്ഥിതിവിവര കണക്കുകൾ സൂക്ഷിക്കുന്നില്ല.
* വിവിധ ആവശ്യങ്ങൾക്കായി നെൽപ്പാടങ്ങൾ വ്യാപകമായി നികത്തപ്പെടുന്നു. നെൽവയലുകൾ സംരക്ഷിക്കാൻ ബാദ്ധ്യസ്ഥമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെ വയലുകൾ നികത്തുന്നു.
* നീർത്തടാധിഷ്ഠിത പദ്ധതികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര പ്രാധാന്യം നൽകിയില്ല. നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കി വികസന പദ്ധതികൾ ആരംഭിച്ചില്ല.
* കാർഷിക യന്ത്രവൽക്കരണം പരാജയം-യന്ത്രങ്ങൾ ഉപയോഗിക്കാതെ നശിക്കുന്നു.
* സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ കാർഷിക പദ്ധതികൾ നടപ്പാക്കി.
* മണ്ണ് സംരക്ഷണം, ജൈവവള ഉൽപ്പാദനം എന്നീ മേഖലകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരിഗണന നൽകിയില്ല.
* ജലസേചന പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരാജയപ്പെട്ടു. പദ്ധതി തുക പാഴ്ചെലവായി.
* സമഗ്ര ഇ -കൃഷി പദ്ധതി ലക്ഷ്യം കണ്ടില്ല.
* കർഷക തൊഴിലാളി പെൻഷൻ പദ്ധതിയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ കാലതാമസം

* കൃഷി ഭവനുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും ജീവനക്കാരുടെ കുറവും കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കുന്നു.

**ആമുഖം**

ഓഡിറ്റ് ഖണ്ഡിക 3.1.1

അധികാര വികേന്ദ്രീകരണം സാധ്യമായി 16 വർഷങ്ങൾക്കു ശേഷം കാർഷിക മേഖലയിൽ വന്ന മാറ്റങ്ങളുടെയും പുരോഗതിയുടെയും വിലയിരുത്തലാണ് ഈ പ്രവർത്തനാവലോകനം ലക്ഷ്യമിടുന്നത്. കേരളം പ്രകൃതി വിഭവങ്ങളാൽ അനുഗ്രഹീതമാണ്. കേരളത്തിന്റെ സമ്പദ്ഘടനയുടെ പ്രധാന അടിത്തറ കൃഷിയിൽ അധിഷ്ഠിതമാണ്. ജലലഭ്യതയും അനുകൂല കാലാവസ്ഥയും കേരളത്തിലെ കാർഷിക ഉൽപ്പാദനത്തിന് സഹായകമായ ഘടകങ്ങളാണ്. എന്നാൽ കാലാവസ്ഥാ വ്യതിയാനം, കൃഷി ഭൂമിയുടെ അപര്യാപ്തത, തൊഴിലാളികളുടെ ദൗർലഭ്യം, ഉയർന്ന കൂലി നിരക്ക്, ശാസ്ത്രീയമായ കൃഷിരീതികളുടെ അഭാവം, കാർഷിക യന്ത്രവൽക്കരണത്തോടുള്ള വൈമുഖ്യം എന്നിവയാണ് കേരളത്തിലെ കാർഷിക രംഗം ഇന്ന് നേരിടുന്ന പ്രധാന പ്രതിസന്ധികൾ.

തണ്ണീർത്തടങ്ങളാൽ സമൃദ്ധമായിരുന്ന കേരളം ഇന്ന് രൂക്ഷമായ ജല ദൗർലഭ്യത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. മഴക്കാലത്ത് ജല സംഭരണിയായും വേനലിൽ ജലസ്രോതസ്സായും വർത്തിക്കുന്ന തണ്ണീർത്തടങ്ങൾ അതിവേഗം ഇല്ലാതാവുകയാണ്. കൃഷിഭൂമിയുടെ വിസ്തീർണ്ണവും നാൾക്കുനാൾ കുറഞ്ഞു വരികയാണ്. വികസന പ്രവർത്തനങ്ങൾക്കും വ്യാവസായിക ആവശ്യങ്ങൾക്കും മറ്റുമായി നെൽപ്പാടങ്ങളും തണ്ണീർത്തടങ്ങളും വ്യാപകമായി നികത്തപ്പെടുന്നു. പച്ചക്കറികൾക്കും, ഭക്ഷ്യധാന്യങ്ങൾക്കും അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയിലാണ് ഇന്ന് കേരളം.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലും കേരള മുനിസിപ്പാലിറ്റി നിയമത്തിലും വ്യവസ്ഥ ചെയ്തത് പ്രകാരം 1995 ഒക്ടോബർ 2 പ്രാബല്യത്തോടെ സർക്കാരിൽ നിക്ഷിപ്തമായിരുന്ന വിവിധ ചുമതലകൾ തദ്ദേശസ്വയംഭരണ (ത.സ്വ.ഭ) സ്ഥാപനങ്ങൾക്ക് കൈമാറിക്കൊണ്ട് 18-9-95-ൽ 189/95/ത.സ്വ.ഭ.വ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതനുസരിച്ച് കാർഷിക മേഖലയുമായി ബന്ധപ്പെട്ട ചുവടെ പറയുന്ന ചുമതലകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായി.

കേരള പഞ്ചായത്ത് രാജ് ആക്ട് 166-ാം വകുപ്പ് 1-ാം ഉപവകുപ്പ് 3-ാം പട്ടിക പ്രകാരം

1. തരിശു ഭൂമികളിലും പ്രാന്തപ്രദേശങ്ങളിലും കൃഷി ചെയ്യിപ്പിക്കുക.

2. ഭൂമിയുടെ പരമാവധി ഉപയോഗം ഉറപ്പ് വരുത്തുക.
3. മണ്ണ് സംരക്ഷണം
4. ജൈവ വള ഉത്പ്പാദനം
5. തവാരണങ്ങൾ സ്ഥാപിക്കുക
6. സഹകരണ-കൂട്ടുകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കുക
7. കൃഷിക്കാർക്കിടയിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കുക
8. ഉദ്യാനകൃഷിയും, പച്ചക്കറി കൃഷിയും പ്രോത്സാഹിപ്പിക്കുക
9. കാലിത്തീറ്റ വിള വികസനം
10. സസ്യസംരക്ഷണം
11. വിത്തുൽപ്പാദനം
12. കൃഷിയിടങ്ങളുടെ യന്ത്രവത്ക്കരണം
13. കൃഷിഭവനുകളുടെ നടത്തിപ്പ്

എന്നിവ ഗ്രാമപഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയാണ്.

<u>കേരള പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പ് 1-ാം ഉപവകുപ്പ് 4-ാം പട്ടിക പ്രകാരം</u>

1. ഗ്രാമീണ തലത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്കായി കൃഷിക്കാരെ പരിശീലിപ്പിക്കുക.
2. ഗ്രാമീണ തലത്തിലുള്ള പദ്ധതികൾക്കാവശ്യമായ കാർഷിക നിവേശങ്ങൾ ഏർപ്പെടുത്തുക.
3. കാർഷിക പ്രദർശനങ്ങൾ നടത്തുക.
4. ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ വരുന്ന നീർമറികൾ പരിപാലിക്കുക.
5. കാർഷിക വായ്പ സ്വരൂപിക്കുക.
6. പട്ടുനൂൽകൃഷി പ്രോത്സാഹിപ്പിക്കുക.

എന്നിവ ബ്ലോക്ക് പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയാണ്.

<u>കേരള പഞ്ചായത്ത് രാജ് ആക്ട് 173-ാം വകുപ്പ് 1-ാം ഉപവകുപ്പ് 5-ാം പട്ടിക പ്രകാരം</u>

1. മേഖലാ കൃഷിയിടങ്ങളും ഗവേഷണ കേന്ദ്രങ്ങളും ഒഴികെയുള്ള കൃഷിയിടങ്ങൾ നടത്തുക.
2. ഒന്നിലധികം ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന നീർമറികളിൽ സംയോജിത നീർമറികൾ നടത്തുക.
3. കാർഷിക നിവേശങ്ങൾക്ക് വ്യവസ്ഥ ചെയ്യുക.
4. മണ്ണ് പരിശോധിക്കുക.
5. കീടങ്ങളെ നിയന്ത്രിക്കുക.

6. കാർഷികോൽപ്പന്നങ്ങളുടെ വിപണനം നടത്തുക.

7. അലങ്കാര ചെടികൾ കൃഷി ചെയ്യുക.

8. കാർഷിക സഹകരണം വളർത്തുക.

9. വാണിജ്യ വിളകളെ വികസിപ്പിക്കുക.

10. ബയോടെക്നോളജി പ്രയോഗിക്കുക.

11. പുതുമയുള്ള ഫീൽഡ് ട്രയലുകളും പൈലറ്റ് പ്രോജക്ടുകളും പ്രചരിപ്പിക്കുക.

12. തദ്ദേശീയമായി ആവശ്യമായ ഗവേഷണവും വികസനവും നടത്തുക.

എന്നിവ ജില്ലാ പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയാണ്.

## 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 30(1)-ാം വകുപ്പ് ഒന്നാം പട്ടിക പ്രകാരം

1. തരിശുഭൂമികളിലും പ്രാന്തപ്രദേശങ്ങളിലും കൃഷി ചെയ്യിക്കുക.

2. ഭൂമിയുടെ പരമാവധി ഉപയോഗം ഉറപ്പ് വരുത്തുക.

3. മണ്ണ് സംരക്ഷണം നടത്തുക

4. ജൈവവളം ഉത്പാദിപ്പിക്കുക.

5. തവാരണങ്ങൾ സ്ഥാപിക്കുക.

6. സഹകരണ കൂട്ടകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കുക.

7. കൃഷിക്കാർക്കിടയിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കുക

8. ഉദ്യാന കൃഷിയും പച്ചക്കറി കൃഷിയും പ്രോത്സാഹിപ്പിക്കുക

9. കാലിത്തീറ്റ വിള വികസനം നടപ്പാക്കുക

10. സസ്യ സംരക്ഷണം പ്രോത്സാഹിപ്പിക്കുക

11. വിത്തുൽപ്പാദനം വികസിപ്പിക്കുക


12. കൃഷിയിടങ്ങളുടെ യന്ത്രവൽക്കരണം നടപ്പാക്കുക.


13. കൃഷി ഭവനുകൾ നടത്തുക

14. കാർഷിക പ്രദർശനങ്ങൾ സംഘടിപ്പിക്കുക

എന്നിവ നഗരസഭകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളാണ്.

വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പ്രധാന ലക്ഷ്യം കൃഷിയും അനുബന്ധ മേഖലകളും പരിപോഷിപ്പിച്ച് പ്രാദേശിക സാമ്പത്തിക വികസനം നേടുക എന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന വികസന ഫണ്ടിന്റെ നല്ലൊരു ശതമാനം (ഗ്രാമപ്രദേശങ്ങളിൽ 40%, മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ 10%) ഉൽപ്പാദന മേഖലയിൽ ചെലവഴിക്കുന്നു. 2009-10, 2010-11എന്നീ വർഷങ്ങളിലെ കാർഷിക മേഖലയിലെ പദ്ധതി ചെലവ് ചുവടെ ചേർത്തിരിക്കുന്നു.






എന്നാൽ കാർഷികമേഖലയുടെ പ്രോത്സാഹനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അർഹിക്കുന്ന ശ്രദ്ധ നൽകുന്നില്ലെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. കാർഷികോൽപ്പാദനത്തിന് ഓരോ വർഷവും ഉണ്ടാകുന്ന ഇടിവ് ആശങ്ക ഉളവാക്കുന്നതാണ്. വിവിധ കാർഷികോത്പ്പന്നങ്ങളുടെ 1996 മുതൽ 2010 വരെയുള്ള ഉല്പാദനത്തിന്റെ സ്ഥിതിവിവര കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | നെല്ല് | കുരുമുളക് | നാളികേരം | അടക്ക | കശുവണ്ടി | ഇഞ്ചി | മഞ്ഞൾ | മരച്ചീനി |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1996-97 | 871361 | 56546 | 5276 | 85829 | 68963 | 46371 | 9840 | 2691118 |
| 1997-98 | 764610 | 46040 | 5210 | 87038 | 56885 | 43617 | 8585 | 2741696 |
| 1998-99 | 726743 | 68510 | 5132 | 68479 | 51336 | 39362 | 8034 | 2630155 |
| 1999-2000 | 770686 | 47543 | 5680 | 83337 | 65547 | 41344 | 8362 | 2531752 |
| 2000-01 | 751328 | 60929 | 5536 | 87947 | 66178 | 42699 | 9037 | 2586903 |
| 2001-02 | 703504 | 58240 | 5479 | 84681 | 65867 | 40181 | 7895 | 2455880 |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|
| 2002-03 | 688859 | 67358 | 5709 | 107279 | 66087 | 32412 | 6938 | 2413217 |
| 2003-04 | 570045 | 69015 | 5876 | 105490 | 65655 | 32972 | 5652 | 2540790 |
| 2004-05 | 667105 | 74980 | 6001 | 110340 | 60584 | 43305 | 6244 | 2400043 |
| 2005-06 | 629987 | 87605 | 6326 | 119309 | 68262 | 56288 | 8237 | 2568284 |
| 2006-07 | 641575 | 64264 | 6054 | 109968 | 61680 | 42496 | 9980 | 2518999 |
| 2007-08 | 528488 | 41952 | 5641 | 114690 | 52402 | 31726 | 7434 | 2556455 |
| 2008-09 | 590241 | 33991 | 5802 | 125654 | 42334 | 30809 | 6364 | 2712114 |
| 2009-10 | 598337 | 28497 | 5667 | 116763 | 35818 | 28603 | 6066 | 2525384 |

* (നാളികേരം പത്തു ലക്ഷത്തിൽ, ബാക്കിയുള്ള വിളകൾ മെട്രിക് ടണ്ണിൽ.

അവലംബം - ഇക്കോണമിക് റിവ്യൂ വിവിധ ലക്കങ്ങൾ, സംസ്ഥാന ആസൂത്രണ ബോർഡ്)

**ഓഡിറ്റ് ഖണ്ഡിക**

3.1.2. ഓഡിറ്റ് ലക്ഷ്യങ്ങൾ

വിളകളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കാർഷിക മേഖലയുടെ ഉന്നമനത്തിനുമായി ഒട്ടേറെ പദ്ധതികൾ ജനപങ്കാളിത്തത്തോടെ കൃഷി വകുപ്പ് നേരിട്ടും പഞ്ചായത്ത് രാജ് സംവിധാനത്തിലൂടെയും നടപ്പാക്കുന്നുണ്ട്. 1076 കൃഷി ഭവനുകൾ വഴിയാണ് വകുപ്പിന്റെ സേവനം കർഷകരിൽ എത്തിക്കുന്നത്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും കൃഷിഭവനുകളുടെ സേവനം ലഭ്യമാണ്. കൃഷിയും കാർഷിക സംസ്കാരവും നഗരവൽക്കരണത്തിന് മുന്നിൽ അപ്രസക്തമാവുകയും വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങളിലൂടെ അവ നിലനിർത്താൻ സർക്കാർ ശ്രമിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് കാർഷിക പദ്ധതികളും കൃഷിഭവനുകളും എന്ന വിഷയം അവലോകന വിധേയമാക്കിയത്.

പ്രവർത്തനാവലോകനത്തിന്റെ ഭാഗമായി താഴെ സൂചിപ്പിക്കുന്ന ഘടകങ്ങൾ ഓഡിറ്റ് വിലയിരുത്തി.

1. കൃഷിഭവനുകളിലെ ജീവനക്കാരുടെ ലഭ്യതയും ഭൗതിക സാഹചര്യങ്ങളും
2. ഓരോ വിളകൾക്കും ഉപയോഗപ്പെടുത്തുന്ന കൃഷിഭൂമിയുടെ അളവ്, ദുരുപയോഗം ചെയ്ത കൃഷിഭൂമിയുടെ അളവ്, കൃഷിഭൂമി ഫലപ്രദമായി ഉപയോഗപ്പെടുത്തി ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ.

3. നീർത്തടാധിഷ്ഠിത വികസന സമീപനത്തിന്റെ നിർവ്വഹണ സ്ഥിതി.

4. കാർഷിക യന്ത്രവൽക്കരണ പുരോഗതി

5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ജലസേചന പദ്ധതികളുടെ പ്രവർത്തന ക്ഷമത

6. കേരകൃഷി വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ ഫലപ്രാപ്തി

7. മണ്ണുസംരക്ഷണം, ജൈവവള ഉല്പാദനം, കൂട്ടുകൃഷി പ്രോത്സാഹനം, ഉദ്യാനകൃഷി, പച്ചക്കറി കൃഷി, വിത്തുൽപ്പാദനം പ്രോത്സാഹിപ്പിക്കൽ, ഇടവിള കൃഷി തുടങ്ങിയ മേഖലകളിൽ ഏറ്റെടുത്ത പദ്ധതികളുടെ അവലോകനം.

8. കർഷക തൊഴിലാളി പെൻഷൻ വിതരണത്തിലെ കാര്യക്ഷമത.

9. വിള ഇൻഷ്വറൻസ് പദ്ധതികളുടെ വിലയിരുത്തൽ

10. കൃഷിഭവനുകളുടെ പ്രവർത്തനം

11. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കൃഷിഭവനുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയതുകൊണ്ട് കർഷകർക്കുണ്ടായ നേട്ടം

12. കാർഷിക മേഖലയിലെ പദ്ധതികളിലൂടെ ഉല്പാദന വർദ്ധനവ്, നീർത്തട സംരക്ഷണം, ഭക്ഷ്യസുരക്ഷ തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിച്ചത് വിലയിരുത്തൽ.

**ഓഡിറ്റ് ഖണ്ഡിക**

3.1.3. ഓഡിറ്റ് മാനദണ്ഡങ്ങൾ

1. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166(1)-ാം വകുപ്പ് മൂന്നാം പട്ടിക, 172 (1)-ാം വകുപ്പ് 4-ാം പട്ടിക, 173(1)-ാം വകുപ്പ് 5-ാം പട്ടിക എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ള ചുമതലകളുടെ നിർവ്വഹണം.
2. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം 30-ാം വകുപ്പിൽ, 1-ാം ഉപവകുപ്പിന്റെ ഒന്നാം പട്ടികയിൽ പ്രതിപാദിച്ചിട്ടുള്ള ചുമതലകളുടെ നിർവ്വഹണം.
3. 8-10-1996-ലെ (എംഎസ്.) 310/96/കൃഷി നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ.
4. ഒമ്പതാം പഞ്ചവൽസര പദ്ധതി മുതൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശ രേഖകൾ.
5. 24-7-09-ലെ (എംഎസ്.) 183/2007/ത.സ്വ.ഭ.വ. നമ്പർ സബ്സിഡി മാർഗ്ഗരേഖ.

6. 28-12-06-ലെ (എംഎസ്.) നമ്പർ 295/06/ത.സ്വ.ഭ.വ. പ്രകാരം നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ മാർഗ്ഗനിർദ്ദേശങ്ങൾ.
7. 2008-ലെ കേരള നെൽവയൽ-നീർത്തട തണ്ണീർ സംരക്ഷണ ആക്ട്.
8. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16-6-08-ലെ 38657/സിഎ.1/2008/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ.
9. കാർഷിക മേഖലയുമായി ബന്ധപ്പെട്ട മറ്റ് സർക്കാർ ഉത്തരവുകളും സർക്കുലറുകളും.

**ഓഡിറ്റ് ഖണ്ഡിക**

3.1.4. ഓഡിറ്റ് അധികാരം

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(3), 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ, 1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ എന്നിവയനുസരിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയമാനുസൃത ഓഡിറ്റർ.

**ഓഡിറ്റ് ഖണ്ഡിക**

3.1.5. ഓഡിറ്റിന്റെ രീതിയും വ്യാപ്തിയും

പത്ത്, പതിനൊന്ന് പഞ്ചവൽസര പദ്ധതികളിൽ കേരളത്തിലെ 84 തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ നടപ്പാക്കിയ കാർഷിക പദ്ധതികളും അവയ്ക്ക് മേൽനോട്ടം വഹിച്ച 104 കൃഷിഭവനുകളുടെ പ്രവർത്തനങ്ങളും പരിശോധനയ്ക്ക് വിധേയമാക്കി. 14 ജില്ലകളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ജില്ലാ ഓഫീസുകളും കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിലെ കൺകറന്റ് ഓഡിറ്റ് ഓഫീസുകളും 2011 നവംബർ, ഡിസംബർ, 2012 ജനുവരി മാസങ്ങളിൽ നടത്തിയ ഓഡിറ്റിന്റെ ഭാഗമായാണ് പ്രവർത്തനാവലോകന പരിശോധന പൂർത്തിയാക്കിയത്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം-1 ൽ കാണിച്ചിരിക്കുന്നു.

## അനുബന്ധം -1

കാർഷിക പദ്ധതികളും കൃഷിഭവനം പ്രവർത്തനാവലോകനം നടത്തിയ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ

| | | | |
|---|---|---|---|
| 1 | **തിരുവനന്തപുരം**<br>പുളിമാത്ത് ഗ്രാമപഞ്ചായത്ത് | 44 | കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് |
| 2 | മാറനല്ലൂർ ഗ്രാമപഞ്ചായത്ത് | 45 | കൊച്ചി നഗരസഭ |
| 3 | ഇടവ ഗ്രാമപഞ്ചായത്ത് | 46 | ആലുവ മുനിസിപ്പാലിറ്റി |
| 4 | നെടുമങ്ങാട് ഗ്രാമപഞ്ചായത്ത് | 47 | പെരുമ്പാവൂർ മുനിസിപ്പാലിറ്റി |
| 5 | നെയ്യാറ്റിൻകര നഗരസഭ | | |
| 6 | കരകുളം ഗ്രാമപഞ്ചായത്ത് | | **തൃശ്ശൂർ** |
| 7 | തിരുവനന്തപുരം കോർപ്പറേഷൻ | 48 | അന്നമട ഗ്രാമപഞ്ചായത്ത് |
| | **കൊല്ലം** | 49 | കടവല്ലൂർ ഗ്രാമപഞ്ചായത്ത് |
| 8 | തെന്മല ഗ്രാമപഞ്ചായത്ത് | 50 | പാണഞ്ചേരി ഗ്രാമപഞ്ചായത്ത് |
| 9 | ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് | 51 | തെക്കുംകര ഗ്രാമപഞ്ചായത്ത് |
| 10 | കരിപ്ര ഗ്രാമപഞ്ചായത്ത് | 52 | തൃശ്ശൂർ നഗരസഭ |
| 11 | എഴുകോൺ ഗ്രാമപഞ്ചായത്ത് | | **മലപ്പുറം** |
| 12 | കൊല്ലം കോർപ്പറേഷൻ | 53 | പെരിന്തൽമണ്ണ നഗരസഭ |
| | **പത്തനംതിട്ട** | 54 | മാറാക്കര ഗ്രാമപഞ്ചായത്ത് |
| 13 | കോട്ടങ്ങൽ ഗ്രാമപഞ്ചായത്ത് | 55 | താനളൂർ ഗ്രാമപഞ്ചായത്ത് |
| 14 | കോയിപ്രം ഗ്രാമപഞ്ചായത്ത് | 56 | ചുങ്കത്തറ ഗ്രാമപഞ്ചായത്ത് |
| 15 | നാറാണംമൂഴി ഗ്രാമപഞ്ചായത്ത് | | **പാലക്കാട്** |
| 16 | തിരുവല്ല മുനിസിപ്പാലിറ്റി | 57 | ലെക്കിടി- പേരൂർ ഗ്രാമപഞ്ചായത്ത് |

| | | | |
|---|---|---|---|
| | **കോട്ടയം** | 58 | മങ്കര ഗ്രാമപഞ്ചായത്ത് |
| 17 | വെളിയന്നൂർ ഗ്രാമപഞ്ചായത്ത് | 59 | മൂണ്ടൂർ ഗ്രാമപഞ്ചായത്ത് |
| 18 | മറവന്തുരുത്ത് ഗ്രാമപഞ്ചായത്ത് | 60 | കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് |
| 19 | മാടപ്പള്ളി ഗ്രാമപഞ്ചായത്ത് | 61 | കൊപ്പംഗ്രാമപഞ്ചായത്ത് |
| 20 | എരുമേലി ഗ്രാമപഞ്ചായത്ത് | 62 | പാലക്കാട് മുനിസിപ്പാലിറ്റി |
| 21 | ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് | | **കോഴിക്കോട്** |
| 22 | മുണ്ടക്കയം ഗ്രാമപഞ്ചായത്ത് | 63 | അത്തോളി ഗ്രാമപഞ്ചായത്ത് |
| 23 | പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് | 64 | ബേപ്പൂർ ഗ്രാമപഞ്ചായത്ത് |
| 24 | കൊഴുവനാൽ ഗ്രാമപഞ്ചായത്ത് | 65 | ഏലത്തൂർ ഗ്രാമപഞ്ചായത്ത് |
| 25 | കോട്ടയം മുനിസിപ്പാലിറ്റി | 66 | വളയം ഗ്രാമപഞ്ചായത്ത് |
| 26 | ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി | 67 | മടവൂർ ഗ്രാമപഞ്ചായത്ത് |
| | **ഇടുക്കി** | 68 | നന്മണ്ട ഗ്രാമപഞ്ചായത്ത് |
| 27 | ഏലപ്പാറ ഗ്രാമപഞ്ചായത്ത് | 69 | കോഴിക്കോട് നഗരസഭ |
| 28 | വട്ടവട ഗ്രാമപഞ്ചായത്ത് | 70 | വടകര മുനിസിപ്പാലിറ്റി |
| | | | **വയനാട്** |
| 29 | പീരുമേട് ഗ്രാമപഞ്ചായത്ത് | 71 | പൂതാടി ഗ്രാമപഞ്ചായത്ത് |
| 30 | വണ്ടിപെരിയാർ ഗ്രാമപഞ്ചായത്ത് | 72 | പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് |
| | **ആലപ്പുഴ** | 73 | തിരൂർ മുനിസിപ്പാലിറ്റി |
| 31 | രാമങ്കരി ഗ്രാമപഞ്ചായത്ത് | | **കണ്ണൂർ** |
| 32 | ചെറുതന ഗ്രാമപഞ്ചായത്ത് | 74 | പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് |
| 33 | നൂറനാട് ഗ്രാമപഞ്ചായത്ത് | 75 | മുണ്ടേരി ഗ്രാമപഞ്ചായത്ത് |

| | | | |
|---|---|---|---|
| 34 | നെടുമുടി ഗ്രാമപഞ്ചായത്ത് | 76 | അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് |
| 35 | മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് | 77 | കല്യാശ്ശേരി ഗ്രാമപഞ്ചായത്ത് |
| 36 | ആലപ്പുഴ മുനിസിപ്പാലിറ്റി | 78 | ചെറുതാഴം ഗ്രാമപഞ്ചായത്ത് |
| | **എറണാകുളം** | 79 | എടയ്ക്കാട് ബ്ളോക്ക്പഞ്ചായത്ത് |
| 37 | എടത്തല ഗ്രാമപഞ്ചായത്ത് | 80 | കണ്ണൂർ മുനിസിപ്പാലിറ്റി |
| 38 | ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് | 81 | തലശ്ശേരി മുനിസിപ്പാലിറ്റി |
| 39 | വേങ്ങോല ഗ്രാമപഞ്ചായത്ത് | | **കാസർഗോഡ്** |
| 40 | കുമ്പളം ഗ്രാമപഞ്ചായത്ത് | 82 | പൈവളികെ ഗ്രാമപഞ്ചായത്ത് |
| 41 | പിറവം ഗ്രാമപഞ്ചായത്ത് | 83 | കോടോംബേളൂർ ഗ്രാമപഞ്ചായത്ത് |
| 42 | നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് | 84 | കാസർഗോഡ് മുനിസിപ്പാലിറ്റി |
| 43 | ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് | | |

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കൃഷിഭവനുകൾ എന്നിവിടങ്ങളിൽ നിന്നും ഫീൽഡ് സന്ദർശനത്തിലൂടെയും വിവരശേഖരണം നടത്തി വിശകലനം ചെയ്യുകയുണ്ടായി. കൂടാതെ കൃഷി വകുപ്പിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിവിധ റിപ്പോർട്ടുകൾ, സംസ്ഥാന ആസൂത്രണ ബോർഡിന്റെ സാമ്പത്തിക അവലോകന റിപ്പോർട്ടുകൾ, കാർഷിക സർവ്വകലാശാലയുടെ വിവിധ റിപ്പോർട്ടുകൾ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ റിപ്പോർട്ടുകൾ, സുലേഖ വെബ്സൈറ്റ് എന്നിവയിലെ വിവരങ്ങളും ഈ റിപ്പോർട്ടിന് ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

## ഓഡിറ്റ് കണ്ടെത്തലുകൾ

### ഓഡിറ്റ് ഖണ്ഡിക

### 3.1.6 കൃഷിഭവനുകളിലെ ഭൗതിക സാഹചര്യങ്ങൾ

പഞ്ചായത്തുകളിലെ കാർഷിക പ്രവർത്തനങ്ങളുടെ കേന്ദ്രം കൃഷിഭവനുകളാണ്. കൃഷി വകുപ്പ് ആസൂത്രണം ചെയ്യുന്ന കാർഷിക പദ്ധതികളുടെ നടത്തിപ്പിന്റെ ചുമതല കൃഷിഭവനുകൾക്കാണ്. കാർഷിക മേഖലയിലെ വികസന പ്രവർത്തനങ്ങളിലും പദ്ധതികളിലും കർഷകരെ പങ്കാളികളാക്കുക, വിവിധ വിളകളുടെ ഉൽപ്പാദന വർദ്ധനവിനും വിള വിസ്തൃതി വർദ്ധനവിനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, കർഷകർക്ക് യഥാസമയം ഉൽപ്പാദന ഉപാധികൾ, വായ്പ, സാങ്കേതിക വിദ്യ എന്നിവ ലഭ്യമാക്കുക,

പ്രാദേശിക ആവശ്യങ്ങൾക്ക് അനുസൃതമായി കാർഷിക പദ്ധതികൾ രൂപപ്പെടുത്തുക, കർഷകർക്ക് ഉൽപ്പന്നങ്ങൾ ന്യായവിലയ്ക്ക് വിൽക്കുന്നതിനുള്ള വിപണി സൗകര്യം ഒരുക്കുക തുടങ്ങി ഗ്രാമതലത്തിൽ കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനുതകുന്ന പ്രവർത്തനങ്ങൾക്ക് കൃഷിഭവനുകൾ ചുക്കാൻ പിടിക്കുന്നു.

8-10-1996-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 310/96/കൃഷി പ്രകാരം കൃഷി ഭവനുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക എന്ന ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. കൃഷി ഓഫീസർമാരാണ് പദ്ധതി നടത്തിപ്പിന്റെ ചുമതല വഹിക്കുന്നത്. കൃഷി ഓഫീസറെ സഹായിക്കുന്നതിനായി രണ്ടോ മൂന്നോ കൃഷി അസിസ്റ്റന്റുമാരും ഉണ്ട്. കൂടാതെ ഒരു പാർട്ട്-ടൈം സ്വീപ്പറും ഉണ്ടാകും. തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് കൃഷിഭവനുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. കാർഷിക പദ്ധതികളുടെ നിർവ്വഹണത്തിനും കൃഷിക്കാർക്ക് ആവശ്യമായ സഹായങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിനും കൃഷിഭവനിലെ ജീവനക്കാരുടെ അപര്യാപ്തത തടസ്സം സൃഷ്ടിക്കുന്നു. തസ്തികകൾ ഒഴിവുള്ള കൃഷിഭവനുകളുടെയും ഒഴിവുകളുടെയും വിവരം അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.

## അനുബന്ധം-2

കൃഷിഭവൻ ജീവനക്കാരുടെ തസ്തികകളും ഒഴിവും

| ജില്ല | സ്ഥാപനം | നിലവിലുള്ള തസ്തികകൾ | ഒഴിവ് |
|---|---|---|---|
| കൊല്ലം | തെന്മല ഗ്രാമപഞ്ചായത്ത് | 7 | കൃഷി അസിസ്റ്റന്റ്-1 |
| | ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് | 6 | ക്ലാർക്ക് -1 |
| പത്തനംതിട്ട | തിരുവല്ല മുനിസിപ്പാലിറ്റി | 3 | കൃഷി ഓഫീസർ |
| ആലപ്പുഴ | നൂറനാട് ഗ്രാമപഞ്ചായത്ത് | 7 | കൃഷി അസിസ്റ്റന്റ് -1 |
| | ആലപ്പുഴ മുനിസിപ്പാലിറ്റി | 2 | കൃഷി ഓഫീസർ |
| ഇടുക്കി | വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് | 5 | കൃഷി അസിസ്റ്റന്റ് -1 |
| എറണാകുളം | പിറവം ഗ്രാമപഞ്ചായത്ത് | 4 | കൃഷി അസിസ്റ്റന്റ് -2 |
| | നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് | 5 | പാർട്ട് ടൈം സ്വീപ്പർ-1 |
| | ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് | 4 | കൃഷി അസിസ്റ്റന്റ് -1 |

| | | | |
|---|---|---|---|
| | കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് | 5 | കൃഷി അസിസ്റ്റന്റ് -1 |
| | പെരുമ്പാവൂർ മുനിസിപ്പാലിറ്റി | 3 | കൃഷി ഓഫീസർ |
| തൃശ്ശൂർ | അന്നമനട ഗ്രാമപഞ്ചായത്ത് | | കൃഷി അസിസ്റ്റന്റ് |
| | കടവല്ലൂർ ഗ്രാമപഞ്ചായത്ത് | | കൃഷി അസിസ്റ്റന്റ് -3 |
| | തെക്കുംകര ഗ്രാമപഞ്ചായത്ത് | | കൃഷി ഓഫീസർ<br>കൃഷി അസിസ്റ്റന്റ് -1 |
| | തൃശ്ശൂർ നഗരസഭ | 31 | കൃഷി അസിസ്റ്റന്റ് -6 |
| പാലക്കാട് | മങ്കര ഗ്രാമപഞ്ചായത്ത് | 4 | കൃഷി അസിസ്റ്റന്റ് -1 |
| | കൊപ്പം ഗ്രാമപഞ്ചായത്ത് | 5 | കൃഷി അസിസ്റ്റന്റ് -1 |
| മലപ്പുറം | പെരിന്തൽമണ്ണ നഗരസഭ | 4 | കൃഷി അസിസ്റ്റന്റ് -2 |
| | മാറാക്കര ഗ്രാമപഞ്ചായത്ത് | 5 | കൃഷി ഓഫീസർ<br>കൃഷി അസിസ്റ്റന്റ് -1 |
| | താനാളൂർ ഗ്രാമപഞ്ചായത്ത് | 4 | കൃഷി അസിസ്റ്റന്റ് -2 |
| | പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് | 5 | കൃഷി അസിസ്റ്റന്റ് -2 |
| കോഴിക്കോട് | അത്തോളി ഗ്രാമപഞ്ചായത്ത് | 5 | കൃഷി അസിസ്റ്റന്റ് -1<br>പി.റ്റി.എസ്.-1 |
| | ബേപ്പൂർ ഗ്രാമപഞ്ചായത്ത് | 5 | കൃഷി അസിസ്റ്റന്റ് -3 |
| | ഏലത്തൂർ ഗ്രാമപഞ്ചായത്ത് | 4 | കൃഷി അസിസ്റ്റന്റ് -1 |
| | മടവൂർ ഗ്രാമപഞ്ചായത്ത് | 4 | പി.റ്റി.എസ്.-1 |
| | നന്മണ്ട ഗ്രാമപഞ്ചായത്ത് | 4 | കൃഷി അസിസ്റ്റന്റ് -2 |
| കണ്ണൂർ | മുണ്ടേരി ഗ്രാമപഞ്ചായത്ത് | 5 | കൃഷി അസിസ്റ്റന്റ് -2 |
| | കല്യാശ്ശേരി ഗ്രാമപഞ്ചായത്ത് | 4 | കൃഷി അസിസ്റ്റന്റ് -1 |
| | തലശ്ശേരി മുനിസിപ്പാലിറ്റി | 5 | കൃഷി അസിസ്റ്റന്റ് -2 |
| കാസർഗോഡ് | പൈവളികെ ഗ്രാമപഞ്ചായത്ത് | 4 | കൃഷി അസിസ്റ്റന്റ് -2 |
| | കോടോംബേളൂർ ഗ്രാമപഞ്ചായത്ത് | 3 | കൃഷി ഓഫീസർ<br>കൃഷി അസിസ്റ്റന്റ് -1 |

കൃഷി ഭവനുകളിലെ നിയമനം, സ്ഥലംമാറ്റം എന്നിവ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലാണ്.

8-10-1996-ലെ മേൽപ്പറഞ്ഞ സർക്കാർ ഉത്തരവുപ്രകാരം കൃഷിഭവനകളുടെ വാടക, വൈദ്യുതി ചാർജ്, വെള്ളക്കരം, തപാൽ ചെലവുകൾ എന്നിവ വഹിക്കേണ്ടതും കൃഷിഭവൻ പ്രവർത്തിക്കുന്ന സർക്കാർ കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ നടത്തേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൃഷിഭവനകൾക്ക് കെട്ടിടം പണിയുന്നതിനുള്ള സ്ഥലവും ഫണ്ടും ലഭ്യമാക്കേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്.

പരിശോധനയ്ക്ക് വിധേയമാക്കിയ ഭൂരിഭാഗം കൃഷിഭവനകളും പഞ്ചായത്ത്/മുനിസിപ്പാലിറ്റി വക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ പുളിമാത്ത്, മാറനല്ലൂർ, കരീപ്ര, ചെറുതന, മാടപ്പള്ളി, എരുമേലി, ചൂർണ്ണിക്കര, അത്തോളി എന്നീ ഗ്രാമ പഞ്ചായത്തുകളിലെയും പെരുമ്പാവൂർ, വടകര, ചങ്ങനാശ്ശേരി എന്നീ മുനിസിപ്പാലിറ്റികളിലെയും കൃഷിഭവനകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. മിക്ക കൃഷിഭവനകളുടെയും കെട്ടിട സൗകര്യം അപര്യാപ്തമാണ്. കുടിവെള്ളം, കർഷകരുടെ യോഗം നടത്താനുള്ള സ്ഥലം, തൈകൾ, വിത്തുകൾ, യന്ത്രങ്ങൾ എന്നിവ സൂക്ഷിക്കാനുള്ള സൗകര്യം എന്നിവ വളരെക്കുറച്ച് കൃഷിഭവനകളിൽ മാത്രമേയുള്ളൂ. സൂക്ഷിക്കാൻ വേണ്ട സൗകര്യങ്ങളില്ലാത്തത് വിത്തുകളും നടീൽ വസ്തുക്കളും കാർഷിക യന്ത്രോപകരണങ്ങളും ഉപയോഗശൂന്യമായി പോകുന്നതിന് ഇടയാക്കുന്നു. കാർഷിക വിജ്ഞാനകേന്ദ്രത്തിന്റെ അഭാവം കാരണം കൃഷിപരിപാലനം സംബന്ധിച്ച വിവരങ്ങൾ യഥാസമയത്ത് കർഷകരിൽ എത്തിക്കുവാൻ സാധിക്കുന്നില്ല. കൃഷിഭവനകളിൽ പലതിലും ഫോൺ സൗകര്യം ഇല്ലാത്തതും കർഷകരുമായി ബന്ധപ്പെടാൻ വിഷമമുണ്ടാക്കുന്നുണ്ട്.

6-2-2003-ലെ 6184/ഡി.പി.1/03/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥപനങ്ങൾക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങൾ അതതു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേരിൽ അറിയപ്പെടേണ്ടതും ഇക്കാര്യം സൂചിപ്പിക്കുന്ന ബോർഡ് സ്ഥാപിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന കൃഷിഭവനകൾ മാത്രമേ മേൽ നിർദ്ദേശം പാലിച്ചിട്ടുള്ളൂ.

| | |
|---|---|
| തിരുവനന്തപുരം | മാറനല്ലൂർ ഗ്രാമപഞ്ചായത്ത് |
| | നെടുമങ്ങാട് നഗരസഭ |
| | കരകുളം ഗ്രാമപഞ്ചായത്ത് |
| കൊല്ലം | തെന്മല ഗ്രാമപഞ്ചായത്ത് |
| | ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് |
| | ഏഴുകോൺ ഗ്രാമപഞ്ചായത്ത് |
| പത്തനംതിട്ട | കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത് |
| | കോയിപ്രം ഗ്രാമപഞ്ചായത്ത് |
| ആലപ്പുഴ | നൂറനാട് ഗ്രാമപഞ്ചായത്ത് |
| ഇടുക്കി | ഏലപ്പാറ ഗ്രാമപഞ്ചായത്ത് |

| | |
|---|---|
| എറണാകുളം | എടത്തറ ഗ്രാമപഞ്ചായത്ത് |
| | ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് |
| | കുമ്പളം ഗ്രാമപഞ്ചായത്ത് |
| | നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് |
| | ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് |
| മലപ്പുറം | പെരിന്തൽമണ്ണ നഗരസഭ |
| കോഴിക്കോട് | ബേപ്പൂർ ഗ്രാമപഞ്ചായത്ത് |
| കാസർകോട് | പൈവളികെ ഗ്രാമപഞ്ചായത്ത് |

കോഴിക്കോട് ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിലെയും, കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി ഗ്രാമപഞ്ചായത്തിലെയും കൃഷിഭവനുകൾ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളിൽ പ്രവർത്തിക്കുന്നവയാണ്. ഇവിടങ്ങളിൽ കാർഷിക വിജ്ഞാന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. കൃഷി ഭവനുകളുടെ ഭൗതിക സാഹചര്യങ്ങളെക്കുറിച്ച് ലഭ്യമായ വിവരങ്ങൾ അനുബന്ധം-3-ൽ ചേർത്തിരിക്കുന്നു.

## അനുബന്ധം-3

### കൃഷി ഭവനുകളുടെ ഭൗതിക സൗകര്യങ്ങൾ

| ജില്ല | സ്ഥാപനം | കെട്ടിടം സ്വന്തം/ വാടകയ്ക്ക് | കുടി വെള്ള ലഭ്യത | ഫോൺ കണക്ഷൻ | തൈകൾ/ വിത്തുകൾ സൂക്ഷിക്കാനുള്ള സ്ഥലം | കാർഷിക വിജ്ഞാന കേന്ദ്രം | കാർഷിക യോഗം നടത്താനുള്ള സ്ഥലം | ത.സ്വ.ഭ.വ. പേര് ചേർത്തിട്ടുള്ളത് |
|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | പുളിമാത്ത് ഗ്രാമപഞ്ചായത്ത് | വാടകയ്ക്ക് | | | X | X | | |
| | മാറനല്ലൂർ ഗ്രാമപഞ്ചായത്ത് | വാടകയ്ക്ക് | V | V | X | X | X | V |
| | ഇടവ ഗ്രാമപഞ്ചായത്ത് | സൗജന്യം | V | V | V | x | V | X |
| | നെടുമങ്ങാട് ഗ്രാമപഞ്ചായത്ത് | സ്വന്തം | V | | V | X | V | V |
| | നെയ്യാറ്റിൻകര | സ്വന്തം | | | X | | X | |
| | കരകുളം ഗ്രാമപഞ്ചായത്ത് | സ്വന്തം | V | | X | | | V |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | തിരുവനന്തപുരം നഗരസഭ | സ്വന്തം | | | X | X | | |
| കൊല്ലം | തെന്മല ഗ്രാമപഞ്ചായത്ത് | സ്വന്തം | V | | X | X | V | V |
| | ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് | സ്വന്തം | V | | X | X | X | V |
| | കരീപ്ര ഗ്രാമപഞ്ചായത്ത് | വാടകയ്ക്ക് | V | | X | | X | |
| | എഴുകോൺ ഗ്രാമപഞ്ചായത്ത് | സ്വന്തം | V | X | X | X | X | V |
| | കൊല്ലം നഗരസഭ | സ്വന്തം | | X | X | X | | |
| പത്തനംതിട്ട | കോട്ടങ്ങൽ ഗ്രാമപഞ്ചായത്ത് | സ്വന്തം | X | V | X | X | X | V |
| | കോയിപ്രം ഗ്രാമപഞ്ചായത്ത് | സ്വന്തം | X | | X | X | X | V |
| | നാറാണംമൂഴി ഗ്രാമപഞ്ചായത്ത് | സ്വന്തം | V | V | X | X | X | |
| | തിരുവല്ല നഗരസഭ | വാടകയ്ക്ക് | V | | X | | X | V |
| കോട്ടയം | വെളിയന്നൂർ ഗ്രാമപഞ്ചായത്ത് | സ്വന്തം | | V | V | X | V | |
| | മറവൻ തുരുത്ത് ഗ്രാമപഞ്ചായത്ത് | സ്വന്തം | | X | X | X | | |
| | മാടപ്പള്ളി ഗ്രാമപഞ്ചായത്ത് | വാടകയ്ക്ക് | | | | | | |
| | എരുമേലി ഗ്രാമപഞ്ചായത്ത് | വാടകയ്ക്ക് | | | X | X | | |
| | ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് | സ്വന്തം | | | X | X | | X |
| | മുണ്ടക്കയം | സ്വന്തം | | | | V | | X |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് | സ്വന്തം | X | V | V | X | V | |
| | കൊഴുവനാൽ ഗ്രാമപഞ്ചായത്ത് | സ്വന്തം | | | | X | | |
| | കോട്ടയം മുനിസിപ്പാലിറ്റി | സ്വന്തം | X | | X | X | x | |
| | ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി | വാടകയ്ക്ക് | X | | X | X | V | X |
| | ഏലപ്പാറ ഗ്രാമപഞ്ചായത്ത് | സ്വന്തം | X | X | X | X | X | V |
| | വട്ടപ്പാറ ഗ്രാമപഞ്ചായത്ത് | സ്വന്തം | V | | X | X | V | X |
| | പീരുമേട് ഗ്രാമപഞ്ചായത്ത് | | X | V | | X | X | |
| ഇടുക്കി | വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് | സ്വന്തം | V | | V | X | X | X |
| | രാമങ്കരി ഗ്രാമപഞ്ചായത്ത് | | | | X | X | x | |
| | ചെറുതന ഗ്രാമപഞ്ചായത്ത് | വാടകയ്ക്ക് | X | V | X | | V | X |
| | നൂറനാട് ഗ്രാമപഞ്ചായത്ത് | സ്വന്തം | | | X | X | X | V |
| | നെടുമുടി ഗ്രാമപഞ്ചായത്ത് | സ്വന്തം | X | | X | X | | X |
| | മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് | | | V | | | V | |
| ആലപ്പുഴ | ആലപ്പുഴ മുനിസിപ്പാലിറ്റി | സ്വന്തം | X | | X | X | X | |
| | എടത്തല ഗ്രാമപഞ്ചായത്ത് | സ്വന്തം | V | X | V | X | X | V |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| എറണാകുളം | ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് | വാടകയ്ക്ക് | V | X | X | X | V | V |
| | വെങ്ങോല ഗ്രാമപഞ്ചായത്ത് | സ്വന്തം | V | | X | X | X | |
| | കുമ്പളം ഗ്രാമപഞ്ചായത്ത് | സ്വന്തം | X | X | X | X | X | V |
| | പിറവം ഗ്രാമപഞ്ചായത്ത് | സ്വന്തം | X | V | X | X | V | |
| | നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് | സ്വന്തം | V | V | V | X | X | V |
| | ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് | സ്വന്തം | V | X | | X | X | V |
| | കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് | സ്വന്തം | X | X | X | X | X | X |
| | കൊച്ചി നഗരസഭ | സ്വന്തം | | V | X | | X | X |
| | ആലുവ മുനിസിപ്പാലിറ്റി | സ്വന്തം | V | X | X | X | X | X |
| | പെരുമ്പാവൂർ മുനിസിപ്പാലിറ്റി | വാടകയ്ക്ക് | V | V | | X | | |
| തൃശ്ശൂർ | കടവല്ലൂർ ഗ്രാമപഞ്ചായത്ത് | | | X | X | | | |
| | പാണഞ്ചേരി ഗ്രാമപഞ്ചായത്ത് | സ്വന്തം | | | | | | |
| | തെക്കുംകര ഗ്രാമപഞ്ചായത്ത് | | | | X | X | | |
| | തൃശ്ശൂർ നഗരസഭ | സ്വന്തം | V | | X | X | V | |


| | | | | | | | | |
|---|---|---|---|---|---|---|---|---|
| പാലക്കാട് | ലെക്കടി-പേരൂർ ഗ്രാമപഞ്ചായത്ത് | സ്വന്തം | X | | V | X | | |
| | മങ്കര ഗ്രാമപഞ്ചായത്ത് | സ്വന്തം | X | | X | X | V | |
| | മുണ്ടൂർ ഗ്രാമപഞ്ചായത്ത് | സ്വന്തം | | | X | X | | |
| | കുമരം പുത്തൂർ ഗ്രാമപഞ്ചായത്ത് | സ്വന്തം | X | | X | X | X | |
| | കൊപ്പം ഗ്രാമപഞ്ചായത്ത് | സ്വന്തം | | | X | | | X |
| | പാലക്കാട് മുനിസിപ്പാലിറ്റി | സ്വന്തം | V | | X | X | X | |
| മലപ്പുറം | പെരിന്തൽമണ്ണ നഗരസഭ | | X | | X | | X | V |
| | മാറാക്കര ഗ്രാമപഞ്ചായത്ത് | സ്വന്തം | X | V | X | V | V | |
| | താനാളൂർ ഗ്രാമപഞ്ചായത്ത് | സ്വന്തം | | X | X | X | | |
| | ചുങ്കത്തറ ഗ്രാമപഞ്ചായത്ത് | സ്വന്തം | | | X | | X | |
| | പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് | സ്വന്തം | V | | V | X | X | |
| കോഴിക്കോട് | അത്തോളി ഗ്രാമപഞ്ചായത്ത് | വാടകയ്ക്ക് | X | | X | X | X | X |
| | ബേപ്പൂർ ഗ്രാമപഞ്ചായത്ത് | സ്വന്തം | V | X | X | X | X | V |
| | ഏലത്തൂർ ഗ്രാമപഞ്ചായത്ത് | സ്വന്തം | | | X | | X | |
| | വളയം ഗ്രാമപഞ്ചായത്ത് | സ്വന്തം | | | X | X | X | |
| | മടവൂർ ഗ്രാമപഞ്ചായത്ത് | സ്വന്തം | V | V | V | V | V | X |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | നന്മണ്ട ഗ്രാമപഞ്ചായത്ത് | സ്വന്തം | X | | X | X | V | |
| | കോഴിക്കോട് നഗരസഭ | സ്വന്തം | X | X | | X | X | |
| | വടകര മുനിസിപ്പാലിറ്റി | വാടകയ്ക്ക് | X | X | X | X | X | |
| വയനാട് | പൂതാടി ഗ്രാമപഞ്ചായത്ത് | | X | | X | | X | |
| കണ്ണൂർ | പാപ്പിനിശ്ശേരി | സ്വന്തം | | | | | | |
| | മുണ്ടേരി ഗ്രാമപഞ്ചായത്ത് | സ്വന്തം | X | X | | X | X | |
| | അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് | സ്വന്തം | | | X | X | | X |
| | കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് | സ്വന്തം | V | V | V | V | V | X |
| | ചെറുതാഴം ഗ്രാമപഞ്ചായത്ത് | സ്വന്തം | V | | V | | V | |
| | എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | സ്വന്തം | | | | X | | X |
| | കണ്ണൂർ മുനിസിപ്പാലിറ്റി | സ്വന്തം | | X | X | X | X | X |
| | തലശ്ശേരി മുനിസിപ്പാലിറ്റി | സ്വന്തം | X | V | X | | X | X |
| കാസർഗോഡ് | പൈവളികെ ഗ്രാമപഞ്ചായത്ത് | സ്വന്തം | V | | X | X | X | V |
| | കോടോംബേളൂർ ഗ്രാമപഞ്ചായത്ത് | സ്വന്തം | X | V | V | V | | |
| | കാസർഗോഡ് മുനിസിപ്പാലിറ്റി | സ്വന്തം | | | X | | | |

(V-ഉണ്ട്; x ഇല്ല)

**ഘടനാനില**

പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വന്നതോടെ കൃഷി വകുപ്പിന്റെ അടിസ്ഥാന യൂണിറ്റുകളായ എല്ലാ കൃഷിഭവനകളും ഗ്രാമപഞ്ചായത്തിന കൈമാറി. ഇതൊടൊപ്പം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകൾ ജില്ലാ പഞ്ചായത്തിനും കൈമാറി. 2011-ലെ കൃഷി വകുപ്പിന്റെ പൗരാവകാശ രേഖ അനുസരിച്ച് സംസ്ഥാനത്ത് 1076 കൃഷിഭവനകൾ പ്രവർത്തിക്കുന്നു. വകുപ്പിന്റെ ഘടനാ ചാർട്ട് ചുവടെ ചേർക്കുന്നു.



## കൃഷിഭൂമി വിനിയോഗ വിവരങ്ങൾ

കേരള എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ 2010-11-ലെ കാർഷിക സ്ഥിതി വിവര കണക്ക പ്രകാരം കേരളത്തിലെ മൊത്തം കൃഷിഭൂമിയുടെ വിസ്തീർണ്ണം 20,71,507 ഹെക്ടർ ആണ്. ഇതിൽ 2,13,187 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിട്ടുണ്ട്. ഇതാകട്ടെ 2009-10 വർഷത്തെ നിരക്കിനേക്കാൾ 9% കുറവാണ്. കഴിഞ്ഞ പദ്ധതികളിൽ കൃഷിക്ക് പ്രാമുഖ്യം നൽകിയിട്ടും കാർഷിക രംഗത്ത് നാം മുന്നോട്ട് പോയില്ല എന്ന വസ്തുത ഈ കണക്കുകളിൽ നിന്ന് വ്യക്തമാകുന്നു.

നടപ്പിലാക്കിയ കാർഷിക വികസന പദ്ധതികളുടെ ലക്ഷ്യപ്രാപ്തി മനസ്സിലാക്കുന്നതിനും നവീന പദ്ധതികൾ വിഭാവനം ചെയ്യുവാനും പ്രദേശത്തെ വ്യത്യസ്ത വിളകൾക്ക് ഉപയോഗിക്കുന്ന കൃഷിഭൂമിയുടെ വിസ്തീർണ്ണം മനസ്സിലാക്കേണ്ടതുണ്ട്. എന്നാൽ വളരെ കുറച്ച് കൃഷിഭവനുകളിൽ മാത്രമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ച് രേഖപ്പെടുത്തി സൂക്ഷിക്കുന്നത്. വിവിധ കൃഷികളിലേർപ്പെട്ടിരിക്കുന്ന കർഷകരുടെ എണ്ണം, നെല്പാടം കാർഷികേതര ആവശ്യങ്ങൾക്കായി നികത്തിയതിന്റെ വിവരങ്ങൾ എന്നിവ മിക്ക കൃഷിഭവനുകളിലും ലഭ്യമല്ല. പഞ്ചായത്തുകളിലെ ആകെ കൃഷിഭൂമിയുടെ വിസ്തീർണ്ണം, ഓരോ വിളകളും കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം, അവയുടെ അനുപാതം എന്നിവയെ കുറിച്ചുള്ള പൂർണ്ണ വിവരങ്ങൾ ലഭ്യമല്ല. ഇത് ആസൂത്രണത്തിന് തടസ്സമാകുകയും പദ്ധതികൾ ലക്ഷ്യം *കൈവരിക്കാൻ* കഴിയാത്ത സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നു. കൃഷി ഭൂമിയുടെ ലഭ്യമായ സ്ഥിതി വിവര കണക്കുകൾ അനുബന്ധം 4-ൽ ചേർത്തിട്ടുണ്ട്.

### അനുബന്ധം 4

വ്യത്യസ്ത കൃഷിഭൂമിയുടെ വിസ്തീർണ്ണം
(ഹെക്ടറിൽ)

| ജില്ല | സ്ഥാപനം | നെല്ല് | തെങ്ങ് | വാഴ | റബ്ബർ | മരിച്ചീനി | മറ്റിനം |
|---|---|---|---|---|---|---|---|
| തിരുവനന്തപുരം | പുളിമാത്ത് ഗ്രാമപഞ്ചായത്ത് | 90 | 500 | 500 | 1500 | 225 | 160 |
| | മാറനല്ലൂർ ഗ്രാമപഞ്ചായത്ത് | 0.81 | 903 | 170 | 420 | 266 | 51.5 |
| | നെയ്യാറ്റിൻകര നഗരസഭ | 1 | 1030 | 385 | 365 | 330 | 182 |
| | കരകുളം ഗ്രാമപഞ്ചായത്ത് | 1 | 850 | 44.5 | 120 | 10 | 40 |
| കൊല്ലം | എഴുകോൺ ഗ്രാമപഞ്ചായത്ത് | 40 | 250 | 50 | - | - | 29 |

| | | | | | | | |
|---|---|---|---|---|---|---|---|
| ആലപ്പുഴ | ചെറുതന ഗ്രാമപഞ്ചായത്ത് | 702 | 540 | - | - | - | - |
| പത്തനംതിട്ട | കോയിപ്രം ഗ്രാമപഞ്ചായത്ത് | 100 | 450 | 300 | - | 140 | - |
| കോട്ടയം | മുണ്ടക്കയം ഗ്രാമപഞ്ചായത്ത് | 5 | 217 | - | 4137 | - | - |
| എറണാകുളം | എടത്തല ഗ്രാമപഞ്ചായത്ത് | 25 | 440 | 20 | 120 | 20 | 57 |
| പാലക്കാട് | ലെക്കടി പേരൂർ | 450 | 300 | - | - | - | 464 |
| | മുണ്ടൂർ ഗ്രാമപഞ്ചായത്ത് | 550 | 260 | 260 | 1020 | - | 105 |
| മലപ്പുറം | പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് | 205 | 1350 | 160 | - | 55 | 305 |
| കോഴിക്കോട് | അത്തോളി ഗ്രാമപഞ്ചായത്ത് | 94.05 | 438.3 | 1.5 | 60.85 | - | - |
| കണ്ണൂർ | പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് | 45 | 1079.3 | 4.85 | - | - | - |
| | എടക്കാട് ഗ്രാമപഞ്ചായത്ത് | 550 | 9447 | 160 | - | - | - |

ഓഡിറ്റ് ഖണ്ഡികകളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. പ്രസ്തുത ഓഡിറ്റ് ഖണ്ഡിക സമിതി 27-5-2015, 17-6-2015, 24-6-2015 എന്നീ യോഗങ്ങളിൽ പരിഗണിക്കുകയും സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നുമുള്ള കൃഷി വകുപ്പ് ഉദ്യോഗസ്ഥന്മാരിൽ നിന്നും തെളിവെടുപ്പ് നടത്തുകയുമുണ്ടായി.

2. സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ കാർഷിക പദ്ധതികൾ നടപ്പിലാക്കിയെന്ന പരാമർശം പരിഗണിച്ച സമിതി സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകളെ സംബന്ധിച്ച് ആരാഞ്ഞു. ആയതിന് തിരുവല്ല, ആലുവ, നെടുമങ്ങാട്, നെയ്യാറ്റിൻകര, ചങ്ങനാശ്ശേരി, കോട്ടയം, തൃശ്ശൂർ, കൊച്ചി, തിരുവനന്തപുരം, പെരുമ്പാവൂർ, കൊല്ലം, പാലക്കാട്, ആലപ്പുഴ നഗരസഭകളിൽ സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നതെന്നും മാർഗ്ഗരേഖയുടെ പ്രശ്നമാണ് തടസ്സമാകുന്നതെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ അറിയിച്ചു.

3. മുൻസിപ്പാലിറ്റികൾക്കും/കോർപ്പറേഷനുകൾക്കും വ്യവസ്ഥകൾ പാലിച്ചുകൊണ്ട് വിപുലമായ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സ്വാതന്ത്ര്യമുണ്ടെന്നും അതനുസരിച്ച് പദ്ധതിപ്പണം ചെലവഴിച്ചിട്ടുണ്ടോയെന്നും ആയതിൽ സർക്കാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി എന്തെങ്കിലും ഉൾപ്പെട്ടിട്ടുണ്ടോയെന്നും പരിശോധിക്കണമെന്ന് സമിതി ചൂണ്ടിക്കാട്ടി. കാർഷിക പദ്ധതികളിൽ സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കുന്നതിനും പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി വിലയിരുത്തി.

4. കൃഷി ഭവനുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും ജീവനക്കാരുടെ കുറവും കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കുന്നു എന്ന പരാമർശത്തിന്മേൽ സമിതി വിശദാംശങ്ങൾ ആരാഞ്ഞതിന് മുനിസിപ്പാലിറ്റികളിലും നഗരസഭകളിലും ജീവനക്കാരുടെ കുറവില്ലെന്ന് കൃഷി വകുപ്പ് ഡയറക്ടർ അറിയിച്ചു. സ്റ്റാഫ് പാറ്റേൺ അനുസരിച്ച് പഞ്ചായത്തിലെ കൃഷിഭവനുകളിലുള്ള അടിസ്ഥാന സൗകര്യങ്ങൾ മുനിസിപ്പാലിറ്റികളിലെ കൃഷിഭവനുകളിൽ ഇല്ലായെന്നും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ സ്റ്റാഫിനെ നിയമിക്കുന്നതിൽ കാര്യമില്ലെന്നും സമിതി വിലയിരുത്തി. കൃഷിഭൂമി കൂടുതലുള്ള മുനിസിപ്പാലിറ്റികളിലും കുറവുള്ളവയിലും കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ എണ്ണവും അടിസ്ഥാന സൗകര്യങ്ങളും ഒരേ മാനദണ്ഡവും ഒരേ സ്കെയിലിലും ആകരുതെന്നും സമിതി ചൂണ്ടിക്കാട്ടി. നഗരസഭകളിലെ കൃഷിഭൂമി സംബന്ധിച്ച സ്ഥിതി വിവര കണക്കുകൾ ലഭ്യമാക്കാമെന്ന് കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കൃഷി ഭൂമിയുടെ ശരിയായ സ്ഥിതിവിവര കണക്കുകൾ സൂക്ഷിക്കുന്നില്ല എന്ന ഓഡിറ്റ് അവലോകനം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് തിരുവല്ല, ആലുവ, നെടുമങ്ങാട്, നെയ്യാറ്റിൻകര, ചങ്ങനാശ്ശേരി, കോട്ടയം തൃശ്ശൂർ, തലശ്ശേരി, കൊച്ചി, തിരുവനന്തപുരം, പെരുമ്പാവൂർ, കൊല്ലം, പാലക്കാട് എന്നീ നഗരസഭകളിലെ കൃഷി ഭൂമിയുടെ സ്ഥിതി വിവര കണക്കുകൾ സൂക്ഷിച്ചിട്ടുണ്ടെന്നും എല്ലാ കൃഷിഭവനും കേന്ദ്രീകരിച്ച് ഒരു ഡാറ്റാബാങ്ക് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ അറിയിച്ചു. ആയത് ഓഡിറ്റിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

6. 2010-2011-ലെ കേരള എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കാർഷിക സ്ഥിതിവിവര കണക്കനുസരിച്ച് കേരളത്തിലെ മൊത്തം കൃഷിഭൂമിയുടെ വിസ്തീർണ്ണത്തിന്റെ 2,13,187 ഹെക്ടർ സ്ഥലത്ത് മാത്രമേ നെല്ല് കൃഷി ചെയ്യുന്നുള്ളൂവെന്ന് സമിതി മനസ്സിലാക്കുന്നു. കഴിഞ്ഞകാല പദ്ധതികളിൽ കൃഷിക്ക് പ്രാമുഖ്യം നൽകിയിട്ടും കാർഷിക രംഗത്ത് ശ്രദ്ധേയമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. വിവിധ കൃഷികളിലേർപ്പെട്ടിരിക്കുന്ന കർഷകരുടെ എണ്ണം, കാർഷികേതര ആവശ്യങ്ങൾക്കായി നെൽപ്പാടം നികത്തിയതിന്റെ വിവരങ്ങൾ എന്നിവ മിക്ക കൃഷിഭവനുകളിലും ലഭ്യമല്ലെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. നടപ്പിലാക്കിയ കാർഷിക വികസന പദ്ധതികളുടെ ലക്ഷ്യപ്രാപ്തി മനസ്സിലാക്കുന്നതിനും നവീന പദ്ധതികൾ വിഭാവനം ചെയ്യുവാനും വ്യത്യസ്ത വിളകൾക്ക്

ഉപയോഗിക്കുന്ന കൃഷിഭൂമിയുടെ വിസ്തീർണ്ണം അറിയേണ്ടതുണ്ടെന്ന് സമിതി കരുതുന്നു. ആയതിലൂടെ മാത്രമേ വ്യക്തമായ ആസൂത്രണം നടത്താനും പദ്ധതി ലക്ഷ്യം കൈവരിക്കാനും സാധിക്കുകയുള്ളൂവെന്നും സമിതി കരുതുന്നു. കൃഷി ഭവനുകളിലെ ഭൗതിക സാഹചര്യങ്ങൾ , കൃഷിഭൂമി വിനിയോഗ വിവരങ്ങൾ എന്നിവ സംബന്ധിച്ച് സമിതി ചുവടെ ചേർക്കുന്ന നഗരസഭകളിൽ നിന്നും പഞ്ചായത്തുകളിൽ നിന്നും വിശദീകരണമാരാഞ്ഞു.

കണ്ണൂർ നഗരസഭ

7. 2002-ൽ നഗരസഭ കൃഷിഭവനു കെട്ടിടം നിർമ്മിച്ചു കൊടുത്തിട്ടുണ്ടെന്നും അവിടെ ഒരു അഗ്രികൾച്ചർ ഫീൽഡ് ഓഫീസറുടേയും അഗ്രികൾച്ചർ അസിസ്റ്റന്റിന്റേയും തസ്തികകൾ നിലവിലുള്ളതായും നഗരവൽക്കരണത്തിന്റെ ഭാഗമായി ജനങ്ങൾക്ക് കൃഷിയിൽ താല്പര്യം കുറഞ്ഞതിനാൽ നഗരസഭാ പരിധിയിൽ നെൽകൃഷി ഇല്ലായെന്നും ചുരുങ്ങിയ തോതിൽ തെങ്ങുകൃഷിയും വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷിയും ചെയ്യുന്നുണ്ടെന്നും എന്നാൽ ജനങ്ങൾക്ക് ആവശ്യമുള്ള പദ്ധതികൾ ഏതെന്ന് കണ്ടെത്തി ആയത് പദ്ധതി ആസൂത്രണത്തിനായി ചേർന്ന വാർഡ് സഭാ യോഗങ്ങളിലോ സെമിനാറുകളിലോ അവതരിപ്പിക്കാതിരുന്നതിനാലാണ് കൃഷിക്ക് വേണ്ടത്ര പുരോഗതി കൈവരാത്തതെന്നും കണ്ണൂർ നഗരസഭാ സെക്രട്ടറി അറിയിച്ചു.

ചങ്ങനാശ്ശേരി നഗരസഭ

8. കുട്ടനാട്ടിൽ നെൽകൃഷി കൂടാതെ ആർ.കെ.ബി.വൈ. പദ്ധതി പ്രകാരം രണ്ട് ഹെക്ടർ തരിശുഭൂമിയിലും കൃഷി ചെയ്തിട്ടുണ്ടെന്നും പാടശേഖര സമിതിയുടെ നേതൃത്വത്തിലുള്ള കൃഷിയും സമഗ്ര നെൽകൃഷി വികസന പദ്ധതിയും നടപ്പിലാക്കിയതായും കൃത്യസമയത്ത് നെല്ല് സംഭരണം നടക്കുന്നത്/നടക്കാത്തത് കൃഷിഭവനുമായി ബന്ധപ്പെട്ട സംഗതികളാണെന്നും ചങ്ങനാശേരി നഗരസഭാ സെക്രട്ടറി വിശദീകരിച്ചു. കൊയ്ത്തു മെതിയന്ത്രങ്ങളുടെ ദൗർലഭ്യമാണ് കഴിഞ്ഞ വർഷത്തെ നെല്ലുൽപാദനത്തെ പ്രതികൂലമായി ബാധിച്ചിരുന്നതെന്നും നിലവിൽ തൊഴിലാളികളുടെയും വാഹനങ്ങളുടെയും അപര്യാപ്തതയാണ് നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു.

കോട്ടയം നഗരസഭ

9. നാട്ടകം ഏരിയയിൽ 729 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയും നെല്ല് സംഭരണവും നടക്കുന്നുണ്ടെന്നും വയൽ നികത്തലിനെതിരെ പരിശോധന നടത്താറുണ്ടെന്നും കോട്ടയം നഗരസഭ കൃഷി ഓഫീസർ അറിയിച്ചു. രണ്ട് വർഷത്തിനു മുമ്പുള്ള കൃഷിയിൽ നിന്നും ഇപ്പോൾ എത്ര കുറവ് വന്നിട്ടുണ്ടെന്ന സമിതിയുടെ ചോദ്യത്തിന്, കുറവ് വന്നിട്ടില്ലെന്നും കഴിഞ്ഞ രണ്ട് വർഷങ്ങളായി പത്ത് ഹെക്ടർ തരിശ് ഭൂമി കൃഷി ചെയ്യാൻ തുടങ്ങിയിട്ടുണ്ടെന്നും ഈ വർഷം കൂടുതൽ ഏരിയയിൽ കരനെല്ല് കൃഷി ചെയ്യാൻ ശ്രമിക്കുന്നുണ്ടെന്നും കൃഷി ഓഫീസർ വ്യക്തമാക്കി.

കാസർഗോഡ് നഗരസഭ

10. നഗരസഭാ പരിധിയിൽ തൊഴിലാളികളെ കിട്ടാനില്ലാത്തതിനാൽ കൃഷി ചെയ്യുന്ന ആളുകളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടെന്നും 30 പേർ മാത്രമേ കർഷകത്തൊഴിലാളി പെൻഷന് അപേക്ഷകരായിട്ടുള്ളൂവെന്നും കാർഷിക വികസന സമിതി കൃത്യമായി കൂടുന്നതായും അയ്യങ്കാളി പദ്ധതി നിലവിൽ വന്നപ്പോഴും അതിൽ പേര് രജിസ്റ്റർ ചെയ്യാൻ ആളുണ്ടായിരുന്നില്ലെന്നും കാസർഗോഡ് നഗരസഭ സെക്രട്ടറി അറിയിച്ചു.

തൃശ്ശൂർ കോർപ്പറേഷൻ

11. നഗരസഭാ പരിധിയിൽ 22.3 ചതുരശ്ര കിലോമീറ്ററോളം പ്രദേശത്ത് നെൽകൃഷി ചെയ്യുന്നതായും കോൾ നിലങ്ങളിലും വില്ലുവട്ടം, അയ്യന്തോൾ, ഒല്ലൂർ എന്നിവിടങ്ങളിലുമാണ് പ്രധാനമായും കൃഷിയുള്ളതെന്നും കൃഷി ലാഭകരമല്ലെന്ന ധാരണയിൽ 2011 വരെ കൃഷിമേഖല പ്രതിസന്ധിയിലായിരുന്നെന്നും എന്നാൽ നിലവിൽ ആളുകൾ സ്ഥലങ്ങൾ പാട്ടത്തിനെടുത്ത് നെൽകൃഷി ചെയ്യുന്നതിനാൽ 14,000 ഹെക്ടർ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞെന്നും കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു.

12. കൃഷിക്ക് തൊഴിലാളികളെ കിട്ടാനില്ലാത്തതിനാൽ ഇപ്പോൾ നെൽകൃഷിയുടെ 90 ശതമാനവും യന്ത്രവൽകൃതമായിട്ടുണ്ടെന്നും നെല്ലുൽപ്പാദനത്തിൽ വർദ്ധനയുണ്ടായിട്ടുണ്ടെന്നും കൃഷിവകുപ്പ് ഡയറക്ടർ വിശദമാക്കി. യന്ത്രസംവിധാനം സാധ്യമാകാത്ത പാടങ്ങളിൽ ഇതര സംസ്ഥാനത്തൊഴിലാളികളുടെ സേവനം ലഭ്യമാക്കി കൃഷി ചെയ്യുന്നതിന് സമിതി നിർദ്ദേശിച്ചു.

കോഴിക്കോട് കോർപ്പറേഷൻ

13. ഏലത്തൂർ ഭാഗത്ത് കൃഷി ഉള്ളതായും കൃഷിഭവനിൽ ജീവനക്കാരുടെ കുറവുള്ളതായും ഒരു ഫീൽഡ് ഓഫീസറും രണ്ട് അസിസ്റ്റന്റുമാരും ഒരു പാർട്ട് ടൈം സ്വീപ്പറുമാണുള്ളതെന്നും ഫീൽഡ് ഓഫീസർക്ക് 55 വാർഡുകളുടെ ചുമതല കൂടാതെ കോർപ്പറേഷൻ ഏൽപ്പിക്കുന്ന പ്രവൃത്തികളും നിർവ്വഹിക്കേണ്ടതായിട്ടുണ്ടെന്നും മുനിസിപ്പൽ സെക്രട്ടറി അറിയിച്ചു. കൃഷിഭവനിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നെടുമങ്ങാട് നഗരസഭ

14. നഗരസഭയിൽ അറുപത് ശതമാനത്തിലധികവും കാർഷിക മേഖലയാണ്. ആളുകൾ തെങ്ങ് വെട്ടി മാറ്റി റബ്ബർ കൃഷിയിലേയ്ക്ക് പോവുകയാണെന്നും വാഴക്കൃഷി, പച്ചക്കറി, മരച്ചീനി, വെറ്റില തുടങ്ങിയവ ജില്ലയിൽ ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്നത് ഇവിടെയാണെന്നും മുനിസിപ്പൽ സെക്രട്ടറി അറിയിച്ചു.

കൊല്ലം കോർപ്പറേഷൻ

15. കോർപ്പറേഷൻ പരിധിയിൽ നാല് ഹെക്ടറിൽ താഴെയാണ് നെൽകൃഷി ഉള്ളതെന്നും ആയത് മുൻവർഷങ്ങളെ അപേക്ഷിച്ച് കുറഞ്ഞുകൊണ്ടിരിക്കുകയാണെന്നും കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു. നീർത്തടാധിഷ്ഠിത പദ്ധതികൾക്ക് തയ്യാറാക്കിയ മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിന് ജില്ലാ തലത്തിൽ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടെങ്കിലും അവരുടെ സേവനം കോർപ്പറേഷൻ തലത്തിൽ ലഭ്യമല്ലെന്ന് അദ്ദേഹം തുടർന്നറിയിച്ചു. മണ്ണ് സംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സേവനം എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

പാലക്കാട് നഗരസഭ

16. നഗരസഭാ പരിധിയിൽ 525 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഉള്ളതായും കൃഷിഭവനിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉണ്ടെന്നും മുനിസിപ്പൽ സെക്രട്ടറി അറിയിച്ചു. വയൽ നികത്തലിനെ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, വയൽ നികത്തൽ വ്യാപകമായി നടക്കുന്നുണ്ടെന്നും സജീവമായൊരു പാടശേഖര സമിതി ഇവിടെ പ്രവർത്തിക്കുന്നുണ്ടെന്നും ഡാറ്റാബാങ്കുണ്ടാക്കുന്നതിൽ പല തിരിമറികൾ നടക്കുന്നതായും നല്ല രീതിയിൽ കൃഷി നടക്കുന്ന പല സ്ഥലങ്ങളും കൃഷി ചെയ്യാത്ത ഭൂമി എന്ന രീതിയിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും മുനിസിപ്പൽ സെക്രട്ടറി വിശദമാക്കി. ഇതൊരു ഗുരുതരമായ ആരോപണമാണെന്ന് ചൂണ്ടിക്കാട്ടിയ സമിതി ആയത് സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് നൽകണമെന്നും ആവശ്യമെങ്കിൽ റവന്യൂ വകുപ്പിൽ നിന്നും തെളിവെടുപ്പ് നടത്തണമെന്നും നിർദ്ദേശിച്ചു.

ആലപ്പുഴ നഗരസഭ

17. ആലപ്പുഴയിൽ 75 ഹെക്ടർ 2 വിളകളായി നെൽകൃഷി ചെയ്യുന്നുണ്ടെന്നും 23 കോടി രൂപയാണ് ആലപ്പുഴയുടെ മൊത്തം പ്ലാൻ ഫണ്ടെന്നും ആയതിൽ 70 ലക്ഷം രൂപ പഞ്ചായത്തിന് മാത്രമാണെന്നും ആലപ്പുഴ മുനിസിപ്പൽ സെക്രട്ടറി അറിയിച്ചു. പഞ്ചായത്ത് മേഖലയിലെ കൃഷിഭവനുകളിൽ ഒരു കൃഷിഓഫീസറും 3 കൃഷി അസിസ്റ്റന്റുമാരും ഉള്ളപ്പോൾ നഗരസഭാ പ്രദേശത്ത് ഒരു അഗ്രികൾച്ചർ ഫീൽഡ് ഓഫീസറും ഒരു കൃഷി അസിസ്റ്റന്റും ഉൾപ്പെടെ വളരെ കുറച്ച് ജീവനക്കാരെ ഉള്ളൂവെന്നും മണ്ണ് പര്യവേക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥൻ വെറ്റിംഗ് ഓഫീസറായി ജോലി ചെയ്യുന്നുണ്ടെന്നും അദ്ദേഹം തുടർന്നറിയിച്ചു. ബണ്ടിന്റെയോ ജലസേചന പദ്ധതികളുടെയോ എഞ്ചിനീയറിംഗ് ജോലികൾ കൃഷി വകുപ്പ് ഉദ്യോഗസ്ഥർക്ക് ചെയ്യാൻ സാധിക്കാത്തതിനാലും നഗരസഭയിൽ മേജർ പദ്ധതികൾ നടപ്പിലാക്കുന്നതിനാലും സാങ്കേതിക പരിജ്ഞാനമുള്ള മണ്ണ് പര്യവേഷണ വകുപ്പിലെ ഉദ്യോഗസ്ഥരെ നിർവ്വഹണ ഉദ്യോഗസ്ഥരാക്കി നിയമിച്ചാൽ ഉപയോഗപ്രദമായിരിക്കുമെന്നും മുൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

18. വകുപ്പിൽ നിന്ന് ലഭിക്കുന്ന പ്ലാൻ ഫണ്ട് ചെലവഴിക്കുക മാത്രമാണ് മണ്ണ് പര്യവേഷണ വകുപ്പ് ഉദ്യോഗസ്ഥർ ചെയ്യുന്നതെന്നും ജീവനക്കാർ കുറവായതിനാൽ നഗരസഭകളുടെയും പഞ്ചായത്തുകളുടെയും പദ്ധതികൾ ഏറ്റെടുത്ത് നടത്താൻ അവർക്ക് കഴിയില്ലെന്നും സമിതി വിലയിരുത്തി. നഗരസഭയിൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട് ഏതൊക്കെ ജലസേചന പദ്ധതികളാണ് ആവശ്യമെന്ന് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനറെന്ന നിലയ്ക്ക് കൃഷി ഓഫീസറാണ് തീരുമാനിക്കുന്നത്. ഡാറ്റാബാങ്കിന്റെ അടിസ്ഥാനത്തിൽ ജില്ലാതലത്തിൽ പ്ലാൻ ഉണ്ടാക്കുകയും മൈനർ ഇറിഗേഷൻ വകുപ്പ് ഉൾപ്പെടെ കൃഷിയുമായി ബന്ധപ്പെട്ട വകുപ്പുകൾ ഒന്നിച്ചു നിന്നാൽ കൃഷി കുറച്ചുകൂടി മെച്ചപ്പെടുത്താനാകുമെന്ന് മുൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

19. ഇത്തരത്തിലൊരു കോ-ഓർഡിനേഷന് നഗരസഭയ്ക്ക് മുൻകൈ എടുത്തു കൂടെ എന്ന ചോദ്യത്തിന്, വർക്കിംഗ് ഗ്രൂപ്പിനെ വിളിക്കാൻ നഗരസഭാ സെക്രട്ടറിക്ക് അധികാരമില്ലെന്നും കമ്മിറ്റിയിൽ 7-15 വരെ അംഗങ്ങളെ പാടുള്ളൂവെന്ന് സർക്കാർ ഉത്തരവുണ്ടെന്നും മുൻസിപ്പൽ സെക്രട്ടറി വിശദമാക്കി. കൃഷി മെച്ചപ്പെടുത്തുന്നതിനായി ആയതുമായി ബന്ധപ്പെട്ട വകുപ്പുകളെ വിളിച്ച് ചർച്ച ചെയ്യുന്നതിന് നഗരസഭാ ചെയർമാന് അധികാരമുണ്ടെന്ന് ചൂണ്ടിക്കാട്ടിയ സമിതി, നഗരസഭ, മുൻസിപ്പാലിറ്റി തുടങ്ങിയ സ്ഥാപനങ്ങളിൽ കൃഷി സംബന്ധമായ കാര്യങ്ങൾക്ക് വർക്കിംഗ് ഗ്രൂപ്പിന്റെ സേവനം ആവശ്യപ്പെട്ടുകൊണ്ട് വിളിക്കുന്ന യോഗത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ പങ്കെടുക്കണമെന്നും ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കണമെന്നും നിർദ്ദേശിച്ചു.

പെരിന്തൽമണ്ണ നഗരസഭ

20. 25 ഹെക്ടർ സ്ഥലത്ത് കോൾനിലങ്ങളിൽ കൃഷി ചെയ്യുന്നുണ്ടെന്നും 25 പേരടങ്ങുന്ന കർമ്മ സമിതിയെ നിയോഗിച്ച്, കൃഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നതായും മുൻസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു.

കൊച്ചി കോർപ്പറേഷൻ

21. കോർപ്പറേഷൻ പരിധിയിൽ 3 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നുണ്ടെന്നും 96 സ്ക്വയർ കിലോ മീറ്റർ കൃഷിഭൂമിയുള്ളിടത്ത് മൂന്ന് സ്റ്റാഫ് മാത്രമാണുള്ളതെന്നും കൊച്ചി കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു. കൂടാതെ കൃഷിക്കാവശ്യമായ തൈകളുടെ വിതരണത്തിൽ സബ്സിഡി മാനദണ്ഡത്തിന്റെ ഏകീകരണം ആവശ്യമാണെന്നും കൃഷി വകുപ്പ് ചില തൈകൾ സൗജന്യമായി കൊടുക്കുമ്പോൾ നഗരസഭ 50% സബ്സിഡി മാത്രമേ നൽകുന്നുള്ളൂ എന്നതിനാലും ഗുണഭോക്തൃ വിഹിതം വാങ്ങിയതിനു ശേഷം മാത്രമേ തൈകൾ വിതരണം ചെയ്യാവൂ എന്ന നിബന്ധന കാരണവും ഗുണഭോക്താക്കളെ കിട്ടാൻ ബുദ്ധിമുട്ടാണെന്നും എന്നാൽ ടെറസ്ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും അദ്ദേഹം തുടർന്നറിയിച്ചു..

22. കൃഷിക്കാവശ്യമായ തൈകൾ കൃഷിവകുപ്പുവഴി സൗജന്യമായും നഗരസഭ 50% സബ്സിഡിയിലും കൊടുക്കുന്നത് അശാസ്ത്രീയമായതിനാൽ തെറ്റിദ്ധാരണയ്ക്ക് ഇടയാകുമെന്ന് നിരീക്ഷിച്ച സമിതി ആയത് സംബന്ധിച്ച് പരിശോധന നടത്താൻ ധനകാര്യ വകുപ്പിനോട് നിർദ്ദേശിച്ചു. ഓരോ വിളകൾക്കും ആവശ്യമായ സബ്സിഡി നിരക്ക് നിശ്ചയിക്കുന്നതായിരിക്കും നല്ലതെന്നും ടി വിഷയത്തിൽ പ്ലാനിംഗ് ബോർഡ് ഉചിതമായ തീരുമാനം എടുത്ത ശേഷം തദ്ദേശസ്വയംഭരണ വകുപ്പാണ് നടപടി എടുക്കേണ്ടതെന്ന് ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

23. എന്നാൽ നിലവിൽ സബ്സിഡി കൊടുക്കുന്നതിൽ വിവേചനമില്ലെന്നും ജൈവവളത്തിന് 75%-വും രാസവളത്തിന് 50ശതമാനവും ജൈവ കീടനാശിനിക്ക് 50 ശതമാനവും പച്ചക്കറി തൈകൾക്ക് 100 ശതമാനവും സബ്സിഡി നഗര/ഗ്രാമപഞ്ചായത്തുകൾക്ക് കൊടുക്കുന്നുണ്ടെന്നും നെൽകൃഷിക്ക് കൂലി ചെലവിനായി ഒരു ഹെക്ടറിന് 6000 രൂപ വീതവും നൽകുന്നുണ്ടെന്നും കൃഷിവകുപ്പ് അഡീഷണൽ ഡയറക്ടർ വിശദീകരിച്ചു.

24. പുതുതായി കൊണ്ടുവന്ന ടെറസ് കൾട്ടിവേഷന് 100 ശതമാനം സബ്സിഡി കൊടുക്കുന്നില്ലെന്നും പുതിയതായി തുടങ്ങുന്ന പദ്ധതികൾക്ക് വീഴ്ചയുണ്ടാകാതിരിക്കാനും കൂടുതൽ ആളുകളിലേയ്ക്ക് എത്തിക്കാനും സബ്സിഡി നൽകാറുണ്ടെന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ആയത് സംബന്ധിച്ച് പരിശോധിയ്ക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

### തിരൂർ നഗരസഭ

25. തിരൂർ നഗരസഭയിൽ നെൽകൃഷി നടത്തുന്നുണ്ടെന്ന് മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു.

### നെയ്യാറ്റിൻകര നഗരസഭ

26. നഗരസഭയിൽ 300 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നുണ്ടെങ്കിലും കാര്യമായ വർദ്ധനവ് വന്നിട്ടില്ലെന്നും വാഴകൃഷിയും മറ്റ് ചെറുകിട കൃഷികളും സജീവമായി നടക്കുന്നുണ്ടെന്നും മുൻസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചു. സമിതി യോഗം ചർച്ച ചെയ്ത വിഷയത്തിന്മേലുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിച്ച് ആയതിനൊരു രൂപരേഖയുണ്ടാക്കി സമർപ്പിക്കുവാൻ സമിതി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നഗരകാര്യ വകുപ്പ സെക്രട്ടറി, കൃഷി വകുപ്പ സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ എന്നിവരോട് നിർദ്ദേശിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നഗകരകാര്യ വകുപ്പ് സെക്രട്ടറി എന്നിവരെ ചർച്ചയ്ക്ക് വിളിക്കുന്നതിനായി സമിതി നിർദ്ദേശങ്ങളടങ്ങിയ പ്രത്യേകം കത്ത് അയയ്ക്കാനും സമിതി നിർദ്ദേശിച്ചു.

തിരുവനന്തപുരം ജില്ല - പുളിമാത്ത് ഗ്രാമപഞ്ചായത്ത്

27. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി പഞ്ചായത്ത് ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞതിന് കൃഷിഭവൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമായിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ-ഇൻ-ചാർജ് മറുപടി നൽകി. കൃഷിഭവൻ മാത്രമാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്നും ജൂലൈ 10-ാം തീയതി പഞ്ചായത്ത് ഓഫീസ് പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുമ്പോൾ പ്രസ്തുത കെട്ടിടം കൃഷിഭവനു നൽകാനാണ് തീരുമാനമെന്നും മറ്റ് ന്യൂനതകൾ എല്ലാം പരിഹരിച്ചിട്ടുണ്ടെന്നും പുളിമാത്ത് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി വിശദമാക്കി.

മാറനെല്ലൂർ ഗ്രാമപഞ്ചായത്ത്

28. ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പോരായ്മകൾ എല്ലാം പരിഹരിച്ചിട്ടുണ്ടെന്ന് മാറനെല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഇടവ ഗ്രാമപഞ്ചായത്ത്

29. ഓഡിറ്റ് പരാമർശത്തിന്മേൽ മറുപടി സമർപ്പിക്കാത്തതിനുള്ള കാരണം ആരാഞ്ഞതിന് ഇടവ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച പരാമർശം കുറിപ്പിൽ ഇല്ലായിരുന്നുവെന്നും ആയതിനാലാണ് മറുപടി സമർപ്പിക്കാതിരുന്നതെന്നും കുറിപ്പിൽ ടി പഞ്ചായത്തിനെ ഉൾപ്പെടുത്താതിരുന്നതിനാൽ സമിതി യോഗം ചേരുന്ന വിവരം പ്രസ്തുത പഞ്ചായത്തിനെ അറിയിച്ചിരുന്നില്ലെന്നും പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ (ഡയറക്ടർ-ഇൻ-ചാർജ് വെളിപ്പെടുത്തി).

30. മറുപടി ലഭ്യമാകാതിരുന്നതിനാലാണ് കുറിപ്പിൽ ഉൾപ്പെടുത്താതിരുന്നതെന്നും ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള പരാമർശങ്ങൾ പരിശോധിച്ചിട്ടാണ് സർക്കാർ മറുപടി നൽകുന്നതെന്നും കാർഷിക വിജ്ഞാന കേന്ദ്രമില്ല, കൃഷിഭവനുകൾക്ക് ഗ്രാമപഞ്ചായത്തിന്റെ പേരു ചേർത്തിട്ടില്ല എന്നതായിരുന്നു ഇടവ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് തടസ്സങ്ങളെന്നും നിയമസഭാ സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വ്യക്തമാക്കി. മേൽ സൂചിപ്പിച്ചിട്ടുള്ള രണ്ട് കാര്യങ്ങളും ശ്രദ്ധിക്കണമെന്ന് സമിതി പഞ്ചായത്ത് ഡയറക്ടറോട് നിർദ്ദേശിച്ചതിന് ശ്രദ്ധിക്കാമെന്ന് അദ്ദേഹം ഉറപ്പു നൽകി.

കൊല്ലം ജില്ല-കരീപ്ര ഗ്രാമപഞ്ചായത്ത്

31. കൃഷിഭവൻ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും ഭൗതിക സാഹചര്യങ്ങൾ എല്ലാം ഉണ്ടെന്നും ഭൂമി വാങ്ങാനുള്ള പ്രോജക്ട് വച്ചിരുന്നെങ്കിലും ഭൂമി ലഭ്യമല്ലാതിരുന്നതിനാലാണ് കെട്ടിടം നിർമ്മിക്കാതിരുന്നതെന്നും കരീപ്ര ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസർ അറിയിച്ചു.

32. പഞ്ചായത്ത് ഓഫീസിലല്ലേ കൃഷിഭവൻ പ്രവർത്തിക്കേണ്ടത് എന്ന് സമിതി ആരാഞ്ഞതിന്, നെൽവിത്തുകളും യന്ത്രസാമഗ്രികളും സൂക്ഷിക്കുന്നതിനുള്ള സൗകര്യം ഇല്ലാത്തതിനാലാണ് അവിടെ പ്രവർത്തിക്കാൻ കഴിയാത്തതെന്ന് കൃഷി ഓഫീസർ വ്യക്തമാക്കി.

33. തെന്മല, ആദിച്ചനെല്ലൂർ, എഴുകോൺ എന്നീ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് തൈകൾ സൂക്ഷിക്കാനുള്ള സ്ഥലമില്ല, കാർഷിക വിജ്ഞാന കേന്ദ്രമില്ല, കാർഷിക യോഗം ചേരാനുള്ള സ്ഥലമില്ല എന്നീ പരാമർശങ്ങളിന്മേൽ മറുപടി സമർപ്പിച്ചിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി പഞ്ചായത്ത് ഡയറക്ടറോട് വിശദീകരണമാരാഞ്ഞു. കുറിപ്പിൽ സൂചനയില്ലാതിരുന്നതിനാലാണ് പ്രസ്തുത പഞ്ചായത്തുകളെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കാതിരുന്നതെന്നും ജൂൺ 1-ാം തീയതിയാണ് ഡയറക്ടറുടെ ചാർജ് ലഭിച്ചതെന്നും ആയതിനാൽ വിശദമായി പരിശോധിക്കാൻ കഴിഞ്ഞില്ലെന്നും പഞ്ചായത്ത് ഡയറക്ടർ-ഇൻ-ചാർജ് മറുപടി പറഞ്ഞു.

34. പരാമർശിത വിഷയം ശ്രദ്ധയിൽപ്പെട്ടിരുന്നതായും കൃഷി ഭവനുകൾ നിർമ്മിക്കാൻ ഭൂമി ലഭിക്കാൻ ചില ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിലും മറ്റ് കാര്യമായ വിഷയങ്ങളൊന്നും പ്രസ്തുത പഞ്ചായത്തുകളിൽ ഇല്ലെന്നും മറുപടി നൽകാത്ത കാര്യം വിശദമായി പരിശോധിക്കാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അറിയിച്ചു.

35. ഓഡിറ്റ് പരാമർശം വന്നതിനുശേഷം ആദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്തിൽ ഭൗതിക സാഹചര്യങ്ങൾ എല്ലാം ഒരുക്കിയിട്ടുണ്ടെന്ന് കൃഷി ഓഫീസർ വ്യക്തമാക്കി.

36. തെന്മല, ആദിച്ചനെല്ലൂർ, എഴുകോൺ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

### ആലപ്പുഴ ജില്ല-രാമങ്കരി ഗ്രാമപഞ്ചായത്ത്

37. തൈകളും വിത്തുകളും സൂക്ഷിക്കുന്നതിനുള്ള സ്ഥലവും കാർഷികയോഗങ്ങൾ ചേരുന്നതിനുള്ള സൗകര്യവും കാർഷിക വിജ്ഞാന കേന്ദ്രത്തിനുള്ള അടിസ്ഥാന സൗകര്യവും ഒരുക്കിയിട്ടുണ്ടെന്നും കൃഷി സംബന്ധമായി കർഷകർക്ക് വിവരങ്ങൾ നൽകുന്നതിനായി മങ്കൊമ്പ് കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ സഹായത്തോടെ ആധുനിക ഡിജിറ്റൽ ഡിസ്പ്ലേ സംവിധാനം സ്ഥാപിച്ചിട്ടുണ്ടെന്നും കൃഷിഭവൻ പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് സ്ഥിതി ചെയ്യുന്നതിനാൽ പഞ്ചായത്ത് ഹാൾ പൂർണ്ണമായും ഉപയോഗിക്കാൻ കഴിയുന്നുണ്ടെന്നും ആലപ്പുഴ എ.ഡി.പി. വിശദീകരിച്ചു.

### ചെറുതന ഗ്രാമപഞ്ചായത്ത്

38. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, സ്വന്തം കെട്ടിടത്തിലാണ് കൃഷിഭവൻ പ്രവർത്തിക്കുന്നതെന്നും ഭൗതിക സാഹചര്യങ്ങൾ എല്ലാം ഒരുക്കിയിട്ടുണ്ടെന്നും ചെറുതന ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

### നൂറനാട് ഗ്രാമപഞ്ചായത്ത്

39. ഓഡിറ്റ് പരാമർശം വന്നതിനുശേഷം നൂറനാട് കൃഷിഓഫീസിൽ അടിസ്ഥാന സൗകര്യങ്ങളെല്ലാം ഒരുക്കിയിട്ടുണ്ടെന്ന് ആലപ്പുഴ എ.ഡി.പി. അറിയിച്ചു.

### നെടുമുടി ഗ്രാമപഞ്ചായത്ത്

40. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൃഷിഭവനിൽ കുടിവെള്ള ലഭ്യതയും വിത്തുകളും തൈകളും സൂക്ഷിക്കാനുള്ള സൗകര്യവും ക്രമീകരിച്ചിട്ടുണ്ടെന്നും കാർഷിക വിജ്ഞാന കേന്ദ്രം സ്ഥാപിക്കാനുള്ള ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെന്നും കൃഷി വകുപ്പാണ് ആയത് തുടങ്ങേണ്ടതെന്നും നെടുമുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

41. എല്ലാ ഗ്രാമപഞ്ചായത്തുകളിലും കൃഷിവകുപ്പ് കാർഷിക വിജ്ഞാനകേന്ദ്രം തുടങ്ങിയിട്ടില്ലെന്നും ബ്ലോക്കടിസ്ഥാനത്തിൽ ഒരു കൃഷിഭവനമാത്രമാണ് കാർഷിക വിജ്ഞാനകേന്ദ്രം ആരംഭിക്കുവാനുള്ള സൗകര്യം കൊടുക്കുന്നതെന്നും വിജ്ഞാനകേന്ദ്രം തുടങ്ങാനുള്ള സൗകര്യം ഗ്രാമപഞ്ചായത്ത് ഒരുക്കുകയാണെങ്കിൽ അക്കാര്യം പരിശോധിക്കാമെന്നും കൃഷിവകുപ്പ് ഡയറക്ടർ വിശദമാക്കി.

42. വകുപ്പുകൾ തമ്മിൽ ഏകോപനമില്ലെന്നും അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾക്ക് വിട്ടുകൊടുത്ത സ്ഥാപനമായ കൃഷി ഭവനുകൾക്ക് പഞ്ചായത്തുകൾ ആവശ്യപ്പെടുന്ന കാര്യങ്ങൾ കൃഷിവകുപ്പ് ചെയ്തുകൊടുക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

43. പഞ്ചായത്തിന്റെ തീരുമാനം തങ്ങൾക്ക് ലഭിച്ചിട്ടില്ലെന്നും ആയത് കിട്ടിയാൽ കാർഷിക വിജ്ഞാനകേന്ദ്രം ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും കൃഷി വകുപ്പ് ഡയറക്ടർ അറിയിച്ചു. ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സെക്രട്ടറി മുൻകൈയെടുത്ത് ഏകോപനമുണ്ടാക്കണമെന്നും പഞ്ചായത്ത് ഡയറക്ടർ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ചുചേർത്ത് ആവശ്യപ്പെടുന്ന കൃഷിഭവനുകൾക്ക് കാർഷിക വിജ്ഞാനകേന്ദ്രം ആരംഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉറപ്പാക്കണമെന്നും ഇക്കാര്യത്തിൽ കൃഷിവകുപ്പിന്റെ പൂർണ്ണമായ സഹകരണമുണ്ടാകണമെന്നും സമിതി നിർദ്ദേശിച്ചു.

കോട്ടയം ജില്ല

44. പരാമർശവിധേയമായ വെളിയന്നൂർ, മറവൻതുരുത്ത്, ഈരാറ്റുപേട്ട, മുണ്ടക്കയം, പൂഞ്ഞാർ, കൊഴുവനാൽ, എരുമേലി എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് കൃഷിഭവന് സ്വന്തം കെട്ടിടവും മറ്റ് ഭൗതിക സാഹചര്യങ്ങളുമുണ്ടെന്ന് നിരീക്ഷിച്ച സമിതി മാടപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ കൃഷിഭവൻ മാത്രം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് ചൂണ്ടിക്കാട്ടി. നിലവിൽ പഞ്ചായത്തിൽ നിന്നും മാറി പ്രധാന ജംഗ്ഷനിൽ വാടക കെട്ടിടത്തിലാണ് കൃഷിഭവൻ പ്രവർത്തിക്കുന്നതെന്നും നെയിം ബോർഡ് സ്ഥാപിച്ചിട്ടുണ്ടെന്നും 2015-16 സാമ്പത്തിക വർഷം നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ള മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ കൃഷിഭവൻ പ്രവർത്തിപ്പിക്കാൻ കഴിയുമെന്നും മാടപ്പള്ളി കൃഷിഓഫീസർ അറിയിച്ചു.

45. പല ഗ്രാമപഞ്ചായത്തുകളിലും കൃഷിഭവനുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെന്ന് അഭിപ്രായപ്പെട്ട സമിതി, മാടപ്പള്ളിയിൽ മാത്രം സൗകര്യമില്ലായ്മ അനുഭവപ്പെടാൻ കാരണമെന്തെന്നാരാഞ്ഞു. സ്വന്തമായി കെട്ടിടമില്ല എന്നത് മാത്രമാണ് പ്രശ്നമെന്നും മറ്റ് ഭൗതിക സാഹചര്യങ്ങളെല്ലാം ഒരുക്കിയിട്ടുണ്ടെന്നും മാടപ്പള്ളി കൃഷി ഓഫീസർ അറിയിച്ചു.

എറണാകുളം ജില്ല-ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത്

46. നിലവിൽ ഗ്രാമപഞ്ചായത്തുകളിലെ കാർഷിക വിജ്ഞാന കേന്ദ്രങ്ങളുടെ കണക്ക് എടുത്തിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന്, പഞ്ചായത്തുകളാണ് അവയുടെ കണക്കെടുക്കുന്നതെന്നും പഞ്ചായത്തുകൾ ചെയ്യുന്ന പ്രവൃത്തികൾ കൃഷി വകുപ്പ് അവലോകനം ചെയ്യാറില്ലെന്നും കൃഷി വകുപ്പ് സെക്രട്ടറി മറുപടി നൽകി.

47. കാർഷികവിജ്ഞാനകേന്ദ്രമെന്നത് വിശാലമായ ഒരു സങ്കല്പമാണെന്നും അതിനാൽ കർഷകർക്ക് ആവശ്യമുള്ള വിവരങ്ങൾ നൽകുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുമായുള്ള യൂണിറ്റിനെ കാർഷിക വിജ്ഞാനകേന്ദ്രം എന്ന് വിളിക്കുന്നത് ഉചിതമല്ലെന്നും സമിതി അഭിപ്രായപ്പെട്ടു. കൃഷി വിജ്ഞാന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് കാർഷിക സർവ്വകലാശാലയുടെ കീഴിലാണെന്നും കാർഷിക മേഖലയെ സംബന്ധിച്ച വിജ്ഞാന പ്രദങ്ങളായ കാര്യങ്ങളാണ് അവിടെ ചെയ്യുന്നതെന്നും അതിനാവശ്യമായ ജീവനക്കാരും ഉണ്ടായിരിക്കണമെന്നും സമിതി നിരീക്ഷിച്ചു. പഞ്ചായത്തുകളിൽ അങ്ങനെയൊരു സംവിധാനമൊരുക്കാതെ എല്ലാ പഞ്ചായത്തുകളിലും കൃഷി വിജ്ഞാന കേന്ദ്രം സ്ഥാപിക്കുന്നത് പ്രയാസമായിരിക്കുമെന്ന് സമിതി ചൂണ്ടിക്കാട്ടി. കൃഷി വകുപ്പാണെങ്കിലും പഞ്ചായത്താണെങ്കിലും കൃഷി വിജ്ഞാന കേന്ദ്രമെന്നുള്ളതിന് ഒരു നിർവചനം നൽകുകയും ആയതനുസരിച്ച് അടിസ്ഥാന സൗകര്യങ്ങളൊരുക്കുകയും അതിന് യോജിച്ച ജീവനക്കാരെ നിയമിക്കുകയും ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

48. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ സാമ്പത്തിക സഹായത്തോടെ 14 ജില്ലകളിലും കൃഷി വിജ്ഞാന കേന്ദ്രങ്ങൾ നടത്തുന്നുണ്ടെന്നും എല്ലാത്തിനും കെട്ടിടങ്ങളും സ്റ്റാഫ് പാറ്റേണും ഉണ്ടെന്നും വെള്ളായണി കാർഷിക കോളേജ് അസോസിയേറ്റ് ഡയറക്ടർ വിശദീകരിച്ചു. നൂതന ശാസ്ത്രസാങ്കേതിക വിദ്യകൾ സംവേദനം ചെയ്യാനുള്ള ഒരു യൂണിറ്റാണിതെന്നും അതുവഴി നിശ്ചിത പ്രദേശത്തുള്ള കർഷകർക്ക് സാങ്കേതിക വിദ്യകളെയും ഹൈടെക് കൃഷിയെയും കുറിച്ച് പരിശീലനം കൊടുക്കുവാനും അവരിൽ ഒരു അവബോധം സൃഷ്ടിക്കുവാനും കഴിയുമെന്നും, വെള്ളനാടുള്ള മിത്രാ നികേതൻ കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ളതല്ലെങ്കിലും വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും അദ്ദേഹം തുടർന്നറിയിച്ചു.

49. ഇൻഫർമേഷൻ സെന്റർ എന്നതാണ് ആയതുകൊണ്ടുദ്ദേശിക്കുന്നതെന്നും കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി ഓഫീസറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വിജ്ഞാന കേന്ദ്രം വഴി കർഷകർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ലഘുരേഖകൾ നൽകുകയും ചെയ്യുന്നുണ്ടെന്നും പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ അഭിപ്രായപ്പെട്ടു.

50. കർഷകർക്ക് കൃഷിക്കാവശ്യമായ അറിവ് നൽകുന്നതിനും അവരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും അതത് സമയങ്ങളിൽ സർക്കാർ നടപ്പിലാക്കുന്ന കാര്യങ്ങൾ കർഷകരിൽ എത്തിക്കുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും കൃഷി വിജ്ഞാന കേന്ദ്രങ്ങൾ ആവശ്യമാണെന്ന് സമിതി വിലയിരുത്തി.

എടത്തല ഗ്രാമപഞ്ചായത്ത്

51. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, കൃഷിഭവനിൽ ടെലിഫോൺ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്നും കാർഷിക വിജ്ഞാന കേന്ദ്രം സ്ഥാപിച്ചിട്ടില്ലെങ്കിലും തൊട്ടടുത്ത ഗ്രാമപഞ്ചായത്തിന്റെ കോൺഫറൻസ് ഹാൾ പ്രയോജനപ്പെടുത്തി കർഷകർക്ക് ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടെന്നും എടത്തല ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസർ അറിയിച്ചു.

വെങ്ങോല ഗ്രാമപഞ്ചായത്ത്

52. കൃഷിഭവന് സ്വന്തം കെട്ടിടവും മറ്റ് ഭൗതിക സാഹചര്യങ്ങളും ഉണ്ടെന്നും കാർഷിക വിജ്ഞാനകേന്ദ്രം ഇല്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

കുമ്പളം ഗ്രാമപഞ്ചായത്ത്

53. കൃഷി ഭവൻ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. കാർഷിക വിജ്ഞാനകേന്ദ്രം ഒഴികെ മറ്റ് ഭൗതിക സാഹചര്യങ്ങൾ എല്ലാം ഉണ്ടെന്നും കർഷകർക്കാവശ്യമായ കാര്യങ്ങൾ കൃഷി ഓഫീസർ ചെയ്തു കൊടുക്കുമെന്നും കുമ്പളം ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസർ അറിയിച്ചു.

പിറവം ഗ്രാമപഞ്ചായത്ത്

54. പഞ്ചായത്തിൽ കൃഷിഭവൻ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നതായും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എല്ലാമുള്ളതായും കർഷകർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി അഗ്രോ ക്ലിനിക്ക് പ്രവർത്തിക്കുന്നതായും പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ അറിയിച്ചു. അന്യം നിന്നുപോയ കൃഷിയെ പുനരുജ്ജീവിപ്പിക്കുന്നതിനായുള്ള കൃഷിവകുപ്പിന്റെ പ്രവർത്തന ഫലമായി പല പഞ്ചായത്തുകളിലും കൃഷിക്ക് വളരെ പ്രാധാന്യം നൽകുന്നതായി സമിതി നിരീക്ഷിച്ചു. വാടകയ്ക്കാണെങ്കിലും സ്വന്തം കെട്ടിടത്തിലാണെങ്കിലും കൃഷിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഗ്രാമപഞ്ചായത്തുകൾ ചെയ്തുകൊടുക്കേണ്ടതാണെന്നും ഒരു ബ്ലോക്കിൽ കുറഞ്ഞത് ഒരു കാർഷിക വിജ്ഞാന കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

55. കാർഷിക വിജ്ഞാനകേന്ദ്രങ്ങൾ അഗ്രോ ക്ലിനിക്ക് എന്ന പേരിൽ പ്രവർത്തിക്കുന്നതായുള്ള സമിതിയുടെ നിരീക്ഷണത്തോട്, അഗ്രോ ക്ലിനിക് എന്നത് മറ്റൊരു കാഴ്ചപാടാണെന്നും ഇത്തരത്തിലുള്ളവ 100 പഞ്ചായത്തുകളിൽ മാത്രമേ സ്ഥാപിച്ചിട്ടുള്ളൂവെന്നും എല്ലാ പഞ്ചായത്തുകളിലും അഗ്രോ ക്ലിനിക് തുടങ്ങാനുള്ള സംവിധാനം ഉണ്ടാക്കണമെന്നും കൃഷി വകുപ്പ് ഡയറക്ടർ അറിയിച്ചു. ഇക്കാര്യം വകുപ്പുകൾ ആലോചിച്ച് തീരുമാനിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

തൃശ്ശൂർ ജില്ല-കടവല്ലൂർ ഗ്രാമപഞ്ചായത്ത്

56. ഓഡിറ്റ് പരാമർശത്തിന് മറുപടി നൽകാത്തത് സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, സ്വന്തമായി കെട്ടിടവും ടെലിഫോൺ സൗകര്യവും ഗോഡൗണും ഉൾപ്പെടെ എല്ലാ ഭൗതിക സാഹചര്യങ്ങളും ഒരുക്കിയിട്ടുണ്ടെന്നും കൂടാതെ അസിസ്റ്റന്റിന്റെ ഒഴിവ് നികത്തിയിട്ടുണ്ടെന്നും തൃശ്ശൂർ എ.ഡി.പി. അറിയിച്ചു.

57. പാണഞ്ചേരി ,തെക്കുംകര എന്നീ ഗ്രാമപഞ്ചായത്തുകളിൽ കൃഷി ഭവൻ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നതായും എല്ലാ ഭൗതിക സാഹചര്യങ്ങളും ഏർപ്പെടുത്തിയിട്ടുള്ളതായും തൃശ്ശൂർ എ.ഡി.പി. അറിയിച്ചു

പാലക്കാട് ജില്ല-ലക്കിടി-പേരൂർ , മങ്കര, മൂണ്ടൂർ,
കുമരം പുത്തൂർ, കൊപ്പം ഗ്രാമപഞ്ചായത്തുകൾ

58. പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെല്ലാം കൃഷിഭവന് സ്വന്തമായി കെട്ടിടവും മറ്റ് ഭൗതിക സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർ സമിതിയെ ബോധ്യപ്പെടുത്തി.

മലപ്പുറം ജില്ല

59. മാറാക്കര, താനാളൂർ, പൂക്കോട്ടൂർ, ചുങ്കത്തറ എന്നീ ഗ്രാമപഞ്ചായത്തുകളിൽ കൃഷിഭവന് സ്വന്തമായി കെട്ടിടവും മറ്റ് ഭൗതിക സൗകര്യങ്ങളും ഉണ്ടെന്ന് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർ അറിയിച്ചു.

കോഴിക്കോട് ജില്ല-അത്തോളി ഗ്രാമപഞ്ചായത്ത്

60. ഓഡിറ്റ് പരാമർശം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൃഷിഭവന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് 2015 മാർച്ച് മാസത്തിൽ സ്വകാര്യവ്യക്തി 5 സെന്റ് സ്ഥലം സൗജന്യമായി നൽകിയിട്ടുണ്ടെന്നും നിലവിൽ ടെലിഫോൺ, ഇന്റർനെറ്റ് മുതലായ സൗകര്യങ്ങൾ ഉണ്ടെന്നും വിത്തും വളവും സൂക്ഷിക്കാൻ താൽക്കാലിക സൗകര്യങ്ങൾ ഏർപ്പാടാക്കിയിട്ടുണ്ടെന്നും അത്തോളി ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസർ അറിയിച്ചു.

61. വളയം ഗ്രാമപഞ്ചായത്തിൽ കൃഷിഭവൻ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും കോഴിക്കോട് ഡി. ഡി. പി വിശദമാക്കി. നന്മണ്ട ഗ്രാമപഞ്ചായത്തിനും കൃഷിഭവന് സ്വന്തമായി കെട്ടിടം ഉണ്ടെന്നും ഭൗതിക സാഹചര്യങ്ങൾ എല്ലാം ഒരുക്കിയിട്ടുണ്ടെന്നും കൃഷി ഓഫീസർ വ്യക്തമാക്കി.

കണ്ണൂർ ജില്ല

62. പാപ്പിനിശ്ശേരി, മുണ്ടേരി, അഞ്ചരക്കണ്ടി, കല്ല്യാശ്ശേരി, ചെറുതാഴം ഗ്രാമ പഞ്ചായത്തുകളിൽ കൃഷിഭവന് സ്വന്തമായി കെട്ടിടമുണ്ടെന്നും മറ്റെല്ലാ ഭൗതിക സാഹചര്യങ്ങളും ഒരുക്കിയിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചു.

കാസർഗോഡ് ജില്ല

63. പൈവളികെ, കോടോം-ബേളൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ കൃഷി ഭവന് സ്വന്തമായി കെട്ടിടം ഉണ്ടെന്നും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചു.

വയനാട് ജില്ല

64. പൂതാടി ഗ്രാമപഞ്ചായത്തിൽ കൃഷിഭവന് സ്വന്തം കെട്ടിടമുണ്ടെന്നും എല്ലാ ഭൗതിക സാഹചര്യങ്ങളും ഒരുക്കിയിട്ടുണ്ടെന്നും പൂതാടി, കൃഷി ഓഫീസർ വ്യക്തമാക്കി.

**നിഗമനങ്ങൾ/ശിപാർശകൾ**

**65. കാർഷിക പദ്ധതികളിൽ സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കുന്നതിനും ഇതു സംബന്ധിച്ചുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

**66. പഞ്ചായത്തുകളിലെ കൃഷിഭവനുകളിലുള്ള അടിസ്ഥാന സൗകര്യങ്ങൾ മുനിസിപ്പാലിറ്റിയിലെ കൃഷിഭവനുകളിൽ ഇല്ലെന്നും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ സ്റ്റാഫിനെ നിയമിക്കുന്നതിൽ പ്രയോജനമില്ലെന്നും സമിതി വിലയിരുത്തുന്നു. സംസ്ഥാനത്തെ കൃഷി ഭവനുകളിൽ മതിയായ ജീവനക്കാർ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും നഗരസഭകളിലെ കൃഷിഭൂമി സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ ലഭ്യമാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

**67. സംസ്ഥാനത്തെ നഗരസഭകളിൽ നിയമിക്കുന്ന കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ എണ്ണവും ഏർപ്പെടുത്തുന്ന അടിസ്ഥാന സൗകര്യങ്ങളും അതാത് നഗരസഭയിലെ കൃഷിഭൂമിയുടേയും കൃഷിയുടേയും അടിസ്ഥാനത്തിലായിരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**68. കൃഷി മെച്ചപ്പെടുത്തുന്നതിനായി ആയതുമായി ബന്ധപ്പെട്ട വകുപ്പുകളെ വിളിച്ച് ചർച്ച ചെയ്യുന്നതിന് നഗരസഭാ ചെയർമാന് അധികാരമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി തുടങ്ങിയ സ്ഥാപനങ്ങളിൽ കൃഷി സംബന്ധമായ കാര്യങ്ങൾക്ക് വർക്കിംഗ് ഗ്രൂപ്പിന്റെ സേവനം ആവശ്യപ്പെട്ടുകൊണ്ട് വിളിക്കുന്ന യോഗത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ പങ്കെടുക്കണമെന്നും ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**69. കൃഷിക്കാവശ്യമായ തൈകൾ കൃഷിവകുപ്പുവഴി സൗജന്യമായും നഗരസഭ 50% സബ്സിഡിയിലും കൊടുക്കുന്നത് അശാസ്ത്രീയമായതിനാൽ ഇതു സംബന്ധിച്ച് സംയുക്ത തീരുമാനത്തിലെത്തുന്നതിനും ഏകീകൃത മാനദണ്ഡം നിശ്ചയിക്കുന്നതിനും തദ്ദേശ സ്വയംഭരണ - കൃഷി വകുപ്പുതലത്തിൽ തീരുമാനമെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**70. ഓരോ വിളകൾക്കും ആവശ്യമായ സബ്സിഡി നിരക്ക് നിശ്ചയിക്കുന്നതായിരിക്കും നല്ലതെന്നും സംസ്ഥാന പ്ലാനിംഗ് ബോർഡ് ടി വിഷയത്തിൽ ഉചിതമായ തീരുമാനമെടുത്തശേഷം തദ്ദേശസ്വയംഭരണ വകുപ്പാണ് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതെന്നുമുള്ള ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളോട് സമിതി നിർദ്ദേശിക്കുന്നു.**

71. പുതുതായി തുടങ്ങുന്ന പദ്ധതികൾക്ക് വീഴ്ചയുണ്ടാകാതിരിക്കാനും അവ കൂടുതൽ വ്യക്തികളിലേയ്ക്ക് എത്തിക്കാനും സ്വീകരിക്കുന്ന നടപടികൾ ഫലപ്രദമാകുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും പ്രസ്തുത പ്രവർത്തനങ്ങൾ പരിശോധനാവിധേയമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

72. കർഷകർക്ക് കൃഷിക്കാവശ്യമായ അറിവ് നൽകുന്നതിനും അവരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും നൂതനമായ കൃഷിരീതികളെക്കുറിച്ചും അത്യുത്പാദനശേഷിയുള്ള വിത്തിനങ്ങളെക്കുറിച്ചും പരിചയപ്പെടുത്തുന്നതിനും അതത് സമയങ്ങളിൽ സർക്കാർ നടപ്പിലാക്കുന്ന കാര്യങ്ങൾ കർഷകരിൽ എത്തിക്കുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും കൃഷി വിജ്ഞാന കേന്ദ്രങ്ങൾ ആവശ്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി മുൻകൈയെടുത്ത് ആവശ്യപ്പെടുന്ന കൃഷിഭവനുകൾക്ക് കാർഷിക വിജ്ഞാനകേന്ദ്രം ആരംഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉറപ്പാക്കണമെന്നും ഇക്കാര്യത്തിൽ കൃഷിവകുപ്പിന്റെ പൂർണ്ണമായ സഹകരണമുണ്ടാകണമെന്നും നിർദ്ദേശിക്കുന്നതോടൊപ്പം ഒരു ബ്ളോക്കിൽ ഒരു കാർഷിക വിജ്ഞാനകേന്ദ്രം എന്ന രീതിയിൽ ഇവ സ്ഥാപിക്കുന്നതിനുംസമിതി ശിപാർശ ചെയ്യുന്നു.

73. കാർഷിക വിജ്ഞാനകേന്ദ്രം എന്നതിന് വ്യക്തമായ നിർവചനവും പുതിയ പേരും നല്കുന്നതിനും ആയതിൻപ്രകാരം ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും, അനുയോജ്യരായ ജീവനക്കാരെ നിയമിക്കുന്നതിനും നടപടി കൈക്കൊള്ളുവാൻ സമിതി നിർദ്ദേശിക്കുന്നു.

74. കൃഷിയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കണമെന്ന് നിർദ്ദേശിക്കുന്നതോടൊപ്പം നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നെൽകൃഷി മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

75. തൃശ്ശൂർ കോർപ്പറേഷനിൽ കൃഷിക്ക് തൊഴിലാളികളെ കിട്ടാനില്ലാത്തതിനാൽ ഇപ്പോൾ നെൽകൃഷിയുടെ 90 ശതമാനവും യന്ത്രവൽകൃതമായിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ഈ സാഹചര്യത്തിൽ യന്ത്രസംവിധാനം സാധ്യമാകാത്ത പാടങ്ങളിൽ യന്ത്രവൽക്കരണത്തിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനോ കാർഷിക സേന രൂപീകരിച്ച് അവരുടെ സേവനം ലഭ്യമാക്കി കൃഷി ചെയ്യുന്നതിനോ വേണ്ട നടപടി സ്വീകരിക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു.

76. നീർത്തടാധിഷ്ഠിത പദ്ധതികൾക്ക് തയ്യാറാക്കിയ മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിന് മണ്ണ് സംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സേവനം എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.


77. പാലക്കാട് നഗരസഭയിൽ വയൽ നികത്തൽ വ്യാപകമായി നടക്കുന്നുണ്ടെന്നും ഡാറ്റാബാങ്കുണ്ടാക്കുന്നതിൽ പല തിരിമറികൾ നടക്കുന്നതായും നല്ല രീതിയിൽ കൃഷി നടക്കുന്ന പല സ്ഥലങ്ങളും കൃഷി ചെയ്യാത്ത ഭൂമി എന്ന രീതിയിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും തെളിവെടുപ്പുവേളയിൽ സമിതിയ്ക്ക് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ആയത് സംബന്ധിച്ച് സമഗ്രമായ ഒരു അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിന് സമിതി നിർദ്ദേശിക്കുന്നു.


ഓഡിറ്റ് ഖണ്ഡിക 3.1.7 നെൽകൃഷി -നെല്ലുൽപ്പാദനം ഇടിയുന്നു.

1995-96 മുതൽ കേരളത്തിലെ വയലേലകളുടെ വിസ്തൃതി കുത്തനെ കുറയുകയാണ്. സംസ്ഥാനത്തിന് പ്രതിവർഷം ആവശ്യമുള്ളത് 56 ലക്ഷം ടൺ അരിയാണെങ്കിൽ 5.9 ലക്ഷം ടൺ മാത്രമാണ് വാർഷിക ഉത്പാദനം. 2002-03 മുതൽ 2010-11 വരെ നെൽകൃഷി ചെയ്ത ഭൂമിയുടെ വിസ്തീർണ്ണവും ഉൽപ്പാദനത്തിന്റെ കണക്കുകളും താഴെ ചേർക്കുന്നു.

| വർഷം | വിസ്തീർണ്ണം (ഹെക്ടർ) | ഉത്പാദനം (മെട്രിക് ടൺ) |
|---|---|---|
| 2002-03 | 311000 | 689000 |
| 2003-04 | 287000 | 570000 |
| 2004-05 | 290000 | 667000 |
| 2005-06 | 276000 | 630000 |
| 2006-07 | 264000 | 642000 |
| 2007-08 | 229000 | 528000 |
| 2008-09 | 234000 | 590000 |
| 2009-10 | 234000 | 598000 |
| 2010-11 | 213000 | 522000 |

കാലാവസ്ഥ വ്യതിയാനം, അന്തരീക്ഷ താപനിലയിലെ വർദ്ധന, രോഗബാധകൾ, നെൽപ്പാടങ്ങൾ മറ്റ് കാർഷികേതര ആവശ്യങ്ങൾക്കായി നികത്തുന്നത് എന്നിവ നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുന്നു. പരിശോധിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സമഗ്ര നെൽകൃഷി വികസനം, തരിശുഭൂമി നെൽകൃഷി യോഗ്യമാക്കൽ, സുസ്ഥിര ഭക്ഷ്യസുരക്ഷാപദ്ധതി എന്നിങ്ങനെ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2009-10, 2010-11 എന്നീ വർഷങ്ങളിൽ കാർഷിക മേഖലയിലെ പദ്ധതിചെലവിൽ നെൽകൃഷിയ്ക്കായി ചെലവഴിച്ച തുകയുടെ വിവരം ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു.


2009-10
കാർഷിക മേഖലയിലെ ചെലവ്
നെല്ലുല്പാദന ചെലവ്
ചെലവ്(ലക്ഷത്തിൽ)
300
250
200
150
100
50
0
244.05
36.67
216.13
40.37
109.22
28.28
185.21
63.34
131.94
49.63
87.39
0
174.62
60.68
198.65
67.42
254.86
148.88
202.22
41.36
188.57
17.72
117.28
41.02
199.37
41.54
108.24
37.87
ജില്ല


2010-11
കാർഷിക മേഖലയിലെ ചെലവ്
നെല്ലുല്പാദന ചെലവ്
ചെലവ്(ലക്ഷത്തിൽ)
250
200
150
100
50
0
168.6
32.13
155.36
28.92
103.05
24.93
143.52
48.51
105.01
26.56
80.38
9.97
167.42
32.33
215.72
41.38
198.18
136.63
189.86
38.44
162.12
15.245
105.38
57.59
165.27
37.6
99.36
24.9
ജില്ല

പാലക്കാട് ജില്ലയിൽ കൃഷിക്കായി ലഭിച്ച പദ്ധതി തുകയിൽ 2009-10-ൽ 58% ഉം 2010-11-ൽ 68% വും നെൽകൃഷിക്കായി ചെലവഴിച്ചു.

## 3.1.8 നെല്ലുല്പാദനത്തിന് ആവിഷ്കരിക്കുന്ന പദ്ധതികൾ

കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയ ചില പദ്ധതികൾ താഴെ വിവരിക്കുന്നു.

1. രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ. കെ. വി. വൈ)

പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ കൃഷിയിലും അനുബന്ധ മേഖലകളിലും 4%-ൽ കുറയാത്ത വളർച്ച കൈവരിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് രാഷ്ട്രീയ കൃഷി വികാസ് യോജന. ആർ. കെ. വി. വൈയുടെ 2009-10 വർഷത്തെ പദ്ധതി നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ തയ്യാറാക്കുന്നതിന് സർക്കാർ 30-5-2009-ൽ 30977/ഡിഎ.1/2009/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

ഇതു പ്രകാരം കൃഷി-അനുബന്ധ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഉൽപ്പാദന വർദ്ധന കൈവരിക്കുന്നതിനുള്ള പ്രോജക്ടുകളാണ് ആവിഷ്കരിക്കേണ്ടത്.

ആർ. കെ. വി. വൈ. പദ്ധതി പ്രകാരം 2008-09 മുതൽ 2011-12 വരെ കേരളത്തിന് ലഭിച്ചിരിക്കുന്ന പദ്ധതി വിഹിതം താഴെ ചേർക്കുന്നു.

| വർഷം | ലഭിച്ച പദ്ധതി വിഹിതം (കോടി) | ചെലവ് (കോടി) | % |
|---|---|---|---|
| 2008-09 | 57.73 | 29.60 | 51.27 |
| 2009-10 | 110.92 | 47 | 42.37 |
| 2010-11 | 120.22 | 100.86 | 83.89 |

ഈ പദ്ധതിപ്രകാരം മലപ്പുറം പെരിന്തൽമണ്ണ നഗരസഭയിലെ 2.6 ഹെക്ടറും, മാറാക്കര ഗ്രാമപഞ്ചായത്തിൽ 12.5 ഏക്കറും, കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിൽ 25 ഏക്കറും, വടകര മുനിസിപ്പാലിറ്റിയിൽ 1 ഹെക്ടറും തരിശുഭൂമി കൃഷിയോഗ്യമാക്കി.

2. ഭക്ഷ്യസുരക്ഷാ പദ്ധതി

ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ 2008-09-ൽ ആവിഷ്കരിച്ച് നടപ്പിലാക്കിയതാണ് ഭക്ഷ്യസുരക്ഷാ പദ്ധതി. നെല്ലുല്പാദനത്തിന് മാത്രമായി ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി 2010-11 വർഷം 28 കോടി രൂപ ചെലവഴിച്ചു. പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിൽ 2008-09ൽ 4.2 ഹെക്ടറിലും 2009-10ൽ 1.36 ഹെക്ടറിലും സുസ്ഥിര ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം നെൽകൃഷി നടപ്പിലാക്കി. പെരിന്തൽമണ്ണ നഗരസഭയിൽ 2 ഹെക്ടറിലും, കോഴിക്കോട് അത്തോളി ഗ്രാമപഞ്ചായത്തിൽ 25 ഏക്കറിലും നെൽകൃഷി നടപ്പാക്കി.

കൂടാതെ 2007-08ൽ ആരംഭിച്ച ദേശീയ ഭക്ഷ്യസുരക്ഷാമിഷൻ അരി, ഗോതമ്പ്, ധാന്യങ്ങൾ എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. കേരളത്തിൽ നിന്ന് പാലക്കാട് ജില്ലയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. <u>തരിശുനിലങ്ങളിൽ കൃഷി</u>

11-ാം പഞ്ചവൽസര പദ്ധതിയിൽ ഭക്ഷ്യോത്പാദന വർദ്ധനവിനായി തരിശു നിലങ്ങളിൽ കൃഷി എന്ന പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിക്കുകയുണ്ടായി. തരിശുനിലങ്ങൾ കണ്ടെത്തി രണ്ടു വർഷം കൊണ്ട് ഇവയെ കൃഷിയോഗ്യമാക്കി മാറ്റുകയാണ് പദ്ധതിയുടെ ലക്ഷ്യം.

പരിശോധന നടത്തിയതിൽ മേൽ പദ്ധതി നടപ്പിലാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

| ജില്ല | സ്ഥാപനം | കൃഷിയോഗ്യമാക്കിയ തരിശുനിലം |
|---|---|---|
| ആലപ്പുഴ | ആലപ്പുഴ മുനിസിപ്പാലിറ്റി | 80 ഏക്കർ |
| കോട്ടയം | കോട്ടയം മുനിസിപ്പാലിറ്റി | 90 സെന്റ് |
| പത്തനംതിട്ട | കോയിപ്രം ഗ്രാമപഞ്ചായത്ത് | 40ഹെക്ടർ |
| എറണാകുളം | എടത്തല ഗ്രാമപഞ്ചായത്ത് | 11ഹെക്ടർ |
| തൃശ്ശൂർ | അന്നമനട ഗ്രാമപഞ്ചായത്ത് | 80ഹെക്ടർ |
| പാലക്കാട് | ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്ത് | 15ഹെക്ടർ |
| പാലക്കാട് | മങ്കര ഗ്രാമപഞ്ചായത്ത് | 3.04ഹെക്ടർ |
| പാലക്കാട് | കൊപ്പം ഗ്രാമപഞ്ചായത്ത് | 2ഹെക്ടർ |
| കണ്ണൂർ | കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് | 29ഹെക്ടർ |
| കണ്ണൂർ | തലശ്ശേരി മുനിസിപ്പാലിറ്റി | 0.4ഹെക്ടർ |

4. പാടശേഖര സമിതിയുടെ നേതൃത്വത്തിലുള്ള നെൽകൃഷി

ഭക്ഷ്യോത്പ്പാദന വർദ്ധനവിനായി പാടശേഖര സമിതികളുടെ നേതൃത്വത്തിൽ നെൽകൃഷി നടത്തി വരുന്നു. കൊല്ലം നഗരസഭയിലെ വടക്കേവിള, കിളികൊല്ലൂർ സോണലുകളിലും, ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിലും, പത്തനംതിട്ട ജില്ലയിലെ കോയിപ്രം ഗ്രാമപഞ്ചായത്തിലും ഇപ്രകാരം നെൽകൃഷി വ്യാപിപ്പിച്ചിട്ടുണ്ട്.

5. ദേശീയ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നെൽകൃഷി

നെൽകൃഷിക്കായി നിലമൊരുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി വരുന്നു. ആലപ്പുഴ ജില്ലയിലെ ചെറുതന ഗ്രാമപഞ്ചായത്തിൽ 2008-2009-ൽ 18 ഹെക്ടറും, 2010-11-ൽ 7.2 ഹെക്ടറും ഇപ്രകാരം എം. എൻ.ആർ. ഇ. ജി.എസി-ൽ ഉൾപ്പെടുത്തി ഭൂമി നെൽകൃഷി നടത്താൻ ഉപയോഗ്യമാക്കി. ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമപഞ്ചായത്തും, തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തും ഇപ്രകാരം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നെൽകൃഷിക്കായി നിലമൊരുക്കിയിട്ടുണ്ട്.

6. സമഗ്ര നെൽകൃഷി വികസന പദ്ധതി

വർഷങ്ങളായി കൃഷി ചെയ്യാതിരുന്ന പത്തനംതിട്ട ജില്ലയിലെ കവിയൂർ പുഞ്ചപാടശേഖരത്തിന്റെ നഗരസഭാ അതിർത്തിയ്ക്കുള്ളിലുള്ള പ്രദേശത്ത് ഈ പദ്ധതിയിലൂടെ നെൽകൃഷി ചെയ്തു. എറണാകുളം ജില്ലയിലെ കുമ്പളം ഗ്രാമപഞ്ചായത്തിലെ കൃഷി ചെയ്യാതിരുന്ന നെൽപ്പാടങ്ങളിൽ നെൽകൃഷി പുനരുദ്ധരിക്കാൻ നടപടി സ്വീകരിച്ചു. കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിൽ 150 ഏക്കർ വരെ തരിശുഭൂമി കൃഷിയോഗ്യമാക്കി.

7. കോൺട്രാക്ട് ഫാമിംഗ്

കാർഷികോത്പ്പന്നങ്ങൾ കരാർ അടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ച് വിപണനം നടത്തുന്ന രീതിയാണ് കോൺട്രാക്ട് ഫാമിംഗ്. ഇതിലേയ്ക്കായി ഒരു കാർഷിക ഉൽപ്പന്നമോ, ഒരു കൂട്ടം ഉൽപ്പന്നങ്ങളോ വാങ്ങാനാഗ്രഹിക്കുന്ന ആളും കർഷകനും തമ്മിൽ ഒരു ഉടമ്പടിയിൽ ഏർപ്പെടുന്നു. പ്രസ്തുത കരാറിൽ ഒരു കാർഷിക ഉൽപ്പന്നം നിശ്ചിത അളവിൽ, നിർദ്ദിഷ്ട കാലയളവിനുള്ളിൽ തൃപ്തികരമായ ഗുണനിലവാരത്തോടെ ഉൽപ്പാദിപ്പിച്ചു നൽകാമെന്ന് കർഷകൻ ഉറപ്പു നൽകുന്നു. ഉൽപ്പന്നം വാങ്ങാനാഗ്രഹിക്കുന്നയാൾ പ്രസ്തുത കാർഷിക വിള കരാറിലേർപ്പെടുന്ന സമയത്തെ മാർക്കറ്റ് വിലയേക്കാൾ അല്പം കൂടിയ നിരക്കിൽ കർഷകനിൽ നിന്ന് വാങ്ങിക്കൊള്ളാമെന്ന വ്യവസ്ഥയോടെ കരാറുണ്ടാക്കും. കാർഷിക ഉൽപ്പന്നങ്ങളുടെ അപ്രതീക്ഷിതമായ വിലയിടിവു നിമിത്തം കർഷകർക്ക് ഉണ്ടാകാവുന്ന നഷ്ടം ഇതിലൂടെ ഇല്ലാതാകുന്നു.

എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിൽ ഈ പദ്ധതി പ്രകാരം നെൽകൃഷി നടപ്പിലാക്കി വരുന്നു.

8. കരനെൽകൃഷി

നെൽപ്പാടങ്ങൾ അനുദിനം കുറഞ്ഞുവരുന്ന പശ്ചാത്തലത്തിലാണ് കരനെൽകൃഷി പരീക്ഷിച്ച് തുടങ്ങിയത്. നെൽപ്പാടങ്ങൾ കുറവുള്ള മധ്യകേരളത്തിലാണ് കരനെൽകൃഷിയിൽ കൂടുതൽ പേർ താല്പര്യം കാണിക്കുന്നത്. നെൽകൃഷിക്ക് അനുയോജ്യമല്ലാത്ത ഭൂപ്രദേശത്തും കരനെൽകൃഷി വിജയം കൈവരിക്കുന്നു എന്നതാണിതിന്റെ നേട്ടം.

കോട്ടയം ജില്ലയിലെ മുണ്ടക്കയം, മറവൻതുരുത്ത് തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിലും, തലശ്ശേരി, പെരിന്തൽമണ്ണ, കണ്ണൂർ നഗരസഭകളിലും കരനെൽകൃഷി വിജയകരമായി പരീക്ഷിച്ചതായി ഓഡിറ്റ് കണ്ടെത്തി.

കോട്ടയം ജില്ലയിലെ മുണ്ടക്കയത്ത് 5 ഹെക്ടറിൽ കരനെൽകൃഷി നടത്തുന്നുണ്ട്. മെച്ചപ്പെട്ട വിളവ് ലഭിച്ചതിനാൽ കൂടുതൽ കർഷകർ പ്രസ്തുത കൃഷി തുടങ്ങാൻ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്. പ്രോത്സാഹനങ്ങളും പരിശീലനങ്ങളും കൃഷി ഓഫീസിൽ നിന്ന് ലഭിക്കുകയും ചെയ്യുന്നു.

പെരിന്തൽമണ്ണ നഗരസഭയിൽ 20 ഹെക്ടർ സ്ഥലത്താണ് കരകൃഷി നടത്തുന്നത്. സംസ്ഥാന കൃഷി വകുപ്പിന്റെ ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച ഈ പദ്ധതിയിൽ ഹെക്ടറൊന്നിന് 5000 രൂപ വീതം കരകൃഷിക്ക് ധനസഹായം നൽകുന്നു. 2010-11-ൽ 7 കർഷകർ 3 ഹെക്ടർ സ്ഥലത്ത് കരനെൽകൃഷി നടപ്പാക്കി. 2011-12 വർഷത്തിൽ കൃഷിക്കാരുടെ എണ്ണം 12 ആയും കൃഷിഭൂമി 7 ഹെക്ടറായും വർദ്ധിച്ചു.

കണ്ണൂർ നഗരസഭയിൽ കരനെൽകൃഷി നടത്തുന്നതിന് വികസന ഫണ്ടിൽ നിന്നും 2009-10 വർഷം 2കർഷകർക്ക് ഹെക്ടർ ഒന്നിന് 5000 രൂപ 2010-11-ൽ 18 കർഷകർക്ക് 2.5 ഹെക്ടറിന് 12500 രൂപയും ധനസഹായം നൽകി.

തലശ്ശേരി നഗരസഭയിൽ 2010-11-ൽ ഒരു ഹെക്ടർ സ്ഥലത്തും 2011-12-ൽ 4.125 ഹെക്ടർ സ്ഥലത്തും കരനെൽകൃഷി ചെയ്തിട്ടുണ്ട്. ഇതിനായി കർഷകർക്ക് നെൽവിത്ത് സൗജന്യമായി വിതരണം ചെയ്യുകയും ജൈവവളത്തിന് സബ്സിഡി അനുവദിക്കുകയും ചെയ്തു.

9. നീർത്തട വർക്കിംഗ് ഗ്രൂപ്പുകൾ മുഖേന നെൽകൃഷി

നീർത്തട വർക്കിംഗ് ഗ്രൂപ്പുകൾ പാട്ടവ്യവസ്ഥയിൽ തരിശുഭൂമി ഏറ്റെടുത്ത് കൃഷി നടത്തി വരുന്നു. തിരുവനന്തപുരം ജില്ലയിലെ പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ 12 ഹെക്ടർ സ്ഥലത്ത് ഈ പദ്ധതി നടപ്പാക്കി.

## മാതൃകാ പദ്ധതികൾ

<u>സ്കൂളുകളിൽ കൃഷി - നെയ്യാറ്റിൻകര മാതൃകയായി</u>

സ്കൂളുകളിൽ നെൽകൃഷി എന്ന പദ്ധതി നെയ്യാറ്റിൻകര കൃഷിഭവന്റെ കീഴിൽ 2 സ്കൂളുകളിൽ നടപ്പിലാക്കി. നഗരസഭാ പരിധിയിൽ 3 ഏക്കർ സ്ഥലത്ത് സ്കൂൾ കുട്ടികളുടെ സഹായത്തോടെ നെൽകൃഷി ചെയ്തു. 2009-10, 2010-11, 2011-12 വർഷങ്ങളിൽ സ്കൂളുകളിൽ പച്ചക്കറി കൃഷി എന്ന പദ്ധതി നെയ്യാറ്റിൻകര – പെരുമ്പഴുതൂർ കൃഷിഭവന്റെ മേൽനോട്ടത്തിൽ 9 സ്കൂളുകളിലും, നെയ്യാറ്റിൻകര കൃഷിഭവന്റെ പരിധിയിൽ 13 സ്കൂളുകളിലും നടപ്പാക്കി. പച്ചക്കറി കൃഷിക്കാവശ്യമായ വിത്തും ജൈവവളവും കൃഷിഭവൻ നൽകിയിരുന്നു.

<u>മലപ്പുറം ജില്ല – പെരിന്തൽമണ്ണ നഗരസഭ</u>

2008-09 മുതൽ 2010-11 വരെയുള്ള കാലയളവിൽ നഗരസഭയിലെ നെൽകൃഷിയിലുണ്ടായ ഗുണപരമായ മാറ്റങ്ങളാണ് തരിശുനെൽകൃഷിയും കരനെൽകൃഷിയും. കൃഷി വകുപ്പിന്റെ നേരിട്ടുള്ള ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട് എന്നിവ ഉപയോഗിച്ച് നടപ്പിലാക്കിയ വിവിധ പദ്ധതികളിലൂടെ 20 ഹെക്ടർ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുകയും 20 ഹെക്ടർ പ്രദേശത്ത് കരകൃഷിക്ക് ആരംഭം കുറിക്കുകയും ചെയ്തു.

## അപാകങ്ങൾ

നെയ്യാറ്റിൻകര നഗരസഭ സമഗ്ര നെൽകൃഷി വികസനം എന്ന പദ്ധതി നടപ്പിലാക്കിയിരുന്നെങ്കിലും ഉദ്ദേശിച്ചത്ര ഫലപ്രദമായില്ല. തരിശായി കിടക്കുന്ന നെൽപ്പാടങ്ങളുടെ ഉടമകൾക്ക് കൃഷിയിൽ താല്പര്യമില്ലാത്തതും, ജലസേചനത്തിനുള്ള ബുദ്ധിമുട്ടും തൊഴിലാളികളുടെ ദൗർലഭ്യവും കൂലിപ്രശ്നവുമൊക്കെ തരിശു ഭൂമി കൃഷിയോഗ്യമാക്കുന്നതിന് നേരിടുന്ന തടസ്സങ്ങളാണ്.

കൊല്ലം നഗരസഭയിലെ കൃഷിഭവനുകൾ 2009-10, 2010-11 സാമ്പത്തിക വർഷങ്ങളിൽ കേരകൃഷി വികസനം, പച്ചക്കറി കൃഷി വികസനം എന്നിവയാണ് പദ്ധതി പണം ഉപയോഗിച്ച് നടപ്പിലാക്കിയ പ്രധാന പദ്ധതികൾ. വടക്കേവിള, കിളികൊല്ലൂർ എന്നീ സോണലുകൾ മാത്രമാണ് നാമമാത്രമായെങ്കിലും നെൽകൃഷി നടത്തിവരുന്നത്. പാടശേഖരസമിതികളുടെ നേതൃത്വത്തിൽ നടത്തുന്ന നെൽകൃഷിക്ക് സമിതികൾ വഴി കർഷകർക്കാവശ്യമായ വിത്ത് കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്നില്ല.

ഉൽപ്പാദക മേഖലയിലെ പദ്ധതികൾ കൊച്ചി നഗരസഭയിൽ കടലാസ് പദ്ധതികളായി മാറിയിരിക്കുകയാണ്. 2009-10 വർഷം തുടങ്ങിയ പ്രോജക്ടുകൾ പലതും സ്പിൽ ഓവറായി 2010-11, 2011-12 വർഷങ്ങളിൽ തുടരുന്നുണ്ടെങ്കിലും, നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. നഗരസഭാപരിധിയിൽ 3 ഹെക്ടർ സ്ഥലത്ത് കാർഷിക സർവ്വകലാശാലയുടെ കീഴിൽ പൊക്കാളി കൃഷി ചെയ്യുന്നതു മാത്രമാണ് ഇവിടത്തെ നെൽകൃഷി.

ഇടുക്കി ജില്ലയിലും നെൽകൃഷി ഇല്ല. തേയിലയാണ് പ്രധാന കൃഷി

## നിലമൊരുക്കിയെങ്കിലും കൃഷിയിറക്കിയില്ല

തരിശു നെൽപ്പാടങ്ങളിൽ കൃഷി ചെയ്യുവാൻ ആലപ്പുഴ ജില്ലയിലെ ചെറുതന ഗ്രാമപഞ്ചായത്തും, കൃഷിഭവനും നടപടികൾ സ്വീകരിച്ചുവെങ്കിലും ഇതിൽ പൂർണ്ണ വിജയം കൈവരിക്കാനായില്ല. 2008-09-ൽ 18 ഹെക്ടറും 2010-11-ൽ 7.2 ഹെക്ടറും സ്ഥലത്തും പുതുതായി കൃഷിയിറക്കാൻ കഴിഞ്ഞു.

എന്നാൽ 2010-11ൽ കൃഷിയോഗ്യമാക്കിയ മുറിയോടി പാടശേഖരം (9ഹെക്ടർ), കല്ലുങ്കൽ പാടശേഖരത്തോട് ചേർന്നു നിൽക്കുന്ന ഇരുപ്പുനിലം (2ഹെക്ടർ) പടിപ്പുരയ്ക്കൽ പടിഞ്ഞാറുവശം (16 ഹെക്ടർ) എന്നിവിടങ്ങളിൽ കൃഷിയിറക്കാൻ സാധിച്ചിട്ടില്ല. പാടശേഖരങ്ങൾ കൃഷിയോഗ്യമാക്കിയിട്ടും കൃഷിയിറക്കാതിരിക്കുക വഴി ഇതിന് ചെലവഴിച്ച 15,45,008 രൂപ പാഴായി.

## 6 ലക്ഷം രൂപ ചെലവഴിച്ചിട്ടും തരിശുനിലം കൃഷിയോഗ്യമായില്ല.

ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമപഞ്ചായത്തിലെ തച്ചാട്ടുവരമ്പിനകം പാടശേഖരം കൃഷിയോഗ്യമാക്കുന്നതിന് വികസന ഫണ്ട്, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവ വിനിയോഗിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 6,00,000 രൂപ 2008-09, 2009-10 വർഷങ്ങളിലും ചെലവഴിച്ചിട്ടുണ്ടെങ്കിലും പാടശേഖരം തരിശുനിലമായി തന്നെ അവശേഷിക്കുന്നു. ഈ പാടശേഖരത്തിൽ 2009-10 വർഷം ഡിപ്പാർട്ടുമെന്റൽ ഫണ്ട് ഉപയോഗിച്ചു വിതച്ചെങ്കിലും കൃഷി പൂർണ്ണമായി നശിച്ചതിനെ തുടർന്ന് പിന്നീട് കൃഷി ചെയ്തിട്ടില്ല. അതിനാൽ 1.6 ലക്ഷം രൂപ വിനിയോഗിച്ചു സ്ഥാപിച്ച പെട്ടിയും പറയും ഉപയോഗ ശൂന്യമായി.

## നെല്ലുസംഭരണത്തിലെ പാളിച്ചകൾ

സംസ്ഥാനത്തിന്റെ മൊത്തം നെല്ലുല്പാദനത്തിൽ 25% സംഭാവന ചെയ്യുന്ന കേരളത്തിന്റെ നെല്ലറയായ കുട്ടനാട്ടിലെ നെല്ലുല്പാദനവും നിരവധി സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു.

വിളവെടുപ്പ് കാലയളവിലെ കൊയ്ത്തു മെതിയന്ത്രങ്ങളുടെ ദൗർലഭ്യമാണ് കഴിഞ്ഞ വർഷത്തെ നെല്ലുല്പാദനത്തെ പ്രതികൂലമായി ബാധിച്ചതെങ്കിൽ ഇക്കുറി അത് നെല്ല് ശേഖരിച്ച് സംഭരണ ശാലകളിൽ യഥാസമയം എത്തിക്കുന്നതിനുള്ള തൊഴിലാളികളുടെയും, വാഹനങ്ങളുടെയും അപര്യാപ്തതയാണ്.

ഇക്കുറി വിളവെടുപ്പിൽ കാര്യമായ പുരോഗതി കൈവരിച്ചുവെങ്കിലും തുടർച്ചയായി പെയ്ത വേനൽമഴ കാരണം കൊയ്ത്തു കഴിഞ്ഞതും, കഴിയാനുള്ളതുമായ എട്ടരക്കോടി രൂപയുടെ നെല്ല് വെള്ളത്തിലായി.

കൊയ്ത്തുയന്ത്രം വ്യാപകമാകുന്നതോടെ വിളവെടുപ്പ് വേഗത്തിലാകുമെന്നും അതിനാൽ കായൽ-പാടശേഖരങ്ങളുടെ പുറം ബണ്ടുകളിലും പ്രധാന കടവുകളിലും സംഭരണ ശാലകളും സ്ഥാപിക്കണമെന്ന് കുട്ടനാട് പാക്കേജിൽ ഡോ. എം. എസ്. സ്വാമിനാഥൻ മുന്നോട്ടുവച്ച നിർദ്ദേശം നടപ്പിലാക്കിയിരുന്നുവെങ്കിൽ കർഷകർക്ക് ഇത്രയും നാശം നേരിടേണ്ടിവരില്ലായിരുന്നു (1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166(1)-ാം വകുപ്പ് പ്രകാരം കാർഷിക യന്ത്രവൽക്കരണം ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. കൂടാതെ 173(1)-ാം വകുപ്പ് പ്രകാരം പുതുമയുള്ള ടയലുകളും പൈലറ്റ് പ്രോജക്ടുകളും പ്രചരിപ്പിക്കുക എന്നത് ജില്ലാ പഞ്ചായത്തുകളുടെ ചുമതലയാണ്).

വേഗത്തിലുള്ള കൊയ്ത്തിനോടൊപ്പം സംഭരണശാലകളും, ആധുനിക മില്ലുകളും സ്ഥാപിച്ചാൽ മാത്രമേ നെല്ലുല്പാദനത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിക്കുകയുള്ളൂ. (അവലംബം :- മാർച്ച് 17/2012, ഏപ്രിൽ 26-27/2012 എന്നീ ദിവസങ്ങളിലെ പത്ര വാർത്തകൾ)

## വയൽ നികത്തൽ വ്യാപകം

സംസ്ഥാനത്ത് 2009-10 വർഷം നെൽകൃഷിയുടെ വിസ്തീർണ്ണം 2.34 ലക്ഷം ഹെക്ടർ ആയിരുന്നു. എന്നാൽ 2010-11 വർഷത്തിൽ 2.13 ലക്ഷം ഹെക്ടർ ആയി കുറഞ്ഞു. നെൽകൃഷിയിൽ മുന്നിൽ നിന്നിരുന്ന ആലപ്പുഴ, പാലക്കാട് ജില്ലകളിലെ നെൽകൃഷിയിൽ കഴിഞ്ഞ 5 വർഷങ്ങളിലുണ്ടായ കുറവ് ശ്രദ്ധേയമാണ്. അതേ സമയം തെങ്ങ്, റബ്ബർ എന്നീ കൃഷികളുടെ വിസ്തീർണ്ണം കൂടുന്നുണ്ട്. മറ്റു കൃഷിയാവശ്യങ്ങൾക്കായും നെൽപ്പാടങ്ങൾ വ്യാപകമായി നികത്തപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിനാൽ നെൽപ്പാടങ്ങളുടെ വിസ്തൃതി അനുദിനം കുറഞ്ഞു വരുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-7-2008-ലെ 45846/ ആർ.എ.1/ 08/ ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം സെക്രട്ടറി, കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ, പഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയർ/ നഗരസഭയിലെ ടൗൺ പ്ലാനിംഗ് ഓഫീസർ എന്നിവർ അംഗങ്ങളായി രൂപീകരിച്ച കമ്മിറ്റിയുടെ പരിശോധനയ്ക്ക് ശേഷമാണ് നിലം നികത്തുന്നതിന് അനുമതി നൽകുന്നതും, കൃഷിയിടങ്ങളിൽ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതും. എന്നിട്ടും വ്യാപകമായി വയൽ നികത്തൽ തുടരുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനായി 2008-ൽ കേരള നെൽവയൽ -തണ്ണീർത്തട ആക്ട് നിലവിൽ വന്നു. നെൽപ്പാടങ്ങളും തണ്ണീർത്തടങ്ങളും വ്യാപകമായി നികത്തുന്നതു തടയുക, നെൽകൃഷി പരിപോഷിപ്പിക്കുക എന്നിവയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഈ ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ നിയമപ്രകാരം

ഗ്രഹനിർമ്മാണത്തിന് നഗരസഭാപരിധിയിൽ 5 സെന്റും പഞ്ചായത്ത് പരിധിയിൽ 10 സെന്റും നിലം നികത്തുന്നതിന് മാത്രമേ അനുമതിയുള്ളൂ. ഈ നിയമപ്രകാരം വളക്കൂറ് നഷ്ടപ്പെടുത്താതെ ഇടവിള കൃഷികൾ മാത്രമേ നെൽപ്പാടങ്ങളിൽ അനുവദനീയമായിട്ടുള്ളൂ.

നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിനു മുൻപു തന്നെ വളരെ വ്യാപകമായി വയൽ നികത്തൽ നടന്നിട്ടുണ്ട്.

കൊച്ചി നഗരസഭാപരിധിയിൽ 2008-ലെ നെൽവയൽ നീർത്തട ആക്ട് നിലവിൽ വരുന്നതിനു മുൻപു തന്നെ വൻതോതിൽ കൃഷിഭൂമി നികത്തി കഴിഞ്ഞു. 29.7 ഏക്കർ കൃഷിയിടം നിർദ്ദിഷ്ട അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിനു വേണ്ടിയും, മറ്റൊരു 5 ഏക്കർ കൃഷിഭൂമി നഗരസഭയുടെ തന്നെ സ്വീവേജ് പ്ലാന്റിനായും ഏറ്റെടുത്ത് നികത്താനുള്ള നടപടികൾ തുടങ്ങി കഴിഞ്ഞു. അത്യപൂർവ്വമായ തദ്ദേശീയ ജൈവ കൃഷി രീതി അവലംബിക്കുന്ന പൊക്കാളിപ്പാടങ്ങളും, ജൈവ വൈവിധ്യത്തിലൂടെ പരിസ്ഥിതി സന്തുലനം നിലനിർത്തുന്ന കണ്ടൽ വനങ്ങളും ഉൾക്കൊള്ളുന്ന പ്രദേശങ്ങളിലായിരുന്നു ഇവ. പരിശോധനയിൽ ലഭ്യമായ വിവരങ്ങൾ അനുബന്ധം 5-ൽ കാണാം.

## <u>അനുബന്ധം 5</u>

കൃഷിഭൂമി മറ്റാവശ്യങ്ങൾക്കായി നികത്തിയതിന്റെ വിവരങ്ങൾ

| ജില്ല | സ്ഥാപനം | നികത്തിയ ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| തിരുവനന്തപുരം | പുളിമാത്ത് ഗ്രാമപഞ്ചായത്ത് | 63.11 |
| | നെടുമങ്ങാട് മുനിസിപ്പാലിറ്റി | 95 |
| കൊല്ലം | തെന്മല ഗ്രാമപഞ്ചായത്ത് | 30 |
| | ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് | 28 |
| | കരിപ്ര ഗ്രാമപഞ്ചായത്ത് | 50 |
| കോട്ടയം | വെളിയന്നൂർ ഗ്രാമപഞ്ചായത്ത് | 119.13 |
| | മാടപ്പള്ളി ഗ്രാമപഞ്ചായത്ത് | 79.62 |
| | കൊഴുവനാൽ ഗ്രാമപഞ്ചായത്ത് | 38 |
| എറണാകുളം | വെങ്ങോല ഗ്രാമപഞ്ചായത്ത് | 150 |
| തൃശ്ശൂർ | അന്നമനട ഗ്രാമപഞ്ചായത്ത് | 350 |
| മലപ്പുറം | പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് | 137.12 |

നഗരസഭ തന്നെ നിലംനികത്തുന്നു.

പെരിന്തൽമണ്ണ നഗരസഭ – മത്സ്യമാർക്കറ്റിനായി സ്വകാര്യ വ്യക്തിയിൽ നിന്ന് നഗരമധ്യത്തിലുള്ള 89½ സെന്റ് വയൽ (റീ സർവ്വേ നമ്പർ 100/2) സെന്റിന് 19500 രൂപ നിരക്കിൽ 2002-03-ൽ നഗരസഭ വാങ്ങുകയുണ്ടായി തുടർച്ചയായി കോടതി വ്യവഹാരങ്ങളിൽ കുടുങ്ങിയതിനാൽ മത്സ്യ മാർക്കറ്റിന്റെ പണി 2011 വരെ ആരംഭിച്ചിട്ടുമില്ല. പാടങ്ങൾ സംരക്ഷിക്കേണ്ട നഗരസഭ തന്നെ അവ നികത്തുന്നത് വിരോധാഭാസമാണ്.

മലപ്പുറം ജില്ലയിൽ താനാളൂർ ഗ്രാമപഞ്ചായത്ത് പട്ടരുപറമ്പ് സ്റ്റേഡിയത്തിനു വേണ്ടി 1.50 ഏക്കറും ചേനേരിപ്പാടം സ്റ്റേഡിയത്തിനായി 1.15 ഏക്കറും സ്ഥലം വിലയ്ക്ക് വാങ്ങി. ഈ സ്ഥലം നികത്തുന്നതിനുള്ള അനുമതിക്കായി സർക്കാരിലേയ്ക്ക് അപേക്ഷിച്ചെങ്കിലും അനുമതി ലഭിച്ചിട്ടില്ല.

നിയമവിരുദ്ധമായ നിലം നികത്തൽ

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ നഗരസഭയിൽ ഡോ. സി. നിസാർ, ഭാര്യ സജ്ന എന്നിവരുടെ ഉടമസ്ഥതയിലുള്ള 77.5 സെന്റ് പാടത്തിൽ (സർവ്വേ നമ്പർ 38/3 എ) അഞ്ചു സെന്റ് നികത്താനുള്ള അനുമതിക്കാണ് അപേക്ഷ നൽകിയിരുന്നത്. എന്നാൽ അനുവാദം ചോദിച്ചതിലും പത്തിരട്ടി സ്ഥലം നികത്തുകയും പത്തു സെന്റോളം വിസ്തീർണ്ണത്തിൽ കെട്ടിടത്തിന് അടിസ്ഥാനം കെട്ടുകയും ചെയ്തു. ഈ പ്രവൃത്തി 2008-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ലംഘനമാണ്.

തിരുവനന്തപുരം കോർപ്പറേഷനിലെ ശ്രീകാര്യം സോണലിൽ 348.75 ഹെക്ടറും നേമം സോണലിൽ 50 സെന്റും നെൽപ്പാടങ്ങൾ മറ്റാവശ്യങ്ങൾക്കായി നികത്തിയിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി കഴക്കൂട്ടം സോണലിൽ രണ്ട് ഏക്കർ നെൽവയൽ ഭവന നിർമ്മാണത്തിനായി നികത്തി.

കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിൽ 2005-06 വർഷം 125 ഏക്കറുണ്ടായിരുന്ന നെൽകൃഷി 2011-12-ൽ കേവലം 99 ഏക്കറായി ചുരുങ്ങി. അതേസമയം കേര കൃഷിയുടെ വിസ്തീർണ്ണത്തിൽ വർദ്ധനവ് ഉണ്ടാവുകയും ചെയ്തു.

ഉൽപ്പാദന ചെലവിലുണ്ടായ ക്രമാതീതമായ വർദ്ധന, ഉൽപ്പന്നങ്ങളുടെ വിപണന കുറവ്, വ്യാപകമായ രോഗബാധ, വിളവെടുപ്പിനു തൊഴിലാളികളെ ലഭ്യമല്ലാത്തത് തുടങ്ങിയവ കർഷകരെ നെൽകൃഷിയിൽ നിന്ന് പിന്തിരിപ്പിക്കുന്നു.

ഓഡിറ്റ് ഖണ്ഡികകളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

78. നെല്ല് സംഭരണം സിവിൽ സപ്ലൈസുമായി ബന്ധപ്പെട്ട സംഗതിയാണെന്നും പല പാളിച്ചകളും അക്കാര്യത്തിൽ സംഭവിച്ചിട്ടുണ്ടെന്നും പഞ്ചായത്തിന്റെ നടപടികൾമൂലം നെല്ല് സംഭരണം ത്വരിതപ്പെടുത്തുന്നതിന് പലപ്പോഴും പ്രയാസം നേരിടുന്നുണ്ടെന്നും ആയതിനാൽ ഇക്കാര്യത്തിൽ മറ്റ് ഏജൻസികളുടെ സഹകരണം കൂടി ആവശ്യമാണെന്നും തദ്ദേശസ്വയംഭരണവകുപ്പ് സെക്രട്ടറി ചൂണ്ടിക്കാട്ടി.

79. നെല്ല് സൂക്ഷിക്കുന്നതിനുള്ള സംഭരണ ശാലകൾ, പ്രോസസ്സ് ചെയ്യാനുള്ള സംവിധാനം തുടങ്ങിയവ കുട്ടനാട്ടിൽ തന്നെ സ്ഥാപിച്ചാൽ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിയുമെന്ന് എം.എസ്. സ്വാമിനാഥൻ കമ്മീഷന്റെ റിപ്പോർട്ട് പരാമർശിച്ചു കൊണ്ട് സമിതി അഭിപ്രായപ്പെട്ടു. ഇക്കാര്യത്തിൽ കൃഷിവകുപ്പു ഡയറക്ടറുടെ അഭിപ്രായം സമിതി ആരാഞ്ഞു, സംഭരണശാലകൾ പണിയുന്നതിനുള്ള ശ്രമം നടത്തിയെങ്കിലും സ്ഥലം ലഭ്യമല്ലാത്തതിനാൽ നടപടി തുടരാൻ കഴിഞ്ഞില്ലെന്നും ലഭിച്ച സ്ഥലങ്ങളിലെല്ലാം സംഭരണ ശാലകൾ പണിതിട്ടുണ്ടെന്നും കൃഷിവകുപ്പ് ഡയറക്ടർ മറുപടി നൽകി.

80. കുട്ടനാട്ടിൽ സ്ഥലമില്ലെങ്കിൽ ആലപ്പുഴ ജില്ലയുടെ മറ്റ് ഭാഗങ്ങളിലോ സമീപ പ്രദേശങ്ങളിലോ ചങ്ങനാശ്ശേരിയിലോ സംഭരണ ശാലകൾ സ്ഥാപിക്കാനുള്ള സാധ്യത സമിതി ആരാഞ്ഞപ്പോൾ ലഭ്യമായ സ്ഥലങ്ങളിലെല്ലാം നെല്ല് സംഭരണ ശാലകൾ സ്ഥാപിച്ചതായി കൃഷി വകുപ്പ് ഡയറക്ടർ അറിയിച്ചു. കൂടാതെ നെല്ല് പ്രോസസ് ചെയ്യാൻ അനിവാര്യമായ ശുദ്ധജലം കുട്ടനാട്ടിൽ ലഭ്യമല്ലെന്ന് നിരീക്ഷിച്ച സമിതി, ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജില്ലാ പഞ്ചായത്ത് മുൻകൈ എടുത്ത് നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു.

81. 2009-10-ൽ പാലക്കാട് ജില്ലയിൽ ലഭിച്ച പദ്ധതി തുകയുടെ 58%-ഉം 2010-11-ൽ 68%-ഉം നെൽകൃഷിക്കായി ഉപയോഗപ്പെടുത്തിയതായി സമിതി മനസ്സിലാക്കുന്നു. കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പല പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ കൃഷിയിലും അനുബന്ധ മേഖലകളിലും 4%-ൽ കുറയാത്ത വളർച്ച കൈവരിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ 'രാഷ്ട്രീയ കൃഷി വികാസ് യോജന' പ്രകാരം മലപ്പുറത്തെ പെരുന്തൽമണ്ണ നഗരസഭയിൽ 2.6 ഹെക്ടറും മാറാക്കര ഗ്രാമപഞ്ചായത്തിൽ 12.5 ഏക്കറും, കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിൽ 25 ഏക്കറും വടകര മുനിസിപ്പാലിറ്റിയിൽ ഒരു ഹെക്ടറും തരിശുഭൂമി കൃഷിക്ക് ഉപയുക്തമാക്കിയതായി സമിതി വിലയിരുത്തുന്നു.

82. കൊല്ലം നഗരസഭയിലെ വടക്കേവിള, കിളികൊല്ലൂർ സോണലുകളിലും ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ലയിലെ കോയിപ്രം ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലും പാടശേഖര സമിതിയുടെ നേതൃത്വത്തിൽ നെൽകൃഷി വ്യാപിപ്പിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. നെൽകൃഷി പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നുണ്ടെന്നും വർഷങ്ങളായി കൃഷി ചെയ്യാതിരുന്ന പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപഞ്ചായത്തിലെ പുഞ്ചപ്പാടശേഖരത്തിലും എറണാകുളം ജില്ലയിലെ കുമ്പളം ഗ്രാമപഞ്ചായത്തിലും കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിലും സമഗ്ര നെൽകൃഷി വികസന പദ്ധതി പ്രകാരം തരിശുഭൂമികൾ കൃഷിയോഗ്യമാക്കിയതായി സമിതി ചൂണ്ടിക്കാട്ടുന്നു.

83. കാർഷികോൽപ്പന്നങ്ങൾ കരാർ അടിസ്ഥാനത്തിൽ ഉത്പാദിപ്പിച്ച് വിപണനം നടത്തുന്ന കോൺട്രാക്ട് ഫാമിംഗും നെൽപ്പാടങ്ങൾ കുറവുള്ള മദ്ധ്യകേരളത്തിൽ കരനെൽകൃഷിയും വിജയം കൈവരിച്ചതായി കാണുന്നു. നീർത്തട വർക്കിംഗ് ഗ്രൂപ്പുകൾ പാട്ടവ്യവസ്ഥയിൽ തരിശുഭൂമി ഏറ്റെടുത്ത് കൃഷി നടത്തി വരുന്നതായി സമിതി നിരീക്ഷിക്കുന്നു. നെൽകൃഷി കൂടുതൽ വ്യാപിപ്പിക്കാൻ കരനെൽകൃഷി സഹായകമാകുമെന്ന് സമിതി വിലയിരുത്തുന്നു.

84. 2010-11 വർഷത്തിൽ തരിശു നിലങ്ങൾ കൃഷി യോഗ്യമാക്കുന്നതിന് ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി, ഒരു പദ്ധതി നടപ്പിലാക്കിയിരുന്നുവെന്നും പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും ബണ്ട് ബലപ്പെടുത്തുന്നതിനും വേണ്ടി സമഗ്രമായ ഒരു പദ്ധതി കുട്ടനാട് പാക്കേജ് പ്രകാരം ഓണാട്ടുകര വികസന ഏജൻസി സമർപ്പിച്ചിരുന്നെങ്കിലും അംഗീകാരം ലഭിക്കാഞ്ഞതിനാൽ കൃഷിയിറക്കാൻ സാധിച്ചില്ലെന്നും ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം പരിഗണിക്കവേ ആലപ്പുഴ ചെറുതന ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

85. ഓണാട്ടുകര നെല്ലുല്പാദക സമിതി തരിശുഭൂമി കൃഷിക്കുപയുക്തമാക്കിയെടുക്കുന്നതിനായി ഒരു പദ്ധതിയുണ്ടാക്കിയിരുന്നെന്നും അതിനായി ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ നിലം ഒരുക്കിയെങ്കിലും ഫണ്ട് അനുവദിച്ചു കിട്ടിയത് ജനുവരി മാസത്തിലായതിനാൽ അപ്പോഴേക്കും കൃഷിയുടെ സമയം കഴിഞ്ഞെന്നും ചെറുതന ഗ്രാമപഞ്ചായത്ത് സെക്രട്ടറി വെളിപ്പെടുത്തി.

86. ഓണാട്ടുകര വികസന സമിതി ഒരു പ്രൈവറ്റ് ഏജൻസിയാണോയെന്നും അതിന് ഫണ്ട് ലഭിക്കുന്നത് എവിടെനിന്നാണെന്നും സമിതി ആരാഞ്ഞതിന്, ഓണാട്ടുകര പ്രദേശങ്ങളെല്ലാം കൃഷി യോഗ്യമാക്കുന്നതിന് പാടശേഖര സമിതിയുടെ ഒരു പ്രത്യേക പദ്ധതിയാണിതെന്നും ഗുണഭോക്തൃവിഹിതവും സർക്കാർ ഫണ്ടുമാണ് ഈ സമിതിയുടെ പ്രവർത്തന മൂലധനമെന്നും ചെറുതന ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

87. കല്ലുങ്കൽ പാടശേഖരത്തോടു ചേർന്നു കിടക്കുന്ന ഇരുപ്പു നിലത്തിൽ കൃഷി ഇറക്കാൻ കഴിയാത്തത് ഇതേ കാരണം കൊണ്ടാണെങ്കിലും സമിതിക്ക് നൽകിയ റിപ്പോർട്ടിൽ 'കാലാവസ്ഥാ വ്യതിയാനം കൊണ്ട് വെള്ളപ്പൊക്കം ഉണ്ടാവുകയും കൃഷി ഇറക്കാൻ പറ്റാതെ വരികയും ചെയ്തു' എന്നാണെന്ന് ചൂണ്ടിക്കാട്ടിയ സമിതി, കാലാവസ്ഥാ വ്യതിയാനം, കൃഷി സാധ്യത എന്നീ കാര്യങ്ങൾ പരിഗണിക്കാതെ തുക ചെലവഴിച്ചതിൽ അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

88. മുൻ വർഷം മൂന്നു പാടശേഖരങ്ങളിൽ നടത്തിയ കൃഷി വിജയകരമായിരുന്നെന്നും പദ്ധതി വിഹിതം ഉപയോഗിക്കാൻ പര്യാപ്തമല്ലാതിരുന്നതിനാൽ ഓണാട്ടുകര വികസന ഏജൻസിയുടെ ഫണ്ടും ഗുണഭോക്തൃവിഹിതം കൂടി ഉപയോഗിച്ച് തരിശു ഭൂമി കൃഷിയോഗ്യമാക്കാനുള്ള പദ്ധതിയായിരുന്നെന്നും പ്രസ്തുത ഏജൻസിയിൽ നിന്നും തുക കിട്ടാൻ വൈകിയതാണ് സമയത്ത് കൃഷി ഇറക്കാൻ കഴിയാതെ പോയതെന്നും ചെറുതന ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി വിശദീകരിച്ചു.

89. പ്രസ്തുത വിഷയത്തിന്മേൽ സമിതി പഞ്ചായത്ത് ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞു. തൊഴിലുറപ്പു പദ്ധതിപ്രകാരം നിലമൊരുക്കിയതിന് 15 ലക്ഷം രൂപ തൊഴിലാളികൾക്ക് വേതനമായി നൽകിയതിനാൽ നഷ്ടം ഉണ്ടായി എന്നു പറയാനാകില്ലെന്ന് പഞ്ചായത്ത് ഡയറക്ടർ-ഇൻ-ചാർജ് അറിയിച്ചു. പഞ്ചായത്ത് ഡയറക്ടറുടെയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

90. നിലമൊരുക്കി കൃഷിയോഗ്യമാക്കിയിട്ടും കൃഷി ചെയ്യാതിരുന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ബണ്ട് ബലപ്പെടുത്താത്തത് കാരണം വെള്ളപ്പൊക്കമുണ്ടായാൽ കൃഷി നാശമുണ്ടാകും എന്നതുകൊണ്ടാണ് കൃഷി ചെയ്യാതിരുന്നതെന്ന് പഞ്ചായത്ത് സെക്രട്ടറി വിശദമാക്കി.

91. 6 ലക്ഷം രൂപ ചെലവഴിച്ചിട്ടും തരിശുനിലം കൃഷിയോഗ്യമാക്കാത്തത് സംബന്ധിച്ച ഓഡിറ്റ് പരാമർശം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനായി ഗ്രാമ/ജില്ലാപഞ്ചായത്തുകൾ ചേർന്ന് വിഭാവനം ചെയ്ത പദ്ധതി പ്രകാരം 8 വർഷം തരിശായി കിടന്ന നിലം തൊഴിലുറപ്പ് പദ്ധതിപ്രകാരം കൃഷിയോഗ്യമാക്കി പെട്ടിയും പറയും സ്ഥാപിച്ചെന്നും മോട്ടോർ ഉപയോഗിച്ച് വെള്ളം വറ്റിച്ചപ്പോഴാണ് പാടത്ത് ചെളിയെടുത്ത കുഴികളുണ്ടെന്ന് കാണുന്നതെന്നും നെടുമുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി-ഇൻ-ചാർജ് അറിയിച്ചു. തുടർന്ന് നെൽകൃഷി സാധ്യമല്ലാത്തതിനാൽ മത്സ്യകൃഷി ആരംഭിച്ചെന്നും ആയത് വിജയകരമായി പ്രവർത്തിക്കുന്നുവെന്നും കൂടി പഞ്ചായത്ത് സെക്രട്ടറി -ഇൻ-ചാർജ് കൂട്ടിച്ചേർത്തു.

92. കൃഷിനാശം സംഭവിക്കുന്ന ഒരു പ്രദേശമാണ് കുട്ടനാടെന്നും വെള്ളപ്പൊക്കം ഉണ്ടായാൽ കുട്ടനാട് മുങ്ങിപ്പോകുമെന്നും നിരീക്ഷിച്ച സമിതി പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കാൻ ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

93. വിവിധ ആവശ്യങ്ങൾക്കായി നെൽപ്പാടങ്ങൾ വ്യാപകമായി നികത്തപ്പെടുന്നു, നെൽവയലുകൾ സംരക്ഷിക്കാൻ ബാദ്ധ്യസ്ഥരായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെ വയലുകൾ നികത്തുന്നു എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, തിരുവല്ല, ആലുവ, തലശ്ശേരി, കൊച്ചി, തിരുവനന്തപുരം, പെരുമ്പാവൂർ എന്നീ നഗരസഭകളിൽ നെൽവയൽ സംരക്ഷണത്തിനുള്ള നടപടി ഡാറ്റാ ബാങ്ക് മുഖേന സ്വീകരിക്കുന്നുണ്ടെന്ന് നഗരകാര്യ വകുപ്പ് ഡയറക്ടർ വിശദീകരിച്ചു. നെൽപ്പാടങ്ങൾ നികത്തുന്നത് തടയുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും കൂടാതെ നഗരസഭകളുടെ പരിധിയിലുള്ള നെൽവയലുകൾ സംരക്ഷിക്കുന്നതിന് പ്രാദേശിക ജാഗ്രത സമിതികൾ പ്രവർത്തിച്ച് വരുന്നതായും അദ്ദേഹം തുടർന്നറിയിച്ചു.

94. പൊതു ആവശ്യത്തിന് വയൽ നികത്തണമെങ്കിൽ സംസ്ഥാനതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ച് ശിപാർശ ചെയ്യണം എന്ന വ്യവസ്ഥ ഉണ്ടെങ്കിലും നെൽവയൽ നികത്തൽ അവിരാമം തുടർന്നുവരുന്നതായി സമിതി വിലയിരുത്തി.

95. വയൽ നികത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമില്ലെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി ആർ.ഡി.ഒ.യ്ക്ക് കൊടുക്കുന്നത് കൃഷി ഓഫീസറാണെന്നും പ്രസ്തുത റിപ്പോർട്ടിന് സംസ്ഥാന തല സമിതിയുടെ അംഗീകാരം വാങ്ങി, പിന്നീട് ആയതിന് സർക്കാർ അംഗീകാരം ലഭിച്ചാൽ മാത്രമേ വയൽ നികത്താൻ കഴിയൂ എന്നും അസിസ്റ്റന്റ് ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചു. നെൽവയൽ നികത്തുന്നത് സംബന്ധിച്ച് കൃഷിവകുപ്പും റവന്യൂ വകുപ്പും എടുത്തിട്ടുള്ള കേസുകളുടെയും നിലവിലുള്ള കേസുകളുടെയും നിലവിലെ സ്ഥിതി അറിയിക്കുവാൻ സമിതി നിർദ്ദേശിച്ചു.

96. വ്യാപകമായി നെൽവയലുകൾ നികത്തുന്നുവെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് പുളിമാത്ത്, തെന്മല, ആദിച്ചനെല്ലൂർ, കരീപ്ര, വെളിയന്നൂർ, മാടപ്പള്ളി. കൊഴവനാൽ തുടങ്ങിയ ഗ്രാമപഞ്ചായത്തുകൾ മറുപടി നൽകിയിട്ടില്ലാ എന്ന് സമിതി നിരീക്ഷിച്ചു. ആയത് സംബന്ധിച്ച വിശദീകരണം സമിതി ആരാഞ്ഞതിന്, സമാഹൃത റിപ്പോർട്ട് ലഭ്യമല്ലായിരുന്നെന്നും തങ്ങൾക്ക് കിട്ടിയ റിപ്പോർട്ടിൽ പുളിമാത്ത് ഗ്രാമപഞ്ചായത്ത് വന്നിട്ടില്ലായിരുന്നുവെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ലഭ്യമായ റിപ്പോർട്ടിൽ വെങ്ങോല ഗ്രാമപഞ്ചായത്ത് മാത്രമുള്ളതു കൊണ്ടാണ് മറ്റ് ഗ്രാമപഞ്ചായത്തുകളോട് റിപ്പോർട്ട് ആവശ്യപ്പെടാതിരുന്നതെന്ന് പഞ്ചായത്ത് ഡയറക്ടർ-ഇൻ-ചാർജ് വിശദമാക്കി. പ്രസ്തുത മറുപടി വസ്തുതാപരമായി ശരിയല്ല എന്ന് നിരീക്ഷിച്ച സമിതി, ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾക്കെല്ലാം മറുപടി നൽകേണ്ടതായിരുന്നുവെന്ന് വ്യക്തമാക്കി.

97. നിലം നികത്തലുമായി ബന്ധപ്പെട്ട് കേസ് എടുക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമുള്ള അധികാരം റവന്യൂ വകുപ്പിനും റിപ്പോർട്ട് ചെയ്യുന്നതിനുള്ള ചുമതല കൃഷി വകുപ്പിനും രേഖകൾ സൂക്ഷിക്കുന്നതിനുമുള്ള അധികാരം പഞ്ചായത്തുകൾക്കുമാണെന്ന് സമിതി നിരീക്ഷിച്ചു.

98. അനധികൃതമായി നിലം നികത്തിയ സ്ഥലമാണെന്ന് പഞ്ചായത്തിന് ബോധ്യമായിടത്തുപോലും കെട്ടിട നിർമ്മാണത്തിനുള്ള അനുമതിയും കെട്ടിടനമ്പരും കൊടുക്കാറുണ്ടെന്ന് നിരീക്ഷിച്ച സമിതി, അത്തരക്കാർക്കെതിരെ റവന്യൂ വകുപ്പ് എത്ര കേസ് എടുത്തിട്ടുണ്ടെന്നും നിലവിൽ എത്ര കേസ് തുടരുന്നുവെന്നുമുള്ള റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു. അനധികൃതമായി നിലം നികത്തിയ സ്ഥലത്ത് കെട്ടിടനിർമ്മാണം ആരംഭിക്കുമ്പോൾ തന്നെ അത് നിറുത്തിവെയ്ക്കാൻ ആവശ്യപ്പെടുകയോ മേലുദ്യോഗസ്ഥർക്ക് റിപ്പോർട്ട് ചെയ്യുകയോ വേണമെന്ന് സമിതി ആവശ്യപ്പെട്ടു.

99. താനാളൂർ ഗ്രാമപഞ്ചായത്ത് പട്ടരുപറമ്പ് സ്റ്റേഡിയത്തിനുവേണ്ടി 1.50 ഏക്കറും ചേനേരിപ്പാടം സ്റ്റേഡിയത്തിനായി 1.15 ഏക്കറും സ്ഥലം വാങ്ങിയെങ്കിലും ആയത് നികത്തുന്നതിനുള്ള അനുമതി സർക്കാരിൽ നിന്നും ലഭിച്ചില്ലാ എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സ്റ്റേഡിയത്തിനായി നിലം നികത്തുന്നതിന് കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ, പഞ്ചായത്ത് പ്രസിഡന്റ് എന്നിവരടങ്ങിയ പ്രാദേശിക നിരീക്ഷണ സമിതിയുടെ ശിപാർശയോടുകൂടി സർക്കാരിന്റെ അനുമതിക്കായി അപേക്ഷിച്ചെങ്കിലും അനുമതി ലഭിച്ചില്ലെന്നും സ്റ്റേഡിയത്തിനായി വാങ്ങിയ സ്ഥലത്ത് മറ്റ് പ്രവൃത്തികൾ ഒന്നും നടത്തിയിട്ടില്ലെന്നും താനാളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഇൻ-ചാർജ് അറിയിച്ചു. പൊതുകാര്യത്തിനായി പ്രാദേശിക നിരീക്ഷണസമിതി ശിപാർശ ചെയ്താൽ സർക്കാർ അംഗീകരിക്കില്ലേ എന്ന സമിതിയുടെ ചോദ്യത്തിന്, സംസ്ഥാന തല സമിതിയുടെ ശിപാർശയോടെ മാത്രമേ സർക്കാർ അംഗീകാരം നല്കൂവെന്ന് പഞ്ചായത്ത് ഡയറക്ടർ-ഇൻ-ചാർജ് വ്യക്തമാക്കി. പ്രാദേശിക സമിതി പരിശോധിച്ച ശേഷം ജില്ലാതലത്തിൽ ജോയിന്റ് ഡയറക്ടറും കൃഷി വകുപ്പും കൂടി തീരുമാനമെടുത്ത് ഉന്നതതല സമിതിയുടെ അംഗീകാരത്തിന് അയയ്ക്കുകയും ഉന്നതതല സമിതിയുടെ മിനിട്ട്സിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ അംഗീകാരം നൽകുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി വ്യക്തമാക്കി

100. സ്റ്റേഡിയത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, വാങ്ങിയ നിലയിൽ തന്നെയാണെന്നും ചുറ്റുമതിൽ കെട്ടിയിട്ടുണ്ടെന്നും ഭരണസമിതി തീരുമാനപ്രകാരം ഒരു ടൂർണമെന്റ് നടത്തി സ്റ്റേഡിയം ഉദ്ഘാടനം നടത്തിയെന്നും താനാളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി-ഇൻ-ചാർജ് അറിയിച്ചു.

101. നിലം നികത്തുന്നതിനായി ഉന്നതതല സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ടോ എന്നും സർക്കാർ അനുമതി ഇല്ലാതെ സ്ഥലം നികത്തിയിട്ടുണ്ടോ എന്നും അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി പഞ്ചായത്ത് ഡയറക്ടറോട് നിർദ്ദേശിച്ചു.

102. പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിൽ ഇതുവരെയും കൃഷിഭൂമിയൊന്നും നികത്തിയിട്ടില്ലെന്നും തൊഴിലാളികളെ കിട്ടാനില്ലാത്ത സാഹചര്യത്തിൽ കൃഷിഭൂമിയുടെ കുറച്ചു ഭാഗം തരിശായി ഇട്ടെന്നും ആയതിൽ 12 ഏക്കറോളം സ്ഥലം പാടശേഖര സമിതി പരിവർത്തിപ്പിച്ച് കൃഷിഭൂമിയാക്കിയിട്ടുണ്ടെന്നും ബാക്കി സ്ഥലം കണ്ടൽ പ്രദേശമാണെന്നും പാപ്പിനിശ്ശേരി അസിസ്റ്റന്റ് കൃഷി ഓഫീസർ അറിയിച്ചു.

103. നെൽകൃഷി ചെയ്തിരുന്ന സ്ഥലത്ത് കേരകൃഷി തുടങ്ങിയോ എന്ന സമിതിയുടെ ചോദ്യത്തിന്, കരഭൂമിയിലാണ് തെങ്ങ്കൃഷിചെയ്തതെന്നും കേരകൃഷി വർദ്ധിച്ചെങ്കിലും നെൽകൃഷി കുറയുകയാണുണ്ടായതെന്നും അസിസ്റ്റന്റ് കൃഷി ഓഫീസർ വിശദമാക്കി.

104. പെരിന്തൽമണ്ണ നഗരസഭയിൽ 77.5 സെന്റ് പാടത്തിൽ അഞ്ച് സെന്റ് നികത്താനുള്ള അനുമതിക്ക് അപേക്ഷിച്ചപ്പോൾ ആവശ്യപ്പെട്ടതിന്റെ പത്തിരട്ടി സ്ഥലം നികത്തിയതായി സമിതി നിരീക്ഷിച്ചു. പഞ്ചായത്തിന്റെ പരിധിയിൽ പത്ത് സെന്റിൽ കൂടുതൽ നിലം നികത്തുന്നത് നെൽ വയൽ-തണ്ണീർത്തട നിയമത്തിന്റെ ലംഘനമാണെന്ന് സമിതി ചൂണ്ടിക്കാട്ടി.

105. നിലം എന്ന് വ്യക്തമായി രേഖപ്പെടുത്തിയ ഭൂമി നികത്തി കെട്ടിടം നിർമ്മിച്ച ശേഷം യു.എ. നമ്പർ സംഘടിപ്പിക്കുന്നതായും ആയതുപയോഗിച്ച് വൈദ്യുതിയും വാട്ടർ കണക്ഷനും ലഭ്യമാക്കുകയും ചെയ്യുന്നുവെന്നും ടൗൺ പ്ലാനിംഗ് ഓഫീസിൽ നിന്ന് പ്ലാൻ പാസാക്കി ലഭിക്കാതെയിരിക്കുമ്പോഴാണ് യു.എ. നമ്പർ സമ്പാദിക്കുന്നതെന്നും നമ്പർ കൊടുക്കാതിരുന്നാൽ അവർ കോടതിയിൽ പോകുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി വിശദീകരിച്ചു.

106. കേസ് നിലവിലുള്ള വസ്തുവാണെങ്കിൽ ആയത് റിപ്പോർട്ട് ചെയ്യേണ്ടത് പഞ്ചായത്തും കേസെടുക്കേണ്ടത് റവന്യൂ വകുപ്പുമാണെന്ന് സമിതി വിലയിരുത്തി. നികത്തിയ ഭൂമിയിൽ കെട്ടിടം നിർമ്മിക്കാൻ അനുമതി കൊടുക്കുന്നത് പഞ്ചായത്താണെന്നും അനുമതി നൽകുമ്പോൾ ആധാരത്തിൽ നിലം എന്നാണോ രേഖപ്പെടുത്തിയിരിക്കുന്നതെന്ന് പരിശോധിക്കേണ്ടതാണെന്നും സമിതി നിഷ്കർഷിച്ചു.

107. വയൽ നികത്താൻ പഞ്ചായത്തിൽ അപേക്ഷ ലഭിച്ചാൽ കൃഷി ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ, പഞ്ചായത്ത് സെക്രട്ടറി, വില്ലേജ് ഓഫീസർ എന്നിവർ ചേർന്ന് പ്രസ്തുത സ്ഥലം കാണുകയും പത്ത് സെന്റിന് താഴെയാണെന്നും വീട് വയ്ക്കാൻ മറ്റ് സ്ഥലമില്ലെന്നും ബോധ്യപ്പെട്ടാൽ എഗ്രിമെന്റ് വച്ച് വില്ലേജ് ഓഫീസറുടെ നിർദ്ദേശപ്രകാരം വീട് വയ്ക്കാൻ അനുവാദം കൊടുക്കുകയുമാണ് ചെയ്യുന്നതെന്നും കരകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. അനധികൃത നിലം നികത്തലും കളക്ടറുടെ നിർദ്ദേശപ്രകാരം വീട് വയ്ക്കുന്നതിന് വയൽ നികത്തുന്നതും തമ്മിൽ വ്യത്യാസമുണ്ടെന്ന് ചൂണ്ടിക്കാട്ടിയ സമിതി 24-6-2015-ലെ യോഗത്തിൽ റവന്യൂ ഉദ്യോഗസ്ഥരിൽ നിന്നുകൂടി ഇക്കാര്യത്തിൽ തെളിവെടുക്കാൻ തീരുമാനിച്ചു.

<u>സമിതി നിർദ്ദേശ പ്രകാരം കൃഷി വകുപ്പ് ലഭ്യമാക്കിയ അധിക വിവരം</u>

108. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നത് 12-8-2008ലാണ്. ടി നിയമപ്രകാരം പ്രാദേശികതല നിരീക്ഷണ സമിതി വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും നെൽകൃഷി ചെയ്യുന്നതും നെൽകൃഷിക്കനുയോജ്യമായതും എന്നാൽ തരിശിട്ടിരിക്കുന്നതുമായ എല്ലാ നിലവും തണ്ണീർത്തടവും ഉൾപ്പെടുത്തി ഒരു ഡാറ്റാ ബാങ്ക് 23-3-2009-ൽ തയ്യാറാക്കേണ്ടിയിരുന്നു. കുറ്റമറ്റ ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കിയാൽ മാത്രമേ 2008-ലെ നിയമം പൂർണ്ണ രൂപത്തിൽ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. അന്തിമ ഡാറ്റാ ബാങ്ക് വിജ്ഞാപനം പൂർത്തീകരിച്ചിട്ടില്ല. സംസ്ഥാനത്ത് 978

ഗ്രാമപഞ്ചായത്തുകൾ ഉള്ളതിൽ 21 ഗ്രാമപഞ്ചായത്തുകളിൽ നെൽവയലുകളോ തണ്ണീർത്തടങ്ങളോ ഇല്ല. ശേഷിക്കുന്ന 957 ഗ്രാമപഞ്ചായത്തുകളിൽ ഏറ്റവും ഒടുവിലെ കണക്ക് പ്രകാരം 677 ഗ്രാമപഞ്ചായത്തുകൾ ഡാറ്റാ ബാങ്ക് തയ്യാറാക്കി ഗവൺമെന്റ് പ്രസ്സിൽ നൽകിയിട്ടുണ്ട്. 238 ഗ്രാമപഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

109. ഡാറ്റാ ബാങ്ക് തയ്യാറാക്കിയത് സംബന്ധിച്ച് വ്യാപകമായ പരാതികൾ ഉയർന്നിരുന്നു. ഇതിന്റെ പശ്ചാത്തലത്തിൽ ഡാറ്റാ ബാങ്ക് വിജ്ഞാപനം അനന്തമായി നീണ്ടുപോകുന്ന സാഹചര്യം കണക്കിലെടുത്തും ഇതു സംബന്ധിച്ച് പെറ്റീഷൻ കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ചും അന്തിമ ഡാറ്റാ ബാങ്ക് വിജ്ഞാപനം ചെയ്ത ശേഷവും പൊതുജനങ്ങൾക്ക് അതിന്മേലുള്ള പരാതികൾ ബോധിപ്പിക്കുവാൻ അവസരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

110. കുറ്റമറ്റ ഡാറ്റാ ബാങ്കിന്റെ അഭാവത്തിലും സംസ്ഥാനവ്യാപകമായി ഏകദേശം 7090 അനധികൃത നികത്തലുകൾ കൃഷി ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ കേസുകളിലെല്ലാം തന്നെ റവന്യൂ വകുപ്പ് നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്. ഇത് കൂടാതെ 7134 കേസുകളിൽ റവന്യൂ വകുപ്പ് നേരിട്ട് നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്. വില്ലേജ് ആഫീസർ മുതൽ റവന്യൂ ഡിവിഷൻ ഓഫീസർ വരെയുള്ള ഉദ്യോഗസ്ഥർ, നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ ലംഘനം, അഗ്രികൾച്ചർ ഓഫീസർമാരുടെ റിപ്പോർട്ടിലൂടെയോ നേരിട്ടോ അറിയുന്ന പക്ഷം വകുപ്പ് 12 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൂർവ്വ സ്ഥിതിയിൽ ആക്കേണ്ട കേസുകളിൽ, സെക്ഷൻ 13 പ്രകാരമുള്ള നടപടികൾക്കായി ജില്ലാ കളക്ടർമാർക്ക് അധികാരപ്പെട്ട ഉദ്യോഗസ്ഥർ റിപ്പോർട്ട് സമർപ്പിക്കുകയും ആയതിന്മേൽ ജില്ലാ കളക്ടർമാർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇത് കൂടാതെ വകുപ്പ് 19, 20 പ്രകാരം നിയമവിരുദ്ധമായ പ്രവൃത്തിക്ക് ഉപയുക്തമാകുന്ന വാഹനങ്ങൾ പിടിച്ചെടുക്കുകയും അവ കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

111. കേരള സംസ്ഥാനത്തെ കാർഷിക രംഗത്തെ വളർച്ച പ്രോത്സാഹിപ്പിക്കുക, പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പു വരുത്തുക എന്നീ ലക്ഷ്യത്തോടെയാണ് 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നടപ്പിലാക്കിയത്. ബിസിനസ് റൂൾ പ്രകാരം നെൽവയലുകൾ സംരക്ഷിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കേണ്ട ഉത്തരവാദിത്തം അഗ്രികൾച്ചർ വകുപ്പിൽ നിക്ഷിപ്തമായിരിക്കുന്നു. നെൽവയലുകൾ നികത്തുന്നത് തടയുവാൻ റവന്യൂ ജീവനക്കാരെ മാത്രം നിയോഗിക്കുന്നത് പ്രായോഗികമായ നടപടിയല്ല. നികത്തൽ പ്രക്രിയയിൽ ഏർപ്പെടുന്ന ശക്തരായ മാഫിയകളെ തടയുവാൻ റവന്യൂ ജീവനക്കാർ സജ്ജമല്ല. ആയതിനാൽ പോലീസ്, അഗ്രികൾച്ചർ, റവന്യൂ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സ്ക്വാഡുകൾ രൂപീകരിച്ച് നികത്തൽ പ്രക്രിയയ്ക്കെതിരെ നടപടികൾ എടുക്കുന്നതാവും പ്രായോഗികം.

112. അനധികൃതമായി നികത്തുന്ന നെൽവയലുകൾ സർക്കാർ ഭൂമി ആക്കും എന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ ശക്തമായ പീനൽ പ്രൊവിഷൻ ഉൾപ്പെടുത്തിയാൽ മാത്രമേ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ശക്തമായ രീതിയിൽ പ്രാവർത്തികമാക്കാൻ സാധിക്കുകയുള്ളൂ.

113. മലപ്പുറം ജില്ലയിൽ, പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിൽ 137.12 ഹെക്ടർ നെൽവയൽ 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിനു മുൻപു തരം മാറ്റിയിട്ടുണ്ട്. അലിപ്പറമ്പ് പഞ്ചായത്തിൽ, അനമങ്ങോട്ടും പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ പതക്കരയിലും യഥാക്രമം 15 സെന്റും, 20.229 സെന്റും, ഉത്തരവുകളൊന്നും കൂടാതെ തരം മാറ്റിയിട്ടുണ്ട്.

114. എറണാകുളം ജില്ലയിൽ വെങ്ങോല പഞ്ചായത്തിൽ 277 പ്ലൈവുഡ് ഫാക്ടറികൾ നിലവിലുള്ളതിൽ 68 എണ്ണം നെൽവയലുകളിലാണ് നിർമ്മിച്ചിട്ടുള്ളത്. പ്രസ്തുത ഫാക്ടറികളിൽ ഒരെണ്ണം മാത്രമാണ് അനുമതിയോടുകൂടി നിർമ്മിച്ചിട്ടുള്ളത്. പ്രസ്തുത ഫാക്ടറികളിലെല്ലാംതന്നെ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിലെ വ്യവസ്ഥകൾ ലംഘിച്ചാണ് നിർമ്മിച്ചിട്ടുള്ളത്. ടി ഫാക്ടറികളിലെല്ലാം തന്നെ കുറഞ്ഞത് 20 തൊഴിലാളികൾ ജോലിചെയ്തു വരുന്നതും, 50 ലക്ഷമോ അതിൽ കൂടുതലോ നിക്ഷേപിച്ച് തുടങ്ങിയിട്ടുള്ള സംരംഭങ്ങളുമാണ്. നിയമപരമായല്ലാതെ തരം മാറ്റം നടത്തിയിട്ടുള്ള പ്രസ്തുത കാര്യത്തിൽ നെൽവയൽ തണ്ണീർത്തട നിയമത്തിന്റെയോ കേരള ഭൂവിനിയോഗ ഉത്തരവിന്റെയോ പ്രസക്തമായ വകുപ്പുകൾ പ്രകാരം ക്രമപ്പെടുത്തുവാനാവില്ല. 2015-16-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്തുത കാര്യത്തിന് വകുപ്പുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

115. തൃശ്ശൂർ ജില്ലയിൽ അന്നമനട പഞ്ചായത്തിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന വേളയിൽ 350 ഹെക്ടർ നെൽവയൽ, 2008-ലെ നെൽവയൽ തണ്ണീർത്തട നിയമം നിലവിൽ വരുന്നതിനു മുൻപു തരം മാറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

116. ആലിപ്പറമ്പ് പഞ്ചായത്തിൽ നിർമ്മാണം നടത്തിയത് സംബന്ധിച്ച റിപ്പോർട്ട് ഹാജരാക്കുവാൻ സബ് കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ കാര്യത്തിൽ മുനിസിപ്പൽ സെക്രട്ടറിയെ നേരിൽ കേൾക്കുന്നതിന് ജില്ലാ കളക്ടർ തീരുമാനിച്ചിട്ടുണ്ട്.

117. കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് നേരിട്ട് 4.58 ഏക്കർ നിലം അനുമതിയില്ലാതെ നികത്തിയിട്ടുള്ളതായി കാസർഗോഡ് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത കാര്യത്തിൽ ഹിയറിംഗിനായി പഞ്ചായത്ത് സെക്രട്ടറിക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

| Kerala Conservation of Paddy Land And Wet Land Act 2008-Action taken by Departments | | | | | |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| District | No. of cases reported by Reporting Officer (u/s 7(i)) | No. of cases in which action has been taken | No.of cases in which action has been initiated suomoto by Revenue | No. of cases in which it has been noticed that LSGD has directly filled up paddy land | Remarks if any |
| | | | | | |
| Thiruvananthapuram | 204 | 204 | 368 | 0 | |
| Kollam | 143 | 143 | 457 | 0 | |
| Pathanamthitta | 20 | 20 | 366 | 0 | |
| Alappuzha | 641 | 641 | 745 | 4 | Action completed in 384 cases. Paddy land directly filled up by Edathua, Vayalar, Punnapra Vadakku, Panavalli, Grama Panchayaths |
| Kottayam | 162 | 162 | 764 | 0 | Action cmpleted in 155 cases. |
| Idukki | 60 | 60 | 22 | 0 | |
| Ernakulam | 3155 | 3155 | 2321 | 0 | |
| Thrissur | 1207 | 1207 | 126 | 1 | (i)210 cases resorted by District Collector to |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| | | | | | original position (ii) Paddy land directly filled up Kolazhy Grama Panchayath |
| Palakkad | 780 | 780 | 1048 | 0 | Action completed in 435 cases. |
| Malappuram | 487 | 487 | 427 | 2 | Action completed in 153 cases. Paddy land directly filled up by Aliparambu Grama Panchayath, Perinthalmana Municipality |
| Kozhikode | 74 | 74 | 66 | 0 | Action completed in 68 cases. |
| Wayanad | 0 | 0 | 126 | 0 | |
| Kannur | 342 | 342 | 179 | 0 | Action completed in 276 cases. |
| Kasaragod | 19 | 19 | 101 | 1 | Paddy land directly filled up by Padanna Grama Panchayath |
| Total | 7294 | 7294 | 7134 | 8 | |

118. പ്രസ്തുത അധിക വിവരം സമിതിയുടെ 24-6-2015-ന് ചേർന്ന യോഗത്തിൽ പരിഗണിക്കവേ 2008-ൽ നിലവിൽ വന്ന നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തെപ്പറ്റിയുള്ള സമിതിയുടെ ചോദ്യത്തിന്, 2008 ഓഗസ്റ്റ് മാസത്തിലാണ് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതെന്നും ആയതിൻപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പുവഴി ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 213 ഡാറ്റാ ബാങ്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു. ഡാറ്റാ ബാങ്ക് തയ്യാറാക്കിയതുമായി ബന്ധപ്പെട്ട് ലഭിച്ച 5676 പരാതികളിൽ 3671 എണ്ണം പരിഹരിച്ചിട്ടുണ്ടെന്നും സെക്ഷൻ (5) അനുസരിച്ച് പ്രാദേശിക തലത്തിലുള്ള ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത കമ്മിറ്റിക്ക് റൂൾ 4(2)(b) അനുസരിച്ചുള്ള അധികാരമാണുള്ളതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആക്ടിലെ സെക്ഷൻ 7 അനുസരിച്ച് റിപ്പോർട്ടിംഗ് ഓഫീസർമാരായ കൃഷി ഓഫീസർമാർ പതിനാല് ജില്ലകളിൽ നിന്നായി 7294 പരാതികൾ റിപ്പോർട്ട് ചെയ്തതിലെല്ലാം തന്നെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും നികത്തിയ നെൽവയലുകളിൽ എത്ര എണ്ണം പൂർവ്വ സ്ഥിതിയിലാക്കിയിട്ടുണ്ട് എന്നതിന്റെ ശരിയായ കണക്കുകൾ ലഭ്യമല്ലെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തുടർന്നറിയിച്ചു.

119. തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നശേഷം വയൽ നികത്തലിൽ എന്തെങ്കിലും മാറ്റം വന്നിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പഞ്ചായത്തു വഴി എട്ട് കേസുകൾ മാത്രമാണ് എടുത്തിട്ടുള്ളതെന്നും നികത്തിയ വയൽ വീണ്ടെടുക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ ആക്ടിൽ ഭേദഗതി കൊണ്ടുവരുന്നതിന് സർക്കാർ തലത്തിൽ ആലോചിച്ചു വരികയാണെന്നും എന്നാൽ അഞ്ചോ പത്തോ സെന്റ് സ്ഥലം മാത്രമുള്ള സാധാരണക്കാർക്ക് വീട് വയ്ക്കുന്നതിനുമുള്ള സംവിധാനമുണ്ടാകണമെന്നും സമിതി നിർദ്ദേശിച്ചു. ആയതിനുള്ള വ്യവസ്ഥയില്ലേ എന്ന് സമിതി ആരാഞ്ഞതിന്, ആക്ടിൽ വ്യവസ്ഥയുണ്ടെങ്കിലും അത് നടപ്പിലാക്കുന്നതിന് തടസ്സങ്ങളുണ്ടെന്നും നികത്തിയ വയൽ വീണ്ടെടുക്കുന്നതിന് കളക്ടർമാർ ഉത്തരവിട്ടാലും ഫണ്ടില്ലാത്തതിനാൽ ആർ. ആർ. വഴി മാത്രമേ തുക ഈടാക്കാൻ കഴിയുകയുള്ളൂവെന്നും അത് പരാതികൾക്കിടയാക്കുന്നുണ്ടെന്നും അപ്പീലിനുള്ള വ്യവസ്ഥ ഇല്ലാത്തതിനാൽ അത് ഉൾപ്പെടുത്തുവാൻ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ടെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

120. പ്രസ്തുത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ഇതിലേയ്ക്കായി കരട് ബിൽ തയ്യാറാക്കിയിട്ടുണ്ടെന്നും കൃഷി, നിയമം, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുമായി ചർച്ച ചെയ്ത് ആവശ്യമായ ഭേദഗതികൾ കൊണ്ടുവരുവാനാണ് ഉദ്ദേശിക്കുന്നതെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

121. നെൽവയൽ നികത്തൽ നിർബാധം തുടരുകയാണെന്ന് നിരീക്ഷിച്ച സമിതി 2008-ലെ നിയമം വന്നശേഷമുള്ള മാറ്റങ്ങൾ എന്തൊക്കെയാണെന്ന് ആരാഞ്ഞു. കെ.എൽ.യു. ഉത്തരവ് അനുസരിച്ചാണ് നടപടി എടുത്തിരുന്നതെന്നും എന്നാൽ പ്രസ്തുത ഉത്തരവ് എസ്സെൻഷ്യൽ കമ്മോഡിറ്റീസ് ആക്ടിന്റെ ഭാഗമായതുകൊണ്ടും വ്യവസ്ഥകൾ കർശനമായതുകൊണ്ടും നടപടി എടുക്കുവാൻ കഴിഞ്ഞിരുന്നില്ലെന്നും ആയതിനാൽ നെൽവയൽ സംരക്ഷണ നിയമം ഭേദഗതി ചെയ്യേണ്ടത് ആവശ്യമാണെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

122. നെൽവയൽ വ്യാപകമായി നികത്തപ്പെടുന്നത് തടയുന്നതിനും, പരിസ്ഥിതിയ്ക്ക് ആഘാതം വരാതെ മൂന്നോ നാലോ സെന്റ് ഭൂമിയുള്ള സാധാരണക്കാർക്ക് വീട് വയ്ക്കുന്നതിന് അനുമതി നൽകുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയും തദ്ദേശ സ്വയംഭരണ, കൃഷി, റവന്യൂ വകുപ്പുകൾ സംയുക്തമായി ഒരു പദ്ധതി തയ്യാറാക്കി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കാൻ കഴിയുമോ എന്ന് സമിതി ആരാഞ്ഞതിന്, നെൽകൃഷി സംരക്ഷിക്കുന്നതിന് ശക്തമായ നടപടികൾ എടുക്കേണ്ടി വരുമെന്നും ആയതിന് പോലീസ് വകുപ്പിന്റെ സഹായം വേണ്ടിവരുമെന്നും നികത്തിയ വയൽ തിരിച്ചെടുക്കുവാൻ പ്രയാസമാണെന്നും ആയതിനാൽ അനധികൃത നികത്തൽ തടയുന്നതിനാവശ്യമായ വ്യവസ്ഥകൾ നിയമത്തിൽ ഉൾപ്പെടുത്തണമെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

123. അനധികൃതമായി നെൽവയൽ നികത്തൽ തടയുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ, കൃഷി, റവന്യൂ വകുപ്പുകൾ സംയുക്തമായി ചർച്ച ചെയ്ത് ഒരു പ്രൊപ്പോസൽ തയ്യാറാക്കി മൂന്നുമാസത്തിനകം സർക്കാരിനും സമിതിയ്ക്കും നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**124. 1995-96 മുതൽ സംസ്ഥാനത്ത് നെൽകൃഷിചെയ്യുന്ന ഭൂമിയുടെ വിസ്തൃതി ക്രമാതീതമായി കുറഞ്ഞുവരുന്നതായി സമിതി വിലയിരുത്തുന്നു. വർദ്ധിച്ച ഉൽപ്പാദനചെലവും തൊഴിലാളികളുടെ ദൗർലഭ്യവും മൂലം പാടശേഖരം തരിശായി ഇടുന്നതിനോടൊപ്പം കാർഷികേതര ആവശ്യങ്ങൾക്കായി നെൽപ്പാടങ്ങൾ വ്യാപകമായി നികത്തപ്പെടുന്നതായും സമിതി മനസ്സിലാക്കുന്നു. 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണനിയമം കർശനമായി നടപ്പാക്കണമെന്നും നെൽപ്പാടങ്ങൾ നികത്തുന്നത് തടയുന്നതിനായി അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

**125. അനധികൃതമായി നെൽവയൽ നികത്തുന്നത് തടയുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് തദ്ദേശ സ്വയംഭരണം, കൃഷി, റവന്യൂ എന്നീ വകുപ്പുകൾ സംയുക്തമായി ചർച്ച ചെയ്ത് ഒരു പ്രൊപ്പോസൽ തയ്യാറാക്കി അടിയന്തരമായി സർക്കാരിന് റിപ്പോർട്ടുചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

126. സംസ്ഥാനത്തിന്റെ നെല്ലറയായ കുട്ടനാട്ടിൽ കർഷകർ നിരവധി പ്രശ്നങ്ങൾ നേരിടുന്നതായി സമിതി മനസ്സിലാക്കുന്നു.കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് യഥാസമയം സംഭരിക്കുന്നതിനും സംഭരിച്ച നെല്ല് സംഭരണശാലകളിൽ എത്തിക്കുന്നതിനും കർഷകർ ധാരാളം പ്രയാസങ്ങൾ നേരിടുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഉല്പാദിപ്പിക്കുന്ന നെല്ല് ശേഖരിക്കുന്നതിനാവശ്യമായ സംഭരണശാലകൾ ജില്ലയിലില്ലാത്തതാണ് പ്രധാന പ്രശ്നമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ കുട്ടനാട്ടിലെ കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് സംഭരിച്ച് സൂക്ഷിക്കുന്നതിനാവശ്യമായ സംഭരണ ശാലകൾ ജില്ലയിൽ തന്നെ നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

127. നെല്ല് പ്രോസസ്സ് ചെയ്യാൻ അനിവാര്യമായ ശുദ്ധജലം കുട്ടനാട്ടിൽ ലഭ്യമല്ലെന്ന് നിരീക്ഷിച്ച സമിതി, ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജില്ലാപഞ്ചായത്ത് മുൻകൈ എടുത്ത് നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

128. തൊഴിലുറപ്പ് പദ്ധതിപ്രകാരം നിലമൊരുക്കിയതിന് 15 ലക്ഷം രൂപ തൊഴിലാളികൾക്ക് വേതനമായി നൽകിയതിനാൽ നഷ്ടം ഉണ്ടായി എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

129. 6 ലക്ഷം രൂപ ചെലവഴിച്ചിട്ടും തരിശു നിലം കൃഷിയോഗ്യമായില്ലെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് പഞ്ചായത്ത് സെക്രട്ടറി ഇൻ-ചാർജിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

130. നെൽവയൽ നികത്തൽ സംബന്ധിച്ച് കൃഷി വകുപ്പും റവന്യൂ വകുപ്പും എടുത്തിട്ടുള്ള കേസുകളുടെയും ഇതു സംബന്ധിച്ച് നിലവിലുള്ള കേസുകളുടേയും തൽസ്ഥിതി അറിയിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

131. നിലം നികത്തലുമായി ബന്ധപ്പെട്ട് കേസ് എടുക്കുന്നതിനും നടപടി സ്വീകരിക്കുന്നിനുമുള്ള അധികാരം റവന്യൂ വകുപ്പിനും റിപ്പോർട്ട് ചെയ്യുന്നതിനുള്ള ചുമതല കൃഷി വകുപ്പിനും രേഖകൾ സൂക്ഷിക്കുന്നതിനുമുള്ള അധികാരം പഞ്ചായത്തുകൾക്കുമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ അനധികൃതമായി നിലം നികത്തുന്ന സാഹചര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ സമയോചിതമായി പ്രവർത്തിക്കണമെന്നും ഇത്തരം സ്ഥലത്ത് കെട്ടിട നിർമ്മാണം ആരംഭിക്കുന്ന സാഹചര്യത്തിൽ അത് നിർത്തിവെയ്ക്കാൻ ആവശ്യപ്പെടുന്നതിനും ചട്ടപ്രകാരമുള്ള തുടർനടപടികൾ കൈക്കൊള്ളുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**132. താനാളൂർ ഗ്രാമപഞ്ചായത്ത് പട്ടരുപറമ്പ് സ്റ്റേഡിയം ,ചേനേരിപ്പാടം സ്റ്റേഡിയം എന്നിവയ്ക്കായി വാങ്ങിയ സ്ഥലം നികത്തുന്നതിന് ഉന്നതതല സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ടോയെന്നും സർക്കാർ അനുമതി ഇല്ലാതെ പ്രസ്തുത സ്ഥലം നികത്തിയിട്ടുണ്ടോയെന്നും അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിക്കുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

3.1.9 കേര കൃഷി

ഇന്ത്യയിൽ കേരകൃഷി ഭൂമിയുടെ വിസ്തൃതിയിൽ ഒന്നാം സ്ഥാനത്താണ് കേരളം. കേരളത്തിന്റെ കാർഷിക സമ്പദ് വ്യവസ്ഥയിൽ നാളികേര കൃഷിക്ക് സുപ്രധാന സ്ഥാനമുണ്ട്. എന്നാൽ ഇന്ന് വിളവും വരുമാനവും കുറയുന്നതിനാൽ കർഷകർ കൂടുതൽ ആദായകരമായ ഇതര വിളകളിലേയ്ക്ക് മാറുന്ന സ്ഥിതിയാണ്. പ്രായമേറിയ തെങ്ങുകളുടെ ആധിക്യവും കാറ്റുവീഴ്ച തുടങ്ങിയ രോഗങ്ങൾ വ്യാപകമായതുമാണ് കുറഞ്ഞ ഉൽപ്പാദനശേഷിക്കുള്ള കാരണങ്ങൾ. രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം അത്യുൽപ്പാദന ശേഷിയുള്ള പുതിയ തൈകൾ നട്ടുപിടിപ്പിച്ചും ശാസ്ത്രീയ കൃഷി മുറകൾ അവലംബിച്ചും ഉത്പ്പാദനക്ഷമത ഉയർത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരിശ്രമിക്കേണ്ടതാണ്. ഈ ഉദ്ദേശത്തോടെയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കൃഷിഭവനുകളുടെയും ആഭിമുഖ്യത്തിലുള്ള കേര കൃഷി പുനരുദ്ധാരണ പദ്ധതികൾക്ക് സർക്കാർ രൂപം നൽകിയിട്ടുള്ളത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ താരതമ്യേന തുച്ഛമായ തുകയാണ് കേര കൃഷി വികസനത്തിന് ചെലവഴിക്കുന്നതെന്ന് പരിശോധനയിൽ വ്യക്തമായി. പരിശോധന നടത്തിയ 84 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ചുവടെ പറയുന്ന 8 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓഡിറ്റ് കാലയളവിൽ കേരകൃഷി വികസനത്തിന് (2009-10), (2010-11) പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

1. ആദിച്ചനല്ലൂർ ഗ്രാമ പഞ്ചായത്ത് (കൊല്ലം ജില്ല)
2. നൂറനാട് ഗ്രാമ പഞ്ചായത്ത് (ആലപ്പുഴ ജില്ല)
3. നെടുമുടി ഗ്രാമ പഞ്ചായത്ത് (ആലപ്പുഴ ജില്ല)
4. ഏലപ്പാറ ഗ്രാമ പഞ്ചായത്ത് (ഇടുക്കി ജില്ല)

5. കൊച്ചി നഗരസഭ

6. പാലക്കാട് മുനിസിപ്പാലിറ്റി

7. തിരൂർ മുനിസിപ്പാലിറ്റി

8. കോഴിക്കോട് നഗരസഭ

## രോഗം ബാധിച്ച തെങ്ങുകൾ വെട്ടി മാറ്റുന്ന പദ്ധതി

വ്യത്യസ്ത കാരണങ്ങളാൽ പുതിയ തലമുറ കേരകൃഷിയിൽ നിന്ന് പിൻതിരിയുന്ന സ്ഥിതി വിശേഷം നിലനിൽക്കുന്നു. രോഗബാധമൂലം നാളികേര ഉൽപ്പാദനത്തിൽ സംഭവിക്കുന്ന ഇടിവാണ് പ്രധാന കാരണം. ഈ സാഹചര്യത്തിലാണ് രോഗം ബാധിച്ച തെങ്ങുകൾ മുറിച്ച് മാറ്റുന്നതിനുള്ള ധനസഹായം നൽകുന്നതിനും പകരം തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നതിനും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ഇത് എത്രമാത്രം കാര്യക്ഷമമായി തദ്ദേശസ്വയംഭരണ സ്ഥാപനം നടപ്പിലാക്കുന്നുണ്ടെന്ന് ഓഡിറ്റ് പരിശോധന നടത്തി.

ഒരു പ്രദേശത്തെ മുഴുവൻ രോഗബാധിത തെങ്ങുകളും മുറിച്ച് മാറ്റുന്നതിലൂടെ മാത്രമേ രോഗനിയന്ത്രണം ഫലപ്രാപ്തിയിലെത്തുകയുള്ളൂ. എന്നാൽ വിവിധ സ്ഥലങ്ങളിൽ ഭാഗികമായി തെങ്ങുകൾ മുറിച്ചുമാറ്റുന്ന രീതിയാണ് കണ്ടുവരുന്നത്. ഇത് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് സഹായകമല്ല. രോഗം ബാധിച്ച തെങ്ങുകൾ മുറിച്ച് മാറ്റി ആനുകൂല്യം കൈപ്പറ്റി കഴിഞ്ഞാൽ പകരം തൈകൾ വച്ചുപിടിപ്പിക്കുവാൻ മിക്ക കർഷകരും ശ്രദ്ധിക്കുന്നില്ല. ആനുകൂല്യങ്ങൾ വിതരണം ചെയ്തു കഴിഞ്ഞാൽ പദ്ധതി അവസാനിച്ച രീതിയിലാണ് മിക്ക കൃഷിഭവനുകളും പ്രവർത്തിക്കുന്നത്. തുടർ മോണിറ്ററിംഗ് സംവിധാനം ഫലപ്രദമല്ലാത്തതുമൂലം കേരകൃഷി വികസനം ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കുന്നില്ല.

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയും, കോഴിക്കോട് കോർപ്പറേഷനും രോഗം വന്ന തെങ്ങുകൾ മുറിച്ച് മാറ്റുന്നതിന് തുക ചെലവഴിച്ചെങ്കിലും പകരം തൈകൾ വിതരണം ചെയ്തില്ല.

പ്രവർത്തനാവലോകന പരിശോധനയിൽ ലഭ്യമായ വിവരങ്ങൾ അനുബന്ധം 7 -ൽ ചേർത്തിരിക്കുന്നു.

അനുബന്ധം 7

രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റിയതിന്റെ വിവരങ്ങൾ

| ജില്ല | സ്ഥാപനം | ചെലവഴിച്ച തുക | പകരം വിതരണംചെയ്ത തെങ്ങിൻ തൈകളുടെ എണ്ണം |
|---|---|---|---|
| 1 | 2 | 3 | 4 |
| തിരുവനന്തപുരം | നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി | 200000 | പകരം തെങ്ങിൻ തൈകൾ നട്ടിട്ടില്ല |
| പത്തനംതിട്ട | നാറാണം മൂഴി ഗ്രാമപഞ്ചായത്ത് | 55000 | 500 |
| കോട്ടയം | വെളിയന്നൂർ ഗ്രാമപഞ്ചായത്ത് | 105250 | 1760 |
| | മറവന്തുരുത്ത് ഗ്രാമപഞ്ചായത്ത് | 125000 | 801 |
| | പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് | 75000 | 325 |
| എറണാകുളം | എടത്തല ഗ്രാമപഞ്ചായത്ത് | 97854 | 347 |
| | ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് | 34750 | 139 |
| | കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് | 304080 | 650 |
| | പെരുമ്പാവൂർ മുനിസിപ്പാലിറ്റി | 117030 | 415 |
| തൃശ്ശൂർ | തെക്കുംകര ഗ്രാമപഞ്ചായത്ത് | 415000 | 865 |
| | തൃശ്ശൂർ നഗരസഭ | 305450 | 564 |
| പാലക്കാട് | ലെക്കിടി-പേരൂർ ഗ്രാമപഞ്ചായത്ത് | 84000 | 300 |
| മലപ്പുറം | താനാളൂർ ഗ്രാമപഞ്ചായത്ത് | 252000 | 504 |

| 1 | 2 | 3 | 4 |
|---|---|---|---|
| കോഴിക്കോട് | അത്തോളി ഗ്രാമപഞ്ചായത്ത് | 211000 | 1200 |
| | ബേപ്പൂർ ഗ്രാമപഞ്ചായത്ത് | 249000 | 612 |
| | മടവൂർ ഗ്രാമപഞ്ചായത്ത് | 600000 | 905 |
| | കോഴിക്കോട് നഗരസഭ | 184500 | പകരം തെങ്ങിൻ തൈകൾ നട്ടിട്ടില്ല |
| | വടകര മുനിസിപ്പാലിറ്റി | 464000 | 1150 |
| കണ്ണൂർ | കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് | 256250 | 1025 |
| | കണ്ണൂർ മുനിസിപ്പാലിറ്റി | 221856 | 558 |

തിരുവനന്തപുരം ജില്ലയിൽ പരിശോധന നടത്തിയ ആറ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും (നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി, നെടുമങ്ങാട് മുനിസിപ്പാലിറ്റി, ഇടവ ഗ്രാമപഞ്ചായത്ത്, പുളിമാത്ത് ഗ്രാമപഞ്ചായത്ത്, മാറനല്ലൂർ ഗ്രാമപഞ്ചായത്ത്, കരകുളം ഗ്രാമപഞ്ചായത്ത്) കേരകൃഷി വികസനത്തിന് കാര്യമായ പരിഗണന നൽകുന്നതായി കണ്ടെത്തി. കേരശ്രീ, സമഗ്ര നാളികേര കൃഷി പദ്ധതി എന്നിവയാണ് പ്രധാനമായും തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കുന്നത്. ഗുണമേന്മയുള്ള തെങ്ങിൻതൈകൾ സൗജന്യമായി കർഷകർക്ക് വിതരണം ചെയ്യുകയും കേന്ദ്രതോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ സാങ്കേതിക, സാമ്പത്തിക സഹായത്തോടെ തെങ്ങിന്റെ രക്ഷയ്ക്ക് പച്ച കുമിളുകൾ എന്ന കീടരോഗനിയന്ത്രണ പദ്ധതി നടപ്പാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പമ്പ് സെറ്റ് സ്ഥാപിക്കൽ, കിണർ കുഴിക്കൽ തുടങ്ങിയ പ്രവൃത്തികൾക്ക് സാമ്പത്തിക സഹായവും നൽകി വരുന്നു. ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തെങ്ങു കയറ്റ യന്ത്രം വാങ്ങാനും ഫണ്ട് ചെലവഴിക്കുന്നതായി കാണാൻ കഴിഞ്ഞു.

കേരകർഷകരെ ഈ മേഖലയിൽ തുടരാൻ പ്രേരിപ്പിക്കുന്ന സമഗ്ര പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാനുള്ള ഉത്തരവാദിത്തം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്. രോഗനിയന്ത്രണം, കീട നിയന്ത്രണം എന്നീ മേഖലകൾക്ക് അർഹമായ പ്രാധാന്യം നൽകേണ്ടതുണ്ട്. തെങ്ങുകയറ്റ തൊഴിലാളികളെ കിട്ടാനില്ലായെന്നതും ഈ മേഖല നേരിടുന്നൊരു പ്രശ്നമാണ്. അതിനാൽ താൽപ്പര്യമുള്ളവർക്ക് തെങ്ങുകയറ്റത്തിൽ പരിശീലനം നൽകാനുതകുന്ന പദ്ധതികളും, തെങ്ങുകയറ്റ യന്ത്രം പോലെ കർഷകർക്കുള്ള സഹായോപകരണങ്ങൾ വിതരണം ചെയ്യാനും പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

**ക്ലസ്റ്ററുകളുടെ രൂപീകരണം**

കേരശ്രീ/സമഗ്ര നാളികേര വികസന പദ്ധതികളിലുൾപ്പെടുത്തിയാണ് ക്ലസ്റ്ററുകളുടെ രൂപീകരണം. ഒരു ഗ്രാമപഞ്ചായത്തിലെ 20-25 ഹെക്ടർ വരെ വിസ്തൃതിയുള്ള പ്രദേശത്തെ ഏകദേശം 64 കർഷകരെ ഉൾപ്പെടുത്തിയാണ് ക്ലസ്റ്ററുകൾ രൂപീകരിക്കുന്നത്. ക്ലസ്റ്ററുകളിലെ കർഷക കൂട്ടായ്മയിലൂടെ സമഗ്ര നാളികേര വികസനം ലക്ഷ്യമിടുന്നു. മണ്ണ് പരിശോധന നടത്തുക, തെങ്ങിന് വളം ലഭ്യമാക്കുക, രോഗം ബാധിച്ച് ഉൽപ്പാദനക്ഷമത ഇല്ലാത്ത തെങ്ങുകൾ മുറിച്ചുമാറ്റി പകരം തൈകൾ നടുക, പമ്പ് സെറ്റുകൾ സ്ഥാപിക്കുക, ഇടവിള കൃഷി നടത്തുക തുടങ്ങി ക്ലസ്റ്ററുകളിലെ കർഷകർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതുൾപ്പെടെയുള്ള സമഗ്രമായ ചുമതലകളാണ് ഓരോ ക്ലസ്റ്ററിനുമുള്ളത്. ഇപ്രകാരം കർഷകരുടെ കൂട്ടായ്മയിലൂടെ കേരകൃഷിയിൽ വിപ്ലവകരമായ പുരോഗതിയാണ് ലക്ഷ്യമിടുന്നത്.

ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നുണ്ട്. അവയിൽ തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലെ 39 ക്ലസ്റ്ററുകളും മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ 21 ക്ലസ്റ്ററുകളും തൃപ്തികരമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു.

ഓഡിറ്റ് ഖണ്ഡികകളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

133. ആദിച്ചനല്ലൂർ, നൂറനാട്, നെടുമുടി, ഏലപ്പാറ എന്നീ നാല് ഗ്രാമപഞ്ചായത്തുകളിൽ 2009-10, 2010-11 കാലയളവിൽ കേരവികസനത്തിന് പദ്ധതികളൊന്നും നടപ്പിലാക്കാത്തത് ശ്രദ്ധയിൽപ്പെട്ട സമിതി ആയതിന്മേൽ വിശദീകരണമാരാഞ്ഞു. ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ 2009-10, 2010-11 വർഷങ്ങളിൽ രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചു മാറ്റുന്നതിനുള്ള സ്കീം കൃഷിവകുപ്പ് നേരിട്ട് നടപ്പിലാക്കിയിരുന്നതിനാൽ മറ്റ് പദ്ധതികളൊന്നും ഏറ്റെടുത്തിരുന്നില്ലെന്നും തുടർന്നുള്ള വർഷങ്ങളിൽ പ്രസ്തുതപദ്ധതി വിജയകരമായി നടപ്പിലാക്കിയിട്ടുണ്ടെന്നും ആദിച്ചനല്ലൂർ കൃഷി ഓഫീസർ അറിയിച്ചു. ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് കേരകൃഷിക്ക് പ്രാധാന്യം നൽകാതിരുന്നതിനെപ്പറ്റി സമിതി ആരാഞ്ഞതിന്, കൃഷി വകുപ്പ് നടപ്പിലാക്കിയ കേരവികസന പദ്ധതിയിൽ കൊല്ലം ജില്ലയെയും ഉൾപ്പെടുത്തിയിരുന്നെന്നും പ്രസ്തുത പദ്ധതിയിൽ തെങ്ങ് മുറിപ്പ്, വളം വിതരണം, ജലസേചന സൗകര്യം നൽകൽ തുടങ്ങിയ എല്ലാപരിപാടികളും ഉൾപ്പെടുത്തിയിരുന്നുവെന്നും ജില്ലയിൽ മറ്റ് പദ്ധതികളുടെ ആവശ്യം വന്നിരുന്നില്ലെന്നും കൃഷി വകുപ്പ് ഡയറക്ടർ വിശദീകരിച്ചു.

134. ഏതൊക്കെ ജില്ലകളെയാണ് പ്രസ്തുത പദ്ധതിക്ക് തെരഞ്ഞെടുത്തതെന്നും പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന്, സർക്കാർ ഉത്തരവുണ്ടോയെന്നും സമിതി ആരാഞ്ഞതിന്, പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്നും പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിക്കാൻ സർക്കാർ ഉത്തരവില്ലെന്നും കൃഷി വകുപ്പ് ഡയറക്ടർ മറുപടി നൽകി.

135. അന്നത്തെ സർക്കാർ ഉത്തരവനുസരിച്ച് ഒരോ പഞ്ചായത്തിന്റേയും പദ്ധതി വിഹിതത്തിൽനിന്നും നിശ്ചിത ശതമാനം തുക കൃഷിക്കുവേണ്ടി ചെലവഴിക്കണമെന്നുണ്ടായിരുന്നെന്നും തീരദേശത്തുള്ള പ്രധാന കൃഷി കേരകൃഷിയാണെങ്കിലും നെല്ലും പച്ചക്കറിയും കൃഷി ചെയ്യുന്നുണ്ടെന്നും അങ്ങനെ കൃഷിക്ക് വേണ്ടി ചെലവഴിക്കേണ്ട വിഹിതം പ്രസ്തുത മൂന്ന് ഇനങ്ങൾക്കുമായി ചെലവഴിക്കുന്നത് പ്രസ്തുത സർക്കാർ ഉത്തരവ് പാലിക്കാനാണെന്നും സമിതി വിലയിരുത്തി. തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ നടപ്പിലാക്കിയ കേരകൃഷി വികസന പദ്ധതി അനുസരിച്ച് തെങ്ങ് മുറിച്ചു മാറ്റുന്നതിനും പുതിയ തൈകൾ വാങ്ങുന്നതിനും കൃഷി ചെലവിനും തുകയുണ്ടെന്നും നിരീക്ഷിച്ച സമിതി ഒരോ പഞ്ചായത്തും കൃഷിക്ക് വേണ്ടി ഒരു നിശ്ചിത തുക ചെലവഴിക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് മാത്രം മുഖ്യ കൃഷി എന്ന നിലയിൽ തെങ്ങുകൃഷിക്ക് വേണ്ടി പ്രോജക്ട് വയ്ക്കാത്തതിനെ സംബന്ധിച്ച് ആരാഞ്ഞു. പരാമർശ കാലയളവിൽ കൃഷിവകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതി ഏറ്റെടുത്തതിനാലാണ് പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന കേരകൃഷി ചെയ്യാതിരുന്നതെന്നും മറ്റ് കൃഷികൾ ചെയ്തിരുന്നതായും ആദിച്ചനല്ലൂർ കൃഷി ഓഫീസർ വ്യക്തമാക്കി.

136. ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ കേരകൃഷി വികസനത്തിന് പദ്ധതികൾ ഒന്നും നടപ്പിലാക്കാതിരുന്നത് സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചതോടൊപ്പം ഏലപ്പാറ ഗ്രാമപഞ്ചായത്തിൽ കേരകൃഷി നടപ്പിലാക്കാൻ കഴിയില്ല എന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാനും സമിതി നിർദ്ദേശിച്ചു.

137. കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂർ പഞ്ചായത്തിൽ തെങ്ങുകൾ വെട്ടിമാറ്റിയെങ്കിലും പകരം തെങ്ങുകൾ വച്ച് പിടിപ്പിച്ചില്ല. 2009-10 സാമ്പത്തിക വർഷത്തിൽ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 11,05,800 രൂപയും 2010-11 സാമ്പത്തിക വർഷത്തിൽ 9,10,600 രൂപയും വകയിരുത്തുകയും ഗ്രാമപഞ്ചായത്തിന്റെ തീരുമാനപ്രകാരം നെൽകൃഷി വികസനത്തിന് ഊന്നൽ നൽകുകയും ആയതിനുള്ള പ്രോജക്ടുകൾ രൂപീകരിച്ച്

നടപ്പിലാക്കുകയും ചെയ്യുവെന്നും ആയതിനാലാണ് കേരകൃഷിക്ക് പദ്ധതികളൊന്നും രൂപീകരിക്കാനോ നടപ്പിലാക്കാനോ സാധിക്കാത്തതെന്നും നൂറനാട് കൃഷി ഭവനിൽ 2009-10, 2010-11 കാലയളവിൽ തെങ്ങ് കൃഷിക്കായി നാളികേര വികസന ബോർഡിന്റെ കേരക്ലസ്റ്റർ പദ്ധതി നടപ്പിലാക്കിയിരുന്നതിനാലാണ് ഗ്രാമപഞ്ചായത്ത് മുഖേന കേരകൃഷി വികസനത്തിന് പ്രത്യേകം പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കാതിരുന്നതെന്നും കുട്ടനാടൻ പ്രദേശമായ നെടുമുടി പഞ്ചായത്തിൽ നെൽകൃഷി വികസനത്തിന് മുൻഗണന നൽകിവന്നിരുന്നുവെന്നതിനാലും തെങ്ങ് ഈ പഞ്ചായത്തിലെ പ്രധാന വിളയല്ലാത്തതിനാലും കർഷകരെല്ലാം നെൽകൃഷി ചെയ്തുവരുന്നുണ്ടെന്നും നെൽകൃഷി വികസന പദ്ധതികൾക്ക് ആനുകൂല്യം നൽകുന്നതുമൂലം കൂടുതൽ കർഷകരിൽ ആനുകൂല്യം എത്തിക്കുവാൻ സാധിക്കുമെന്നതിനാലുമാണ് മറ്റ് വിളകൾക്കുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാതിരുന്നതെന്ന് കൃഷി ഡയറക്ടർ അറിയിച്ചു.

138. കൃഷി വകുപ്പിൽ നിന്നുള്ള പ്രസ്തുത അധിക വിവരം പരിഗണിച്ച സമിതി കേരളത്തിലെ തെങ്ങുകൃഷി ശാസ്ത്രീയമായിട്ടല്ലെന്നും തെങ്ങുനടീലിൽ വീഴ്ച വന്നിട്ടുണ്ടെന്നും പ്രസ്തുത അപാകങ്ങൾ പരിഹരിക്കുക എന്നതാണ് കേരവികസന ബോർഡിന്റെ ലക്ഷ്യമെന്നും വിലയിരുത്തി. രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചു മാറ്റലും പുതിയ തൈകൾ വയ്ക്കലുമാണ് പദ്ധതിയെന്നും എന്നാൽ തെങ്ങ് മുറിച്ച് മാറ്റുന്നതിന് തുക കൈപ്പറ്റുന്നതല്ലാതെ പുതിയ തെങ്ങ് നട്ടതായി പഞ്ചായത്ത് രേഖകളിലില്ലെന്നും നിരീക്ഷിച്ച സമിതി, പ്രസ്തുത വിഷയം വകുപ്പ് പരിശോധിക്കണമെന്ന് നിർദ്ദേശിച്ചു.

139. ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്തിൽ 2008-09 വർഷത്തിൽ രോഗം ബാധിച്ച 300 തൈകൾ വെട്ടിമാറ്റി പകരം 300 തൈകൾ വച്ചു പിടിപ്പിച്ചുവെന്നും അവ നല്ല രീതിയിൽ വളരുന്നുണ്ടെന്നും കായ്ച്ച് തുടങ്ങിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

140. താനാളൂർ ഗ്രാമപഞ്ചായത്തിൽ 2010-11, 2011-12 വർഷ കാലയളവിൽ 504 തെങ്ങുകൾ വെട്ടിമാറ്റി പകരം 580 തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ടെന്നും എല്ലാ തെങ്ങുകളും കായ്ച്ചു തുടങ്ങിയിട്ടുണ്ടെന്നും താനാളൂർ കൃഷി ഓഫീസർ വിശദമാക്കി.

141. മടവൂർ ഗ്രാമപഞ്ചായത്ത് 1468 തെങ്ങുകൾ മുറിച്ചുമാറ്റി പകരം 3400 തൈകൾ നട്ടുപിടിപ്പിച്ചതായും അവ വളർന്നുവരുന്നുണ്ടെന്നും ബന്ധപ്പെട്ട കൃഷി ഓഫീസർ സമിതിയെ അറിയിച്ചു. എന്നാൽ തെങ്ങുകൾ മുറിച്ചുമാറ്റിയതും തെങ്ങിൻ തൈകൾ വച്ചുപിടിപ്പിച്ചതും എന്നാണെന്നുള്ള സമിതിയുടെ ചോദ്യത്തിന് വ്യക്തമായ ഉത്തരം നൽകാൻ ബന്ധപ്പെട്ട കൃഷി ഓഫീസർക്ക് കഴിഞ്ഞില്ല. ആയതിനാൽ മറുപടിയിൽ പറയും പ്രകാരം തെങ്ങ് മുറിച്ചതെന്നാണെന്നും ആയതിനായി ചെലവഴിച്ച തുക എത്രയാണെന്നും അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാൻ പഞ്ചായത്ത് ഡയറക്ടറോട് സമിതി നിർദ്ദേശിച്ചു.

142. അത്തോളി ഗ്രാമപഞ്ചായത്തിൽ 2005-06 വർഷത്തിൽ രോഗബാധയുള്ള 1200 തെങ്ങുകൾ വെട്ടിമാറ്റുകയും 2011-12-ന് ശേഷം പകരം തൈകൾ നട്ടുപിടിപ്പിച്ചതായും അത്തോളി ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസറും ബേപ്പൂർ ഗ്രാമപഞ്ചായത്തിൽ 2009-ൽ 250 തെങ്ങുകൾ വെട്ടിമാറ്റി പകരം തൈകൾ വച്ചു പിടിപ്പിച്ചതായും ആയതിന് 1,25,000 രൂപ ചെലവഴിച്ചതായും കോഴിക്കോട് കൃഷി ഡെപ്യൂട്ടി ഡയറക്ടറും സമിതിയെ അറിയിച്ചു. എന്നാലും ബേപ്പൂർ ഗ്രാമപഞ്ചായത്ത് 2,49,000 രൂപ ചെലവഴിച്ചതായി ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിരിക്കുന്നത് നിരീക്ഷിച്ച സമിതി ആയതിനുള്ള കാരണം ആരാഞ്ഞതിന് 4.5 ലക്ഷം രൂപ പദ്ധതിയ്ക്ക് വകയിരുത്തിയിരുന്നുവെന്നും 5025 തെങ്ങുകൾക്ക് ജൈവരാസവളം ഉപയോഗിച്ചുവെന്നും 250 തെങ്ങുകൾ വെട്ടിമാറ്റിയെന്നുമാണ് കൃഷിഭവനിൽ നിന്നും റിപ്പോർട്ട് ചെയ്തതെന്നും കോഴിക്കോട് കൃഷി ഡെപ്യൂട്ടി ഡയറക്ടർ വ്യക്തമാക്കി. പ്രസ്തുത വിഷയം സംബന്ധിച്ച് കൃഷി വകുപ്പ് വിശദമായി പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

143. കല്യാശ്ശേരി ഗ്രാമപഞ്ചായത്തിൽ 2008-09, 2009-10 കാലയളവിൽ 1025 തെങ്ങുകൾ വെട്ടിമാറ്റിയെന്നും പകരം തൈകൾ വച്ചുപിടിപ്പിച്ചത് കായ്ച്ചു തുടങ്ങിയെന്നും ആയതിന് 2,86,280 രൂപ ചെലവഴിച്ചെന്നും കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും അറിയിച്ചു. തെക്കുംകര ഗ്രാമപഞ്ചായത്തിൽ 2008-09, 2009-10 വർഷങ്ങളിൽ 4,15,200 രൂപ ചെലവഴിച്ച് 830 തെങ്ങുകൾ മുറിച്ചുമാറ്റുകയും 865 തൈകൾ വച്ചുപിടിപ്പിക്കുകയും ചെയ്തുവെന്നും 2014-15-ൽ 650 തെങ്ങിൻ തൈകൾ വിതരണം ചെയ്തുവെന്നും തൃശ്ശൂർ എ.ഡി.പി.-യും സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**144. കേരകൃഷി ഭൂമിയുടെ വിസ്തൃതിയിൽ സംസ്ഥാനം ഒന്നാം സ്ഥാനത്താണെങ്കിലും കേരകൃഷി ശാസ്ത്രീയമായിട്ടില്ലെന്നും രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം തൈകൾ വയ്ക്കുന്ന പദ്ധതി കൃഷി വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടത്തുന്നുണ്ടെങ്കിലും ഇത് സംബന്ധിച്ച് ആധികാരിക രേഖകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലില്ലെന്ന് സമിതി മനസ്സിലാക്കുന്നു. സമിതിയുടെ മുൻപാകെ ലഭിച്ച രേഖകൾ പ്രകാരം ഓഡിറ്റ് പരിശോധന നടത്തിയ മടവൂർ ഗ്രാമപഞ്ചായത്തിൽ 1468 തെങ്ങുകൾ മുറിച്ചുമാറ്റി പകരം 3400 തൈകൾ നട്ടതായി കാണുന്നു. എന്നാൽ ഇവ നടപ്പിലാക്കിയത് എന്നാണെന്നതുസംബന്ധിച്ച രേഖയില്ല. 2009-ൽ ബേപ്പൂർ ഗ്രാമപഞ്ചായത്തിൽ ഈ പദ്ധതിയിൻകീഴിൽ 2,49,000 രൂപ ചെലവഴിച്ചതായ പരാമർശത്തിനും ആധികാരിക രേഖകൾ ലഭ്യമല്ലായെന്ന് പരാമർശിച്ചിരിക്കുന്നു. ഇതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ - കൃഷി വകുപ്പുകൾ അന്വേഷിച്ച് വിശദമായ റിപ്പോർട്ട് നല്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

## 3.1.10 - നീർത്തടാധിഷ്ഠത പദ്ധതികൾ

ലഭ്യമായ ഭൂജല, ജൈവവൈവിധ്യങ്ങളെ അവയുടെ പ്രകൃതിദത്ത അതിരുകൾക്കുള്ളിൽ സംരക്ഷിച്ച് പരിപോഷിപ്പിക്കുകയും പരിസ്ഥിതിക്ക് ഹാനികരമാകാത്ത രീതിയിൽ അവയെ വിനിയോഗിച്ച് ആ പ്രദേശത്തിന്റെ മൊത്തം കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുകയുമാണ് നീർത്തടാധിഷ്ഠിത പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

ഭൂമി, ജലം, ജൈവ വൈവിധ്യങ്ങൾ എന്നിവയാണ് നീർത്തട പരിപാലനത്തിന്റെ മുഖ്യഘടകങ്ങൾ.

ജലദൗർലഭ്യത്തിന് ശാശ്വതമായ പരിഹാരം എന്ന ലക്ഷ്യത്തോടെയാണ് നീർത്തടാധിഷ്ഠിത പദ്ധതികൾ ആവിഷ്കരിക്കുന്നത്.

28-12-2006-ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 295/06/ത.സ്വ.ഭ.വ. പ്രകാരം നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഒന്നാം ഘട്ട പ്രവർത്തനങ്ങളും അവയുടെ വിശദമായ മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി വിവിധ തലങ്ങളിൽ രൂപീകരിക്കേണ്ട സമിതികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, അവയുടെ ഘടന, ചുമതലകൾ, പ്രവർത്തനങ്ങൾ എന്നിവ ഈ ഉത്തരവിൽ വിശദമാക്കുന്നു.

- നീർത്തട വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി ജില്ലാതല സാങ്കേതിക സഹായ സമിതി രൂപീകരിക്കുക.
- ബ്ലോക്ക് തലത്തിൽ നീർത്തട വികസന സബ്ഗ്രൂപ്പുകൾ രൂപീകരിക്കുക.
- ഗ്രാമപഞ്ചായത്തുകളിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും , കൃഷി ഓഫീസർ കൺവീനറുമായി നീർത്തട വികസന വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുക.
- ഓരോ നീർത്തടത്തേയും അടിസ്ഥാനമാക്കി നീർത്തട കമ്മിറ്റികൾ രൂപീകരിക്കുക.
- നീർത്തട കമ്മിറ്റികൾ നീർത്തട വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പശ്ചാത്തല പ്രവർത്തനങ്ങൾ നടത്തുക, വിവരശേഖരം നടത്തുക എന്നിവയാണ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ.

നീർത്തട വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 14-5-2007-ലെ (എംഎസ്.) 128/2007/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിൽ വിശദമാക്കുന്നു. ഇതു പ്രകാരം തയ്യാറാക്കുന്ന മാസ്റ്റർ പ്ലാൻ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടെ അനുമതിയോടെ നടപ്പാക്കണം.

തണ്ണീർത്തടങ്ങളുടെ പ്രാധാന്യം പരിഗണിച്ച് സംരക്ഷണ പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാധാന്യം നൽകേണ്ടതാണ്. തണ്ണീർത്തടങ്ങളുടെ നേരിട്ടുള്ള നികത്തൽ, കളിമൺ ഖനനം, കൈയ്യേറ്റം, വ്യവസായവൽക്കരണം, മണ്ണിടിച്ചിൽ, വിസർജ്ജ്യങ്ങളുടെയും മറ്റു മാലിന്യങ്ങളുടെയും നിക്ഷേപം എന്നിവ തണ്ണീർത്തടങ്ങൾ നേരിടുന്ന ഭീഷണികളാണ്. വാർഡ്/ഗ്രാമസഭാ തലത്തിലുള്ള ബോധവൽക്കരണവും സംരക്ഷണത്തിനുള്ള പ്രത്യേക കർമ്മ പരിപാടികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കേണ്ടതുണ്ട്.

എന്നാൽ നീർത്തടാധിഷ്ഠിത പദ്ധതികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര പ്രാധാന്യം നൽകി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും മാസ്റ്റർ പ്ലാൻ തയ്യാറാക്കി വികസന പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ ഭൂരിഭാഗം കൃഷിഭവനുകളും ആരംഭിച്ചിട്ടില്ല. നീർത്തട വികസന സമീപനം തന്നെ തുടരണമെന്ന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 10, 11 പദ്ധതികാലയളവിലെ കാർഷിക മേഖലയിലെയും അനുബന്ധ മേഖലകളിലെയും പദ്ധതികൾ നിർബന്ധമായും നീർത്തട വികസന കാഴ്ചപ്പാടിൽ തയ്യാറാക്കണമെന്ന് നിർദ്ദേശമുണ്ടായിരുന്നെങ്കിലും പൂർണ്ണമായും ഒരു നീർത്തട വികസന സമീപനത്തിൽ പദ്ധതി തയ്യാറാക്കുന്നതിന് മിക്ക സ്ഥാപനങ്ങൾക്കും കഴിഞ്ഞിട്ടില്ല.

പരിശോധന നടത്തിയതിൽ ഏതാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നീർത്തടാധിഷ്ഠിത പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. പ്രധാനമായും മഴക്കുഴി നിർമ്മാണം, മൺകയ്യാല നിർമ്മാണം, ജൈവവേലി നിർമ്മാണം, തെങ്ങിന് തടം തയ്യാറാക്കൽ, കുളം വൃത്തിയാക്കൽ, ചെക്ക് ഡാം നിർമ്മാണം, കമ്പോസ്റ്റ് പിറ്റ് തയ്യാറാക്കൽ എന്നിവയാണ് നീർത്തടങ്ങൾക്കായി നടപ്പിലാക്കുന്നത്. മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ള സ്ഥാപനങ്ങളിലും പ്ലാനിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടക്കുന്നില്ല. പദ്ധതികൾ നടപ്പിലാക്കുന്ന സ്ഥാപനങ്ങളുടെ വിവരം അനുബന്ധം 6-ൽ കാണാവുന്നതാണ്.

<u>അനുബന്ധം-6</u>

## നീർത്തടാധിഷ്ഠിത പദ്ധതി

| ജില്ല | സ്ഥാപനം | നീർത്തട മാസ്റ്റർ പ്ലാൻ | നീർത്തട വർക്കിംഗ് ഗ്രൂപ്പുകൾ | വികസന പദ്ധതിയുടെ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| തിരുവനന്തപുരം | പുളിമാത്ത് ഗ്രാമപഞ്ചായത്ത് | | | പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് |
| | മാറാനല്ലൂർ ഗ്രാമപഞ്ചായത്ത് | ഉണ്ട് | | 58 ലക്ഷം രൂപയുടെ പ്രോജക്ടുകൾ DPC യുടെ അംഗീകാരത്തിന് നൽകിയിട്ടുണ്ട് |
| | ഇടവ ഗ്രാമപഞ്ചായത്ത് | ഉണ്ട് | ഉണ്ട് | പദ്ധതി 'തൊഴിലുറപ്പ്' പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു |
| | നെയ്യാറ്റിൻകര നഗരസഭ | | ഉണ്ട് | പദ്ധതി 17 വാർഡുകളിലായി നടപ്പിലാക്കിവരുന്നു |
| കൊല്ലം | ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് | | ഉണ്ട് | 5 നീർത്തട പ്രദേശങ്ങളിലേക്കായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു |
| | കരീപ്ര ഗ്രാമപഞ്ചായത്ത് | | | നീർത്തടാധിഷ്ഠിത പദ്ധതിയെ അടിസ്ഥാനപ്പെടുത്തി നാളികേര വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| ആലപ്പുഴ | ചെറുതന ഗ്രാമപഞ്ചായത്ത് | ഉണ്ട് | ഉണ്ട് | തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വാച്ചാലുകളുടെ ആഴം കൂട്ടുന്നതിന് വൻതുക ചെലവഴിച്ചിട്ടുണ്ട് |
| | നൂറനാട് ഗ്രാമപഞ്ചായത്ത് | ഉണ്ട് | ഉണ്ട് | തൊഴിലുറപ്പ് പദ്ധതി പ്രകാരം പദ്ധതി നടപ്പിലാക്കുന്നു. |
| കോട്ടയം | മാടപ്പിള്ളി ഗ്രാമപഞ്ചായത്ത് | ഉണ്ട് | ഉണ്ട് | 10 നീർത്തടങ്ങളിലായി പദ്ധതി നടപ്പിലാക്കുന്നു |
| | കൊഴുവനാൽ ഗ്രാമപഞ്ചായത്ത് | ഉണ്ട് | ഉണ്ട് | 5 നീർത്തടങ്ങൾക്കായി വികസന പദ്ധതികൾ തയ്യാറാക്കി വരുന്നു |
| തൃശ്ശൂർ | അന്നമനട ഗ്രാമപഞ്ചായത്ത് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| പാലക്കാട് | ലെക്കിടി-പേരൂർ ഗ്രാമപഞ്ചായത്ത് | ഉണ്ട് | | പേരൂർ നീർത്തട വികസനം കറവപശു വിതരണം, ജൈവവേലി നിർമ്മാണം എന്നിവ ഈ പ്രോജക്ടിന്റെ കീഴിൽ നടപ്പിലാക്കുന്നു |
| മലപ്പുറം | ചുങ്കത്തറ ഗ്രാമപഞ്ചായത്ത് | ഉണ്ട് | ഉണ്ട് | |
| | പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് | ഉണ്ട് | ഉണ്ട് | പദ്ധതി തയ്യാറാക്കി വരുന്നു |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| കോഴിക്കോട് | ബേപ്പൂർ ഗ്രാമപഞ്ചായത്ത് | ഉണ്ട് | | ഉണ്ട് |
| | നന്മണ്ട ഗ്രാമപഞ്ചായത്ത് | ഉണ്ട് | ഉണ്ട് | 10 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കിയിട്ടുണ്ട്. |
| കണ്ണൂർ | മുണ്ടേരി ഗ്രാമപഞ്ചായത്ത് | ഇല്ല | ഉണ്ട് | നടപ്പാക്കുന്നുണ്ട് |
| | കല്യാശ്ശേരി ഗ്രാമപഞ്ചായത്ത് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| കാസറഗോഡ് | പൈവളികെ ഗ്രാമപഞ്ചായത്ത് | ഉണ്ട് | ഉണ്ട് | പദ്ധതികൾ നടപ്പിലാക്കുന്നു. |
| | കോടോംബേളൂർ ഗ്രാമപഞ്ചായത്ത് | ഉണ്ട് | ഉണ്ട് | ഉണ്ട് |

## മാതൃകാ പ്രവർത്തനങ്ങൾ

### എറണാകുളം ജില്ല – എടത്തല ഗ്രാമപഞ്ചായത്തിലെ മാസ്റ്റർ പ്ലാൻ

ഗ്രാമപഞ്ചായത്തിലെ 3 നീർത്തടങ്ങൾക്കായി മഴക്കുഴി നിർമ്മാണം, മൺകയ്യാല നിർമ്മാണം, ജൈവവേലി നിർമ്മാണം, തെങ്ങിൻ തടം തയ്യാറാക്കൽ, തെങ്ങിന് പുതയിടൽ, ജാതിക്ക് തടമെടുക്കൽ, വൃക്ഷതൈ നടീൽ, കുളം വൃത്തിയാക്കൽ, തലക്കുളം നിർമ്മാണം, ചെക്ക് ഡാം നിർമ്മാണം, കമ്പോസ്റ്റ് പിറ്റ് തയ്യാറാക്കൽ, നിലമൊരുക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിലേക്ക് മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 12,35,93,726 രൂപയുടെ പ്രവർത്തനങ്ങൾ നടത്താൻ 11-1-2011-ൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

**തിരുവനന്തപുരം ജില്ല – നെയ്യാറ്റിൻകര നഗരസഭ**

നീർത്തടാധിഷ്ഠിത പദ്ധതിക്കായി 15 ലക്ഷം ചെലവഴിച്ചിട്ടുണ്ട്. 17 വാർഡുകളിലായി ഈ പദ്ധതി നടപ്പാക്കിവരുന്നു.

## ആലപ്പുഴ ജില്ല

ആലപ്പുഴ നഗരസഭയിൽ നീർത്തട സംരക്ഷണവുമായി ബന്ധപ്പെട്ട് 250 കുളങ്ങൾ 2010-11 വർഷം ജലസേചനയോഗ്യമാക്കി. ഇതിനുവേണ്ടി 2,50,000 രൂപ ചെലവഴിച്ചു.

<u>അപാകങ്ങൾ</u>

## കണ്ണൂർ ജില്ല-പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത്

2008-09 വാർഷിക പദ്ധതിയിൽ നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ എന്ന പ്രോജക്റ്റ് ഉൾപ്പെടുത്തിയിരുന്നെങ്കിലും തൻവർഷം പ്രോജക്റ്റ് ഉപേക്ഷിക്കുകയാണുണ്ടായത്. പിന്നീട് 2009-10-ൽ ആരംഭിച്ച പ്രോജക്റ്റ് 2010-11-ൽ പൂർത്തീകരിച്ചുവെങ്കിലും ഡി.പി.സി. അംഗീകാരം 30-11-2011 വരെ ലഭിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു:

| വർഷം | പ്രോജക്റ്റ് നമ്പർ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2008-09 | 132/09 | 5000 | |
| 2009-10 | 87/10 | 137080 | 85060 |
| 2010-11 | 99/11 | 32000 | 20000 |

നീർത്തടാധിഷ്ഠിത പദ്ധതി തയ്യാറാക്കുന്നതിലും അംഗീകാരം നേടുന്നതിലും കാലതാമസം നേരിട്ടതു കൂടാതെ ഡി.പി.സി. അംഗീകാരമില്ലാതെ പ്രോജക്റ്റിന് 1,05,060 രൂപ ചെലവഴിക്കുകയും ചെയ്തു.

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

145. പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട് സമിതി വിശദാംശങ്ങൾ ആരാഞ്ഞതിന് അപാകതകൾ പരിഹരിച്ച് നീർത്തടമാസ്റ്റർ പ്ലാനിന് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ആയത് സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

146. നീർത്തടാധിഷ്ഠിത പദ്ധതികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര പ്രധാന്യം നൽകിയില്ല. നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കി വികസന പദ്ധതികൾ ആരംഭിച്ചില്ല എന്നീ വിഷയങ്ങൾ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് നീർത്തടാധിഷ്ഠിത പദ്ധതി നടപ്പിലാക്കുവാൻ എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കേണ്ടതെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ അറിയിച്ചു. മുനിസിപ്പാലിറ്റികളിലും

കോർപ്പറേഷനുകളിലും ടി പദ്ധതി നടപ്പിലാക്കുന്നതിനും ഗ്രാമങ്ങളിൽ നടപ്പിലാക്കുന്നതിനും ഒരേ വ്യവസ്ഥ തന്നെയാണുള്ളതെന്ന് നഗരകാര്യ വകുപ്പ് ഡയറക്ടറുടെ വിശദീകരണത്തിൽ നിന്നും സമിതിയ്ക്ക് ബോധ്യപ്പെട്ടു. പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ടി പദ്ധതി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയതായി നഗരകാര്യ വകുപ്പ് ഡയറക്ടർ മറുപടി നൽകി.

147. സമിതിയുടെ പല ചോദ്യങ്ങൾക്കും നഗരകാര്യ വകുപ്പ് ഉദ്യോഗസ്ഥർക്ക് മറുപടി നൽകാൻ കഴിയാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. തണ്ണീർത്തട സംരക്ഷണ പദ്ധതികൾക്ക് നൽകിയ നിർദ്ദേശം സംബന്ധിച്ചും ആയത് പാലിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ചുമുള്ള റിപ്പോർട്ട് നൽകാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**148. നീർത്തടാധിഷ്ഠിത പദ്ധതികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര പ്രാധാന്യം നൽകുന്നില്ലെന്ന് നിരീക്ഷിച്ച സമിതി പദ്ധതി രൂപീകരണവേളയിൽ നീർത്തട വികസന പദ്ധതികൾക്ക് അർഹമായ വിഹിതം അനുവദിക്കുന്നതിനും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സമന്വയിപ്പിച്ച് ഇത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

**149. തണ്ണീർത്തട സംരക്ഷണപദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമെന്നും ആയത് പാലിച്ചിട്ടുണ്ടോ എന്നുമുള്ള വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**150. അപാകതകൾ പരിഹരിച്ച് പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിലെ നീർത്തട മാസ്റ്റർ പ്ലാനിന് ഡി.പി.സി. അംഗീകാരം ലഭിച്ചതു സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക 3.1.11-

**കാർഷിക യന്ത്രവൽക്കരണം**

ഭക്ഷ്യോത്പാദനം കുറയുകയും, കൂലി നിരക്ക് ഉയരുകയും തൊഴിലാളികൾക്ക് ദൗർലഭ്യമുണ്ടാവുകയും ചെയ്യുന്ന സാഹചര്യത്തിൽ കാർഷിക രംഗത്തെ ഉൽപ്പാദന വർദ്ധനവിന് യന്ത്രവൽക്കരണം അനിവാര്യമായി.

അധികാര വികേന്ദ്രീകരണത്തിനാധാരമായ 18-9-1995-ലെ 189/95/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കാൻ നിർദ്ദേശമുണ്ട്. 10-ാം പഞ്ചവൽസര പദ്ധതിയിൽ കാർഷിക യന്ത്രോപകരണങ്ങളുടെ സബ്സിഡി

മാനദണ്ഡങ്ങളും വിശദീകരിക്കുന്നുണ്ട്. ട്രാക്ടർ, ടില്ലർ, മറ്റു കാർഷിക ഉപകരണങ്ങൾ എന്നിവ 100% സബ്സിഡിയോടെ കർഷക സഹകരണ സംഘങ്ങൾക്കും, രജിസ്റ്റർ ചെയ്ത പാടശേഖര സമിതികൾക്കും കരാർ ഉടമ്പടിയിന്മേൽ നൽകാനും നിർദ്ദേശമുണ്ട്.

ഇറക്കുമതി ചെയ്യപ്പെട്ട കാർഷിക യന്ത്രങ്ങളുടെ അധികവില, യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും, കേടുപാടുകൾ തീർക്കുന്നതിനും വൈദഗ്ധ്യം ലഭിച്ച തൊഴിലാളികളുടെ അഭാവം എന്നിങ്ങനെ കേരളത്തിലെ കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്.

കാർഷിക യന്ത്രവൽക്കരണത്തിനായി കൃഷിഭവനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 10, 11 പദ്ധതികളിൽ സ്വീകരിച്ച നടപടികൾ ഓഡിറ്റ് പരിശോധിച്ചു.

## ചെറുതാഴം മാതൃക

കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഒരു കുടുംബശ്രീ യൂണിറ്റ് നെല്ല് സംസ്കരിച്ച് 'ചെറുതാഴം പൊൻമണി' എന്ന പേരിൽ ബ്രാന്റ് ചെയ്ത് അരി വിൽപ്പന നടത്തിവരുന്നു. 350 ഹെക്ടറോളം നെൽകൃഷിയുള്ള ഈ പ്രദേശത്ത് ഉൽപ്പാദിപ്പിക്കുന്ന 1500 ടൺ നെല്ല് കർഷകരിൽ നിന്ന് നേരിട്ട് എടുത്ത് അരിയും ഇതിൽ നിന്നുള്ള മറ്റു പല ജൈവ ഉൽപ്പന്നങ്ങളും ഉണ്ടാക്കുന്നുണ്ട്. ഈ യൂണിറ്റിനു വേണ്ടി ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ വിളയംകോട്ടുള്ള വ്യവസായ എസ്റ്റേറ്റിൽ നെല്ല് പുഴുങ്ങുന്ന യന്ത്രം സ്ഥാപിക്കുന്നതിനായി പദ്ധതി തയ്യാറാക്കുകയും ഗ്രാമപഞ്ചായത്ത് വിഹിതമായി 1,75,044 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 15,00,000 രൂപയും ഉൾപ്പെടെ 16,75,044 രൂപ വകയിരുത്തുകയും ചെയ്തു. നെല്ല് പുഴുങ്ങൽ യന്ത്രം സ്ഥാപിക്കുന്നതിനാവശ്യമായ കെട്ടിടത്തിന്റെ പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കാർഷിക യന്ത്രവൽക്കരണം സാധ്യമാക്കുന്നതിന്റെ ഭാഗമായി, സബ്സിഡി നൽകി പമ്പ് സെറ്റുകളും, സ്പ്രേയറുകളും ട്രാക്ടറുകളും വാങ്ങി പാടശേഖര സമിതികൾക്ക് കരാർ ചമച്ച് കൈമാറുകയും അവ കൃഷിക്ക് ഉപയുക്തമാക്കുകയും ചെയ്യുന്നതായാണ് ഒട്ടുമിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കാണാൻ സാധിച്ചത്. RKVY പദ്ധതി പ്രകാരവും യന്ത്രവൽക്കരണത്തിന് സഹായം നൽകുന്നുണ്ട്. യന്ത്രങ്ങൾ എല്ലാ പാടശേഖര സമിതികൾക്കും ഉപയോഗിക്കാവുന്ന വിധത്തിൽ കരാർ എഴുതിയുണ്ടാക്കി അതത് പാടശേഖരങ്ങളിലെ ഉപയോഗം കഴിഞ്ഞ് മറ്റ് പാടശേഖര സമിതികൾക്കും നൽകി വരുന്നതായി ആലപ്പുഴ നഗരസഭയിൽ കാണാൻ കഴിഞ്ഞു.

പാടശേഖര സമിതികൾ നിലവിലില്ലാത്തയിടങ്ങളിൽ യന്ത്രോപകരണങ്ങൾ നേരിട്ട് കർഷകർക്ക് ലഭ്യമാക്കുന്നുമുണ്ട്. കൂടാതെ ഉപകരണങ്ങൾ പാടശേഖര സമിതി കൺവീനർ മുഖേന വ്യക്തിഗത കർഷകർക്ക് വാടകയ്ക്കും നൽകിവരുന്നു.

<u>അപാകങ്ങൾ</u>

കൃഷിഭവന്റെ നേതൃത്വത്തിൽ വാങ്ങുന്ന കാർഷിക ഉപകരണങ്ങൾ സൂക്ഷിക്കാൻ സൗകര്യമില്ലാത്തതിനാലും യഥാസമയം കർഷക സമിതികളെ ഏൽപ്പിക്കാത്തതിനാലും ഉപയോഗശൂന്യമായി മാറുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

നനവുള്ള പാടങ്ങളിൽ ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ കഴിയാത്തതും സ്പെയർപാർട്സ് സർവ്വീസും ലഭ്യമല്ലാത്തതുമായ പഴയ മോഡൽ കാർഷികോപകരണങ്ങൾ പ്രവർത്തിപ്പിക്കാനാകാതെ നശിക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ കാർഷിക മേഖലയുടെ പ്രത്യേകതകൾ കണക്കിലെടുക്കാതെയും ദീർഘവീക്ഷണമില്ലാതെയും നടപ്പാക്കിയ യന്ത്രവൽക്കരണ പ്രോജക്ടുകൾ പലതും പരാജയപ്പെടുകയാണ് ചെയ്തത്. യന്ത്രവൽക്കരണം നടത്തുമ്പോൾ അനുയോജ്യമായ യന്ത്രങ്ങൾ വാങ്ങുന്നതിന് വേണ്ടത്ര തയ്യാറെടുപ്പുകളും പഠനങ്ങളും നടത്തേണ്ടത് അത്യാവശ്യമാണ്.

**തിരുവനന്തപുരം നഗരസഭ**യുടെ കുടപ്പനക്കുന്ന് സോണലിൽ ഒരു നെല്ല് മെതിയന്ത്രം, 2 റോക്കർ സ്പ്രേയറുകൾ, നാപ്ഡാക്ക് സ്പ്രേയർ, പവർ സ്പ്രേയർ എന്നിവ കർഷക സമിതികളെ ഏൽപ്പിക്കാത്തതുമൂലം മെയിന്റനൻസ് നടത്താതെയും പ്രവർത്തന ക്ഷമമല്ലാതെയും കിടക്കുന്നുണ്ട്.

**കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ** 17,20,000 രൂപ ചെലവഴിച്ച് വാങ്ങിയ കൊയ്ത്തുമെതിയന്ത്രം പാടശേഖര സമിതിക്ക് നൽകാതെ കൃഷി ഓഫീസർ സൂക്ഷിച്ചിരിക്കുന്നതിനാൽ നിർജ്ജീവ ആസ്തിയായി തുടരുന്നു.

## കൊല്ലം ജില്ല-കരീപ്ര ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണ പദ്ധതി പ്രകാരം 2002-03-ൽ 11 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയ കൊയ്ത്തുമെതിയന്ത്രം 2004-ൽ പ്രവർത്തിച്ചു തുടങ്ങിയെങ്കിലും 2009-ൽ പ്രവർത്തനരഹിതമായി. പഴയ മോഡലായ ഈ യന്ത്രത്തിന് സ്പെയർ പാർട്ട്സുകളും സർവ്വീസും ലഭ്യമല്ലാത്തതാണ് പ്രവർത്തനരഹിതമാകാൻ കാരണം.

## തൃശ്ശൂർ ജില്ല – അന്നമനട ഗ്രാമപഞ്ചായത്ത്

35,83,000 രൂപ ചെലവിൽ വിവിധ കാർഷിക യന്ത്രങ്ങൾ വാങ്ങി പഞ്ചായത്ത് അന്നമനട ഗ്രാമപഞ്ചായത്ത് പാടശേഖര സമിതിക്ക് കൈമാറി. എന്നാൽ സമിതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി സൂക്ഷിക്കുന്നില്ല. വരവുകൾക്ക് കൃത്യമായി രസീത് നൽകുകയോ, ചെലവുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. യന്ത്രോപകരണങ്ങളുടെ ലോഗ് ബുക്കുകളും എഴുതി സൂക്ഷിക്കുന്നില്ല. 2009-10-ൽ 2,71,984 രൂപ ചെലവഴിച്ച് വാങ്ങിയ ട്രെയിലർ ഉപയോഗപ്പെടാതെ പഞ്ചായത്ത് കോമ്പൗണ്ടിൽ കിടക്കുന്നു.

## പാലക്കാട് ജില്ല-ലെക്കിടി-പേരൂർ ഗ്രാമപഞ്ചായത്ത്

പ്രോജക്ട് നമ്പർ 01/05-06 പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും 95,000 രൂപ സബ്സിഡി അനുവദിച്ച് 1,08,420 രൂപ വിലയുള്ള Power Tiller, Cage Wheel, Tail Wheel Flot എന്നിവ വാങ്ങി മംഗലം പാടശേഖര സമിതിക്ക് കൈമാറി. എഗ്രിമെന്റ് പ്രകാരം ടില്ലറിന് കേടുപാടുകൾ സംഭവിച്ചാൽ സമിതി റിപ്പയർ ചെയ്യേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി പ്രോജക്ട് നമ്പർ 75/08-09 പ്രകാരം പദ്ധതി വിഹിതം 25,000 രൂപ ചെലവഴിച്ച് ടില്ലർ റിപ്പയർ നടത്തുകയുണ്ടായി. സീസണലായ ജോലികൾക്ക് ടില്ലർ ഡ്രൈവറെ ലഭ്യമല്ലാത്തതിനെ തുടർന്ന് ടില്ലറും അനുബന്ധ ഉപകരണങ്ങളും ഉപയോഗശൂന്യമായ നിലയിൽ തുരുമ്പെടുത്ത് സമിതി പ്രസിഡന്റിന്റെ വീട്ടുവളപ്പിൽ കിടന്നു നശിക്കുന്നു.

## പാലക്കാട് ജില്ല-കുമരം പുത്തൂർ ഗ്രാമപഞ്ചായത്ത്

2004-05 വർഷം പദ്ധതി ഫണ്ടിൽ നിന്ന് 6,00,000 രൂപ ചെലവഴിച്ച് വാങ്ങിയ ട്രാക്ടർ, ട്രെയ്ലർ എന്നിവ കരാർ പ്രകാരം പാടശേഖര സമിതിക്ക് കൈമാറിയിട്ടുണ്ട്. 2008-09 വർഷം 42,000 രൂപ പദ്ധതി ഫണ്ടിൽ നിന്നും ചെലവഴിച്ച് യന്ത്രങ്ങളുടെ റിപ്പയറിംഗ് നടത്തിയതായി പരിശോധനയിൽ കണ്ടെത്തി. നിലവിൽ ഉപകരണങ്ങൾ ഉപയോഗശൂന്യമായി പഞ്ചായത്ത് പരിസരത്ത് അനാഥാവസ്ഥയിൽ കിടക്കുന്നു.

## പാലക്കാട് ജില്ല – കൊപ്പം ഗ്രാമപഞ്ചായത്ത്

2008-09 വർഷം പഞ്ചായത്ത് വാങ്ങിയ 3 പവർ റീപ്പറുകൾ പാടശേഖര സമിതികൾക്ക് കൈമാറിയപ്പോൾ എഴുതിയുണ്ടാക്കിയ കരാറുകളിൽ കൃഷി ഓഫീസർ ഒപ്പിട്ടിട്ടില്ല. 3 റീപ്പറുകളും ഇപ്പോൾ ഉപയോഗിക്കാതെ പാടശേഖര സമിതിയുടെ കൈവശം സൂക്ഷിച്ചിരിക്കുകയാണ്. ഇവ ഉപയോഗപ്രദമാക്കാനുള്ള തുടർനടപടികൾ കൃഷിഭവനും പഞ്ചായത്തും സ്വീകരിച്ചിട്ടില്ല. ഇക്കാരണങ്ങളാൽ 3 റീപ്പറുകൾക്കായി ചെലവഴിച്ച 1,88,700 രൂപ പാഴ്ചെലവായിത്തീർന്നു

## മലപ്പുറം ജില്ല-താനാളൂർ ഗ്രാമപഞ്ചായത്ത്

10, 11 പദ്ധതികളിലായി 1,10,491 രൂപ ചെലവഴിച്ച് മെതിയന്ത്രം, പാറ്റൽ യന്ത്രം, കൊയ്ത്തുയന്ത്രം എന്നിവ പഞ്ചായത്ത് വാങ്ങിയിട്ടുണ്ട്. മെതിയന്ത്രവും പാറ്റൽ യന്ത്രവും പ്രവർത്തിക്കുന്നില്ല. കൊയ്ത്തു യന്ത്രം പ്രവർത്തിക്കുന്നുണ്ടെങ്കിലും വേണ്ടത്ര പ്രയോജനകരമല്ലെന്ന് പാടശേഖര സമിതി കൺവീനർ ഓഡിറ്റിനെ അറിയിക്കുകയുണ്ടായി. 1998-99 കാലത്ത് മണ്ഡരി ബാധ മാറ്റാനായി വാങ്ങിയ 15 റോക്കർ സ്പ്രയറുകളും പ്രവർത്തനരഹിതമായി കൃഷിഭവനിൽ കിടക്കുന്നു.

നെൽകൃഷിയെ ലക്ഷ്യം വച്ചുള്ള യന്ത്രവൽക്കരണമാണ് മിക്കയിടങ്ങളിലും പ്രാവർത്തികമാക്കിയിട്ടുള്ളത്. നെൽകൃഷി കുറവായ കോട്ടയം, ഇടുക്കി മേഖലകളിൽ കാർഷിക യന്ത്രവൽക്കരണത്തിന് കാര്യമായ ശ്രദ്ധ നൽകിയിട്ടില്ല. യന്ത്രസാമഗ്രികൾ പാടശേഖര സമിതികൾക്ക് കരാർ വച്ച് വിതരണം ചെയ്തു കഴിഞ്ഞാൽ അവയുടെ പിന്നീടുള്ള ഉപയോഗം, സൂക്ഷിപ്പ്, അവ എല്ലാ കർഷകർക്കും പ്രയോജനപ്രദമാകുന്നുണ്ടോ എന്നിങ്ങനെയുള്ള വിലയിരുത്തൽ മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടക്കുന്നില്ല.

കർഷക/പാടശേഖര സമിതികളുടെ കീഴിലുള്ള കാർഷിക ഉപകരണങ്ങൾ ഏകോപിപ്പിച്ച് ഒരു സ്ഥലത്ത് സ്റ്റോക്ക് ചെയ്തു പൊതുമുതലെന്ന രൂപത്തിൽ സൂക്ഷിച്ചും യഥാസമയം അറ്റകുറ്റപ്പണി നടത്തി സംരക്ഷിച്ചും കർഷകർക്ക് ഉപയുക്തമാക്കുന്ന ഒരു സംവിധാനം ഉണ്ടാകേണ്ടതുണ്ട്. വാങ്ങുന്ന കാർഷിക യന്ത്രങ്ങൾ യഥാസമയം കരാർ വച്ച് കർഷക/പാടശേഖര സമിതികൾക്ക് കൈമാറുവാനും പാടശേഖര സമിതികൾ അവ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തിപ്പിക്കുന്നുണ്ടെന്നും സമിതിയോഗങ്ങളിൽ വരവു ചെലവു കണക്കുകൾ അവതരിപ്പിക്കുന്നുണ്ടെന്നും കൃഷി വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതും ആവശ്യമാണ്.

ഏതു കാലാവസ്ഥയിലും ഉപയോഗിക്കാവുന്നതും ആധുനിക രീതിയിലുള്ളതുമായ കാർഷിക യന്ത്രങ്ങൾ വാങ്ങാനും ദീർഘകാല അടിസ്ഥാനത്തിലുള്ള അറ്റകുറ്റപ്പണിയും സർവ്വീസും ഉറപ്പാക്കാനും കഴിയണം.

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

151. കൊല്ലം ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ 17,20,000 രൂപ ഉപയോഗിച്ച് 29-3-2011-ൽ വാങ്ങിയ കൊയ്ത്തു മെതിയന്ത്രം ബഹു. എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ പൊതു ചടങ്ങിൽ വച്ച് ആദിച്ചനല്ലൂർ ഏലാ വികസന സമിതിക്ക് കൈമാറിയതായുള്ള കൃഷി വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത കൊയ്ത്ത് മെതി യന്ത്രം പാടശേഖര സമിതിക്ക് കൈമാറിയതായുള്ള രേഖകൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തി സമിതിക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

152. തിരുവനന്തപുരം നഗരസഭയിലെ കുടപ്പനക്കുന്ന് സോണിലെ കൊയ്ത്തു മെതിയന്ത്രത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തിയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് മുഖേന അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

153. കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിൽ 2002-ൽ 11 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയ കൊയ്ത്തു മെതിയന്ത്രം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, 2002-ൽ വാങ്ങിയ കൊയ്ത്തു മെതിയന്ത്രം 2009 വരെ പ്രവർത്തിച്ചിരുന്നതാണെന്നും പഴയ മോഡലായ യന്ത്രത്തിന്റെ സ്പെയർ പാർട്ട്സും ശരിയായ സർവ്വീസും ലഭ്യമല്ലാത്തതിനാലാണ് പ്രവർത്തനരഹിതമായതെന്നുമുള്ള കരീപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും ഓഡിറ്റിന്റെയും മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

154. തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിലെ 13 പാടശേഖര സമിതികളിൽ നിന്നും ഒരാളെ വീതം ഉൾപ്പെടുത്തി രൂപീകരിച്ച അപ്പെക്സ് കമ്മിറ്റിയാണ് യന്ത്രങ്ങൾ വാടകയ്ക്ക് കൊടുക്കുന്നതെന്നും ആയതു സംബന്ധിച്ച രസീത് ബുക്കുകളും ബാങ്ക് രേഖകളും ക്യാഷ്ബുക്കും അനുബന്ധ വൗച്ചറുകളും പാടശേഖര സമിതി സൂക്ഷിച്ചു വരുന്നുണ്ടെന്നും പാടശേഖര സമിതിയും അപെക്സും രജിസ്റ്റേർഡ് കമ്മിറ്റികളാണെന്നും ഇത് സംബന്ധിച്ച് സമിതി വിശദാംശങ്ങൾ ആരാഞ്ഞതിന് അന്നമനട ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. യന്ത്രങ്ങൾ വാങ്ങിയതെന്നാണെന്ന് സമിതി ആരാഞ്ഞതിന് 2009-10-ൽ കമ്പയിന്റ് ഹാർവെസ്റ്റർ എന്ന യന്ത്രമാണ് 24,00,000 രൂപ ചെലവഴിച്ച് ആദ്യം വാങ്ങിയതെന്നും അതിനു ശേഷം ട്രാക്ടറും ടെയിലറും വാങ്ങിയെന്നും അവ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്നും പഞ്ചായത്ത് പ്രസിഡന്റിന്റേയും കൃഷി ഓഫീസറുടേയും പാടശേഖര സമിതിയുടെയും പേരിൽ ജോയിന്റ് അക്കൗണ്ടാണ് ഉള്ളതെന്നും അന്നമനട ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. യന്ത്രങ്ങൾ പാടശേഖര സമിതിക്ക് കൈമാറിയെന്നും ആഡിറ്റിന്റെ സമയത്ത് പാടശേഖര സമിതി സെക്രട്ടറി അസുഖമായി കിടന്നതിനാൽ അവസാന ദിവസമാണ് രേഖകൾ ഹാജരാക്കിയതെന്നും ആ സമയത്ത് ആ രേഖകൾ പരിശോധിക്കാൻ കഴിയാതിരുന്നതിനാൽ പിന്നീട് അവ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി അന്നമനട ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടുപയോഗിച്ചാണോ യന്ത്രങ്ങൾ വാങ്ങിയത് എന്ന് സമിതി ആരാഞ്ഞതിന്, പഞ്ചായത്തിന്റെ ഫണ്ടും ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടും കുറച്ച് ഗുണഭോക്തൃ വിഹിതവും ഉണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു.

155. ലാന്റ്ബാങ്ക് തയ്യാറാക്കിയത് സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, കൃഷിക്കാർക്ക് കുറച്ചു ഭൂമി എടുത്തു കൊടുത്തിട്ടുണ്ടെന്നും അപെക്സ് കമ്മിറ്റിയാണ് അതിന് അനുവാദം കൊടുക്കുന്നതെന്നും അന്നമനട ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ലാന്റ് ബാങ്ക് തയ്യാറാക്കുന്നതിനുള്ള പദ്ധതി വച്ചിരുന്നില്ലെന്നും സ്വകാര്യ വ്യക്തികളുടെ കൈവശം ഉണ്ടായിരുന്ന 200 ഹെക്ടറോളം സ്ഥലം പാടശേഖര സമിതിക്ക് വീതിച്ചു നൽകിയിരുന്നെന്നും പഞ്ചായത്തിൽ പുതിയ യന്ത്രങ്ങൾ വാങ്ങിയപ്പോൾ അവിടെ കൃഷിയിറക്കിയെന്നും അദ്ദേഹം തുടർന്നറിച്ചു.

156. ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന്, 2008-09-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ഗസറ്റിൽ വിജ്ഞാപനമിറക്കിയിട്ടില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ലാന്റ് ബാങ്ക് സംബന്ധിച്ച വിഷയം പഞ്ചായത്ത് ഡയറക്ടർ പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

157. പാലക്കാട് ജില്ലയിലെ ലക്കിടി - പേരൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിൽ പരാമർശവിധേയമായ 25,000 രൂപ തിരിച്ചീടാക്കിയിട്ടുള്ളതായും പവർ ടില്ലർ പാടശേഖര സമിതിയുടെ നേതൃത്വത്തിൽ ഉപയോഗിച്ചു വരുന്നതായും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

158. കുമരം പുത്തൂർ ഗ്രാമപഞ്ചായത്തിൽ 2005-06-ൽ വാങ്ങിയ ട്രാക്ടർ യന്ത്രവൽക്കരണ സമിതി രണ്ടര വർഷം ഫലപ്രദമായി ഉപയോഗിച്ചതായും പിന്നീട് അറ്റകുറ്റപ്പണിക്കായി 42,000 രൂപ ചെലവഴിച്ചതായും തുക ചെലവാക്കിയ സെക്രട്ടറി മരണപ്പെട്ടതായും നിരീക്ഷിച്ച സമിതി ഓഡിറ്റ് തടസ്സം നീക്കുന്നതിന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

159. കൊപ്പം ഗ്രാമപഞ്ചായത്തിൽ പവർടില്ലർ വാങ്ങിയത് സംബന്ധിച്ചും നിലവിൽ അതിന്റെ പ്രവർത്തനക്ഷമത സംബന്ധിച്ചും സമിതി ആരാഞ്ഞതിന്, 2008-09-ലാണ് മൂന്ന് പവർടില്ലറുകൾ വാങ്ങിയതെന്നും 2009-10-ലെ കൊയ്ത്ത് സമയത്ത് വേനൽ മഴ പെയ്തതിനാൽ അവ ഉപയോഗിക്കാൻ കഴിഞ്ഞിരുന്നില്ലെന്നും കൊപ്പം ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസർ വ്യക്തമാക്കി. 2010-11 വർഷം കമ്പയിൻഡ് ഹാർവെസ്റ്ററുകൾ വന്നതിനാൽ പവർടില്ലർ ഉപയോഗിക്കാൻ കഴിഞ്ഞില്ലെങ്കിലും അവ എത്താത്ത സ്ഥലങ്ങളിൽ പവർടില്ലർ ഉപയോഗിക്കുന്നുണ്ടെന്നും നിലവിൽ യന്ത്രങ്ങൾ പ്രവർത്തനക്ഷമ മാണെന്നുമുള്ള കൊപ്പം കൃഷി ഓഫീസറുടെ വിശദീകരണം സമിതി അംഗീകരിച്ചു.

160. കാർഷികയന്ത്രങ്ങൾ പാടശേഖര സമിതിക്ക് കൈമാറിയതെന്നാണെന്ന് സമിതി ആരാഞ്ഞതിന്, 2009-ൽ യന്ത്രങ്ങൾ വാങ്ങി പാടശേഖര സമിതിക്ക് കൈമാറിയെന്ന് താനാളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ്)അറിയിച്ചു. പാടശേഖര സമിതിയുടെ കീഴിലുള്ള കാർഷിക ഉപകരണങ്ങൾ പൊതുമുതൽ എന്ന നിലയിൽ ശേഖരിച്ച് ഒരു സ്ഥലത്ത് സൂക്ഷിച്ചും യഥാസമയം അറ്റകുറ്റപ്പണി നടത്തിയും അവയെ സംരക്ഷിച്ചു കർഷകർക്ക് ഉപയുക്തമാകുന്ന തരത്തിലൊരു സംവിധാന മുണ്ടാകേണ്ടതിന്റെ ആവശ്യകത സമിതി ചൂണ്ടിക്കാട്ടി. പ്രസ്തുത സമിതികൾക്ക് കൈമാറി കിട്ടിയ കാർഷിക ഉപകരണങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കുന്നുണ്ടെന്നും വരവ് ചെലവ് കണക്കുകൾ സമിതി യോഗങ്ങളിൽ അവതരിപ്പിക്കുന്നുണ്ടെന്നും കൃഷിവകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തണമെന്ന് സമിതി നിർദ്ദേശിച്ചു. ഏത് കാലാവസ്ഥയിലും ഉപയോഗിക്കാവുന്നതും ആധുനിക രീതിയിലുള്ളതും ദീർഘകാലാടി സ്ഥാനത്തിലുള്ള അറ്റകുറ്റപ്പണിയും സർവ്വീസും ഉറപ്പാക്കുവാനുമുള്ള നിർദ്ദേശത്തോടെ സർക്കാർ മറുപടി അംഗീകരിക്കുവാൻ സമിതി തീരുമാനിച്ചു.

161. കാർഷിക ആവശ്യങ്ങൾക്കായി വാങ്ങുന്ന യന്ത്രങ്ങൾ ഉപയോഗിക്കാതെ നശിച്ചു പോകുന്നതായി നിരീക്ഷിച്ച സമിതി, ആയതിനുള്ള വിശദീകരണമാരാഞ്ഞതിന് പ്രസ്തുത യന്ത്രങ്ങൾ ആദ്യത്തെ ഒന്നുരണ്ടു വർഷങ്ങളിൽ നന്നായി പ്രവർത്തിച്ചശേഷം ശരിയായ മെയിന്റനൻസ് ചെയ്യാത്തതിനാൽ നശിച്ചുപോവുകയാണ് ചെയ്യുന്നതെന്നും പാടശേഖരങ്ങളിൽ തന്നെയാണിവ സൂക്ഷിക്കുന്നതെന്നും യന്ത്രങ്ങളുടെ പരിപാലനത്തിനായി പ്രോജക്ടുകൾ ആവിഷ്കരിച്ചുവരുന്നതായും ഫണ്ടില്ലാത്തതാണ് പ്രധാന കാരണമെന്നും കൃഷിവകുപ്പ് സെക്രട്ടറി വിശദീകരിച്ചു.

162. കൃഷിഭവനാണ് അക്കാര്യത്തിൽ മുൻകൈ എടുക്കേണ്ടതെന്നും പദ്ധതിയുമായി മുന്നോട്ടു വന്നാൽ മുനിസിപ്പാലിറ്റിയിൽ ആയതിനുള്ള ഫണ്ടുണ്ടെന്നും അസറ്റ് ലിസ്റ്റ് ലഭ്യമാണോ എന്നുള്ളതാണ് പ്രശ്നമെന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

163. മുൻകാലങ്ങളിൽ കൊയ്ത്തുമെതിയന്ത്രത്തിന്റെ മൊത്തം അറ്റകുറ്റപ്പണികൾ കെയ്കോയെ ഏൽപ്പിച്ചിട്ടുള്ളതായി നിരീക്ഷിച്ച സമിതി, ആയത് സംബന്ധിച്ച വിവരങ്ങൾ ആരാഞ്ഞതിന്, കുട്ടനാട് പാക്കേജിൽ വന്നതെല്ലാം കെയ്കോ തന്നെയാണ് അറ്റകുറ്റപ്പണി നടത്തിയിരുന്നതെന്നും സ്പെയർ പാർട്സുകൾ ലഭ്യമല്ലാത്തതിനാൽ മുനിസിപ്പാലിറ്റികളും ഗ്രാമപഞ്ചായത്തുകളും പുതിയ ഉപകരണങ്ങൾ വാങ്ങിക്കുകയാണ് പതിവെന്നും ശരിയായ മോണിറ്ററിംഗിന്റെയും കോ-ഓർഡിനേഷന്റെയും അഭാവം ഇവിടെയുണ്ടെന്നും ഇതിനായി പദ്ധതി കൊണ്ടുവന്നാൽ പരിഹാരമുണ്ടാകുമെന്നും കൃഷി വകുപ്പ് ഡയറക്ടർ വിശദീകരിച്ചു.

164. കൃഷിഭവനാണ് ആയതിന്റെ ഉത്തരവാദിത്തപ്പെട്ട അധികാരി എന്ന് വിലയിരുത്തിയ സമിതി, കേരളത്തിൽ മൊത്തത്തിൽ നടപ്പിലാക്കാൻ പറ്റുന്ന ഒരു പദ്ധതി വിഭാവനം ചെയ്യാൻ കൃഷിഭവനുകൾ മുൻകൈ എടുക്കണമെന്ന് നിഷ്കർഷിച്ചു. ഒരു മാസത്തിനകം പദ്ധതി തയ്യാറാക്കി സമർപ്പിക്കാമെന്ന് കൃഷി വകുപ്പ് സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകി.

### നിഗമനങ്ങൾ/ശിപാർശകൾ

**165. തിരുവനന്തപുരം നഗരസഭയുടെ കുടപ്പനക്കുന്ന് സോണിലെ കൊയ്ത്തു മെതിയന്ത്രത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തിയത് സംബന്ധിച്ച് റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് മുഖേന രണ്ടുമാസത്തിനുള്ളിൽ ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു.**

**166. കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ 17,20,000 രൂപ ഉപയോഗിച്ച് 29-3-2011-ൽ വാങ്ങിയ കൊയ്ത്തു മെതിയന്ത്രം ആദിച്ചനല്ലൂർ ഏലാ വികസന സമിതിക്ക് കൈമാറിയതായുള്ള കൃഷി വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത കൊയ്ത്ത് മെതിയന്ത്രം പാടശേഖര സമിതിക്ക് കൈമാറിയതായുള്ള രേഖകൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തി സമിതിക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

167. കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിൽ 2002-03-ൽ 11 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയ കൊയ്ത്തു മെതിയന്ത്രത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് കരീപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും ഓഡിറ്റിന്റെയും മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു

168. പാലക്കാട് ജില്ലയിലെ ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിൽ പരാമർശവിധേയമായ 25,000 രൂപ തിരിച്ചീടാക്കിയിട്ടുള്ളതായും പവർ ടില്ലർ പാടശേഖര സമിതിയുടെ നേതൃത്വത്തിൽ ഉപയോഗിച്ചുവരുന്നതായും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു

169. കുമരം പുത്തൂർ ഗ്രാമപഞ്ചായത്തിൽ 2005-06-ൽ വാങ്ങിയ ട്രാക്ടർ യന്ത്രവൽക്കരണ സമിതി രണ്ടര വർഷം ഫലപ്രദമായി ഉപയോഗിച്ചതായും പിന്നീട് അറ്റകുറ്റപ്പണിക്കായി 42,000 രൂപ ചെലവഴിച്ചതായും തുക ചെലവാക്കിയ സെക്രട്ടറി മരണപ്പെട്ടതായും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു

170. കൊപ്പം ഗ്രാമപഞ്ചായത്തിൽ 2010-11 വർഷം കമ്പയിൻഡ് ഹാർവെസ്റ്ററുകൾ വന്നതിനാൽ പവർടില്ലർ ഉപയോഗിക്കാൻ കഴിഞ്ഞില്ലെങ്കിലും അവ എത്താത്ത സ്ഥലങ്ങളിൽ പവർടില്ലർ ഉപയോഗിക്കുന്നുണ്ടെന്നും നിലവിൽ യന്ത്രങ്ങൾ പ്രവർത്തനക്ഷമമാണെന്നുമുള്ള കൊപ്പം കൃഷി ഓഫീസറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശചെയ്യുന്നു

171. പാടശേഖര സമിതികൾക്ക് കൈമാറി കിട്ടിയ കാർഷിക ഉപകരണങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കുന്നുണ്ടെന്നും, വരവ് ചെലവ് കണക്കുകൾ സമിതി യോഗങ്ങളിൽ അവതരിപ്പിക്കുന്നുണ്ടെന്നും അതോടൊപ്പം ആധുനിക രീതിയിലുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും അവയ്ക്ക് ദീർഘകാലാടിസ്ഥാന ത്തിലുള്ള അറ്റകുറ്റപ്പണിയും സർവ്വീസും ഉറപ്പുവരുത്തുന്നതിനും കൃഷിവകുപ്പ് ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കണമെന്ന നിർദ്ദേശത്തോടെ താനാളൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

172. കാർഷിക ആവശ്യങ്ങൾക്കായി വാങ്ങുന്ന കോടിക്കണക്കിനു രൂപയുടെ യന്ത്രങ്ങൾ ഉപയോഗിക്കാതെ നശിച്ചുപോകുന്നതായും ഇവയുടെ സ്പെയർ പാർട്സുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മുനിസിപ്പാലിറ്റികളും ഗ്രാമപഞ്ചായത്തുകളും പുതിയ

**ഉപകരണങ്ങൾ വാങ്ങിക്കുകയാണ് പതിവെന്നും നിരീക്ഷിച്ച സമിതി, ഇക്കാര്യത്തിൽ ശരിയായ മോണിറ്ററിംഗിന്റെയും കോ-ഓർഡിനേഷന്റെയും അഭാവം നിലനിൽക്കുന്നതായി മനസ്സിലാക്കുന്നു. ആയതിനാൽ കാർഷിക ആവശ്യങ്ങൾക്കായി വാങ്ങുന്ന യന്ത്രങ്ങൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനും, ഇവ ഉപയോഗിക്കാതെ നശിച്ചുപോകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് പര്യാപ്തമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

**173. പാടശേഖര സമിതിയുടെ കീഴിലുള്ള കാർഷിക ഉപകരണങ്ങൾ പൊതുമുതൽ എന്ന നിലയിൽ ശേഖരിച്ച് ഒരു സ്ഥലത്ത് സൂക്ഷിച്ചും യഥാസമയം അറ്റകുറ്റപ്പണി നടത്തിയും അവയെ സംരക്ഷിച്ചും കർഷകർക്ക് ഉപയുക്തമാകുന്ന തരത്തിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

**174. സംസ്ഥാനത്ത് മൊത്തത്തിൽ നടപ്പിലാക്കാൻ പറ്റുന്ന കാർഷിക പദ്ധതികൾ വിഭാവനം ചെയ്യാൻ കൃഷിഭവനുകൾ മുൻകൈ എടുക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

### 3.1.12 ജലസേചനം

കാർഷിക വിളകളുടെ ഉൽപ്പാദനത്തിന് ശരിയായ രീതിയിലുള്ള ജലസേചനം അത്യന്താപേക്ഷിതമാണ്. അനവധി ജലസേചന/ജലസംഭരണ രീതികൾ സംസ്ഥാന തലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

പരിശോധന നടത്തിയ 84 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 41 എണ്ണത്തിലും ജലസേചന പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. മിക്കയിടത്തും പ്രകൃത്യായുള്ള ജലസ്രോതസ്സുകളെയാണ് ആശ്രയിക്കുന്നത്. നിർമ്മാണം ആരംഭിച്ച ജലസേചന പദ്ധതികളും പലയിടത്തും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു:

സ്തംഭനത്തിലായ പ്രവൃത്തികൾ:

| ജില്ല | സ്ഥാപനം | സ്തംഭനത്തിലായ പ്രവൃത്തികൾ | സ്തംഭനത്തിലാകാനുള്ള കാരണം |
|---|---|---|---|
| 1 | 2 | 3 | 4 |
| എറണാകുളം | വെങ്ങോല പഞ്ചായത്ത് | വലിയകുളം വെസ്റ്റ് വെങ്ങോല, ഫ്ലാഷി ഇളിച്ചിറ, കണശ്ശേരിക്കുളം, ചിറക്കൽകുളം | |

| 1 | 2 | 3 | 4 |
|---|---|---|---|
| | കുമ്പളം ഗ്രാമപഞ്ചായത്ത് | ചിറയ്ക്കൽ തോട് പാടശേഖര പദ്ധതി | പെട്ടി, പറ, മോട്ടോർ എന്നിവ പദ്ധതിയ്ക്കായി ഉപയോഗപ്പെടുത്തിയില്ല |
| കോഴിക്കോട് | അത്തോളി ഗ്രാമപഞ്ചായത്ത് | ചക്കംകുളം, തറോപ്പടിക്കൽ, പറക്കുളം | താറോപ്പടിക്കൽ, പറക്കുളം എന്നിവയുടെ ഭാഗമായി ഒരു നിർമ്മാണവും നടന്നിട്ടില്ല. ചക്കംകുളം പദ്ധതിയുടെ ഭാഗമായി മണ്ണെടുത്ത കുഴിയിൽ വെള്ളം കെട്ടി കിടക്കുന്നു |
| | ഏലത്തൂർ ഗ്രാമപഞ്ചായത്ത് | പുന്നൂർപുഴപൂളാടി തോട് കനാൽ പദ്ധതി, പാലക്കാത്തോട് പുനരുദ്ധാരണം, തോട്ട്മുഖം തോട് | പുന്നൂർപുഴപൂളാടി തോട് കനാൽ പദ്ധതിയ്ക്കാവശ്യമായ വൈദ്യുതി ഇതുവരെ ലഭ്യമാക്കിയിട്ടില്ല. ഇക്കാരണത്താൽ വൻതുക മുടക്കി വാങ്ങിയ മോട്ടോറുകൾ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല |
| | വളയം ഗ്രാമപഞ്ചായത്ത് | കല്ലുനിര, എലിക്കുന്ന്, രാജധാനി | പമ്പ് ഹൗസിന്റെ നിർമ്മാണം സ്തംഭനാവസ്ഥയിലാണ് |
| | മടവൂർ ഗ്രാമപഞ്ചായത്ത് | മേപ്പള്ളി താഴം | ജലസേചനത്തിന് ആവശ്യമായ കനാൽ മറ്റു അനുബന്ധ പ്രവൃത്തികൾ എന്നിവ നടന്നിട്ടില്ല |
| മലപ്പുറം | തിരൂർ മുനിസിപ്പാലിറ്റി | ചെമ്പ്ര ജലസേചന പദ്ധതി | നാല് വർഷം കഴിഞ്ഞിട്ടും വൈദ്യുതി ലഭിച്ചിട്ടില്ല |
| | | അന്നാര ജലസേചന പദ്ധതി | കിണർ കുഴിക്കുകയോ, മോട്ടോർ സ്ഥാപിക്കുകയോ ചെയ്തിട്ടില്ല. |

മാതൃകാ പ്രവർത്തനങ്ങൾ

(1) എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി പഞ്ചായത്തിലെ 200 ഏക്കർ കൃഷി സ്ഥലത്ത് പ്രയോജനം കിട്ടത്തക്ക രീതിയിൽ 5 ജലസേചന പദ്ധതികൾ കൃഷിഭവൻവഴി നടപ്പിലാക്കിയിട്ടുണ്ട്. ഇവയുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതികളെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

(2) നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിൽ നെയ്യാറ്റിൻകര കൃഷിഭവന്റെയും പെരുമ്പഴുതൂർ കൃഷിഭവന്റെയും കീഴിൽ യഥാക്രമം 15-ഉം 4-ഉം ജലസേചന പദ്ധതികളിലായി ആകെ 507.5 ഹെക്ടർ പ്രദേശത്ത് ജലസേചന സൗകര്യം ലഭിക്കുന്നു.

(3) കൊല്ലം ജില്ല-ഏഴുകോൺ ഗ്രാമപഞ്ചായത്തിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കാൻ, കഴിഞ്ഞ 2 വർഷങ്ങളിലായി വിവിധ പദ്ധതികളിലൂടെ 32 കിണറുകൾ നിർമ്മിക്കുന്നതിനും 101 പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനും ധനസഹായം നൽകി.

(4) കോട്ടയം ജില്ല-മുണ്ടക്കയം ഗ്രാമപഞ്ചായത്ത്-സിൽപോളിൻ കുളങ്ങൾ മാതൃക ജലദൗർലഭ്യം വളരെയേറെ അനുഭവപ്പെടുന്നൊരു ഭൂപ്രദേശമാണ് മുണ്ടക്കയം. അതിനെ അതിജീവിക്കുന്നതിന് സിൽപോളിൻ കുളങ്ങൾ നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് വ്യക്തിഗത കർഷകർക്ക് ആനുകൂല്യം നൽകി പ്രോത്സാഹിപ്പിക്കുന്നുണ്ട്. സിൽപോളിൻ കുളങ്ങൾ കൃഷിക്കാവശ്യമായ ജലം സംഭരിക്കുന്നതിനും, മത്സ്യകൃഷി നടത്തുന്നതിനും, അസോള പോലുള്ള (വളമായുപയോഗിക്കുന്ന ഒരുതരം പായൽച്ചെടി) ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിനും പ്രയോജനപ്പെടുന്നതായി വിലയിരുത്തിയിട്ടുണ്ട്. ഇത്തരം കുളങ്ങൾ വർഷങ്ങളോളം നിലനിൽക്കുന്നുമെന്നതിനാൽ ചെറിയ മൂലധനത്തിൽ വൻനേട്ടം കർഷകർക്ക് പ്രദാനം ചെയ്യുന്നു.

(5) തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ ഒല്ലൂർ, കൂർക്കഞ്ചേരി കൃഷിഭവന്റെ കീഴിൽ മൂന്ന് ജലസേചന പദ്ധതികൾ പ്രവർത്തിക്കുന്നു. കൂർക്കഞ്ചേരി കൃഷിഭവനു കീഴിൽ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടുള്ള ജലസേചന പദ്ധതികൾ വഴി ഏകദേശം 65 ഹെക്ടർ കൃഷിഭൂമിയിൽ ജലലഭ്യത ഉറപ്പുവരുത്തുന്നുണ്ട്.

അപാകങ്ങൾ

**കോഴിക്കോട് ജില്ല – അത്തോളി ഗ്രാമപഞ്ചായത്ത്**

**ജലസേചന പദ്ധതികൾക്ക് വിനിയോഗിച്ച തുക പാഴായി**

സംസ്ഥാന ശരാശരിയിൽ നിന്നും ഉയർന്ന തോതിൽ മഴ ലഭിക്കുന്ന പ്രദേശമാണ് കോഴിക്കോട് ജില്ലയിലെ അത്തോളി. എന്നാൽ ജലസേചന പദ്ധതികൾ ആസൂത്രണം ചെയ്ത് നിർവ്വഹിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്.

നാളിതുവരെ ഗ്രാമപഞ്ചായത്തിൽ എത്ര ജലസേചന പദ്ധതികൾ നിർമ്മാണം നടത്തി കമ്മീഷൻ ചെയ്തിട്ടുണ്ടെന്നുള്ള വിവരം കൃഷി ഓഫീസിലോ, പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലോ കാണുന്നില്ല. 2003-04 മുതൽ 2007-08 വർഷം വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം ജലസേചന പദ്ധതികൾക്കായി പഞ്ചായത്ത് താഴെ പറയുന്ന പട്ടികയിലെ തുക വിനിയോഗിച്ചുകാണുന്നു:

| പദ്ധതിയുടെ പേര് | ആരംഭിച്ച വർഷം | അടങ്കൽ | ഓഡിറ്റ് റിപ്പോർട്ട് പ്രകാരം വിനിയോഗിച്ച തുക | കൺവീനർ |
|---|---|---|---|---|
| ചക്കംകുളം | 2003-04 | 210000 | 100000 | കെ. എം. നാസർ |
| കുരവാളൂർ | 1999-2000 | 496916 | 370500 | കെ. എം. മജീദ് |
| തറോപ്പടിക്കൽ | 2003-2004 | | 170000 | ശശിധരൻ |
| പറക്കുളം | 1999-2000 | 300000 | 273824 | പുഷ്പരാജൻ |

30-11-2011-ന് മേൽ പദ്ധതികൾ നേരിട്ട് സന്ദർശിച്ചതിൽ തറോപ്പടിക്കൽ, പറക്കുളം എന്നീ പദ്ധതികളിൽ ഒരു നിർമ്മാണവും നിലവിലുള്ളതായി കണ്ടില്ല. ചക്കംകുളം പദ്ധതിയുടെ സ്ഥലത്ത് മണ്ണെടുത്തു മാറ്റിയ വലിയൊരു കുഴിയിൽ വെള്ളക്കെട്ട് കണ്ടു. ഈ പദ്ധതികൾക്കായി വിനിയോഗിച്ച തുക പാഴായതായി ഓഡിറ്റ് വിലയിരുത്തുന്നു.

**കോഴിക്കോട് ജില്ല – ഏലത്തൂർ ഗ്രാമപഞ്ചായത്ത്**

**വൈദ്യുതിയില്ല – പമ്പ്ഹൗസ് നശിക്കുന്നു**

100 ഏക്കർ പ്രദേശത്തെ തെങ്ങിൻ തോപ്പിൽ ജലസേചനത്തിനായും, ഇടവിള കൃഷി പ്രോത്സാഹനത്തിനായും 3-8-2000-ൽ ആരംഭിച്ച പുനൂർ പുഴ പൂളാടിതോട് കനാൽ പദ്ധതിയുടെ മോട്ടോർ, പമ്പ് ഹൗസ് എന്നിവ ഉപയോഗശൂന്യമായി കിടക്കുന്നു. പദ്ധതിക്കാവശ്യമായ വൈദ്യുതി ഇതുവരെ ലഭ്യമാക്കിയിട്ടില്ല. വൻതുക മുടക്കി വാങ്ങിയ മോട്ടോറുകൾ പ്രവർത്തിപ്പിക്കാനാവാതെ നശിക്കുന്നതായും പദ്ധതി ഉപയോഗപ്രദമല്ലാത്ത അവസ്ഥയിൽ തുടരുന്നതായും പരിശോധനയിൽ കണ്ടു.

**പദ്ധതി പൂർത്തിയാക്കാത്തതിനാൽ തുക പാഴായി**

ജനകീയാസൂത്രണ പദ്ധതി പ്രകാരം ആരംഭിച്ച പാലക്കാത്തോട് പുനരുദ്ധാരണം, തോട്ട് മുഖം തോട് എന്നീ ജലസേചന പദ്ധതികൾ നാളിതുവരെ പൂർത്തിയാക്കാത്തതിനാൽ ചെലവ് തുക പാഴായതായി വിലയിരുത്തുന്നു.

## കോഴിക്കോട് ജില്ല-വളയം ഗ്രാമപഞ്ചായത്ത്

തുക വകയിരുത്തിയിട്ടും പ്രവൃത്തി നടന്നില്ല

കുടിവെള്ളത്തിനും ജലസേചനത്തിനുമായി 2000-01 വർഷം ആരംഭിച്ച വളയം ഗ്രാമപഞ്ചായത്തിലെ കല്ലുനിര, എലിക്കുന്ന്, രാജധാനി എന്നീ പദ്ധതികൾ ഇപ്പോൾ നിലച്ച അവസ്ഥയിലാണ്. 2009-10, 2010-11 എന്നീ വർഷങ്ങളിൽ 4,33,151 രൂപ വീതം തുക വകയിരുത്തിയിരുന്നെങ്കിലും പ്രവൃത്തികൾ ഒന്നും നടത്തിയിട്ടില്ല.

## പത്തനംതിട്ട ജില്ല-തിരുവല്ല നഗരസഭ

പാടശേഖരജലസേചനത്തിനായി വാങ്ങിയ പെട്ടിയും പറയും സ്ഥാപിക്കാനാകാതെ ഉപയോഗശൂന്യമാകുന്നു.

കവിയൂർ പുഞ്ചപാടശേഖരത്തിൽ ജലസേചനത്തിനായി പദ്ധതി വിഹിതത്തിൽ നിന്നും 2,75,705 രൂപ ചെലവാക്കി 2010-11 വർഷം ഒരു പെട്ടിയും പറയും വാങ്ങുകയുണ്ടായി. എന്നാൽ അത് സ്ഥാപിക്കാനുള്ള ഷെൽട്ടറും അനുബന്ധ സൗകര്യങ്ങളും ഒരുക്കാത്തതുമൂലം വാങ്ങിയ പെട്ടിയും പറയും ഉപയോഗശൂന്യമാകുന്നു. മതിയായ ജലനിയന്ത്രണ സംവിധാനം നടപ്പാക്കാതിരുന്നതിനാൽ വേനൽ മഴയെ തുടർന്ന് 2010-11 വർഷം പദ്ധതി വിഹിതത്തിൽ നിന്നും 2,89,850 രൂപ ചെലവാക്കി പ്രസ്തുത പാടശേഖരത്തിൽ നടപ്പാക്കിയ നെൽകൃഷി നശിക്കുകയും ചെയ്തു. വേണ്ടത്ര ദീർഘവീക്ഷണത്തോടെപദ്ധതി നടപ്പാക്കാത്തതിനാൽ ആകെ 5,65,555 രൂപയുടെ നഷ്ടമുണ്ടായി.

ജലസേചനത്തിന്റെ ആവശ്യകതയെ കുറിച്ച് പഠനം നടത്തി, തരിശുഭൂമി ഉൾപ്പെടെ ലഭ്യമായ ഭൂമിയിൽ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള ജലലഭ്യത ഉറപ്പു വരുത്തുന്നതിനും കൃഷിക്കു നാശം വരുന്ന രീതിയിലുള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നിർവ്വഹിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വീഴ്ച വന്നിട്ടുണ്ട്.

ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം, മഴവെള്ള സംരക്ഷണം എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിയന്തര ശ്രദ്ധ പതിയേണ്ട വിഷയങ്ങളാണ്.

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

175. പ്രസ്തുത ഓഡിറ്റ് പരാമർശം പരിഗണിച്ച സമിതി ജലസേചനപദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരാജയപ്പെട്ടു എന്നും പദ്ധതി തുക പാഴ്ചെലവായി എന്നുമുള്ള പരാമർശം സംബന്ധിച്ച്

വിശദീകരണമാരാഞ്ഞു. ആയതിന് പെരുമ്പാവൂർ നഗരസഭ ഒഴികെ പല നഗരങ്ങളിലും ജലസേചന പദ്ധതികൾ ഒന്നും നിലവിലില്ലെന്നും പെരുമ്പാവൂരിൽ പി.വി.ഐ.പി. പദ്ധതി നിലവിലുള്ളതിനാൽ ആയതിനുവേണ്ടി പണം ചെലവഴിക്കുന്നുണ്ടെന്നും, പാലക്കാട് മലമ്പുഴയുടെ കനാൽ പോകുന്നതല്ലാതെ നഗരസഭയുടെ കീഴിൽ പദ്ധതികളൊന്നും നിലവിലില്ലെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

176. കൃഷി വകുപ്പും മൈനർ ഇറിഗേഷൻ വകുപ്പും തമ്മിൽ സഹകരിച്ച് ചെയ്യേണ്ട പദ്ധതിയല്ലേയെന്ന് ചൂണ്ടിക്കാട്ടിയ സമിതി ആയതിൽ കൃഷിവകുപ്പിന്റേയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും പങ്കെന്തെന്ന് ആരാഞ്ഞു. മൈനർ ഇറിഗേഷൻ വകുപ്പാണ് പദ്ധതി ആസൂത്രണം ചെയ്യുന്നതെന്നും ചില സ്ഥലങ്ങളിൽ പമ്പ് സെറ്റുകൾ വാങ്ങി നൽകാറുണ്ടെന്നല്ലാതെ ആയത് നഗരസഭയുടെ പരിധിയിൽ വരുന്നതല്ലെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ മറുപടി നൽകി.

177. ചെമ്പ്ര, അന്നാര ജലസേചന പദ്ധതികൾ തിരൂർ നഗരസഭയിലാണെന്ന് നിരീക്ഷിച്ച സമിതി, നഗരസഭയുടെ കീഴിൽ ജലസേചന പദ്ധതികളൊന്നും ഇല്ലെന്ന വാദഗതി പൂർണ്ണമായും ശരിയല്ലെന്ന് വിലയിരുത്തുകയും നഗരസഭ ഏറ്റെടുത്ത് നടപ്പിലാക്കുന്ന/ നടപ്പിലാക്കിയ ജലസേചന പദ്ധതികളുടെ സ്ഥിതിവിവര കണക്കുകൾ സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടു.

**ജലസേചനം-സ്തംഭനത്തിലായ പ്രവൃത്തികൾ-എറണാകുളം ജില്ല**

## വെങ്ങോല ഗ്രാമപഞ്ചായത്ത് & കുമ്പളം ഗ്രാമപഞ്ചായത്ത്

ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയായിരുന്ന വലിയകുളം കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്തിട്ടില്ലെന്നും മറ്റ് പദ്ധതികളായ ഫ്ലാഷി ഇളിച്ചിറ, കണശ്ശേരികുളം, ചിറക്കൽ കുളം എന്നിവ പൂർത്തികരിച്ചിട്ടുണ്ടെന്നുമുള്ള വെങ്ങോല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**ജലസേചനം - കോഴിക്കോട് ജില്ല**

## വളയം ഗ്രാമപഞ്ചായത്ത്

മൂന്ന് ജലസേചന പദ്ധതികളിൽ എലിക്കുന്ന് പദ്ധതി പൂർത്തിയായിട്ടുണ്ടെന്നും കല്ലുനിര, രാജധാനി എന്നീ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് പുതിയ പദ്ധതി വെയ്ക്കാൻ പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തിട്ടുണ്ടെന്നും കോഴിക്കോട് ഡി.ഡി.പി. അറിയിച്ചു.

## അത്തോളി ഗ്രാമപഞ്ചായത്ത്

**ജലസേചന പദ്ധതികൾക്കായി വിനിയോഗിച്ച തുക പാഴായി**

തറോപടിക്കൽ ജലസേചന പദ്ധതി ഉപേക്ഷിക്കപ്പെട്ടതാണെന്നും അഡ്വാൻസായി കൈപ്പറ്റിയ തുക തിരിച്ചടച്ചിട്ടുണ്ടെന്നും 1999-2000 ൽ തുടങ്ങിയ കരവാളൂർ ജലസേചന പദ്ധതി 2005-06 കുടിവെള്ള പദ്ധതിയാക്കി മാറ്റിയെന്നും 25 കുടുംബങ്ങൾക്ക് കുടിവെള്ളം നൽകിക്കൊണ്ട് നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്നുവെന്നും കോഴിക്കോട് ഡി. ഡി. പി. അറിയിച്ചു. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ സംബന്ധിച്ച് ആരാഞ്ഞതിന് നിലവിൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഡി. ഡി. പി. അറിയിച്ചു. ഡി. ഡി. പി.യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**178. ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വീഴ്ച സംഭവിക്കുന്നതായും ആയത് പദ്ധതിത്തുക പാഴാകുന്നതിന് ഇടയാക്കുന്നുണ്ടെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഏറ്റെടുക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്നും ആയത് ഭരണ വകുപ്പ് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

**179. തിരൂർ നഗരസഭയുടെ കീഴിൽ ജലസേചന പദ്ധതികളൊന്നും ഇല്ലെന്ന വാദഗതി പൂർണ്ണമായും ശരിയല്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ തിരൂർ നഗരസഭ ഏറ്റെടുത്ത് നടപ്പിലാക്കുന്ന/നടപ്പിലാക്കിയ ജലസേചന പദ്ധതികളുടെ സ്ഥിതിവിവര കണക്കുകൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**180. വലിയകുളം ,ഫ്ലാഷി ഇളിച്ചിറ, കണശ്ശേരികുളം, ചിറക്കൽകുളം, തറോപടിക്കൽ ജലസേചന പദ്ധതി എന്നീ പരാമർശങ്ങളിന്മേലും കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശത്തിന്മേലുമുള്ള ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**3.1.13 മണ്ണ് സംരക്ഷണം**

മണ്ണൊലിപ്പ് തടയുന്നതു വഴി മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തുക എന്നതാണ് മണ്ണ് സംരക്ഷണം കൊണ്ട് ലക്ഷ്യമിടുന്നത്.

ശരാശരി മൂവായിരത്തിലധികം മില്ലിമീറ്റർ മഴ ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. മഴക്കാലത്ത് ക്രമാതീതമായ മണ്ണൊലിപ്പ് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ഓരോ വർഷവും വർദ്ധിച്ചു വരുന്നു. ആയതിനാൽ മണ്ണു സംരക്ഷണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുന്തിയ പരിഗണന നൽകേണ്ടതാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി (കോണ്ടൂർ) ബണ്ട് നിർമ്മാണം, വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കൽ എന്നിവയിലൂടെ ഒരു പരിധി വരെ മണ്ണൊലിപ്പിന് പരിഹാരം കാണാൻ കഴിയും.

എന്നാൽ പരിശോധനാ വിധേയമാക്കിയവയിൽ 36 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഓഡിറ്റ് കാലയളവിൽ (2009-10, 2010-11) മണ്ണ് സംരക്ഷണത്തിന് പദ്ധതികളൊന്നും നടപ്പാക്കിയില്ലെന്ന് കണ്ടു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2008 ഏപ്രിൽ 1 മുതൽ കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുകയും ആയതുവഴി മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് ആവശ്യാനുസരണം ഫണ്ട് ലഭ്യമാവുകയും ചെയ്യുന്ന സാഹചര്യത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ അലംഭാവം കാട്ടുന്നത്. എന്നാൽ മലപ്പുറം ജില്ലയിലെ ചുങ്കത്തറ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്ത് എന്നിവ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് ഖണ്ഡിക

### 3.1.14 ജൈവവള ഉൽപ്പാദനത്തിനായി നടപ്പാക്കിയ പദ്ധതികൾ

ജൈവമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിലൂടെ ലഭിക്കുന്ന ജൈവവളം മണ്ണിന്റെ ഫലഭൂയിഷ്ഠതയും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നു. ഖരമാലിന്യ സംസ്കരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മൗലിക കർത്തവ്യങ്ങളിൽ ഒന്നാണ്. ഇന്നത്തെ സാഹചര്യത്തിൽ വർദ്ധിച്ചുവരുന്ന ഖരമാലിന്യത്തിന്റെ സംസ്കരണവും നിർമ്മാർജനവുമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന വെല്ലുവിളികളിൽ പ്രഥമസ്ഥാനത്തുള്ളത്. ജൈവവള ഉൽപാദനത്തിന്റെ പ്രോത്സാഹനത്തിലൂടെ ഈ പ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരം കാണാനാകും.

ജൈവവള ഉൽപാദനത്തിന് നൂതനവും ശാസ്ത്രീയവും എന്നാൽ ചെലവു കുറഞ്ഞതുമായ സംവിധാനങ്ങൾ (ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതു പോലുള്ളത്) ഇന്ന് ലഭ്യമാണ്. ആയതിന്റെ പ്രചാരണത്തിനും ബോധവൽക്കരണത്തിനും കുടുംബശ്രീ സംവിധാനങ്ങളും ആരോഗ്യപ്രവർത്തകരുടെ സേവനവും പ്രയോജനപ്പെടുത്താവുന്നതാണ്. ജൈവവള ഉൽപാദനത്തിലൂടെ കാർഷിക പുരോഗതിയും പരിസര ശുചീകരണവും ഊർജോത്പാദനവും (ഉദാ: ബയോഗ്യാസ്) കൈവരിക്കാൻ കഴിയും.

എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജൈവവള ഉൽപാദനത്തിന് വേണ്ട പ്രാധാന്യം നൽകുന്നില്ലെന്നാണ് പരിശോധന വേളയിൽ കണ്ടെത്തിയത്. പരിശോധന നടത്തിയ 84 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 35 എണ്ണവും ജൈവവള ഉൽപ്പാദനത്തിനായി പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

എന്നാൽ തിരുവനന്തപുരം നഗരസഭയും തലശ്ശേരി മുനിസിപ്പാലിറ്റിയും (2009-10, 2010-11 വർഷങ്ങളിൽ) ജൈവവള ഉൽപാദനത്തിനായി യഥാക്രമം 1,25,000 രൂപയും 1,39,135 രൂപയും ചെലവഴിച്ചു.

ജൈവവള ഉൽപാദനത്തിലൂടെ മാലിന്യ സംസ്കരണത്തിന് പരിഹാരം കണ്ടെത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതാണ്.

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

181. മണ്ണ് സംരക്ഷണം, ജൈവവള ഉൽപാദനം എന്നീ മേഖലകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര പരിഗണന നൽകിയില്ല എന്ന പരാമർശ വിഷയം സംബന്ധിച്ച സമിതിയുടെ ചോദ്യങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യക്തമായ മറുപടി നൽകാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. എല്ലാ നഗരസഭകളിലും ബയോഗ്യാസ് യൂണിറ്റും ജൈവവള യൂണിറ്റും തുടങ്ങുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു വരുന്നുണ്ടെന്നും തൃശ്ശൂർ നഗരസഭ ജൈവ മാലിന്യങ്ങൾ സംസ്കരിച്ച് വളമാക്കി മാറ്റി കിലോഗ്രാമിന് 8 രൂപ നിരക്കിൽ കർഷകർക്ക് നൽകുന്നതായും നഗരകാര്യ ഡയറക്ടർ അറിയിച്ചു. നഗരസഭകളിൽ ബയോഗ്യാസ് പ്ലാന്റും ജൈവവള യൂണിറ്റും നടപ്പിലാക്കുന്നതിന് ആരംഭിച്ച പദ്ധതി സംബന്ധിച്ച രേഖകൾ ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെട്ടു.

### നിഗമനങ്ങൾ /ശിപാർശകൾ

**182. മണ്ണ് സംരക്ഷണം, ജൈവവള ഉൽപാദനം എന്നീ മേഖലകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര പരിഗണന നൽകാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു.ആയതിനാൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി മണ്ണ് സംരക്ഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധ ചെലുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**183. ഖരമാലിന്യ സംസ്കരണം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നേരിടുന്ന പ്രധാന പ്രശ്നമായതിനാൽ നഗരസഭകളിൽ ബയോഗ്യാസ് പ്ലാന്റും ജൈവവള യൂണിറ്റും നടപ്പിലാക്കുന്നതിന് ആരംഭിച്ച പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

### 3.1.15 സമഗ്ര ഇ-കൃഷി

വിവര സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ കർഷകരിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെയും അക്ഷയയുടെയും ആഭിമുഖ്യത്തിൽ ഇ-കൃഷി പദ്ധതി നടപ്പാക്കുന്നത്. കർഷകർക്കാവശ്യമായ സേവനങ്ങളെല്ലാം ഓൺലൈൻ വഴി ലഭ്യമാക്കാനാണ് ഇ-കൃഷി പദ്ധതി ലക്ഷ്യമിടുന്നത്. കാർഷിക രംഗത്തെ പുതിയ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് കൃഷി ചെയ്യുവാനും കാലാവസ്ഥാമാറ്റങ്ങൾ മുൻകൂട്ടിയറിഞ്ഞ് പ്രതിരോധിക്കാനുമുള്ള സംവിധാനങ്ങൾ ഇ-കൃഷിയിലുണ്ട്. അക്ഷയകേന്ദ്രങ്ങളാണ് കർഷകർക്ക് ഇക്കാര്യത്തിൽ സഹായം ചെയ്യുക. വിളവെടുപ്പിന് മുൻപ് തന്നെ കർഷകർക്ക് സ്വന്തം ഉൽപന്നങ്ങളെ കുറിച്ച് ഇന്റർനെറ്റിൽ പരസ്യം ചെയ്യാം. ലോകത്തിന്റെ ഏതു കോണിലുള്ള ഉപഭോക്താവുമായും നേരിട്ട് വില പേശി സ്വന്തം ഉൽപ്പന്നത്തിന് വില നേടിയെടുക്കാം. സംസ്ഥാന ഐ.ടി. മിഷനും അക്ഷയക്കൊപ്പം ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്മാർട്ട് ഗവൺമെന്റും (എൻ.ഐ.എസ്.ജി.) യുണൈറ്റഡ് നേഷൻസ് ഡെവലപ്പ്മെന്റ് പ്രോഗ്രാമും (യു.എൻ.ഡി.പി.) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരള (IIITMK) യും സംസ്ഥാന കൃഷി വകുപ്പും ഇ-കൃഷി നടപ്പിലാക്കാൻ സഹായിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പ്രധാനപ്പെട്ട കർഷകരുടെ ബയോഡേറ്റ ശേഖരണം, കൃഷി ഭൂമിയുടെ അളവിനെക്കുറിച്ചുള്ള വിവരശേഖരണം, ഉൽപ്പന്നങ്ങളുടെ വിവരശേഖരണം, ഉൽപന്നങ്ങൾ പ്രാദേശികമായും നഗരങ്ങളിലും വിൽക്കുന്നത് സംബന്ധിച്ച വിവരശേഖരണം, അക്ഷയ കേന്ദ്രം അടിസ്ഥാനമാക്കി കർഷകരുടെ ഭൂമി ക്ലബ് രൂപീകരിക്കൽ, ഉൽപന്നങ്ങൾ ഇന്റർനെറ്റിൽ പോസ്റ്റ് ചെയ്യുന്നതു വഴി വലിയ വിപണി സൃഷ്ടിക്കൽ, കർഷകർക്ക് അടിസ്ഥാന കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകൽ, കർഷകർക്ക് ഇന്റർനെറ്റ് കൈകാര്യം ചെയ്യാനുള്ള പ്രാപ്തിയുണ്ടാക്കൽ, വിത്ത്, കീടനാശിനി, വളം എന്നിവ ഇന്റർനെറ്റ് വഴി ഒരുമിച്ച് വാങ്ങാനുള്ള അവസരമൊരുക്കൽ, കാലാവസ്ഥ വ്യതിയാനം അപ്പപ്പോൾ അറിയുവാനുള്ള സംവിധാനമുണ്ടാക്കൽ, മണ്ണ് പരിശോധന സ്വന്തമായും കൃത്യമായും നടത്താനുള്ള പരിശീലനം നൽകൽ, കച്ചവടക്കാരുടെ കൂട്ടായ്മ സൃഷ്ടിക്കൽ, കച്ചവടക്കാരുടെ ഡേറ്റാബേസ് തയ്യാറാക്കൽ, കർഷകരുടെയും കച്ചവടക്കാരുടെയും വിവരങ്ങളുടെ സമഗ്ര വിശകലനം നടത്താനുള്ള ഇ-കൃഷി സെമിനാർ നടത്തൽ മുതലായവയാണ് ഇ-കൃഷി ലക്ഷ്യമിടുന്നത്.

പ്രവർത്തനാവലോകന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി തെരഞ്ഞെടുത്ത 84 കൃഷിഭവനകളിൽ പരിശോധന നടത്തിയതിൽ ഇ-കൃഷി പദ്ധതി ആരംഭിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

**സമഗ്ര ഇ-കൃഷി**

| ജില്ല | സ്ഥാപനം | പദ്ധതി നടത്തിപ്പിലെ വിശദാംശങ്ങൾ |
|---|---|---|
| തിരുവനന്തപുരം | ഇടവ ഗ്രാമപഞ്ചായത്ത് | ഡേറ്റ എൻട്രി നടത്തി ഐ.റ്റി. മിഷന് നൽകിയിട്ടുണ്ട് |
| കൊല്ലം | കരിപ്ര ഗ്രാമപഞ്ചായത്ത് | കർഷകരുടെ ഡേറ്റ ബേസ് തയ്യാറാക്കിയിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ കർഷക സമിതി രൂപീകരിച്ച് പ്രവർത്തനം നടത്തുന്നു. |
| | കൊല്ലം നഗരസഭ | പദ്ധതി ആരംഭിച്ചു |
| കോട്ടയം | വെളിയന്നൂർ ഗ്രാമപഞ്ചായത്ത് | ആരംഭിക്കുകയും നിർവ്വഹണ ഏജൻസിയായ അക്ഷയയ്ക്ക് നൽകിയ പണം വിനിയോഗി ക്കുകയും ചെയ്തു. |
| | പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് | പദ്ധതി നടത്തിപ്പിനായി അക്ഷയയ്ക്ക് 14100 രൂപ നൽകിയിട്ടുണ്ട്. സർവ്വേ പൂർത്തീകരിച്ച് ഡേറ്റാബേസ് തയ്യാറാക്കിവരുന്നു. |
| എറണാകുളം | നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് | പദ്ധതി ആരംഭിച്ചു |
| കാസർഗോഡ് | പൈവളികെ ഗ്രാമപഞ്ചായത്ത് | പദ്ധതി ആരംഭിച്ചു |
| | കോടോംബേളൂർ ഗ്രാമപഞ്ചായത്ത് | പദ്ധതി ആരംഭിച്ചു |

ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ പദ്ധതി ആരംഭിച്ചെങ്കിലും ലക്ഷ്യം നേടിയില്ല.

| | | |
|---|---|---|
| മങ്കര ഗ്രാമപഞ്ചായത്ത് | - | പാലക്കാട് ജില്ല |
| മാറാക്കര ഗ്രാമപഞ്ചായത്ത് | - | മലപ്പുറം ജില്ല |
| ചുങ്കത്തറ ഗ്രാമപഞ്ചായത്ത് | - | മലപ്പുറം ജില്ല |
| വളയം ഗ്രാമപഞ്ചായത്ത് | - | കോഴിക്കോട് ജില്ല |

കാർഷിക വിളകളുടെ ഉൽപാദനം, ശേഖരണം, വിതരണം എന്നിവയുടെ പ്രോത്സാഹനത്തിനായി സമഗ്ര ഇ-കൃഷിയുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച ഭൂമി ക്ലബ്ബുകൾ 4 കൃഷിഭവനകളിൽ മാത്രമാണ് പ്രവർത്തനം ആരംഭിച്ചതെന്നും ഓഡിറ്റിൽ കണ്ടെത്തി.

സമഗ്ര ഇ-കൃഷി പദ്ധതിയുമായി ബന്ധപ്പെട്ട സർവ്വേ പൂർത്തീകരിച്ച് ഡേറ്റാ ബേസ് തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾപോലും മിക്ക പഞ്ചായത്തുകളിലും ആരംഭിച്ചിട്ടില്ല. സമഗ്ര ഇ-കൃഷി പദ്ധതി നടപ്പിലാക്കാത്തതിനാൽ ഈ പദ്ധതിമൂലം കാർഷികരംഗത്ത് സൃഷ്ടിക്കപ്പെടുന്ന വിപ്ലവകരമായ വികസനം പഞ്ചായത്തുകളിൽ ലഭ്യമാകാത്ത അവസ്ഥയാണ് ഉണ്ടാകുന്നത്.

അക്ഷയകേന്ദ്രം, കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ എന്നിവയുടെ സഹായത്തോടെ ഡേറ്റാബേസ് തയ്യാറാക്കി ആക്ഷൻ പ്ലാൻ രൂപീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

184. സമഗ്ര ഇ-കൃഷി പദ്ധതി ലക്ഷ്യം കണ്ടില്ല എന്ന പരാമർശം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് കർഷകരുടെ ഡാറ്റാബാങ്ക് വച്ച് അവരുടെ ഉൽപന്നങ്ങൾക്ക് വില കിട്ടുന്നതിനും കർഷകരെ സഹായിക്കുന്നതിനും വേണ്ടി വിഭാവനം ചെയ്ത പദ്ധതിയാണിതെന്നും കൃഷി വകുപ്പല്ല ഇത് നടപ്പിലാക്കിയതെന്നും കൃഷി സ്ഥലങ്ങൾ, ഉൽപന്നങ്ങൾ എന്നിവ മാറിവരുന്നതനുസരിച്ച് ആയത് അപ്ഡേറ്റ് ചെയ്യുന്നതിനുള്ള സംവിധാനം ഇല്ലെന്നും ഇ-കൃഷി ഇപ്പോൾ നിലവിലില്ലെന്നും കൃഷി ഡയറക്ടർ വിശദമാക്കി.

185. കർഷകർക്ക് ആവശ്യമായ സേവനങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഐ.ടി.മിഷന്റെയും അക്ഷയയുടെയും നേതൃത്വത്തിലാണ് സമഗ്ര ഇ-കൃഷി പദ്ധതി നടപ്പിലാക്കുന്നതെന്ന് സമിതി നിരീക്ഷിച്ചു. കാർഷിക രംഗത്തെ പുതിയ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് കൃഷി ചെയ്യാനും കാലാവസ്ഥാ മാറ്റങ്ങൾ മുൻകൂട്ടിയറിഞ്ഞ് പ്രതിരോധിക്കാനുമുള്ള സംവിധാനങ്ങൾ പ്രസ്തുത പദ്ധതിയിലുണ്ടെന്ന് സമിതി ചൂണ്ടിക്കാട്ടി.

186. ഇ-കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനു വേണ്ടി ആയതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉന്നതതല യോഗം വിളിക്കണമെന്നും കൃഷി സ്ഥലങ്ങളും കർഷകരുടെ വിളകളും മാറുന്ന സാഹചര്യത്തിൽ കർഷകരുടെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യണമെന്നും പ്രസ്തുത വിവരം അറിയിക്കണമെന്നും സമിതി നിർദ്ദേശിച്ചു. അങ്ങനെ ചെയ്യാമെന്ന് കൃഷി വകുപ്പ് സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകി.

187. പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്തിലെ സമഗ്ര ഇ-കൃഷി നടത്തിപ്പ് സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, സമഗ്ര ഇ-കൃഷി നടത്തിപ്പിനായി 85,000 രൂപ അക്ഷയയുടെ ജില്ലാ പ്രോജക്ട് ഓഫീസിന് കൈമാറിയിട്ടുണ്ടെന്നും അതിൽ 16,900 രൂപ ചെലവഴിച്ചിട്ടുണ്ടെന്നും അവശേഷിച്ച 68,100 രൂപ കളക്ടറുടെ അക്കൗണ്ടിൽ

നിക്ഷേപിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ ഇൻ-ചാർജ് അറിയിച്ചു. പ്രസ്തുത തുക തിരികെ പഞ്ചായത്തിൽ അടയ്ക്കുന്നതിന് അക്ഷയ ഡയറക്ടർക്ക് സർക്കാർ അനുമതി നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടർ-ഇൻ-ചാർജ് തുടർന്നറിയിച്ചു. പ്രസ്തുത വിഷയം സംബന്ധിച്ച് അക്ഷയ ഡയറക്ടർക്ക് നിർദ്ദേശം നൽകുവാൻ പഞ്ചായത്ത് ഡയറക്ടറോട് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി നിർദ്ദേശിച്ചു.

188. മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്ത് ഇ-കൃഷി നടത്തിപ്പിനായി ആക്ഷൻ പ്ലാൻ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടന്നു വരുന്നതായുള്ള മറുപടി സമിതി അംഗീകരിച്ചു.

189. ചുങ്കത്തറ ഗ്രാമപഞ്ചായത്തിലെ സമഗ്ര ഇ-കൃഷി നടത്തിപ്പിനെ സംബന്ധിച്ച് സർക്കാർ നൽകിയ മറുപടി സമിതി അംഗീകരിച്ചു.

190. കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമപഞ്ചായത്തിലെ സമഗ്ര ഇ-കൃഷി പദ്ധതി നടപ്പിലാക്കുന്നതിനായി 70,535 രൂപ വകയിരുത്തിയതിൽ 26,425 രൂപ സോഫ്റ്റ്‌വെയർ സംബന്ധിച്ച സാങ്കേതിക കാര്യങ്ങൾക്കായി ജില്ലാകളക്ടറുടെ ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും കോഴിക്കോട് ഡി.ഡി.പി. അറിയിച്ചു. അക്ഷയ സെന്ററിന് സോഫ്റ്റ്‌വെയർ കൈമാറി കിട്ടിയില്ല എന്നതാണ് പ്രശ്നമെന്നും ഐ.ടി. മിഷനാണ് ആയത് ലഭ്യമാക്കേണ്ടതെന്നും പഞ്ചായത്ത് ഡയറക്ടർ-ഇൻ-ചാർജ് വ്യക്തമാക്കി. സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിൽ സാങ്കേതിക ബുദ്ധിമുട്ട് നിലനിൽക്കുന്നതായും ജില്ല/സംസ്ഥാനമൊട്ടാകെ ചെയ്യാനുള്ള പദ്ധതിക്ക് ആവശ്യമായ തുകയാണ് അടച്ചിരിക്കുന്നതെന്നും കോഴിക്കോട് ഡി. ഡി .പി. അറിയിച്ചു.

191. പ്രസ്തുത വിഷയം സംബന്ധിച്ച് സമിതി ഐ.റ്റി. മിഷൻ ഉദ്യോഗസ്ഥയോട് വിശദീകരണം ആരാഞ്ഞു. സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിന് 2012 വരെ പല പഞ്ചായത്തുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചിരുന്നെന്നും ഒരു വർഷം 10 ലക്ഷം രൂപയാണ് ഐ.റ്റി. മിഷൻ ഇതിനായി ചെലവഴിക്കുന്നതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥ വെളിപ്പെടുത്തി. 2012 മുതൽ സർക്കാർ ഐ.റ്റി. മിഷന് ഫണ്ടൊന്നും നൽകുന്നില്ലെന്നും പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന തുക അപ്ഡേഷന് മാത്രമേ ഉള്ളൂവെന്നും പ്രസ്തുത ഉദ്യോഗസ്ഥ തുടർന്നറിയിച്ചു. പദ്ധതി തുടർന്ന് നടപ്പിലാക്കാൻ കഴിയില്ലേയെന്നും പഞ്ചായത്ത് അടച്ച തുക തിരികെ നൽകുമോ എന്നും സമിതി ആരാഞ്ഞതിന് പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്നും മെയിന്റനൻസിനും മറ്റ് കാര്യങ്ങൾക്കും തുക ലഭിക്കുകയാണെങ്കിൽ പദ്ധതി തുടർന്ന് കൊണ്ട് പോകുവാൻ ഐ.റ്റി. മിഷൻ തയ്യാറാണെന്നും ഒരു വർഷം ഏകദേശം 10 ലക്ഷം രൂപ ചെലവ് വരുമെന്നും ഐ.റ്റി. മിഷൻ തുടർന്ന് അറിയിച്ചു. എല്ലാ പഞ്ചായത്തുകൾക്കുമായി 10 ലക്ഷം രൂപ തികയുമോ എന്ന് സമിതി ആരാഞ്ഞതിന്, എല്ലാ പഞ്ചായത്തുകളിലും ഒരേ സോഫ്റ്റ്‌വെയറാണ് ഉപയോഗിക്കുന്നതെന്നും എഞ്ചിനീയറിംഗ്

കോസ്റ്റും സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനുമായി ഒരു വർഷത്തേക്ക് പത്ത് ലക്ഷം രൂപ ആവശ്യമായി വരുമെന്നും ഐ.റ്റി. ഉദ്യോഗസ്ഥ വിശദീകരിച്ചു. സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകൾക്കുമായി 10 ലക്ഷം രൂപ മതിയാകുമെങ്കിൽ ഏതെങ്കിലും ഹെഡ്ഡിൽ ഉൾപ്പെടുത്തി നൽകാമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി അറിയിച്ചു.

192. 2012 മുതൽ സോഫ്റ്റ്‌വെയർ പ്രവർത്തിക്കുന്നില്ലെന്നും ടി കാലയളവു മുതലുള്ള തുക ലഭിക്കുകയാണെങ്കിൽ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിന് കുറച്ചു തുക മാറ്റി വെയ്ക്കാമെന്നും മൂന്ന് വർഷത്തേക്കുള്ള തുക വേണ്ടിവരുമെന്നും ഐ.റ്റി. മിഷനിലെ ഉദ്യോഗസ്ഥ വിശദമാക്കി. നടപ്പുവർഷം മുതലുള്ള തുക അടച്ചാൽ മതിയാകില്ലേ എന്ന തദ്ദേശ സ്വയംഭരണ സെക്രട്ടറിയുടെ ചോദ്യത്തിന്, അങ്ങനെ മതിയെന്നും സെർവർ പർച്ചേസ് ചെയ്യുന്നതിനുവേണ്ടി 27 ലക്ഷം രൂപ അടയ്ക്കണമെന്നും ഐ.റ്റി. മിഷന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥ അറിയിച്ചു. കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളുടെയും സോഫ്റ്റ്‌വെയർ ഡെവലപ്മെന്റിനായി പത്ത് ലക്ഷം രൂപ മതിയാകുമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഏതെങ്കിലും ശീർഷകത്തിൽ ഉൾപ്പെടുത്താമെന്ന് തീരുമാനമെടുത്തതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി വ്യക്തമാക്കി. പ്രസ്തുത വിഷയം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**193. കർഷകർക്ക് ആവശ്യമായ സേവനങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനും കാർഷിക രംഗത്തെ പുതിയ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് കൃഷി ചെയ്യാനും കാലാവസ്ഥ മാറ്റങ്ങൾ മുൻകൂട്ടിയറിഞ്ഞ് പ്രതിരോധിക്കാനുമുള്ള സംവിധാനങ്ങൾ സമഗ്ര ഇ-കൃഷി പദ്ധതിയിൽ ഉണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ കർഷകർക്ക് ഏറെ പ്രയോജനപ്രദമായ ഇ-കൃഷി പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൃഷി സ്ഥലങ്ങളും കർഷകരുടെ വിളകളും മാറുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരങ്ങൾ അപ്ഡേറ്റ് ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

**194. പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്തിൽ സമഗ്ര ഇ-കൃഷി നടത്തിപ്പിനായി അക്ഷയ ജില്ലാ പ്രോജക്ട് ഓഫീസിന് കൈമാറിയ തുകയിൽ വിനിയോഗശേഷം അവശേഷിച്ചിരുന്ന തുക തിരികെ പഞ്ചായത്തിൽ അടയ്ക്കുന്നതിന് നിർദ്ദേശം നൽകുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**195. കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും സമഗ്ര ഇ-കൃഷി നടപ്പിലാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ ഡെവലപ്പ്മെന്റ് സംബന്ധിച്ച വിഷയം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

### 3.1.16 കാർഷിക വികസന സമിതി

കാർഷിക വികസന പദ്ധതികളുടെ വിജയകരമായ നിർവ്വഹണത്തിന് പൊതുജനപങ്കാളിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് കൃഷിഭവനുകൾ കേന്ദ്രീകരിച്ച് കാർഷിക വികസന സമിതികൾ രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത്. കാർഷിക വികസന പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് കാർഷിക വികസന സമിതികൾ പ്രധാന പങ്കുവഹിക്കുന്നു. വകുപ്പ് തലത്തിൽ മാസത്തിലൊരിക്കലും ജില്ലാതലത്തിൽ രണ്ടുമാസത്തിലൊരിക്കലും കാർഷിക വികസന സമിതി യോഗം ചേരേണ്ടതുണ്ട്. പ്രത്യേക സാഹചര്യങ്ങളിൽ സമിതിയുടെ കൂടുതൽ യോഗങ്ങൾ നടത്താവുന്നതാണ്.

കേരളത്തിലെ ഭൂരിഭാഗം പഞ്ചായത്തുകളിലും കാർഷിക വികസന സമിതികൾ സജീവമായി പ്രവർത്തിക്കുന്നുവെങ്കിലും സമിതികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കാത്ത പഞ്ചായത്തുകളും നഗരസഭകളും നിലവിലുണ്ട്.

ഉദാ: തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ലയിലെ മറവൻ തുരുത്ത് ഗ്രാമപഞ്ചായത്ത്, കൊച്ചി നഗരസഭ, ആലുവ മുനിസിപ്പാലിറ്റി, കോഴിക്കോട് നഗരസഭ, കാസർഗോഡ് മുനിസിപ്പാലിറ്റി

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

#### തിരുവനന്തപുരം ജില്ല-കരകുളം ഗ്രാമപഞ്ചായത്ത്

196. 2011-12-ൽ പഴയ കാർഷിക വികസന സമിതി മാറി പുതിയ വികസന സമിതി രൂപീകരിക്കുന്ന സമയത്താണ് ഓഡിറ്റ് നടന്നതെന്നും ആയതിനാലാണ് വികസന സമിതി ഇല്ലായെന്ന പരാമർശം വന്നതെന്നും നിലവിൽ കൃഷി ഓഫീസർ കൺവീനറായി കാർഷിക വികസന സമിതി സജീവമായി പ്രവർത്തിച്ചു വരുന്നുണ്ടെന്നും ന്യൂനതകൾ പരിഹരിച്ചെന്നുമുള്ള കരകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

#### നിഗമനങ്ങൾ/ശിപാർശകൾ

**197. തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**198. കാർഷിക വികസന സമിതികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കാത്ത പഞ്ചായത്തുകളിലും നഗരസഭകളിലും ആയത് രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനും ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടി റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് മുഖാന്തരം ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**3.1.17 വിള ഇൻഷ്വറൻസ് പദ്ധതി - സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി**

പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകുക എന്ന ലക്ഷ്യത്തോടെ 1996 മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. 25 വിളകൾക്കാണ് ഈ പദ്ധതി പ്രകാരം ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കുന്നത്. ഓഡിറ്റ് സമയത്ത് വിള ഇൻഷ്വറൻസ് പദ്ധതിയിൽ 12673 കർഷകരെ അംഗങ്ങളാക്കുകയും 34.57 ലക്ഷം രൂപ പ്രീമിയമായി ശേഖരിക്കുകയും 1690 കർഷകർക്ക് 52.23 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്ക് സംസ്ഥാന വിഹിതമായി 100 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

പദ്ധതിയിൽ അംഗങ്ങളായവരിൽ 13% കർഷകർക്കു മാത്രമേ ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിട്ടുള്ളൂ. എല്ലാ കാർഷികവിളകൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തേണ്ടതും, കൃഷി നാശം സംഭവിക്കുന്ന എല്ലാ കർഷകർക്കും പദ്ധതിയുടെ ആനുകൂല്യം ഉറപ്പുവരുത്തേണ്ടതുമാണ്.

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

199. വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായവരിൽ 13 ശതമാനം കർഷകർക്ക് മാത്രമേ പദ്ധതി ആനുകൂല്യം ലഭിച്ചുള്ളൂവെന്നും 25 തരം വിളകളെ മാത്രമേ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളൂവെന്നും നിരീക്ഷിച്ച സമിതി, പദ്ധതി ആനുകൂല്യം എല്ലാ കർഷകർക്കും ലഭ്യമാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുവാൻ കഴിയുമെന്ന് ആരാഞ്ഞു.

200. ഇൻഷ്വറൻസ് എടുത്ത എല്ലാവർക്കും പദ്ധതി ആനുകൂല്യം നൽകുക എന്നത് സർക്കാരിന്റെ നയപരമായ കാര്യമാണെന്ന് ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. പ്രസ്തുത വിഷയം സംബന്ധിച്ച് സമിതി സർക്കാരിന്റെ വിശദീകരണം ആരാഞ്ഞതിന്, 100 ശതമാനം കൃഷിക്കാരെയും ഒരു പദ്ധതിയുടെ

ഉപഭോക്താക്കളാക്കാൻ തീരുമാനിച്ചിട്ട് 13 ശതമാനം മാത്രമേ ആയിട്ടുള്ളൂവെങ്കിൽ ആയത് പദ്ധതി നടത്തിപ്പിന്റെ പരാജയമാണെന്നും എന്നാൽ ഒരു പ്രത്യേക യോഗ്യത കണക്കാക്കുമ്പോൾ അതിൽ 13 ശതമാനം പേർക്ക് മാത്രമേ അംഗങ്ങളാകാൻ കഴിയുന്നുള്ളൂവെങ്കിൽ ആയതിൽ മാറ്റം വരുത്താൻ കഴിയില്ലെന്നും തദ്ദേശസ്വയംഭരണ സെക്രട്ടറി വ്യക്തമാക്കി.

**നിഗമനങ്ങൾ/ശിപാർശകൾ**

**201. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം കൃഷി നാശം സംഭവിക്കുന്ന എല്ലാ കർഷകർക്കും ലഭ്യമാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

### 3.1.18 കർഷകതൊഴിലാളി പെൻഷൻ

കേരള സർക്കാർ 1980 മുതൽ നടപ്പാക്കി വരുന്ന ഏറ്റവും പ്രധാനപ്പെട്ട ക്ഷേമപദ്ധതികളിൽ ഒന്നാണ് കർഷകത്തൊഴിലാളി പെൻഷൻ. കൃഷി ഉപജീവന മാർഗ്ഗമായി സ്വീകരിച്ചതും 60 വയസ്സ് കഴിഞ്ഞതും കേരള കാർഷിക ക്ഷേമനിധി ബോർഡിൽ (2002 മുതൽ) അംഗത്വമുള്ളതുമായ കർഷകർക്കാണ് പെൻഷൻ നൽകിവരുന്നത്. നിലവിൽ കർഷകത്തൊഴിലാളി പെൻഷൻ 400 രൂപയാണ്.

പദ്ധതിയുടെ നടത്തിപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ്. 1998-ലെ കേരള കർഷക തൊഴിലാളി പെൻഷൻ ചട്ടങ്ങളിലെ ചട്ടം 7-ബി പ്രകാരം അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം അതിന്മേൽ തദ്ദേശസ്വയംഭരണ സ്ഥാപനം തീരുമാനമെടുക്കണം. കൃഷി വകുപ്പിൽ നിന്ന് പണം ലഭിക്കുന്ന മുറയ്ക്കാണ് പെൻഷൻ നൽകുന്നത്. അപേക്ഷകൾ നിരസിക്കുമ്പോൾ കാരണം വ്യക്തമായിരിക്കണം.

തെരഞ്ഞെടുത്ത 84 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2009-10, 2010-11 കാലയളവിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം, അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചവ, നടപടി പൂർത്തിയാക്കാത്തവ എന്നിവയാണ് ഓഡിറ്റിൽ പരിശോധനാ വിധേയമാക്കിയത്.

ജി.ഒ.(പി) 189/2000 ത.സ്വ.ഭ.വ. 4-7-2000 ഉത്തരവ് പ്രകാരം കൃഷി അസിസ്റ്റന്റുമാരാണ് കർഷക തൊഴിലാളി അപേക്ഷയിന്മേൽ അന്വേഷണം നടത്തേണ്ടത്. സമയബന്ധിതമായി അന്വേഷണ റിപ്പോർട്ട് നൽകുന്നതിലും 45 ദിവസത്തിനകം തീരുമാനമെടുക്കുന്നതിലും കാലതാമസം വരുത്തുന്നുണ്ട്. ഉദാ:

| ക്രമ നമ്പർ | സ്ഥാപനം | ലഭിച്ച അപേക്ഷകൾ | അന്വേഷണ റിപ്പോർട്ട് നൽകിയവ |
|---|---|---|---|
| 1 | മാടപ്പള്ളി ഗ്രാമപഞ്ചായത്ത് - കോട്ടയം | 46 | 25 |
| 2 | തൃശ്ശൂർ നഗരസഭ | 174 | 129 |
| 3 | മുണ്ടൂർ ഗ്രാമപഞ്ചായത്ത് - പാലക്കാട് ജില്ല | 46 | 24 |
| 4 | താനാളൂർ ഗ്രാമപഞ്ചായത്ത് - മലപ്പുറം ജില്ല | 10 | 0 |
| 5 | പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് - കണ്ണൂർ ജില്ല | 14 | 6 |

ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്ത് കർഷകത്തൊഴിലാളി പെൻഷൻ വിതരണം ചെയ്തത് സംബന്ധിച്ച രേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

202. കർഷകത്തൊഴിലാളി പെൻഷൻ പദ്ധതിയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ കാലതാമസം എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, കർഷകത്തൊഴിലാളി പെൻഷനുവേണ്ടി നഗരസഭയ്ക്ക് ലഭിക്കുന്ന അപേക്ഷകൾ കൃഷിഭവന് കൈമാറുകയും കൃഷിഭവൻ ആയതിന്മേൽ അന്വേഷണം നടത്തി ലഭ്യമാക്കുന്ന റിപ്പോർട്ട് വീണ്ടും നഗരസഭ കൗൺസിലിൽ വച്ച് പാസ്സാക്കുകയും ചെയ്യുകയാണ് നടപടി ക്രമമെന്നും അപേക്ഷ ലഭിച്ച് മൂന്ന് മാസത്തിനകം പെൻഷൻ നൽകുന്നുണ്ടെന്നും റിപ്പോർട്ട് ലഭിക്കാൻ വൈകുന്നതു കൊണ്ടാണ് പെൻഷൻ നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നതെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ വിശദീകരിച്ചു.

203. പെൻഷനുള്ള അപേക്ഷ നൽകിയാൽ 45 ദിവസത്തിനുള്ളിൽ അതിന്മേൽ തീരുമാനമെടുക്കണമെന്ന് സർക്കാരിന്റെ വ്യക്തമായ നിർദ്ദേശമുണ്ടായിട്ടും കർഷക തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിനുണ്ടായ കാലതാമസം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറും പഞ്ചായത്ത് വകുപ്പും ഗൗരവമായി കാണണമെന്നും ആയത് സംബന്ധിച്ച് എല്ലാ കൃഷി ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

204. പെൻഷനുള്ള അപേക്ഷ നൽകിയാൽ 45 ദിവസത്തിനകം അന്വേഷണ റിപ്പോർട്ട് നൽകണമെന്നുള്ള നിർദ്ദേശം കൃഷി അസിസ്റ്റന്റുമാർക്ക് നൽകണമെന്നും സമയബന്ധിതമായി റിപ്പോർട്ട് നൽകാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി

സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച് ഒരു യോഗം വിളിക്കണമെന്നും ആയതിന്റെ പുരോഗതി അറിയിക്കണമെന്നും സമിതി നിർദ്ദേശിച്ചു. കർഷകത്തൊഴിലാളി പെൻഷനു വേണ്ടിയുള്ള അപേക്ഷകൾ 45 ദിവസത്തിനകം തന്നെ കൃഷി അസിസ്റ്റന്റുമാർ പരിശോധന നടത്തി റിപ്പോർട്ട് നൽകുന്നതിനും ഇതിനുവേണ്ടി സർക്കുലർ പുറപ്പെടുവിക്കുന്നതിന് നിർദ്ദേശം നൽകിയെന്നും കർഷകത്തൊഴിലാളി പെൻഷൻ അപേക്ഷയിന്മേൽ യഥാസമയം നടപടി സ്വീകരിക്കുകയും പെൻഷൻ നൽകുകയും ചെയ്യുന്നുണ്ടെന്ന് കൃഷി വകുപ്പ് അറിയിച്ചു.പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

205. ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്ത് കർഷകത്തൊഴിലാളി പെൻഷൻ വിതരണം ചെയ്തത് സംബന്ധിച്ച രേഖകൾ ഒന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല എന്ന ഓഡിറ്റ് പരാമർശം കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കുന്നതിനുവേണ്ടി ക്ഷേമനിധി ബോർഡിൽ അപേക്ഷിച്ചിട്ടുള്ള കർഷകർ ആരും തന്നെ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാൽ പെൻഷൻ വിതരണം ചെയ്യുന്നില്ലെന്ന സർക്കാർ മറുപടിയും പരിഗണിച്ച 17-6-2015-ലെ സമിതി യോഗം കൃഷിവകുപ്പിനോട് വിശദാംശങ്ങൾ ആരായുകയും ക്ഷേമനിധി ബോർഡിലെ ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുക്കുന്നതിനും തീരുമാനിച്ചു. ആയതിൻ പ്രകാരം കൃഷി വകുപ്പ് ചുവടെ ചേർക്കുന്ന മറുപടി ലഭ്യമാക്കി.

206. വട്ടവട ഗ്രാമപഞ്ചായത്തിൽ ആകെ 2 പേർ മാത്രമാണ് കർഷകത്തൊഴിലാളി പെൻഷൻ അപേക്ഷ നൽകിയിരുന്നതും പെൻഷൻ അനുവദിച്ചിരുന്നതും. ഇതിൽ ഒരു കർഷകൻ മരണമടയുകയും അടുത്ത കർഷകൻ സ്ഥലം മാറിപ്പോവുകയും ചെയ്തതിനാൽ നിലവിൽ ആർക്കും കർഷകത്തൊഴിലാളി പെൻഷൻ നൽകുന്നില്ല. ടി പഞ്ചായത്ത് തമിഴ് ഭൂരിപക്ഷ മേഖലയായതിനാൽ ക്ഷേമനിധികളെ കുറിച്ച് വേണ്ടത്ര അവബോധം ഇല്ലാത്തതും ഉള്ള കർഷകൻ തന്നെ ഈ മേഖലയിലെ കർഷകത്തൊഴിലാളി പെൻഷന് വേണ്ട പ്രാമുഖ്യം നൽകുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ പദ്ധതിയെ കുറിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തുവാൻ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് നിർദ്ദേശം നൽകാവുന്നതാണ്.

207. ഇടുക്കി ജില്ലയിൽ വളരെ പിന്നോക്കം നിൽക്കുന്ന ഒരു മലയോര പ്രദേശമാണ് വട്ടവട ഗ്രാമപഞ്ചായത്ത്. ടി പഞ്ചായത്തിൽ നിന്നും ഈ അടുത്ത കാലം വരെ കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വം എടുക്കുന്നതിനായി അപേക്ഷകളൊന്നും തന്നെ ലഭിക്കുകയുണ്ടായിട്ടില്ല. കർഷക തൊഴിലാളി മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളാണ് പ്രധാനമായും ക്ഷേമനിധിയിൽ അംഗത്വം എടുക്കുന്നതിനായി തൊഴിലാളികളിൽ നിന്നും അപേക്ഷകൾ ലഭ്യമാക്കുന്നത്. ഈ മേഖലയിൽ തൊഴിലാളി സംഘടനകൾ വേണ്ടത്ര ശക്തമല്ലാത്തതിനാൽ തൊഴിലാളികളെ

ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നിട്ടില്ല എന്ന് കാണുന്നു. എന്നാൽ 2014 അവസാനം ക്ഷേമനിധിയിൽ ചേരുന്നതിനായി 95 തൊഴിലാളികൾ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടി തൊഴിലാളികൾക്ക് 19-1-2015-ൽ അംഗത്വം നൽകുകയുണ്ടായി.

208. നിലവിൽ കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള 60 വയസ്സ് തികഞ്ഞ തൊഴിലാളികൾക്കാണ് കർഷക തൊഴിലാളി പെൻഷൻ നൽകിവരുന്നത്. വട്ടവട പഞ്ചായത്തിലെ വട്ടവട, കൊട്ടാക്കമ്പൂർ എന്നീ വില്ലേജുകളിലാണ് കർഷക തൊഴിലാളികൾ കൂടുതലായി ഉള്ളത്. മേൽ പറഞ്ഞ പ്രകാരം 19-1-2015-ൽ ടി പ്രദേശത്തെ 95 തൊഴിലാളികൾ കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വം എടുത്തിട്ടുണ്ടെങ്കിലും ഇവർ ആരുംതന്നെ 60 വയസ്സ് പൂർത്തിയാക്കി പെൻഷന് അർഹത നേടിയവരല്ല.

209. കണ്ണൂർ ജില്ലയിലെ വളപ്പട്ടണം, പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ആരും തന്നെ കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം എടുത്തിട്ടില്ല. കണ്ണൂർ മുനിസിപ്പാലിറ്റിയുടെ സമീപപ്രദേശമായ വളപ്പട്ടണം ഒരു വ്യാപാരവ്യവസായ മേഖലയാണ്. പ്ലൈവുഡ്, ഓട്, കൈത്തറി, ബീഡി എന്നിവയാണ് ഇവിടുത്തെ പ്രധാന വ്യവസായങ്ങൾ. ടി പഞ്ചായത്തിൽ തൊഴിലാളികൾ വ്യവസായ മത്സ്യബന്ധന, ബീഡി മേഖലകളിലെ തൊഴിലുകളിലാണ് ഏർപ്പെട്ടിട്ടുള്ളത്. ക്ഷേമനിധി ബോർഡിന്റെ കണ്ണൂർ ഡിവിഷണൽ ഓഫീസിൽ ഈ പഞ്ചായത്തിൽ നിന്നും ആരും തന്നെ കർഷക തൊഴിലാളി ക്ഷേമനിധി അംഗത്വം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല. ഇതുപോലെ മലയോര മേഖലയായ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽ പ്രധാനമായും തേയില, ഓറഞ്ച് തോട്ടങ്ങൾ എന്നിവയാണ് ഉള്ളത്. അതുകൊണ്ട് തന്നെ ടി പഞ്ചായത്തിൽ തോട്ടം തൊഴിലാളികളാണ് ഉള്ളതെന്ന് കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം തൊഴിലാളികളും തോട്ടം തൊഴിലാളികൾ ആയതിനാലും ഇവർ തോട്ടം തൊഴിലാളി നിയമത്തിന്റെ പരിധിയിൽ വരുന്നതിനാലും മൂന്നാർ പഞ്ചായത്തിലും നിലവിൽ കർഷക തൊഴിലാളി പെൻഷന് അർഹരായവർ ആരും ഇല്ലായെന്ന് ലേബർ കമ്മീഷണറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

210. ഇടുക്കി ജില്ലയിലെ കർഷകത്തൊഴിലാളി പെൻഷൻ നൽകുന്നതിൽ കാലതാമസം എന്ന ഓഡിറ്റ് ഖണ്ഡിക സമിതിയുടെ 17-6-2015-ലെ യോഗം പരിഗണിച്ച അവസരത്തിൽ കർഷകത്തൊഴിലാളി പെൻഷന് വട്ടവട ഗ്രാമപഞ്ചായത്തിൽ ആരും തന്നെ അപേക്ഷിച്ചിട്ടില്ലെന്ന മറുപടി തൃപ്തികരമല്ലാതിരുന്നതിനാൽ, സമിതി ആവശ്യപ്പെട്ടതിൻപ്രകാരം സമർപ്പിച്ച വിശദമായ റിപ്പോർട്ടിന്മേൽ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഉദ്യോഗസ്ഥനിൽ നിന്നും സമിതി വിശദീകരണമാരാഞ്ഞു.

211. വട്ടവട ഗ്രാമപഞ്ചായത്തിൽ ആരുംതന്നെ കർഷകത്തൊഴിലാളി പെൻഷന് അപേക്ഷിച്ചിട്ടില്ലെന്ന് 17-6-2015-ലെ യോഗത്തിൽ വിശദീകരിക്കുകയും എന്നാൽ ഇപ്പോൾ 95 പേർ അപേക്ഷ നൽകിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തതിന്റെയും കാരണമെന്തെന്ന സമിതിയുടെ ചോദ്യത്തിന് ക്ഷേമനിധിയിൽ അംഗത്വം എടുക്കുന്നതിനാണ് 95 പേർ അപേക്ഷ നൽകിയിട്ടുള്ളതെന്നും 60 വയസ്സ് കഴിയുമ്പോൾ ക്ഷേമനിധി അംഗത്വമുള്ള തൊഴിലാളിക്ക് പെൻഷൻ ലഭിക്കുമെന്നും കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് അറിയിച്ചു.

212. വട്ടവട ഗ്രാമപഞ്ചായത്തിൽ ഭൂരിഭാഗവും തമിഴ് വംശജരായ തൊഴിലാളികളാണെന്നും അവർക്ക് മലയാളത്തിലുള്ള അപേക്ഷാ ഫോറം വായിച്ചു മനസ്സിലാക്കാനോ പൂരിപ്പിക്കാനോ കഴിയില്ലെന്നും തമിഴ് ഭാഷയിൽ അപേക്ഷാ ഫോം തയ്യാറാക്കി കൊടുത്താൽ നന്നായിരിക്കുമെന്നും പഞ്ചായത്ത് ഡയറക്ടർ-ഇൻ-ചാർജ് അഭിപ്രായപ്പെട്ടു. മൂന്നാറിൽ നിന്നും 40 കി.മീ. അകലെയുള്ള ചെറുതോണിയിലാണ് ക്ഷേമനിധി ഓഫീസ് സ്ഥിതി ചെയ്യുന്നതെന്നും ദൂരക്കൂടുതൽ ഉള്ളതിനാൽ ട്രേഡ് യൂണിയനുകളാണ് അപേക്ഷ ശേഖരിച്ച് എത്തിക്കുന്നതെന്നും ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

213. കൃഷി വകുപ്പിൽ നിന്നും നൽകിയ മറുപടിയിൽ രണ്ടു പേർ അപേക്ഷ നൽകിയിരുന്നുവെന്നും എന്നാൽ അപേക്ഷകരില്ലെന്ന ക്ഷേമനിധി ബോർഡിന്റെ മറുപടിയും തമ്മിലുള്ള വൈരുദ്ധ്യം ചൂണ്ടിക്കാട്ടിയപ്പോൾ, ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിന് മുമ്പ് തൊഴിൽ വകുപ്പാണ് കർഷക ത്തൊഴിലാളി പെൻഷൻ കൊടുത്തിരുന്നതെന്നും പ്രസ്തുത കാലയളവിൽ 60 വയസ്സ് കഴിഞ്ഞാലും പെൻഷന് അപേക്ഷിക്കാമായിരുന്നെന്നും 2002-ൽ സർക്കാർ കൊണ്ടു വന്ന ഭേദഗതിയോടെ ക്ഷേമനിധിയിൽ അംഗത്വമുള്ള തൊഴിലാളി വിരമിച്ചാൽ മാത്രമേ കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കുകയുള്ളൂവെന്നും നിലവിൽ 60 വയസ്സ് കഴിഞ്ഞ നിരവധി തൊഴിലാളികൾ വട്ടവട ഗ്രാമ പഞ്ചായത്തിൽ ഉണ്ടെങ്കിലും ക്ഷേമനിധി ബോർഡിൽ അംഗത്വം ഇല്ലാത്തതിനാൽ പെൻഷൻ അനുവദിക്കാൻ നിർവ്വാഹമില്ലെന്നും കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് അഭിപ്രായപ്പെട്ടു.

214. 95 പേർക്ക് അംഗത്വം കൊടുത്തു എന്നു പറയുന്നതിന്റെ സാംഗത്യമെന്തെന്ന സമിതിയുടെ ചോദ്യത്തിന് 20 വയസ്സിനും 60 വയസ്സിനും ഇടയിലുള്ളവരാണ് അംഗത്വമെടുത്തതെന്നും അവർക്ക് 60 വയസ്സ് കഴിയുമ്പോൾ പെൻഷൻ ലഭിക്കുമെന്നും 2002-ലെ സർക്കാർ ഉത്തരവ് പ്രകാരം 18 വയസ്സു മുതൽ 55 വയസ്സുവരെയുള്ളവർക്ക് മാത്രമേ ക്ഷേമനിധിയിൽ അംഗമാകാൻ കഴിയൂ എന്നും അംഗങ്ങളായവർക്ക് മാത്രമേ പെൻഷൻ ലഭിക്കുകയുള്ളൂവെന്നും കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് വ്യക്തമാക്കി.

**നിഗമനങ്ങൾ/ശിപാർശകൾ**

**215. കർഷകത്തൊഴിലാളി പെൻഷനുള്ള അപേക്ഷ നൽകിയാൽ 45 ദിവസത്തിനുള്ളിൽ അതിന്മേൽ തീരുമാനമെടുക്കണമെന്ന് സർക്കാരിന്റെ വ്യക്തമായ നിർദ്ദേശമുണ്ടായിരിക്കെ ആയത് നൽകുന്നതിനുണ്ടായ കാലതാമസം സമിതി ഗൗരവമായി കാണുന്നു. ആയതിനാൽ സർക്കാർ നിർദ്ദേശം പാലിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് എല്ലാ കൃഷി ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**216. കർഷകത്തൊഴിലാളി പെൻഷനുള്ള അപേക്ഷയിന്മേൽ സമയബന്ധിതമായി റിപ്പോർട്ട് നൽകാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**217. കർഷകത്തൊഴിലാളി പെൻഷനെക്കുറിച്ചുള്ള അവബോധം തൊഴിലാളികളിൽ സൃഷ്ടിക്കുന്നതിനായി ക്ഷേമനിധി ബോർഡ് മുൻകൈയെടുത്ത് കർഷകത്തൊഴിലാളി സംഘടനകകളുടെയും,രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടേയും, പഞ്ചായത്ത് അംഗങ്ങളുടെയും സഹായത്തോടെ യോഗം വിളിച്ചുചേർത്ത് അടിയന്തര നടപടികൾ കൈക്കൊള്ളുന്നതിനും ഇക്കാര്യം തൊഴിൽ വകുപ്പിന്റെ കൂടി ശ്രദ്ധയിൽപ്പെടുത്തുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

**218. തമിഴ് വംശജർ കൂടുതലുള്ള മേഖലകളിൽ കർഷക തൊഴിലാളി പെൻഷനുള്ള അപേക്ഷ ഫോറങ്ങളുടെ തമിഴ് പതിപ്പും കൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**3.1.19 ഇടവിള കൃഷി**

ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുന്നത് കാർഷിക മേഖലയുടെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുന്നതിന് സഹായകമാണ്. ഇടവിളകൾ താരതമ്യേന കുറഞ്ഞ ചെലവിൽ കൃഷി ചെയ്യാവുന്നതും കുറഞ്ഞ സമയത്തിനുള്ളിൽ വിളവെടുക്കാവുന്നതുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ പദ്ധതികളുടെ ഭാഗമായി കുരുമുളക്, ജാതി, കൊക്കോ, പൈനാപ്പിൾ തുടങ്ങിയവ ഇടവിളയായി കൃഷി ചെയ്യുവാൻ കർഷകർക്ക് പ്രോത്സാഹനം നൽകാവുന്നതാണ്.

പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇടവിള കൃഷിക്കായി പദ്ധതികളൊന്നും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. പദ്ധതികൾ നടപ്പാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നാമമാത്ര തുകയാണ് ഇടവിള കൃഷിക്കായി ചെലവഴിച്ചത്. 2009-10,

2010-11 വർഷങ്ങളിൽ ഇടവിള കൃഷിക്കായി പദ്ധതികൾ രൂപീകരിക്കുകയോ, തുക ചെലവഴിക്കാതിരിക്കുകയോ ചെയ്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് | - | കൊല്ലം ജില്ല |
| 2. മാടപ്പള്ളി ഗ്രാമപഞ്ചായത്ത് | - | കോട്ടയം ജില്ല |
| 3. മുണ്ടക്കയം ഗ്രാമപഞ്ചായത്ത് | - | കോട്ടയം ജില്ല |
| 4. നെടുമുടി ഗ്രാമപഞ്ചായത്ത് | - | ആലപ്പുഴ ജില്ല |
| 5. ഏലപ്പാറ ഗ്രാമപഞ്ചായത്ത് | - | ഇടുക്കി ജില്ല |
| 6. ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് | - | എറണാകുളം ജില്ല |
| 7. ആലുവ മുനിസിപ്പാലിറ്റി | - | എറണാകുളം ജില്ല |
| 8. കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് | - | പാലക്കാട് ജില്ല |
| 9. പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് | - | മലപ്പുറം ജില്ല |
| 10. വളയം ഗ്രാമപഞ്ചായത്ത് | - | കോഴിക്കോട് ജില്ല |
| 11. പൂതാടി ഗ്രാമപഞ്ചായത്ത് | - | വയനാട് ജില്ല |
| 12. മുണ്ടേരി ഗ്രാമപഞ്ചായത്ത് | - | കണ്ണൂർ ജില്ല |

തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്ത് ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുന്നതിൽ ഉത്തമ മാതൃകയാണ്. 2009-10, 2010-11 വർഷങ്ങളിലായി യഥാക്രമം 1.95 ലക്ഷം രൂപയും 1.18 ലക്ഷം രൂപയും കരകുളം ഗ്രാമപഞ്ചായത്ത് ഇടവിളകൃഷി പ്രോത്സാഹനത്തിനായി ചെലവഴിച്ചിട്ടുണ്ട്.

ഇടവിള കൃഷിയുടെ പ്രോത്സാഹനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സജീവശ്രദ്ധ പതിയേണ്ട വിഷയമാണ്.

ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

219. പരാമർശ വിധേയമായ പഞ്ചായത്തുകൾ ഇടവിള കൃഷിക്ക് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**220. പരാമർശവിധേയമായ പഞ്ചായത്തുകൾ ഇടവിള കൃഷിക്ക് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**3.1.20 ഉദ്യാനകൃഷി/പച്ചക്കറി കൃഷി എന്നിവയുടെ പ്രോത്സാഹനം**

ഓരോവീട്ടിലും ഒരു പച്ചക്കറിത്തോട്ടം എന്ന ലക്ഷ്യത്തോടെ വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി പച്ചക്കറി കൃഷി വികസന പദ്ധതി ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കിവരുന്നു. RSGP (പച്ചക്കറി വിത്ത് ഉൽപ്പാദന പദ്ധതി) RKVY (ഇടവിള കൃഷി) എന്നിവ കൃഷിഭവനുകൾ വഴി കൃഷി വകുപ്പ് നടപ്പാക്കി വരുന്നു.

പരിശോധനയ്ക്ക് വിധേയമാക്കിയ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പച്ചക്കറി കൃഷിയുടെ പ്രോത്സാഹനത്തിന് കാര്യമായ തുക ചെലവഴിക്കുന്നുണ്ട്.

ഉദ്യാന കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന പദ്ധതികളൊന്നും ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പാക്കുന്നില്ല. വകുപ്പുതല പ്രോജക്ടുകൾ മാത്രമാണ് ഈ രംഗത്ത് കൃഷിഭവനുകൾ നടപ്പിലാക്കി വരുന്നത്.

ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

221. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി ഭവൻ മുഖേന ഗ്രോ ബാഗ് പദ്ധതിയും സ്കൂളുകളും ഓഫീസുകളും വഴിയുള്ള പച്ചക്കറി വിത്ത് വിതരണവും, മിക്ക സ്കൂളുകളിലും മാതൃകാ പച്ചക്കറിത്തോട്ടങ്ങളും, വീടുകൾ കേന്ദ്രീകരിച്ച് അടുക്കള തോട്ടങ്ങളും നഗരപ്രദേശത്തെ വീടുകളിൽ മട്ടുപ്പാവ് കൃഷിയും സജീവമായി നടപ്പിലാക്കിവരുന്നു.

222. ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉദ്യാനകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഓർക്കിഡ് ആന്തൂറിയം കൃഷിയ്ക്കുള്ള പദ്ധതികൾ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നു. പരിശോധനയ്ക്ക് വിധേയമാക്കിയ എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും പച്ചക്കറി കൃഷിയുടെ പ്രോത്സാഹനത്തിന് കാര്യമായ തുക ചെലവഴിക്കുന്നുണ്ടെന്നും എന്നാൽ ഉദ്യാന കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന പദ്ധതികളൊന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്നില്ല എന്നും സമിതിയ്ക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും ചിലവഴിക്കുന്ന

തുകയ്ക്ക് ആനുപാതികമായി പദ്ധതികൾ ഒന്നും ആവിഷ്കരിക്കുന്നില്ല എന്ന് നിരീക്ഷിച്ച സമിതി വകുപ്പുതല പ്രോജക്ടുകൾ കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സ്ഥല സൗകര്യങ്ങൾക്കും സാഹചര്യങ്ങൾക്കും അനുസൃതമായി പുതിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

**223. പരിശോധനയ്ക്ക് വിധേയമാക്കിയ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പച്ചക്കറി കൃഷി പ്രോത്സാഹനത്തിന് കാര്യമായ തുക ചെലവഴിക്കുന്നുണ്ടെന്നും എന്നാൽ ഉദ്യാനകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന പദ്ധതികളൊന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്നില്ല എന്നും സമിതി മനസ്സിലാക്കുന്നു.ചെലവഴിക്കുന്ന തുകയ്ക്ക് ആനുപാതികമായി പദ്ധതികൾ ഒന്നും ആവിഷ്കരിക്കുന്നില്ല എന്ന് നിരീക്ഷിച്ച സമിതി വകുപ്പുതല പ്രോജക്ടുകൾ കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സ്ഥല സൗകര്യങ്ങൾക്കും സാഹചര്യങ്ങൾക്കും അനുസൃതമായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**3.1.21 പദ്ധതി നിർവ്വഹണത്തിലെ പൊതുവായ ന്യൂനതകൾ**

10, 11 പഞ്ചവൽസര പദ്ധതിക്കാലത്ത് ചേർന്നിട്ടുള്ള വാർഡ്/ ഗ്രാമസഭകളിൽ മുൻവർഷങ്ങളിലെ പദ്ധതി നിർവ്വഹണത്തെ സംബന്ധിച്ച വിലയിരുത്തലുകളോ ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകളും മുൻവർഷങ്ങളിലെ പോരായ്മകളും കണക്കിലെടുത്തുള്ള പദ്ധതി നിർദ്ദേശങ്ങളോ ഉണ്ടാകുന്നില്ല. മിക്ക വാർഡ്/ഗ്രാമസഭകളിലും പൊതുജന പങ്കാളിത്തം കുറവാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ പുനഃസംഘാടനത്തിൽ കാർഷിക രംഗത്ത് പ്രവൃത്തി പരിചയമുള്ളവരെ വേണ്ടത്ര ഉൾപ്പെടുത്താതിരിക്കുന്നതുമൂലം ദീർഘവീക്ഷണ ത്തോടെയും സമഗ്ര വികസനം മുൻനിർത്തിയുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് സാധിക്കുന്നില്ല എന്നും വിലയിരുത്തുന്നു.

മണ്ണിന്റെ ഗുണനിലവാര പരിശോധന നടത്താതെ വളപ്രയോഗത്തിന് ധനസഹായം നൽകുന്നത് ഉൽപാദനകുറവിന് കാരണമാകുന്നുണ്ട്. അതുപോലെ പ്രായോഗികതയും പ്രവർത്തനക്ഷമതയും കണക്കിലെടുക്കാതെയുള്ള കാർഷിക യന്ത്രവൽക്കരണവും ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നു. പദ്ധതി പ്രവർത്തനങ്ങൾ ഫണ്ട് വിനിയോഗി ക്കുന്നതോടുകൂടി അവസാനിപ്പിക്കുന്നതായും ഫലപ്രദമായ തുടർ പ്രവർത്തനങ്ങൾ ഉണ്ടാവാതിരിക്കുന്നതും പരിശോധനാ വേളയിൽ ശ്രദ്ധയിൽപ്പെട്ടു.

നടപ്പാക്കിവരുന്ന പദ്ധതികൾ കാർഷിക ഉൽപ്പാദന വർദ്ധനവിന് എത്രമാത്രം ഉണർവേകിയെന്ന് പരിശോധിക്കുന്നതിനും, ആയതിന്റെ വ്യാപ്തി നിർണ്ണയിക്കുന്നതിനും വിശ്വസനീയവും ആധികാരികവുമായ സ്ഥിതിവിവര കണക്കുകൾ കൃഷിഭവനുകൾ സൂക്ഷിക്കേണ്ടതുണ്ട്. കാർഷിക പദ്ധതികളുടെ ലക്ഷ്യ സാക്ഷാത്ക്കാരത്തിന് കൃത്യമായ സാധ്യതാപഠനം നടത്തുന്നില്ലെന്നതാണ് മറ്റൊരു അപാകത. ഉദാഹരണത്തിന്, രോഗം ബാധിച്ച ആയിരക്കണക്കിന് തെങ്ങുകൾ വർഷങ്ങളായി മുറിച്ചുനീക്കുന്നുണ്ടെങ്കിലും പുതിയ തൈകൾ നടുന്നുണ്ടോ എന്നതും അതുവഴി സമഗ്ര നാളികേര വികസനം/തെങ്ങിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കൽ എന്ന പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്നതും പഠന വിധേയമാക്കുന്നില്ല.

പദ്ധതികളുടെ ലക്ഷ്യപ്രാപ്തിക്ക് സാധ്യതാപഠനം പോലെ തന്നെ പ്രധാനമാണ് നിർവ്വഹണ ഘട്ടത്തിലെ മേൽനോട്ട പ്രവർത്തനങ്ങളും നിർവ്വഹണാനന്തരമുള്ള വിലയിരുത്തലുകളും. എന്നാൽ നിർവ്വഹണ മേൽനോട്ടത്തിനും നിർവ്വഹണാനന്തരം വിലയിരുത്തലുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കുന്നില്ല. 11-ാം പദ്ധതി മാർഗ്ഗരേഖയിൽ ലക്ഷ്യമിട്ടിരുന്നതു പ്രകാരം കാർഷികവിളകളുടെ പ്രത്യേകിച്ച് ഭക്ഷ്യവിളകളുടെ പുനരുജ്ജീവനത്തിന് ഓരോ പ്രദേശത്തിനും യോജിച്ച ഭക്ഷ്യവിളകളുടെ ഉൽപാദന വർദ്ധനവിൽ കേന്ദ്രീകരിച്ചുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് ഖണ്ഡിക

## 3.1.22 നിഗമനങ്ങൾ

1. കൃഷി ഓഫീസുകളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തത് കാർഷിക മേഖലയെ ദോഷകരമായി ബാധിക്കുന്നു.

2. കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനുള്ള പദ്ധതികൾ പൂർണ്ണ വിജയം കൈവരിക്കുന്നില്ല.

3. കാർഷിക പദ്ധതികൾ മുൻകൂട്ടി തയ്യാറാക്കി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തതുമൂലം ലക്ഷ്യം കൈവരിക്കുന്നില്ല.

4. ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം പ്രവർത്തിക്കുന്നില്ല. കർഷകർക്ക് ആവശ്യമായ ഉൽപ്പാദന ഉപാധികൾ നൽകുന്നതൊഴിച്ചാൽ അതിന്റെ വിനിയോഗ വിവരങ്ങളെക്കുറിച്ച് അന്വേഷണം നടക്കുന്നില്ല.

5. വർദ്ധിച്ച ഉൽപാദനചെലവ്, കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ്, രോഗങ്ങൾ, തൊഴിലാളികളുടെ ദൗർലഭ്യം എന്നിവമൂലം കൃഷിഭൂമി ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ തരിശിടുകയോ ചെയ്യുന്നു. നെൽപ്പാടങ്ങൾ വ്യാപകമായി നികത്തുന്നു.

6. നീർത്തട വികസന പദ്ധതികൾ, ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതികൾ എന്നിവ സമന്വയിപ്പിച്ച് നടപ്പിലാക്കിയിട്ടില്ല.

7. കാർഷിക വിജ്ഞാനകേന്ദ്രങ്ങളുടെ അഭാവത്തിൽ ആധുനിക കൃഷിരീതിയെ ക്കുറിച്ചും കൃഷി സമ്പ്രദായത്തെക്കുറിച്ചും കർഷകർക്ക് വിവരങ്ങൾ ലഭ്യമാക്കുന്നില്ല.

8. കർഷകരുടെ എണ്ണം ഭൂവിസ്തൃതി, വിവിധ കാർഷിക വിളകൾക്ക് അനുയോജ്യമായ പ്രദേശം എന്നിവയെ സംബന്ധിച്ച സമഗ്രമായ ഡേറ്റ ലഭ്യമല്ല. കൃഷിഭവൻ വഴി നൽകുന്ന യന്ത്രോപകരണങ്ങളുടെ ആസ്തി രജിസ്റ്ററും സൂക്ഷിക്കുന്നില്ല.

9. ഗ്രാമ/വാർഡ് സഭകളിൽ കാര്യമായ ജനപങ്കാളിത്തമോ കാർഷിക മേഖലയെപ്പറ്റി സജീവ ചർച്ചകളോ ഉണ്ടാകുന്നില്ല.

10. കാർഷിക യന്ത്രോപകരണങ്ങൾ സൂക്ഷിക്കുന്നതിനും അവയുടെ പ്രവർത്തനവും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിനും സംവിധാനങ്ങളില്ല.

11. നഗരസാഹചര്യത്തിനനുസരിച്ച് വ്യത്യസ്തവും നൂതനവും പ്രയോഗികവുമായ പദ്ധതികൾ ആവിഷ്കരിക്കാൻ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അധികാരികൾ ശ്രദ്ധ പതിപ്പിക്കുന്നില്ല.

ഓഡിറ്റ് ഖണ്ഡിക

**3.1.23 ശിപാർശകൾ**

1. കൃഷിഭവന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

2. കർഷകരുടെ എണ്ണം, ഭൂവിസ്തൃതി, വിവിധ കാർഷിക വിളകൾ, അനുയോജ്യമായ പ്രദേശം എന്നിവയെപ്പറ്റി സമഗ്രമായ ഡേറ്റ തയ്യാറാക്കുക.

3. ശാസ്ത്രീയമായ കൃഷി രീതിയിലും ആധുനിക യന്ത്രങ്ങൾ ഉപയോഗിക്കുന്നതിലും കർഷകർക്ക് പരിശീലനം നൽകുക.

4. കാർഷികമേഖലയിലെ പ്രധാന പ്രശ്നമായ തൊഴിലാളിക്ഷാമം പരിഹരി ക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കർഷക തൊഴിലാളികളെ ഉൾപ്പെടുത്തി ഒരു ലേബർ ബാങ്ക് രൂപീകരിക്കുകയും ഇവരുടെ സേവനം ആവശ്യാനുസരണം പാടശേഖരങ്ങൾക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്യുക.

5. കൃഷി വകുപ്പും ജലസേചന വകുപ്പും തമ്മിൽ വേണ്ടത്ര ഏകോപനം ഇല്ലാത്ത സ്ഥിതി വിശേഷം മാറി ജലസേചന സൗകര്യം നിലച്ചുപോയ ഇറിഗേഷൻ പദ്ധതികൾ പൂർത്തിയാക്കാൻ നടപടികൾ കൈക്കൊള്ളുക.

6. കാർഷിക വിജ്ഞാനകേന്ദ്രങ്ങൾ ആരംഭിക്കുക, ആധുനിക കൃഷി രീതികൾ പ്രചരിപ്പിക്കുന്നതിന് ഇ-കൃഷി ഫലപ്രദമായി നടപ്പാക്കുക.

7. കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുക. പാടശേഖരസമിതികൾക്ക് നൽകുന്ന യന്ത്രസാമഗ്രികളിന്മേൽ മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാക്കുക. കാർഷിക യന്ത്രവൽക്കരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക മാർഗനിർദ്ദേശങ്ങൾ നൽകുക.

8. പച്ചക്കറി കൃഷി, ഉദ്യാന കൃഷി, വിത്തുൽപ്പാദനം എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുക.

9. കാർഷിക ഉത്പാദന വിതരണ സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രത്യേക കർമ്മ പദ്ധതികൾ ആവിഷ്കരിക്കുക.

10. വിദ്യാർത്ഥികളിൽ കൃഷിയോട് ആഭിമുഖ്യം വളർത്തുന്നതിന് സ്കൂൾ വളപ്പിൽ പച്ചക്കറിത്തോട്ടം നട്ടുപിടിപ്പിക്കുന്നതുപോലെയുള്ള മാതൃകാപരമായ പരിപാടികൾ വ്യാപിപ്പിക്കുക.

11. കാർഷിക രംഗത്തെ നൂതനമായ കൃഷിരീതികളെക്കുറിച്ചും കാലാവസ്ഥ വ്യതിയാനങ്ങളെക്കുറിച്ചും അത്യുത്പാദനശേഷിയുള്ള വിത്തിനങ്ങൾ, ജൈവകീട നിയന്ത്രണം എന്നിവയെക്കുറിച്ചും കർഷകർക്ക് അവബോധം നൽകുന്നതിന് ബോധവൽക്കരണ പരിപാടികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രേരിപ്പിക്കുക.

12. സ്വന്തമായി കൃഷിഭൂമിയില്ലാത്ത കർഷകർക്കും കർഷക സംഘടനകൾക്കും പാട്ടകൃഷി ചെയ്യാൻ സഹായകരമാകുന്ന പദ്ധതികൾക്ക് പ്രോത്സാഹനം നൽകുക.

13. നിലം നികത്താൻ നിയന്ത്രണം (2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട്) കർശനമായി നടപ്പാക്കുകയും പ്രാദേശികതല നിരീക്ഷണ സമിതികളുടെ നിരീക്ഷണത്തിൻ കീഴിൽ കൊണ്ടു വരികയും ചെയ്യുക.

14. വികസന സമിതികൾ, വാർഡ്/ഗ്രാമ സഭകൾ എന്നിവയിലെ വിശദമായ ചർച്ചയ്ക്കു ശേഷം മാത്രം കാർഷിക പ്രോജക്ടുകൾക്ക് രൂപം നൽകുക.

15. ഉൽപ്പന്നങ്ങൾക്ക് ന്യായവില കിട്ടുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും മാർക്കറ്റിംഗ് സംവിധാനം ഉണ്ടാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

16. പദ്ധതികളുടെ മോണിറ്ററിംഗ് ശക്തമാക്കുകയും നിർവഹണാനന്തരം വിലയിരുത്തലുകൾ നടത്തുകയും ചെയ്യുക.

17. മണ്ണ് സർവ്വേയുടെയും മണ്ണ് പരിശോധനയുടെയും അടിസ്ഥാനത്തിൽ മാത്രം വളം വിതരണം ചെയ്യുക.

18. സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പദ്ധതിയ്ക്ക് രൂപം നൽകുകയും അംഗീകാരം വാങ്ങുകയും ചെയ്യുക.

19. നഗരസഭകളിൽ നാഗരികസംസ്കാരത്തിന് യോജിച്ച രീതിയിലെ കൃഷികൾക്ക് മുൻഗണന നൽകേണ്ടതാണ്. ടെറസ് പച്ചക്കറി കൃഷി, കുറ്റിമുല്ല കൃഷി, അടുക്കളത്തോട്ടം, വെർമി കമ്പോസ്റ്റ് നിർമ്മാണം, തുടങ്ങിയവയ്ക്ക് പ്രോത്സാഹനം നൽകുക.

ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

**224. പദ്ധതികൾ ശരിയായി വിലയിരുത്താതെയും മുൻ വർഷങ്ങളിലെ പോരായ്മകൾ, വീഴ്ചകൾ എന്നിവ കണക്കിലെടുക്കാതെയുമാണ് പദ്ധതികൾ തയ്യാറാക്കുന്നതെന്നും വാർഡ്/ഗ്രാമസഭകളിൽ പൊതുജന പങ്കാളിത്തം കുറവായാണ് കാണുന്നതെന്നും കാർഷിക രംഗത്ത് പ്രവർത്തിപരിചയമുള്ള വരെ ഉൾപ്പെടുത്താത്തതും മണ്ണിന്റെ ഗുണനിലവാര പരിശോധന നടത്താതെ വളപ്രയോഗത്തിന് ധനസഹായം നൽകുന്നതും പ്രായോഗികതയും പ്രവർത്തനക്ഷമതയും കണക്കിലെടുക്കാതെയുള്ള യന്ത്രവത്കരണവും വിശ്വസനീയവും ആധികാരികവുമായ സ്ഥിതിവിവരക്കണക്കുകളുടെ അഭാവവും പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകളാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പദ്ധതികളുടെ സാധ്യതാപഠനം, നിർവ്വഹണ ഘട്ടത്തിലെ മേൽനോട്ട പ്രവർത്തനങ്ങൾ, നിർവ്വഹണാനന്തരമുള്ള വിലയിരുത്തലുകൾ, ഓരോ പ്രദേശത്തിനും അനുയോജ്യമായ ഭക്ഷ്യവിളകളുടെ ഉല്പാദനത്തിനായുള്ള കർമ്മപദ്ധതികൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുത്ത് നടപ്പിലാക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

*കെ. സുരേഷ് കുറുപ്പ്,*

തിരുവനന്തപുരം,
2021 ജനുവരി 13.

അദ്ധ്യക്ഷൻ,
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

<u>അനുബന്ധം - I</u>

# പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 65 | തദ്ദേശ സ്വയംഭരണ വകുപ്പ് & കൃഷി വകുപ്പ് | കാർഷിക പദ്ധതികളിൽ സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കുന്നതിനും ഇതു സംബന്ധിച്ചുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 2 | 66 | ,, | പഞ്ചായത്തുകളിലെ കൃഷിഭവനുകളിലുള്ള അടിസ്ഥാന സൗകര്യങ്ങൾ മുനിസിപ്പാലിറ്റിയിലെ കൃഷി ഭവനുകളിൽ ഇല്ലെന്നും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ സ്റ്റാഫിനെ നിയമിക്കുന്നതിൽ പ്രയോജനമില്ലെന്നും സമിതി വിലയിരുത്തുന്നു. സംസ്ഥാനത്തെ കൃഷി ഭവനുകളിൽ മതിയായ ജീവനക്കാർ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും നഗരസഭ കളിലെ കൃഷിഭൂമി സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ ലഭ്യമാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 67 | ,, | സംസ്ഥാനത്തെ നഗരസഭകളിൽ നിയമിക്കുന്ന കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ എണ്ണവും ഏർപ്പെടുത്തുന്ന അടിസ്ഥാന സൗകര്യങ്ങളും അതാത് നഗരസഭയിലെ കൃഷിഭൂമിയുടേയും കൃഷിയുടേയും അടിസ്ഥാന ത്തിലായിരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |
| 4 | 68 | തദ്ദേശ സ്വയംഭരണ വകുപ്പ് & കൃഷി വകുപ്പ് | കൃഷി മെച്ചപ്പെടുത്തുന്നതിനായി ആയതുമായി ബന്ധപ്പെട്ട വകുപ്പുകളെ വിളിച്ച് ചർച്ച ചെയ്യുന്നതിന് നഗരസഭാ ചെയർമാന് അധികാരമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി തുടങ്ങിയ സ്ഥാപനങ്ങളിൽ കൃഷി സംബന്ധമായ കാര്യങ്ങൾക്ക് വർക്കിംഗ് ഗ്രൂപ്പിന്റെ സേവനം ആവശ്യപ്പെട്ടുകൊണ്ട് വിളിക്കുന്ന |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | യോഗത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ പങ്കെടുക്കണമെന്നും ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 5 | 69 | തദ്ദേശ സ്വയംഭരണ വകുപ്പ് & കൃഷി വകുപ്പ് | കൃഷിക്കാവശ്യമായ തൈകൾ കൃഷിവകുപ്പുവഴി സൗജന്യമായും നഗരസഭ 50% സബ്സിഡിയിലും കൊടുക്കുന്നത് അശാസ്ത്രീയമായതിനാൽ ഇതു സംബന്ധിച്ച് സംയുക്ത തീരുമാനത്തിലെത്തുന്നതിനും ഏകീകൃത മാനദണ്ഡം നിശ്ചയിക്കുന്നതിനും തദ്ദേശ സ്വയംഭരണ-കൃഷിവകുപ്പു തലത്തിൽ തീരുമാനമെടു ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |
| 6 | 70 | തദ്ദേശ സ്വയംഭരണ വകുപ്പ് , കൃഷി വകുപ്പ് & ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് | ഓരോ വിളകൾക്കും ആവശ്യമായ സബ്സിഡി നിരക്ക് നിശ്ചയിക്കുന്നതായിരിക്കും നല്ലതെന്നും സംസ്ഥാന പ്ലാനിംഗ് ബോർഡ് ടി വിഷയത്തിൽ ഉചിതമായ തീരുമാനമെടുത്തശേഷം തദ്ദേശ സ്വയംഭരണ വകുപ്പാണ് ആവശ്യമായ നടപടി സ്വീകരിക്കേ ണ്ടതെന്നുമുള്ള ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളോട് സമിതി നിർദ്ദേശിക്കുന്നു |
| 7 | 71 | തദ്ദേശ സ്വയംഭരണ വകുപ്പ് & കൃഷി വകുപ്പ് | പുതുതായി തുടങ്ങുന്ന പദ്ധതികൾക്ക് വീഴ്ചയുണ്ടാ കാതിരിക്കാനും അവ കൂടുതൽ വ്യക്തികളിലേയ്ക്ക് എത്തിക്കാനും സ്വീകരിക്കുന്ന നടപടികൾ ഫലപ്രദമാ കുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും പ്രസ്തുത പ്രവർത്തനങ്ങൾ പരിശോധനാവിധേയമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു |
| 8 | 72 | | കർഷകർക്ക് കൃഷിക്കാവശ്യമായ അറിവ് നൽകുന്ന തിനും അവരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും നൂതനമായ കൃഷി രീതികളെക്കുറിച്ചും അത്യുത്പാദന |

| 1 | 2 | 3 | 4 |
|---|---|---|---|
| | | തദ്ദേശ സ്വയംഭരണ വകുപ്പ് & കൃഷി വകുപ്പ് | ശേഷിയുള്ള വിത്തിനങ്ങളെ കുറിച്ചും പരിചയപ്പെടുത്തു ന്നതിനും അതത് സമയങ്ങളിൽ സർക്കാർ നടപ്പിലാക്കുന്ന കാര്യങ്ങൾ കർഷകരിൽ എത്തിക്കുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും കൃഷി വിജ്ഞാനകേന്ദ്രങ്ങൾ ആവശ്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ തദ്ദേശസ്വയംഭരണ വകുപ്പ് മുൻകൈയെടുത്ത് ആവശ്യപ്പെടുന്ന കൃഷിഭവനുകൾക്ക് കാർഷിക വിജ്ഞാന കേന്ദ്രം ആരംഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉറപ്പാക്കണ മെന്നും ഇക്കാര്യത്തിൽ കൃഷി വകുപ്പിന്റെ പൂർണ്ണമായ സഹകരണമുണ്ടാകണമെന്നും നിർദ്ദേശിക്കുന്നതോടൊപ്പം ഒരു ബ്ലോക്കിൽ ഒരു കാർഷിക വിജ്ഞാനകേന്ദ്രം എന്ന രീതിയിൽ ഇവ സ്ഥാപിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 73 | ,, | കാർഷിക വിജ്ഞാനകേന്ദ്രം എന്നതിന് വ്യക്തമായ നിർവ്വചനവും പുതിയ പേരും നല്കുന്നതിനും ആയതിൻ പ്രകാരം ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരു ക്കുന്നതിനും, അനുയോജ്യരായ ജീവനക്കാരെ നിയമിക്കുന്നതിനും നടപടി കൈക്കൊള്ളുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 10 | 74 | ,, | കൃഷിയ്ക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കണമെന്ന് നിർദ്ദേശിക്കുന്നതോടൊപ്പം നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നെൽകൃഷി മെച്ചപ്പെടുത്തു ന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു |

| 1 | 2 | 3 | 4 |
|---|---|---|---|
| 11 | 75 | തദ്ദേശ സ്വയംഭരണ വകുപ്പ് & കൃഷി വകുപ്പ് | തൃശ്ശൂർ കോർപ്പറേഷനിൽ കൃഷിക്ക് തൊഴിലാളികളെ കിട്ടാനില്ലാത്തതിനാൽ ഇപ്പോൾ നെൽകൃഷിയുടെ 90 ശതമാനവും യന്ത്രവൽകൃതമായിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ഈ സാഹചര്യത്തിൽ യന്ത്ര സംവിധാനം സാധ്യമാകാത്ത പാടങ്ങളിൽ യന്ത്രവൽക്കരണത്തിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനോ കാർഷിക സേന രൂപീകരിച്ച് അവരുടെ സേവനം ലഭ്യമാക്കി കൃഷി ചെയ്യുന്നതിനോ വേണ്ട നടപടി സ്വീകരിക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു. |
| 12 | 76 | തദ്ദേശ സ്വയംഭരണ വകുപ്പ് & കൃഷി വകുപ്പ് | നീർത്തടാധിഷ്ഠിത പദ്ധതികൾക്ക് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് മണ്ണ് സംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സേവനം എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു |
| 13 | 77 | ,, | പാലക്കാട് നഗരസഭയിൽ വയൽ നികത്തൽ വ്യാപകമായി നടക്കുന്നുണ്ടെന്നും ഡാറ്റാബാങ്കുണ്ടാക്കുന്നതിൽ പല തിരിമറികൾ നടക്കുന്നതായും നല്ല രീതിയിൽ കൃഷി നടക്കുന്ന പല സ്ഥലങ്ങളും കൃഷി ചെയ്യാത്ത ഭൂമി എന്ന രീതിയിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും തെളിവെടുപ്പുവേളയിൽ സമിതിയ്ക്ക് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ആയത് സംബന്ധിച്ച് സമഗ്രമായ ഒരു അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 14 | 124 | തദ്ദേശ സ്വയംഭരണ വകുപ്പ്, കൃഷി വകുപ്പ് | 1995-96 മുതൽ സംസ്ഥാനത്ത് നെൽകൃഷിചെയ്യുന്ന ഭൂമിയുടെ വിസ്തൃതി ക്രമാതീതമായി കുറഞ്ഞു വരുന്നതായി സമിതി വിലയിരുത്തുന്നു. വർദ്ധിച്ച ഉൽപാദന ചെലവും തൊഴിലാളികളുടെ ദൗർലഭ്യവും മൂലം പാടശേഖരം തരിശായി ഇടുന്നതിനോടൊപ്പം |

| 1 | 2 | 3 | 4 |
|---|---|---|---|
| | | & റവന്യൂ വകുപ്പ് | കാർഷികേതര ആവശ്യങ്ങൾക്കായി നെൽപ്പാടങ്ങൾ വ്യാപകമായി നികത്തപ്പെടുന്നതായും സമിതി മനസ്സിലാക്കുന്നു. 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണനിയമം കർശനമായി നടപ്പാക്കണമെന്നും നെൽപ്പാടങ്ങൾ നികത്തുന്നത് തടയുന്നതിനായി അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 125 | തദ്ദേശ സ്വയംഭരണ വകുപ്പ് , കൃഷി വകുപ്പ് & റവന്യൂ വകുപ്പ് | അനധികൃതമായി നെൽവയൽ നികത്തുന്നത് തടയുന്ന തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് തദ്ദേശ സ്വയംഭരണം, കൃഷി, റവന്യൂ എന്നീ വകുപ്പുകൾ സംയുക്തമായി ചർച്ച ചെയ്ത് ഒരു പ്രൊപ്പോസൽ തയ്യാറാക്കി അടിയന്തരമായി സർക്കാരിന് റിപ്പോർട്ടു ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 126 | കൃഷി വകുപ്പ് | സംസ്ഥാനത്തിന്റെ നെല്ലറയായ കുട്ടനാട്ടിൽ കർഷകർ നിരവധി പ്രശ്നങ്ങൾ നേരിടുന്നതായി സമിതി മനസ്സിലാക്കുന്നു. കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് യഥാസമയം സംഭരിക്കുന്നതിനും സംഭരിച്ച നെല്ല് സംഭരണശാലകളിൽ എത്തിക്കുന്നതിനും കർഷകർ ധാരാളം പ്രയാസങ്ങൾ നേരിടുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഉല്പാദിപ്പിക്കുന്ന നെല്ല് ശേഖരിക്കുന്ന തിനാവശ്യമായ സംഭരണശാലകൾ ജില്ലയിലില്ലാ ത്തതാണ് പ്രധാന പ്രശ്നമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ കുട്ടനാട്ടിലെ കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് സംഭരിച്ച് സൂക്ഷിക്കുന്നതി നാവശ്യമായ സംഭരണ ശാലകൾ ജില്ലയിൽ തന്നെ നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |
| 17 | 127 | തദ്ദേശ സ്വയംഭരണ വകുപ്പ് & കൃഷി വകുപ്പ് | നെല്ല് പ്രോസസ്സ് ചെയ്യാൻ അനിവാര്യമായ ശുദ്ധജലം കുട്ടനാട്ടിൽ ലഭ്യമല്ലെന്ന് നിരീക്ഷിച്ച സമിതി, ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജില്ലാപഞ്ചായത്ത് മുൻകൈ എടുത്ത് നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 18 | 128 | തദ്ദേശ സ്വയംഭരണ വകുപ്പ് | തൊഴിലുറപ്പ് പദ്ധതിപ്രകാരം നിലമൊരുക്കിയതിന് 15 ലക്ഷം രൂപ തൊഴിലാളികൾക്ക് വേതനമായി നൽകിയതിനാൽ നഷ്ടം ഉണ്ടായി എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 19 | 129 | തദ്ദേശ സ്വയംഭരണ വകുപ്പ് | 6 ലക്ഷം രൂപ ചെലവഴിച്ചിട്ടും തരിശു നിലം കൃഷിയോഗ്യമായില്ലെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് പഞ്ചായത്ത് സെക്രട്ടറി ഇൻ-ചാർജിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 20 | 130 | കൃഷി വകുപ്പ് & റവന്യൂ വകുപ്പ് | നെൽവയൽ നികത്തൽ സംബന്ധിച്ച് കൃഷി വകുപ്പും റവന്യൂ വകുപ്പും എടുത്തിട്ടുള്ള കേസുകളുടെയും ഇതു സംബന്ധിച്ച് നിലവിലുള്ള കേസുകളുടേയും തൽസ്ഥിതി അറിയിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 21 | 131 | തദ്ദേശ സ്വയംഭരണ വകുപ്പ്, കൃഷി വകുപ്പ് & റവന്യൂ വകുപ്പ് | നിലം നികത്തലുമായി ബന്ധപ്പെട്ട് കേസ് എടുക്കുന്നതിനും നടപടി സ്വീകരിക്കുന്നിനുമുള്ള അധികാരം റവന്യൂ വകുപ്പിനും റിപ്പോർട്ട് ചെയ്യുന്നതിനുള്ള ചുമതല കൃഷി വകുപ്പിനും രേഖകൾ സൂക്ഷിക്കുന്നതിനുമുള്ള അധികാരം പഞ്ചായത്തുകൾക്കുമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ അനധികൃതമായി നിലം നികത്തുന്ന സാഹചര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ സമയോചിതമായി പ്രവർത്തിക്കണമെന്നും ഇത്തരം സ്ഥലത്ത് കെട്ടിട നിർമ്മാണം ആരംഭിക്കുന്ന സാഹചര്യത്തിൽ അത് നിർത്തി വെയ്ക്കാൻ ആവശ്യപ്പെടുന്നതിനും ചട്ടപ്രകാരമുള്ള തുടർനടപടികൾ കൈക്കൊള്ളുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 22 | 132 | തദ്ദേശ സ്വയംഭരണ വകുപ്പ് | താനാളൂർ ഗ്രാമപഞ്ചായത്ത് പട്ടരുപറമ്പ് സ്റ്റേഡിയം, ചേനേരിപ്പാടം സ്റ്റേഡിയം എന്നിവയ്ക്കായി വാങ്ങിയ സ്ഥലം നികത്തുന്നതിന് ഉന്നതതല സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ടോയെന്നും സർക്കാർ അനുമതി ഇല്ലാതെ പ്രസ്തുത സ്ഥലം നികത്തിയിട്ടുണ്ടോയെന്നും അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിക്കുന്നു. |
| 23 | 144 | തദ്ദേശ സ്വയംഭരണ വകുപ്പ് & കൃഷി വകുപ്പ് | കേരകൃഷി ഭൂമിയുടെ വിസ്തൃതിയിൽ സംസ്ഥാനം ഒന്നാം സ്ഥാനത്താണെങ്കിലും കേരകൃഷി ശാസ്ത്രീയമായിട്ടില്ലെന്നും രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം തൈകൾ വയ്ക്കുന്ന പദ്ധതി കൃഷി വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടത്തുന്നുണ്ടെങ്കിലും ഇത് സംബന്ധിച്ച് ആധികാരിക രേഖകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലില്ലെന്ന് സമിതി മനസ്സിലാക്കുന്നു. സമിതിയുടെ മുൻപാകെ ലഭിച്ച രേഖകൾ പ്രകാരം ഓഡിറ്റ് പരിശോധന നടത്തിയ മടവൂർ ഗ്രാമപഞ്ചായത്തിൽ 1468 തെങ്ങുകൾ മുറിച്ചുമാറ്റി പകരം 3400 തൈകൾ നട്ടതായി കാണുന്നു. എന്നാൽ ഇവ നടപ്പിലാക്കിയത് എന്നാണെന്നതുസംബന്ധിച്ച രേഖയില്ല. 2009-ൽ ബേപ്പൂർ ഗ്രാമപഞ്ചായത്തിൽ ഈ പദ്ധതിയിൻ കീഴിൽ 2,49,000 രൂപ ചെലവഴിച്ചതായ പരാമർശത്തിനും ആധികാരിക രേഖകൾ ലഭ്യമല്ലായെന്ന് പരാമർശിച്ചിരിക്കുന്നു. ഇതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ-കൃഷി വകുപ്പുകൾ അന്വേഷിച്ച് വിശദമായ റിപ്പോർട്ട് നല്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 24 | 148 | തദ്ദേശ സ്വയംഭരണ വകുപ്പ് | നീർത്തടാധിഷ്ഠിത പദ്ധതികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര പ്രാധാന്യം നൽകുന്നില്ലെന്ന് നിരീക്ഷിച്ച സമിതി പദ്ധതി രൂപീകരണവേളയിൽ നീർത്തട വികസന പദ്ധതികൾക്ക് അർഹമായ വിഹിതം അനുവദിക്കുന്നതിനും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സമന്വയിപ്പിച്ച് ഇത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 25 | 149 | തദ്ദേശ സ്വയംഭരണ വകുപ്പ് | തണ്ണീർത്തട സംരക്ഷണപദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമെന്നും ആയത് പാലിച്ചിട്ടുണ്ടോ എന്നുമുള്ള വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 26 | 150 | തദ്ദേശ സ്വയംഭരണ വകുപ്പ് | അപാകതകൾ പരിഹരിച്ച് പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിലെ നീർത്തട മാസ്റ്റർ പ്ലാനിന് ഡി.പി.സി. അംഗീകാരം ലഭിച്ചതു സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 27 | 165 | തദ്ദേശ സ്വയംഭരണ വകുപ്പ് & കൃഷി വകുപ്പ് | തിരുവനന്തപുരം നഗരസഭയുടെ കുടപ്പനക്കുന്ന് സോണിലെ കൊയ്ത്ത് മെതിയന്ത്രത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തിയത് സംബന്ധിച്ച് റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് മുഖേന രണ്ടുമാസത്തിനുള്ളിൽ ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. |
| 28 | 166 | ,, | കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ 17,20,000 രൂപ ഉപയോഗിച്ച് 29-3-2011-ൽ വാങ്ങിയ കൊയ്ത്ത് മെതിയന്ത്രം ആദിച്ചനല്ലൂർ ഏലാ വികസന സമിതിക്ക് കൈമാറിയതായുള്ള കൃഷിവകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത കൊയ്ത്ത് മെതിയന്ത്രം പാടശേഖര സമിതിക്ക് കൈമാറിയതായുള്ള രേഖകൾ ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തി സമിതിക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 29 | 167 | തദ്ദേശ സ്വയംഭരണ വകുപ്പ് | കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിൽ 2002-03-ൽ 11 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയ കൊയ്ത്ത് മെതിയന്ത്രത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് കരീപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും ഓഡിറ്റിന്റെയും മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 30 | 168 | തദ്ദേശ സ്വയംഭരണ വകുപ്പ് | പാലക്കാട് ജില്ലയിലെ ലക്കിടി-പേരൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിൽ പരാമർശവിധേയമായ 25,000 രൂപ തിരിച്ചീടാക്കിയിട്ടുള്ളതായും പവർ ടില്ലർ പാടശേഖര സമിതിയുടെ നേതൃത്വത്തിൽ ഉപയോഗിച്ചുവരുന്നതായും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു |
| 31 | 169 | തദ്ദേശ സ്വയംഭരണ വകുപ്പ് | കുമരം പുത്തൂർ ഗ്രാമപഞ്ചായത്തിൽ 2005-06-ൽ വാങ്ങിയ ട്രാക്ടർ യന്ത്രവൽക്കരണ സമിതി രണ്ടര വർഷം ഫലപ്രദമായി ഉപയോഗിച്ചതായും പിന്നീട് അറ്റകുറ്റപ്പണിക്കായി 42,000 രൂപ ചെലവഴിച്ചതായും തുക ചെലവാക്കിയ സെക്രട്ടറി മരണപ്പെട്ടതായും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു |
| 32 | 170 | തദ്ദേശ സ്വയംഭരണ വകുപ്പ് & കൃഷി വകുപ്പ് | കൊപ്പം ഗ്രാമപഞ്ചായത്തിൽ 2010-11 വർഷം കമ്പയിൻഡ് ഹാർവെസ്റ്ററുകൾ വന്നതിനാൽ പവർടില്ലർ ഉപയോഗിക്കാൻ കഴിഞ്ഞില്ലെങ്കിലും അവ എത്താത്ത സ്ഥലങ്ങളിൽ പവർടില്ലർ ഉപയോഗിക്കുന്നുണ്ടെന്നും നിലവിൽ യന്ത്രങ്ങൾ പ്രവർത്തനക്ഷമമാണെന്നുമുള്ള കൊപ്പം കൃഷി ഓഫീസറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു |
| 33 | 171 | ,, | പാടശേഖര സമിതികൾക്ക് കൈമാറി കിട്ടിയ കാർഷിക ഉപകരണങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കുന്നുണ്ടെന്നും, വരവ് ചെലവ് കണക്കുകൾ സമിതി യോഗങ്ങളിൽ അവതരിപ്പിക്കുന്നുണ്ടെന്നും അതോടൊപ്പം ആധുനികരീതിയിലുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും അവയ്ക്ക് ദീർഘകാലാടിസ്ഥാനത്തിലുള്ള അറ്റകുറ്റപ്പണിയും സർവ്വീസും ഉറപ്പുവരുത്തുന്നതിനും |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | കൃഷിവകുപ്പ് ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കണമെന്ന നിർദ്ദേശത്തോടെ താനാളൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 34 | 172 | തദ്ദേശ സ്വയംഭരണ വകുപ്പ് & കൃഷി വകുപ്പ് | കാർഷിക ആവശ്യങ്ങൾക്കായി വാങ്ങുന്ന കോടിക്കണക്കിനു രൂപയുടെ യന്ത്രങ്ങൾ ഉപയോഗിക്കാതെ നശിച്ചുപോകുന്നതായും ഇവയുടെ സ്പെയർ പാർട്സുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മുനിസിപ്പാലിറ്റികളും ഗ്രാമ പഞ്ചായത്തുകളും പുതിയ ഉപകരണങ്ങൾ വാങ്ങിക്കുകയാണ് പതിവെന്നും നിരീക്ഷിച്ച സമിതി, ഇക്കാര്യത്തിൽ ശരിയായ മോണിറ്ററിംഗിന്റെയും കോ-ഓർഡിനേഷന്റെയും അഭാവം നിലനിൽക്കുന്നതായി മനസ്സിലാക്കുന്നു. ആയതിനാൽ കാർഷിക ആവശ്യങ്ങൾക്കായി വാങ്ങുന്ന യന്ത്രങ്ങൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനും, ഇവ ഉപയോഗിക്കാതെ നശിച്ചുപോകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് പര്യാപ്തമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 35 | 173 | തദ്ദേശ സ്വയംഭരണ വകുപ്പ് &കൃഷി വകുപ്പ് | പാടശേഖര സമിതിയുടെ കീഴിലുള്ള കാർഷിക ഉപകരണങ്ങൾ പൊതുമുതൽ എന്ന നിലയിൽ ശേഖരിച്ച് ഒരു സ്ഥലത്ത് സൂക്ഷിച്ചും യഥാസമയം അറ്റകുറ്റപ്പണി നടത്തിയും അവയെ സംരക്ഷിച്ചും കർഷകർക്ക് ഉപയുക്തമാകുന്ന തരത്തിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 36 | 174 | കൃഷി വകുപ്പ് | സംസ്ഥാനത്ത് മൊത്തത്തിൽ നടപ്പിലാക്കാൻ പറ്റുന്ന കാർഷിക പദ്ധതികൾ വിഭാവനം ചെയ്യാൻ കൃഷിഭവനുകൾ മുൻകൈ എടുക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 37 | 178 | തദ്ദേശ സ്വയംഭരണ വകുപ്പ് | ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വീഴ്ച സംഭവിക്കുന്നതായും ആയത് പദ്ധതിത്തുക പാഴാകുന്നതിന് ഇടയാക്കുന്നുണ്ടെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഏറ്റെടുക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്നും ആയത് ഭരണ വകുപ്പ് ഉറപ്പു വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 38 | 179 | ,, | തിരൂർ നഗരസഭയുടെ കീഴിൽ ജലസേചന പദ്ധതികളൊന്നും ഇല്ലെന്ന വാദഗതി പൂർണ്ണമായും ശരിയല്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ തിരൂർ നഗരസഭ ഏറ്റെടുത്ത് നടപ്പിലാക്കുന്ന/ നടപ്പിലാക്കിയ ജലസേചന പദ്ധതികളുടെ സ്ഥിതി വിവര കണക്കുകൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 39 | 180 | ,, | വലിയകുളം, ഫ്ലാഷി ഇളിച്ചിറ, കണശ്ശേരികുളം, ചിറക്കൽകുളം, തറോപടിക്കൽ ജലസേചന പദ്ധതി എന്നീ പരാമർശങ്ങളിന്മേലും കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശത്തിന്മേലുമുള്ള ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 40 | 182 | ,, | മണ്ണ് സംരക്ഷണം, ജൈവവള ഉൽപാദനം എന്നീ മേഖലകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര പരിഗണന നൽകാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു.ആയതിനാൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി മണ്ണ് സംരക്ഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധ ചെലുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 41 | 183 | തദ്ദേശ സ്വയംഭരണ വകുപ്പ് | ഖരമാലിന്യ സംസ്കരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രധാന പ്രശ്നമായതിനാൽ നഗരസഭകളിൽ ബയോഗ്യാസ് പ്ലാന്റും ജൈവവള യൂണിറ്റും നടപ്പിലാക്കുന്നതിന് ആരംഭിച്ച പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 42 | 193 | തദ്ദേശ സ്വയംഭരണ വകുപ്പ് & കൃഷി വകുപ്പ് | കർഷകർക്ക് ആവശ്യമായ സേവനങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനും കാർഷിക രംഗത്തെ പുതിയ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് കൃഷി ചെയ്യാനും കാലാവസ്ഥ മാറ്റങ്ങൾ മുൻകൂട്ടിയറിഞ്ഞ് പ്രതിരോധി ക്കാനുമുള്ള സംവിധാനങ്ങൾ സമഗ്ര ഇ-കൃഷി പദ്ധതിയിൽ ഉണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ കർഷകർക്ക് ഏറെ പ്രയോജനപ്രദമായ ഇ-കൃഷി പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൃഷി സ്ഥലങ്ങളും കർഷകരുടെ വിളകളും മാറുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരങ്ങൾ അപ്ഡേറ്റ് ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 43 | 194 | തദ്ദേശ സ്വയംഭരണ വകുപ്പ് & കൃഷി വകുപ്പ് | പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്തിൽ സമഗ്ര ഇ-കൃഷി നടത്തിപ്പിനായി അക്ഷയ ജില്ലാ പ്രോജക്ട് ഓഫീസിന് കൈമാറിയ തുകയിൽ വിനിയോഗശേഷം അവശേഷിച്ചിരുന്ന തുക തിരികെ പഞ്ചായത്തിൽ അടയ്ക്കുന്നതിന് നിർദ്ദേശം നൽകുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 44 | 195 | ,, | കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും സമഗ്ര ഇ-കൃഷി നടപ്പിലാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ ഡെവലപ്പ്മെന്റ് സംബന്ധിച്ച വിഷയം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 45 | 197 | തദ്ദേശ സ്വയംഭരണ വകുപ്പ് | തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 46 | 198 | തദ്ദേശ സ്വയംഭരണ വകുപ്പ് | കാർഷിക വികസന സമിതികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കാത്ത പഞ്ചായത്തുകളിലും നഗരസഭകളിലും ആയത് രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനും ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് മുഖാന്തരം ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിക്കുന്നു. |
| 47 | 201 | ,, | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം കൃഷിനാശം സംഭവിക്കുന്ന എല്ലാ കർഷകർക്കും ലഭ്യമാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 48 | 215 | തദ്ദേശ സ്വയംഭരണ വകുപ്പ് & കൃഷി വകുപ്പ് | കർഷകത്തൊഴിലാളി പെൻഷനുള്ള അപേക്ഷ നൽകിയാൽ 45 ദിവസത്തിനുള്ളിൽ അതിന്മേൽ തീരുമാനമെടുക്കണമെന്ന് സർക്കാരിന്റെ വ്യക്തമായ നിർദ്ദേശമുണ്ടായിരിക്കെ ആയത് നൽകുന്നതിനുണ്ടായ കാലതാമസം സമിതി ഗൗരവമായി കാണുന്നു. ആയതിനാൽ സർക്കാർ നിർദ്ദേശം പാലിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് എല്ലാ കൃഷി ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 49 | 216 | ,, | കർഷകത്തൊഴിലാളി പെൻഷനുള്ള അപേക്ഷ യിന്മേൽ സമയബന്ധിതമായി റിപ്പോർട്ട് നൽകാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 50 | 217 | തദ്ദേശ സ്വയംഭരണ വകുപ്പ് & കൃഷി വകുപ്പ് | കർഷകത്തൊഴിലാളി പെൻഷനെക്കുറിച്ചുള്ള അവബോധം തൊഴിലാളികളിൽ സൃഷ്ടിക്കുന്നതിനായി ക്ഷേമനിധി ബോർഡ് മുൻകൈയെടുത്ത് കർഷകത്തൊഴിലാളി സംഘടനകകളുടെയും, രാഷ്ട്രീയപാർട്ടി പ്രതിനിധികളുടേയും, പഞ്ചായത്ത് അംഗങ്ങളുടെയും സഹായത്തോടെ യോഗം വിളിച്ചുചേർത്ത് അടിയന്തര നടപടികൾ കൈക്കൊള്ളുന്നതിനും ഇക്കാര്യം തൊഴിൽ വകുപ്പിന്റെ കൂടി ശ്രദ്ധയിൽപ്പെടുത്തുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 51 | 218 | തദ്ദേശ സ്വയംഭരണ വകുപ്പ് & കൃഷി വകുപ്പ് | തമിഴ് വംശജർ കൂടുതലുള്ള മേഖലകളിൽ കർഷക തൊഴിലാളി പെൻഷനുള്ള അപേക്ഷ ഫോറങ്ങളുടെ തമിഴ് പതിപ്പും കൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 52 | 220 | തദ്ദേശ സ്വയംഭരണ വകുപ്പ് | പരാമർശവിധേയമായ പഞ്ചായത്തുകൾ ഇടവിള കൃഷിക്ക് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 53 | 223 | തദ്ദേശ സ്വയംഭരണ വകുപ്പ് | പരിശോധനയ്ക്ക് വിധേയമാക്കിയ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പച്ചക്കറി കൃഷി പ്രോത്സാഹനത്തിന് കാര്യമായ തുക ചെലവഴിക്കുന്നുണ്ടെന്നും എന്നാൽ ഉദ്യാനകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന പദ്ധതികളൊന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്നില്ല എന്നും സമിതി മനസ്സിലാക്കുന്നു. ചെലവഴിക്കുന്ന തുകയ്ക്ക് ആനുപാതികമായി പദ്ധതികൾ ഒന്നും ആവിഷ്ക്കരിക്കുന്നില്ല എന്ന് നിരീക്ഷിച്ച സമിതി വകുപ്പുതല പ്രോജക്ടുകൾ കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സ്ഥല സൗകര്യങ്ങൾക്കും സാഹചര്യങ്ങൾക്കും അനുസൃതമായി പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 54 | 224 | തദ്ദേശ സ്വയംഭരണ വകുപ്പ് | പദ്ധതികൾ ശരിയായി വിലയിരുത്താതെയും മുൻ വർഷങ്ങളിലെ പോരായ്മകൾ, വീഴ്ചകൾ എന്നിവ കണക്കിലെടുക്കാതെയുമാണ് പദ്ധതികൾ തയ്യാറാക്കുന്നതെന്നും വാർഡ്/ഗ്രാമസഭകളിൽ പൊതുജന പങ്കാളിത്തം കുറവായാണ് കാണുന്നതെന്നും കാർഷിക രംഗത്ത് പ്രവർത്തിപരിചയമുള്ളവരെ ഉൾപ്പെടുത്താത്തതും മണ്ണിന്റെ ഗുണനിലവാര പരിശോധന നടത്താതെ വളപ്രയോഗത്തിന് ധനസഹായം നൽകുന്നതും പ്രായോഗികതയും പ്രവർത്തനക്ഷമതയും കണക്കിലെടുക്കാതെയുള്ള യന്ത്രവത്കരണവും വിശ്വസനീയവും ആധികാരികവുമായ സ്ഥിതിവിവരക്കണക്കുകളുടെ അഭാവവും പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകളാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പദ്ധതികളുടെ സാധ്യതാപഠനം, നിർവ്വഹണ ഘട്ടത്തിലെ മേൽനോട്ട പ്രവർത്തനങ്ങൾ, നിർവ്വഹണാനന്തരമുള്ള വിലയിരുത്തലുകൾ, ഓരോ പ്രദേശത്തിനും അനുയോജ്യമായ ഭക്ഷ്യവിളകളുടെ ഉല്പാദനത്തിനായുള്ള കർമ്മപദ്ധതികൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുത്ത് നടപ്പിലാക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. |